ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഏപ്രിൽ–മേയ്–ജൂൺ 2023 പുസ്തകം 4 ലക്കം 2

വീണ്ടെടുക്കാനാകുമോ സാമൂഹ്യ ജനാധിപത്യം എന്ന ആശയം?

5 ട്രില്യൺ സമ്പദ്‌വ്യവസ്ഥ: വെല്ലുവിളികളും സാധ്യതകളും

ഇന്ത്യൻ സമ്പദ്ഘടനയുടെ തിരിച്ചുവരവിന്റെ കണക്കുകളും ചില പൊരുത്തക്കേടുകളും

തനത് നികുതി സമാഹരണത്തിൽ തിരിച്ചു വരവുണ്ടായിട്ടും സാമ്പത്തിക സമ്മർദ്ദം: ഒരു താരതമ്യ വീക്ഷണത്തിൽ കേരളം

ജി എസ് ടി സമ്പ്രദായം അരവ്യാഴവട്ടം പിന്നിടുമ്പോൾ – സംസ്ഥാനാന്തര വിശകലനം

കേരളം നേരിടുന്നത് പണപ്പെരുപ്പത്തിന്റെ സമ്മർദ്ദം

തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്തം കേരളത്തിൽ : ഒരു താരതമ്യ പഠനം

സാമ്പത്തിക സേവനങ്ങളുടെ ലഭ്യത, ഉപയോഗം എന്നിവയിലെ ലിംഗപരമായ അന്തരം

കേരളത്തിന്റെ കടബാധ്യതയും ഉയരുന്ന ചർച്ചകളും

ഇന്ത്യയുടെ മൂലധനശാക്തീകരണത്തിൽ സർക്കാർ മൂലധന ചെലവുകളുടെ പ്രാധാന്യം

ജി എസ് ടി : പ്രധാന നടപടികൾ

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ഏപ്രിൽ–മേയ്–ജൂൺ 2023 പുസ്തകം 4 ലക്കം 2

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

അസിസ്റ്റന്റ് എഡിറ്റർ
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# Contents

**പേജ് നമ്പർ**

**എഡിറ്റോറിയൽ** 3

1. **വീണ്ടെടുക്കാനാകുമോ സാമൂഹ്യ ജനാധിപത്യം എന്ന ആശയം?** 7
ഒലെ ടോൺക്വിസ്റ്റ്

2. **5 ട്രില്യൺ സമ്പദ്‌വ്യവസ്ഥ: വെല്ലുവിളികളും സാധ്യതകളും** 16
മേരി ജോർജ്

3. **ഇന്ത്യൻ സമ്പദ്ഘടനയുടെ തിരിച്ചുവരവിന്റെ കണക്കുകളും ചില പൊരുത്തക്കേടുകളും** 35
ഡി നാരായണ

4. **തനത് നികുതി സമാഹരണത്തിൽ തിരിച്ചു വരവുണ്ടായിട്ടും സാമ്പത്തിക സമ്മർദ്ദം: ഒരു താരതമ്യ വീക്ഷണത്തിൽ കേരളം** 42
കെ. ജെ ജോസഫ്, എൽ. അനിതകുമാരി, രാജ് കൃഷ്ണ

5. **ജി എസ് ടി സമ്പ്രദായം അരവ്യാഴവട്ടം പിന്നിടുമ്പോൾ – സംസ്ഥാനാന്തര വിശകലനം** 53
ജെറോം ജോസഫ്, കിരൺകുമാർ കക്കർലാപുടി

6. **കേരളം നേരിടുന്നത് പണപ്പെരുപ്പത്തിന്റെ സമ്മർദ്ദം** 65
ജോയൽ പി ജോസഫ്, കിരൺകുമാർ കക്കർലപുടി

7. **തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്തം കേരളത്തിൽ : ഒരു താരതമ്യ പഠനം** 74
വിപാഷ റേ ഹജോങ്, കിരൺകുമാർ കക്കർലപുടി

8. **സാമ്പത്തിക സേവനങ്ങളുടെ ലഭ്യത, ഉപയോഗം എന്നിവയിലെ ലിംഗപരമായ അന്തരം** 88
ലക്ഷ്മി പ്രസാദ്, കിരൺകുമാർ കക്കർലപുടി

9. **കേരളത്തിന്റെ കടബാധ്യതയും ഉയരുന്ന ചർച്ചകളും** 98
പി എസ് രഞ്ജിത്ത്, അബിൻ ജോസഫ്

10. **ഇന്ത്യയുടെ മൂലധനശാക്തീകരണത്തിൽ സർക്കാർ മൂലധന ചെലവുകളുടെ പ്രാധാന്യം** 107
അഷ്കർ കെ, ദിവ്യ കണ്ണൻ കെ. ആർ

**11. GST updates**
**Six years of GST: Fiscal story so far** 114
Relfi Paul

**12. New studies on Kerala** 122
Young scholars' forum, GIFT.

**13. What is new(s) from GIFT** 132

# എഡിറ്റോറിയൽ
## മികച്ച നേട്ടത്തിന്റെ പേരിൽ ശിക്ഷയോ?

ഇന്ത്യ, മുൻപില്ലാത്ത വിധം വലിയ നേട്ടങ്ങൾക്കായി വെമ്പുകയും ശ്രേയസ്കരമായ ഭാവിയിലേക്ക് ഉറ്റുനോക്കുകയും ചെയ്യുന്ന സ്ഥിതിയിലാണിന്ന്. രാജ്യത്തിന്റെ മൊത്തത്തിലുള്ള നേട്ടങ്ങളുടെ അടിസ്ഥാനമെന്ന് പറയുന്നത്, സംസ്ഥാനങ്ങളുടെ മികച്ച പ്രകടനമാണ്. പക്ഷെ, സംസ്ഥാനങ്ങളോട് കേന്ദ്രം സ്വീകരിക്കുന്ന സമീപനം കണക്കിലെടുക്കുമ്പോൾ അത് തല്ലും തലോടലും എന്നതിന് ബദലായി തല്ല് മാത്രമാകുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറിയിരിക്കുകയാണെന്ന് കാണാൻ കഴിയും. ചില പ്രത്യേക താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുകയും പ്രവർത്തനമികവ് പിൻസീറ്റിലേക്ക് മാറുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. തൽഫലമായി സാമ്പത്തിക സഹകരണ ഫെഡറലിസത്തിന്റെ ഭാഗമെന്ന നിലയിൽ ദേശീയതലത്തിലുള്ള നേട്ടങ്ങൾക്കായി യത്നിക്കുന്ന സംസ്ഥാനങ്ങൾക്ക് തിരിച്ചടിയുണ്ടാവുന്ന സ്ഥിതിയുണ്ടായിരിക്കുകയാണ്. കാരണം, കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട നികുതി വിഹിതവും ധനസഹായങ്ങളും ഈ സംസ്ഥാനങ്ങളുടെ കാര്യത്തിൽ തുടർച്ചയായി കുറഞ്ഞ് വരികയാണ്. എല്ലാറ്റിനും പുറമെ, കേന്ദ്ര സർക്കാരാകട്ടെ സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടി വരുന്ന നികുതി വിഹിതം പരമാവധി കുറയ്ക്കുന്നതിനുള്ള തന്ത്രപ്പാടിലുമാണ്. ഇതിനായി നികുതിയ്ക്ക് പകരം സെസ്സ്, സർചാർജ് തുടങ്ങിയ ഇനങ്ങളിലാണ് വർധന വരുത്തുന്നത്. ഇത്തരം സമീപനങ്ങളിൽ ഉചിതമായ മാറ്റം ആവശ്യമാണ് എന്നതാണ് കാതലായ പ്രശ്നം.

ഇന്ന് ഇന്ത്യ ലോകത്തെ അഞ്ചാമത്തെ വലിയ സാമ്പത്തിക ശക്തിയും ആഗോള ശ്രദ്ധയാകർഷിക്കുന്ന അതിവേഗ വളർച്ചയുള്ള ഒരു സമ്പദ്ഘടനയുമാണ്. 2029 ആകുമ്പോൾ ജർമനി, ജപ്പാൻ എന്നീ രാജ്യങ്ങളെ മറി കടന്ന് ലോകത്തെ മൂന്നാമത്തെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥയായി മാറും. ലോകബാങ്കിന്റെ മാനദണ്ഡങ്ങൾ പ്രകാരം 2256 ഡോളർ പ്രതിശീർഷ വരുമാനമുള്ള ഇന്ത്യ മധ്യവരുമാനമുള്ള രാജ്യങ്ങളുടെ കൂട്ടത്തിൽ താരതമ്യേന പിന്നിൽ നിൽക്കുന്ന ഒരു രാജ്യമാണ്. മധ്യവരുമാന രാജ്യങ്ങളുടെ കൂട്ടത്തിൽ ഇടം പിടിക്കണമെങ്കിൽ പ്രതിശീർഷ വരുമാനത്തിന്റെ തോത് 4095 ഡോളറിന് മുകളിലെത്തണം. മാത്രവുമല്ല 'മധ്യവരുമാന കെണി' ഉയർത്തുന്ന വെല്ലുവിളികൾ മറികടക്കേണ്ടതുമുണ്ട്. മധ്യവരുമാനക്കാരായ രാജ്യങ്ങൾ പക്ഷെ 12,695 ഡോളറിന് മുകളിൽ പ്രതിശീർഷ വരുമാനം കണക്കാക്കുന്ന ഉയർന്ന വരുമാനമുള്ള രാജ്യങ്ങളുടെ ശ്രേണിയിലേക്ക് കടക്കാനുള്ള തിടുക്കത്തിലാണ്. എന്നാൽ ഉയർന്ന വരുമാനം കൈവരിക്കുന്നു എന്നതുകൊണ്ട് മാത്രം ഒരു രാജ്യം വികസിത രാജ്യമായി മാറണമെന്നില്ല. അതിന് കടമ്പകൾ പിന്നെയും ബാക്കിയുണ്ട്. ആഗോള ദാരിദ്ര്യ സൂചിക എടുക്കുമ്പോൾ ഇന്ത്യ അതിൽ ഒന്നാം സ്ഥാനത്താണെന്ന് കാണാം. ലിംഗഭേദം സംബന്ധിച്ച സൂചിക പരിഗണിക്കുമ്പോൾ 156 രാജ്യങ്ങളുടെ കൂട്ടത്തിൽ നൂറ്റിനാല്പതാം സ്ഥാനത്താണ് ഇന്ത്യ. മാനവശേഷി

സൂചികയിലേക്ക് വരുമ്പോൾ 191 രാജ്യങ്ങളിൽ 132 ആണ് ഇന്ത്യയുടെ സ്ഥാനം. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചിക പരിശോധിക്കുമ്പോൾ 163 രാജ്യങ്ങളുടെ ശ്രേണിയിൽ നൂറ്റിഇരുപത്തിയൊന്നാം സ്ഥാനത്തുമാണ്. അതുകൊണ്ട് ലക്ഷ്യസ്ഥാനത്തു നിന്ന് ഏറെ അകലെയാണ് നാം സഞ്ചരിക്കുന്നത്. മാത്രവുമല്ല, സഞ്ചരിക്കേണ്ട പാത ദുർഘടം നിറഞ്ഞതുമാണ്. ഈ പാതയിലെ ഗമനം സുഗമമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വലിയൊരു പങ്കാണ് വഹിക്കാനുള്ളത്. സംസ്ഥാനങ്ങൾ വളരുമ്പോഴാണ് ഇന്ത്യ വളരുന്നത് എന്ന ആപ്തവാക്യത്തോട് കുറേക്കൂടി ജാഗ്രതയും ആത്മാർത്ഥതയും പ്രധാനമന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കുകയാണ്, പ്രത്യേകിച്ച്, ദീർഘകാലം ഒരു സംസ്ഥാന മുഖ്യമന്ത്രി പദം അലങ്കരിച്ച ശേഷം പ്രധാനമന്ത്രിയായ ഒരു വ്യക്തിയാകുമ്പോൾ.

**സംസ്ഥാനങ്ങളെ വളരാൻ അനുവദിക്കുന്നുണ്ടോ?**

ഇന്നത്തെ നിലയിലുള്ള കേന്ദ്ര – സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ പരിശോധിക്കുമ്പോൾ, ദേശീയതലത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് കാര്യമായ പങ്ക് വഹിക്കാനുണ്ടെങ്കിലും മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നതിൽ നിന്നും അവയെ തടയുന്നതായാണ് കാണാൻ കഴിയുക. ദേശീയ തലത്തിലുള്ള ചെലവുകളുടെ 62 ശതമാനം സംസ്ഥാനങ്ങളുടെ തലയിൽ വരുമ്പോൾ വരുമാനത്തിന്റെ 37 ശതമാനം മാത്രമാണ് അവയ്ക്ക് ലഭിക്കുന്നതെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. അതുകൊണ്ട് 63 ശതമാനം വരുമാനവും കൈകാര്യം ചെയ്യുന്ന കേന്ദ്രത്തേക്കാൾ ഓരോ രൂപ ചെലവഴിക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹ്യ മാർജിനൽ ഉത്പാദനം സംസ്ഥാനങ്ങളുടെ കാര്യത്തിൽ കേന്ദ്രത്തേക്കാൾ ഉയർന്നതാണ്. ഈ വാദം സമർത്ഥിച്ച് ഉറപ്പിക്കുന്നതിന് ആവശ്യമായ തെളിവുകൾ പരിമിതമാണ് എന്ന പ്രശ്നമുണ്ട്. വികസന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സംസ്ഥാനങ്ങൾ തനതായി വിപുലമായ സാദ്ധ്യതകൾ വളർത്തിയെടുക്കുന്നതടക്കം ഇത് വ്യക്തമാക്കുന്ന നിരവധി കാര്യങ്ങൾ ചൂണ്ടിക്കാട്ടാനും കഴിയും. നികുതി വരുമാനത്തിന്റെ 41 ശതമാനം കേന്ദ്രം സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കുന്നുണ്ടെന്നാണ് കണക്ക്. എന്നാൽ 2021–22 സാമ്പത്തിക വർഷത്തെ പുതുക്കിയ കണക്കുകൾ പരിശോധിക്കുമ്പോൾ ഇത് യഥാർത്ഥത്തിൽ 30 ശതമാനത്തിൽ താഴെയാണെന്ന് കാണാം. സംസ്ഥാനങ്ങളുമായി പങ്ക് വയ്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് തുടങ്ങിയ ഇനങ്ങൾ കാലങ്ങളായി ഉയർത്തിയതാണ് ഇതിന് കാരണം. കൃത്യമായി പറഞ്ഞാൽ, ഈ ഇനങ്ങളുടെ പങ്ക് 2021–22 ലെ പുതുക്കിയ കണക്കുകൾ പ്രകാരം 23 ശതമാനമാണ്. 2009–10ൽ ഇത് കേവലം 6.5 ശതമാനം മാത്രമായിരുന്നു. ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ നാലു മടങ്ങിന്റെ വർധന. ഈ പ്രവണത തുടരുന്നതായാൽ ധനകാര്യ കമ്മീഷനുകൾക്ക് സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കാൻ ഭാവിയിൽ കാര്യമായി ഒന്നുമില്ലാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തും.

**മികവ് കാഴ്ച വയ്ക്കുന്നവർക്ക് പ്രഹരം**

ദൗർഭാഗ്യവശാൽ ദേശീയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി വൻതോതിൽ ചെലവഴിക്കുന്ന സംസ്ഥാനങ്ങൾ ഇന്ന് ശിക്ഷിക്കപ്പെടുന്ന സ്ഥിതിയുണ്ട്. പത്താം ധനകാര്യ കമ്മീഷൻ മൊത്തം കേന്ദ്രവിഹിതത്തിന്റെ 3.9 ശതമാനമാണ് കേരളത്തിന് അനുവദിച്ചത്. തമിഴ്നാടിന് 6.6 ശതമാനം വിഹിതം ലഭിച്ചപ്പോൾ കർണാടകത്തിന് കിട്ടിയത് 5.3 ശതമാനമാണ്. എന്നാൽ സുസ്ഥിര വികസന സൂചികയിൽ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വരുന്ന ഈ സംസ്ഥാനങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ

അനുവദിച്ചത് യഥാക്രമം 1.9 ശതമാനം, 4.1 ശതമാനം, 3.7 ശതമാനം എന്നിങ്ങനെയാണ്. മാനവവികസനം, സുസ്ഥിര വികസനം എന്നീ സൂചികകളിൽ ഒന്നാം സ്ഥാനത്ത് നില കൊള്ളുന്ന കേരളത്തിനാണ് ഏറ്റവും വലിയ തിരിച്ചടിയേറ്റത്. കേരളത്തിന്റെ വിഹിതം പകുതിയിലേറെ കുറഞ്ഞു. ദേശീയ അജണ്ടയോട് ചേർന്ന് നിന്ന്, ലോകം അംഗീകരിച്ച സചേതനമായ ഒരു സ്റ്റാർട്ട് അപ്പ് എക്കോസിസ്റ്റവും വൈജ്ഞാനിക സമ്പദ്വ്യവസ്ഥയും ഒരുക്കുന്ന കേരളത്തിനാണ് ഈ ഗതിയെന്നോർക്കണം . ഇത്തരത്തിൽ കേന്ദ്ര സഹായങ്ങൾ കുറഞ്ഞു വരുമ്പോൾ കടമെടുക്കുക എന്നതിൽ കവിഞ്ഞ ഒരു മാർഗവും സംസ്ഥാനങ്ങൾക്ക് മുൻപിലില്ല. നല്ല നേട്ടങ്ങൾ കൈവരിക്കുന്ന സംസ്ഥാനങ്ങൾക്ക് മേൽ അശനിപാതം പോലെയാണ് പലപ്പോഴും ധന ഉത്തരവാദിത്വ ബജറ്റ് മാനേജ്മെന്റ് (എഫ് ആർ ബി എം) നിയമം. ഇതിന്റെ മൂലകാരണങ്ങൾ തേടുമ്പോൾ എത്താൻ കഴിയുക നികുതി വരുമാനം പങ്കുവയ്ക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ പരിമിതികളിലേക്കാണ്. ഈ സാഹചര്യത്തിൽ പതിനാറാം ധനകാര്യ കമ്മീഷൻ പ്രധാനമന്ത്രിയുടെ വീക്ഷണത്തോട് നീതി പുലർത്തികൊണ്ട് ഈ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

**വറചട്ടിയിൽ നിന്ന് എരിതീയിലേക്ക്**

2022–23 സാമ്പത്തിക വർഷത്തെ ധനകാര്യ പ്രകടനങ്ങൾ വിലയിരുത്തിക്കൊണ്ട് കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ (സി എ ജി) ഈയിടെ പുറത്തു വിട്ട 17 സംസ്ഥാനങ്ങളുടെ റിപ്പോർട്ട് പരിശോധിക്കുന്നവർക്ക് സ്ഥിതി കൂടുതൽ വഷളായതായി കാണാൻ കഴിയും. റവന്യു വരുമാനത്തിൽ നല്ല പ്രകടനം കാഴ്ച്ച വയ്ക്കാൻ കഴിഞ്ഞ സംസ്ഥാനങ്ങൾക്കാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളിൽ അല്ലെങ്കിൽ നികുതി വരുമാനത്തിന്റെ വിഹിതത്തിന്റെ കാര്യത്തിൽ ഇടിവ് പ്രകടമായിരിക്കുന്നത്. കേരളത്തിന്റെ കാര്യത്തിൽ കേന്ദ്രധനസഹായത്തിന്റെ കാര്യത്തിലെ വാർഷിക വളർച്ച 9.1 ശതമാനമാണ്. തമിഴ്നാടിന് 7.8 ശതമാനവും കർണ്ണാടകയ്ക്ക് 23 ശതമാനവും മഹാരാഷ്ട്രയ്ക്കു 32 ശതമാനവും ഛത്തിസ്ഗഡിന് 29 ശതമാനവും ഉത്തർപ്രദേശിന്റെ 53 ശതമാനവും തെലങ്കാനക്ക് 53 ശതമാനവും വളർച്ച കൈവരിക്കാൻ കഴിഞ്ഞ സ്ഥാനത്താണ് കേരളം പിന്തള്ളപ്പെട്ടത്.

കേരളത്തിനും തമിഴ്നാടിനും പിടിച്ചു നിൽക്കാൻ കഴിഞ്ഞത് തനത് വരുമാനത്തിൽ യഥാക്രമം 22.1 ശതമാനം, 22.3 ശതമാനം വീതം വളർച്ച കൈവരിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. 25.6 ശതമാനം നേട്ടം കൈവരിച്ച മഹാരാഷ്ട്രയ്ക്കും 28.4 ശതമാനം നേട്ടം കൈവരിച്ച ഗുജറാത്തിനും തൊട്ടുപിറകിലാണ് ഇക്കാര്യത്തിൽ തമിഴ്നാടിന്റേയും കേരളത്തിന്റെയും സ്ഥാനം. കേരളത്തിന്റെ കാര്യത്തിൽ മൊത്തം നികുതി വരുമാനത്തിലെ തനത് വരുമാനത്തിന്റെ പങ്ക് 2.5 ശതമാനം വളർച്ച രേഖപ്പെടുത്തുകയും 85.5 ശതമാനമെന്ന ഇന്ത്യയിലെ ഏറ്റവും ഉയർന്ന തോതിലേക്ക് എത്തുകയും ചെയ്തു. ഇത്തരത്തിൽ തനത് വരുമാനം ഉയർത്തുന്ന കാര്യത്തിലെ തിളക്കമാർന്ന നേട്ടത്തിനൊപ്പം ചെലവഴിക്കൽ കൃത്യതയോടെ നിയന്ത്രിക്കാൻ കഴിഞ്ഞതുമൂലം ധനകാര്യ മാനേജ്മെന്റ് രംഗത്ത് മികച്ച നില കൈവരിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞു. റവന്യു കമ്മിയിലെ ഇടിവ് ദേശീയ തലത്തിൽ–49 ശതമാനമായിരിക്കെ കേരളത്തിന് അത്–74 ശതമാനം എന്ന തോതിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. പ്രാഥമിക കമ്മിയാകട്ടെ–96 ശതമാനം കണ്ട് കുറയ്ക്കാനും സാധിച്ചു. ഇക്കാര്യത്തിലെ സംസ്ഥാനങ്ങളുടെ ശരാശരി–11 ശതമാനമാണ്. ധനകമ്മിയുടെ

കാര്യമെടുക്കുമ്പോൾ ഇടിവ് –47 ശതമാനമാണ്. പക്ഷെ ഈ നേട്ടങ്ങളെല്ലാമുണ്ടായിട്ടും സംസ്ഥാനം ശിക്ഷിക്കപ്പെടുന്ന സ്ഥിതിയാണുണ്ടായത്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ബജറ്റിന് പുറത്ത് വായ്പയെടുത്തു എന്നതിന്റെ പേരിൽ കേരളത്തിന്റെ കടമെടുപ്പ് പരിധിയിന്മേൽ കത്തി വയ്ക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തത്. എന്നാൽ ദേശീയപാത വികസനം അടക്കമുള്ള പദ്ധതികൾക്ക് പണം സമാഹരിക്കുന്നതിന് ഇതേ മാർഗം തന്നെയാണ് കേന്ദ്രം അവലംബിക്കുന്നത് എന്നതാണ് കൗതുകമുണർത്തുന്ന കാര്യം.

സംസ്ഥാനങ്ങളുടെ സ്ഥിതി സ്വാതന്ത്ര്യം നേടുന്ന കാലഘട്ടത്തിലേതിന് സമാനമല്ല എന്ന തിരിച്ചറിവാണ് നമുക്ക് ആദ്യം വേണ്ടത്. അതുകൊണ്ട് ഇന്ത്യയുടെ വികസന പന്ഥാവിൽ സംസ്ഥാനങ്ങളുടെ പങ്കിനെ കുറിച്ച് ഒരു പുനർവിചിന്തനം ആവശ്യമാണ്. ഒപ്പം സഹകരണ സാമ്പത്തിക ഫെഡറലിസത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്തും അനിവാര്യമാണ്. അതല്ലെങ്കിൽ 2047 ആകുമ്പോഴേക്ക് ഒരു വികസിത രാജ്യമായി ഇന്ത്യയെ പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ നമുക്ക് കഴിയുകയില്ല.

**കെ. ജെ ജോസഫ്**

# വീണ്ടെടുക്കാനാകുമോ സാമൂഹ്യ ജനാധിപത്യം എന്ന ആശയം?

ഒലെ ടോൺക്വിസ്റ്റ്

സമകാലികമായ വെല്ലുവിളികൾ നേരിടുന്നതിനുള്ള ചർച്ചകൾക്ക് ചരിത്രപരമായ ഒരു വീക്ഷണം ആവശ്യമാണ്. നോർഡിക് രാജ്യങ്ങളിൽ വലതുപക്ഷ ദേശീയ വാദികൾക്ക് താരതമ്യേന വൈകിയാണെ ങ്കിലും വിജയം നേടാൻ കഴിഞ്ഞിരിക്കുകയാണ്. ഒരു പക്ഷെ അവിടങ്ങളിൽ നിലനിന്നിരുന്ന തൊഴിലാളി സംഘടനകളുടെ കരുത്തും ക്ഷേമരാഷ്ട്രം എന്ന ആശയവും ഇതിന് കാരണമായിരുന്നിരിക്കാം. മറ്റെല്ലായിടങ്ങളിലും സാമൂഹ്യ ജനാധിപത്യം (Social Democracy) എന്ന ആശയം 1930 മുതൽ 1980 വരെ നിലനിന്നിരുന്ന ഒന്നാണെന്ന് വിലയിരുത്തേണ്ടതായി വരുന്നു. അതിനു ശേഷം പ്രത്യേക ലക്ഷ്യങ്ങളോടെ രൂപീകൃതമായ ജനകീയ മുന്നേറ്റങ്ങളും രാഷ്ട്രീയ കക്ഷികളും ജനാധിപത്യം എന്നത് ഒരു നിലപാടും മാർഗ്ഗമായും സ്വീകരിച്ചിട്ടുണ്ട്. ട്രേഡ് യൂണിയനുകൾ, കർഷകർ, തൊഴിലാളികൾ എന്നിവയുമായി സാമ്പത്തിക വികസനത്തിനായി ഉണ്ടാക്കിയ ധാരണകൾ സാമൂഹ്യമായ അവകാശങ്ങളുടെ പരിഷ്കരണത്തെ അടിസ്ഥാനമാക്കിയാണെന്ന് കാണാം. ഇത്തരം ധാരണകളും പരിഷ്കരണങ്ങളും പ്രത്യേക അജണ്ടയോടെ രൂപീകൃതമായ സംഘടനകളുടെയും പൊതു മേഖലയുടെ വിപുലീകരണം, സഹകരണ മേഖല, ക്ഷേമപ്രവർത്തനങ്ങൾ എന്നിവയുടെ കൂടി പ്രവർത്തന ഫലമായി ഉണ്ടായതാണ്. മുതലാളിത്ത വ്യവസ്ഥിതിയുടെ ആശയങ്ങൾക്ക് എതിരായ നിലയിലാണ് ഇത് കരുപ്പിടിക്കപ്പെട്ടത്. ദേശീയ സ്വാതന്ത്ര്യം നിലനിർത്തുന്നതിനുള്ള ശക്തമായ ശ്രമങ്ങളും ഇത് സാധ്യമാക്കുന്ന കാര്യത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. വ്യാപാര മേഖലയിലെ കുത്തകവത്കരണത്തിനും അധികാരത്തിന്റെ അധീശത്തിനും ഒപ്പം കോളനിവത്കരണത്തിനും എതിരായുള്ള ജനങ്ങളുടെ മുന്നേറ്റം ഇക്കാര്യത്തിൽ വലിയ പങ്ക് വഹിച്ചതായി കാണാം.

പക്ഷെ എന്തുകൊണ്ടാണ് ഇത്തരമൊരു മുന്നേറ്റം ഏറെക്കുറെ അപ്രസക്തമായ നിലയിലേക്ക് മാറിയത്? ഇതിനെ കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും ഭൂമിയുടെ ഉത്തര ഭാഗത്തെ മാത്രം കേന്ദ്രീകരിച്ചുള്ളതായി മാറുന്നു. ഒപ്പം എന്തുകൊണ്ട് സോഷ്യൽ

***ദിവസ വേതനക്കാരായ തൊഴിലാളികളുടെ സാമൂഹ്യമായ അടിത്തറയിലും അവരുടെ മൂല്യബോധത്തിലും വൈവിധ്യം പ്രകടമാകുന്നുണ്ട്. ദീർഘ വീക്ഷണത്തോടെയുള്ള സമീപനത്തിന്റെ അഭാവം പലപ്പോഴും ജനാധിപത്യ പ്രക്രിയയിൽ കാണാവുന്നതാണ്. അതുകൊണ്ട് വോട്ടർമാർ വ്യത്യസ്ത രീതികളിലാണ് പ്രതികരിക്കാറ്.***

***വർഗ്ഗപരമായ പൊതുതാല്പര്യങ്ങൾ ഇല്ല എന്നതാണ് ഒന്നാമത്തെ കാരണം. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിൽ കണ്ടത് പോലെ എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള സാമൂഹ്യ, സാമ്പത്തിക നയങ്ങളുടെ പിന്തുണ ജനാധിപത്യ പ്രക്രിയക്ക് ലഭിക്കുന്നില്ല. ദക്ഷിണ മേഖലയിലുണ്ടായ പരിമിതമായ തോതിലുള്ള വ്യവസായവൽക്കരണം പോലും പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റം, അസമത്വം, മോശം തൊഴിൽ സാഹചര്യം, തൊഴിലില്ലായ്മ, വർഗ്ഗപരമായ വ്യക്തിത്വം, സംഘടന എന്നിവയുടെ അഭാവം തുടങ്ങിയ സങ്കീർണ്ണമായ പ്രശ്നങ്ങളിലേക്ക് നയിച്ചു.***

ഡെമോക്രാറ്റുകൾക്ക് തിരഞ്ഞെടുപ്പുകളിൽ പരാജയം സംഭവിക്കുന്നു എന്ന വിഷയത്തിലേക്കും കേന്ദ്രീകരിക്കപ്പെടുന്നു. വേതനം അഥവാ കൂലി കൈപ്പറ്റുന്നവരുടെ സാമൂഹ്യമായ അടിത്തറയും അവരുടെ മൂല്യ സങ്കല്പങ്ങളും വല്ലാതെ വൈവിധ്യമാർന്നതായി മാറുകയാണ്. സോഷ്യൽ ഡെമോക്രസി എന്ന ആശയത്തിന് ശക്തമായ ഒരു കാഴ്ചപ്പാടില്ലാതെ പോകുന്നുണ്ട്. ഫലമോ, വോട്ടർമാർ പല നിലപാടുകളിലേക്ക് നീങ്ങു കയും ചെയ്യുന്നു. കൂടുതൽ പേരും ഇടതുപക്ഷത്തേക്ക് നീങ്ങുമ്പോൾ കുറെപേർ ഹരിത ആശയങ്ങളോട് ആഭിമുഖ്യമുള്ളവരായി മാറുന്നു. സാധാരണ നിലയിൽ യാഥാസ്ഥിതിക നിലപാടുകാരെ മാത്രം ആകർഷിക്കുന്ന വലതുപക്ഷ ആശയങ്ങളും ചുരുക്കം ചിലരെയെങ്കിലും സ്വാധീനിക്കുന്നുണ്ട്.[1] പ്രത്യേകിച്ച് വികസിത രാജ്യങ്ങളിലേക്കുള്ള വലിയ തോതിലുള്ള കുടിയേറ്റം, വർധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ തുടങ്ങിയ കാരണങ്ങളാൽ. എന്നാൽ അടിസ്ഥാനപരമായ ചോദ്യങ്ങൾ ഇതാണ്, സോഷ്യൽ ഡെമോക്രസിയുടെ പതനത്തിന് വഴി വച്ച ശാക്തിക ബലാബലം എന്താണ്? അതിനെ വീണ്ടെടുക്കാൻ ഇനിയെന്ത് ചെയ്യാൻ കഴിയും?

ഒലോഫ് പാമേ, വില്ലി ബ്രാൻഡ് എന്നിവരാണ് ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ ഈ ചോദ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചത്. ദക്ഷിണാർദ്ധ ഗോളത്തിൽ കോളനിവത്കരണത്തിന് എതിരായി ഉയർന്നുവന്ന ജനാധിപത്യവത്കരണം കേന്ദ്രീകൃത അധികാര ശക്തികളുടെ ഇടപെടലിന്റെ ഫലമായി പല രാജ്യങ്ങളിലും തകർന്നതായി കാണാം. അതിൽ ചില രാജ്യങ്ങൾ, എണ്ണ വിപണിയിലും കയറ്റുമതി അധിഷ്ഠിതമായ, കുറഞ്ഞ കൂലി നിലനിൽക്കുന്ന വ്യവസായങ്ങളിലും ബഹുരാഷ്ട്ര കമ്പനികളുടെയും ധനകാര്യ ഏജൻസികളുടെയും സഹകരണത്തോടെ നിക്ഷേപിക്കാൻ തുടങ്ങി. ബ്രെട്ടൻവുഡ്സിൽ നിശ്ചയിക്കപ്പെട്ട കറൻസി നിയന്ത്രണ സംവിധാനം 1971–ൽ അവസാനിച്ചതും സാമൂഹ്യ ജനാധിപത്യത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന ഒന്നായി മാറി. തുടർന്ന് മൂലധനത്തിന്റെ ആഗോളവത്കരണത്തിന് വഴി തുറന്നു. എണ്ണ ഉത്പാദക രാജ്യങ്ങളാകട്ടെ എല്ലാവരുടെയും വികസനം എന്ന ആശയത്തോട് മമത കാണിക്കുകയുണ്ടായില്ല. അപ്രകാരമായിരുന്നുവെങ്കിൽ അത് രാജ്യാന്തര ഡിമാന്റിൽ അനുകൂലമായ ചലനങ്ങൾക്ക് കാരണമായേനെ. അതുകൊണ്ട് ദേശീയതലങ്ങളിൽ മാത്രമായി പരിമിതപ്പെട്ടു പോയ കെയ്നീഷ്യനിസം, സോഷ്യൽ ഡെമോക്രസി എന്നിവയുടെ ആഗോളവത്കരണം ആവശ്യമാണെന്ന് പാമേ, ബ്രാൻഡ് എന്നിവർക്കൊപ്പം മറ്റു ചിലരും വാദിക്കുകയുണ്ടായി. പുതിയ

***പ്രാതിനിധ്യം ജനാധിപത്യത്തിന്റെ പോരായ്മയാണ് രണ്ടാമത്തെ കാരണം. ഏകാധിപത്യത്തെ തുടച്ചു നീക്കി ജനാധിപത്യ വ്യവസ്ഥയിലേക്ക് നീങ്ങിയ രാജ്യങ്ങളിൽ പക്ഷെ കാര്യങ്ങളുടെ കടിഞ്ഞാൺ സമൂഹത്തിന്റെ മേൽത്തട്ടിലുള്ളവരുടെയും വ്യവസായികളുടെയും കൈകളിലായി. അവർ നിലവാരമുള്ള രാഷ്ട്രീയം , അഴിമതി ഇല്ലാതാക്കൽ തുടങ്ങിയ കാര്യങ്ങളിൽ അത്ര തല്പരരായിരുന്നില്ല.***

ലോക സാമ്പത്തിക ക്രമം, തെക്കും വടക്കും തമ്മിലുള്ള പങ്കാളിത്തം, പൊതുവായ സൈനീക സുരക്ഷ തുടങ്ങിയ ആശയങ്ങൾ അവർ മുന്നോട്ട് വയ്ക്കുകയുണ്ടായി. പക്ഷെ അവരുടെ ശ്രമങ്ങൾ പരാജയപ്പെടുകയാണു ണ്ടായത്.

അതിന് ബദലായി 'നവലിബറലിസം' എന്ന ആശയത്തിന് മുള പൊട്ടി. എഴുപതുകളുടെ അന്ത്യത്തിലാണ് അത് സംഭവിച്ചത്. ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ, അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ എന്നിവരാണ് ഈ ആശയത്തെ മുന്നിൽനിന്ന് നയിച്ചത്. ഫ്രാൻസിൽ ഫ്രാങ്കോയിസ് മീറ്ററാങ്, സ്വീഡനിലെ തൊഴിലാളി സംഘടനകൾ എന്നിവർ നേതൃത്വം നൽകിയ റാഡിക്കൽ സോഷ്യൽ ഡെമോക്രസി എന്ന ആശയ ത്തിനും ഇതുമൂലം പത്തി മടക്കേണ്ടതായി വന്നു. 'ഘടനാപരമായ നീക്കു പോക്കുകൾ' എന്നതാണ് പിന്നീട് ലോകമെങ്ങും കാര്യമായി ഉയർന്നു കേട്ട ആപ്തവാക്യം. വായ്പാ വിപണികളുടെ നിയന്ത്രണങ്ങൾ ഒഴിവായി. പ്രത്യുല്പാദനപരമായ നിക്ഷേപം എന്നതിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ലാഭ കേന്ദ്രീകൃതമായി സാമ്പത്തിക സ്ഥാപനങ്ങൾ മാറി. ഉത്തരാർദ്ധ ഗോളം വ്യാവസായിക മുന്നേറ്റത്തിന് ശേഷമുള്ള ഒരു ലോകം എന്ന നിലയിലേക്ക് മാറി. എന്നാൽ പിന്നീട് ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ടോണി ബ്ലെയർ, ജെറാഡ് ഷ്രോഡർ എന്നിവർ നവലിബറൽ ആശയങ്ങ ളെയും ക്ഷേമ ആശയങ്ങളെയും കൂട്ടി യിണക്കി ഒരു 'മൂന്നാം പാത' തുറക്കാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും അതും പരാ ജയമായി മാറി. യഥാർത്ഥത്തിൽ വിജയികളും പരാജിതരും തമ്മിലുള്ള ഒരു വിശാല സഹകരണമാണ് അവർ ഉദ്ദേശിച്ചത്. 2008–ൽ വലിയ സാമ്പത്തിക പ്രതിസന്ധിക്ക് ലോകം സാക്ഷ്യം വഹിച്ചു. പല രാജ്യങ്ങളും പ്രത്യേകിച്ച് സ്വീഡനും സ്കാൻഡിനേവിയൻ രാജ്യങ്ങളും സാമ്പത്തിക അസമത്വത്തി ലേക്കും സാംസ്കാരികമായ വേർതിരി വിലേക്കും നീങ്ങി. ഒരു വശത്ത് വിദ്യാഭ്യാസ ത്തിനും ജോലിക്കും അവകാശമുള്ളവരും ഇൻഷുറൻസ്, ഭവന സൗകര്യങ്ങൾ, കുറഞ്ഞ ചെലവിലുള്ള വായ്പ തുടങ്ങിയ സൗകര്യ ങ്ങൾ ലഭ്യമാകുന്ന തദ്ദേശീയരായ ജനങ്ങളും മറുഭാഗത്ത് ജീവിക്കുന്നതിന് പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള കൂലിത്തൊഴിലാളി കളും ചെറിയ ബിസിനസുകാരും എന്ന നില സംജാതമായി. കുടിയേറ്റക്കാർ എന്ന് പൊതുവെ വിളിക്കപ്പെടുന്ന രണ്ടാമത്തെ വിഭാഗത്തിൽപെട്ടവർ കാര്യമായി തന്നെ ഉയർന്നു വന്നു. ഇക്കൂട്ടർ തൊഴിലവസരങ്ങളു ടെയും സാമൂഹ്യക്ഷേമ പദ്ധതികളുടെയും കാര്യത്തിൽ തദ്ദേശീയരുമായി മത്സരിക്കുന്ന സ്ഥിതിയുണ്ടായി. വലതുപക്ഷ ദേശീയവാദ ആശയങ്ങൾക്ക് ഇത് പകർന്നു നൽകിയ ഊർജം ചെറുതല്ല. ഇത്തരത്തിൽ അഭയാർ ത്ഥികൾ സൃഷ്ടിക്കുന്ന പ്രതിസന്ധി ലോക ത്തിന് മുന്നിൽ ഇന്ന് ഏറെ നിർണ്ണായകമായ ഒരു ദശാസന്ധിയാണ്.

***താഴെത്തട്ടിലുള്ള മുന്നേറ്റത്തിന്റെ കുറവാണ് മൂന്നാമത്തെ പ്രധാന ഘടകം. എന്നാൽ വിവിധ സാമൂഹ്യ ഗ്രൂപ്പുകളും, യൂണിയനുകളും ഇതര പ്രസ്ഥാനങ്ങളും ജനാധിപത്യത്തെ താഴെ തട്ടിൽ നിന്നും കെട്ടിപ്പടുക്കുന്നതിന് കാര്യമായി യത്നിക്കുകയുണ്ടായി.***

ഇതിനിടയിൽ, ദക്ഷിണ, കിഴക്കൻ രാജ്യങ്ങളിലുണ്ടായ ജനാധിപത്യവത്കരണ ശ്രമങ്ങൾ ലോകത്തിന് പുതിയ പ്രതീക്ഷകൾ നൽകി. അമേരിക്ക വിയറ്റ്നാമിൽ നിന്ന് പരാജയപ്പെട്ട് പിന്മാറിയതോടെയാണ് ഇതിന് തുടക്കമായതെന്ന് പറയാം. പോർച്ചുഗീസ് കോളനികളിൽ ഉണ്ടായ വിമോചന പോരാട്ടങ്ങൾ ലിസ്ബൺ, സ്പെയിൻ എന്നിവിടങ്ങളിലെ ഏകാധിപത്യ ഭരണകൂടങ്ങളുടെ തകർച്ചക്ക് സഹായകമായി. ഫാസിസത്തിൽ നിന്നും ജനാധിപത്യത്തിലേക്കുള്ള മാറ്റത്തിന് ഇത് ഉണർവ് പകർന്നു എന്ന് വിലയിരുത്താം. ഈ മേഖലയിലെ ജനാധിപത്യ വാദികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സോഷ്യലിസ്റ്റ് ഇന്റർനാഷണൽ പുനരുജ്ജീവിപ്പിച്ചു. ആ വഴിക്ക് വലിയ പുരോഗതി നേടാൻ കഴിഞ്ഞുവെങ്കിലും ഏറ്റവുമൊടുവിൽ ആ രാജ്യങ്ങൾ ഏകാധിപത്യ പ്രവണതകൾക്ക് വഴി മാറുന്ന ചിത്രമാണ് കാണുന്നത്. ഇത് ഉത്തര മേഖലയിലെ സാമൂഹ്യ ജനാധിപത്യത്തെയും ദോഷകരമായി ബാധിക്കുകയുണ്ടായി. എന്തുകൊണ്ടാണ് ഈ 'ജനാധിപത്യ തരംഗം' അസ്തമിച്ചത്? നമ്മുടെ മുന്നോട്ടുള്ള പോക്കിന് ഇതിനെ കുറിച്ച് പഠിക്കേണ്ടത് അനിവാര്യമാവുകയാണ്.

മിഖായേൽ ഗോർബച്ചേവ് മുന്നോട്ട് വച്ച സോഷ്യൽ ഡെമോക്രാറ്റിക് നടപടികൾക്ക് കാര്യമായ പിന്തുണ ലഭിച്ചില്ല എന്നത് ദൗർഭാഗ്യകരമാണ്. പകരം ബോറിസ് യെൽസ്റ്റീൻ അധികാരത്തിലെത്തുകയും 'നവലിബറൽ ചികിത്സയുമായി' അദ്ദേഹവും മുന്നോട്ട് പോവുകയായിരുന്നു. സാധാരണ ജനങ്ങൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ അസാധാരണ അരക്ഷിതാവസ്ഥയാണ് ഇത് രൂപപ്പെടുത്തിയത്. എന്നാൽ അധീശ ശക്തികൾക്ക് ഇത് കൂടുതൽ കരുത്ത് പകരുകയും ചെയ്തു. പിന്നീട് വ്ലാഡിമിർ പുട്ടിൻ എന്ന ഭരണാധികാരിയുടെ കൈകളിലേക്ക് റഷ്യയുടെ ഭരണമെത്തി. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സമാനമായ പ്രശ്നങ്ങൾ ഉടലെടുത്തു. ഇതിനെല്ലാം പുറമെ, ഭീകരവാദത്തിനെതിരെയുള്ള പാശ്ചാത്യ രാജ്യങ്ങളുടെ യുദ്ധപ്രഖ്യാപനം ഇറാക്ക്, അഫ്ഗാനിസ്ഥാൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ സ്ഥിതി കൂടുതൽ വഷളാക്കി. സിറിയ, തുർക്കി കുർദിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ പുരോഗമന വാദികൾക്ക് കാര്യമായ പിന്തുണ ലഭിച്ചതുമില്ല. എന്നാൽ എന്തുകൊണ്ടാണ് പ്രതീക്ഷയുണർത്തിയ പല ദക്ഷിണ രാജ്യങ്ങളിലും കാര്യങ്ങൾ മാറി മറിഞ്ഞത്? ഉദാഹരണത്തിന് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളെടുക്കാം. അവിടെ പട്ടാള ഭരണകൂടങ്ങൾ തകർന്നടിഞ്ഞു. ഫെർഡിനാൻഡ് മാർക്കോസ്, ജനറൽ സുഹാർത്തോ തുടങ്ങിയ ഏകാധിപതികൾക്ക് ഭരണം നഷ്ടമായി. ദക്ഷിണാഫ്രിക്കയിൽ നെൽസൺ മണ്ടേല അധികാരത്തിലെത്തി. മധ്യ – ഇടത് കൂട്ടുകെട്ട് ഇന്ത്യയിൽ തിരഞ്ഞെടുപ്പ് വിജയം നേടി. സഹപ്രവർത്തകരുമായി ചേർന്ന് നടത്തിയ പഠനങ്ങളിൽ മൂന്ന് പ്രധാന കാരണങ്ങളാണ് ഞങ്ങൾ കണ്ടെത്തിയത്.[2]

പൊതുവായ വർഗ്ഗ താല്പര്യങ്ങളുടെ അഭാവമാണ് ഒന്നാമത്തെ കാരണം. രണ്ടാം

***കേരളം ഇക്കാര്യത്തിൽ വേറിട്ട് നിൽക്കുകയാണ് . ഇവിടെ ജനകീയ പ്രസ്ഥാനങ്ങൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിലും പ്രാദേശിക വിഭവങ്ങളുടെ വിവര ശേഖരണത്തിലും നല്ല പങ്ക് വഹിക്കുകയുണ്ടായി. ആസൂത്രണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കി. എന്നാൽ ഈ നേട്ടങ്ങളെ കൃത്യമായി സ്ഥാപനവത്കരിക്കുക എന്നത് പ്രയാസകരമായി മാറി.***

ലോക മഹായുദ്ധത്തിന് ശേഷം ജനാധിപത്യത്തിന്റെ തരംഗം പശ്ചിമ യൂറോപ്പിൽ ആഞ്ഞു വീശിയെങ്കിലും എല്ലാവരെയും ഉൾക്കൊള്ളുന്ന രീതിയിലുള്ള സാമ്പത്തികവും സാമൂഹ്യവുമായ നയങ്ങളുടെ അഭാവം അതിൽ നിഴലിച്ചുനിന്നു. ദക്ഷിണ മേഖലയിലെ കുറഞ്ഞ തോതിലുള്ള വ്യവസായവൽക്കരണം പ്രകൃതിയെ ചൂഷണം ചെയ്യുന്നതിലേക്കും അസമത്വം, ദുസ്സഹമായ തൊഴിൽ സാഹചര്യങ്ങൾ, വ്യാപകമായ തൊഴിലില്ലായ്മ, വർഗപരമായും സംഘടിതവുമായ വ്യക്തിത്വമില്ലായ്മ തുടങ്ങിയ ദോഷവശങ്ങളിലേക്കും നയിച്ചു. അരക്ഷിതമായ ജോലി സാഹചര്യം ജനങ്ങളെ ഒന്നിപ്പിക്കുന്നതിന് തടസമായി. തൊഴിലിടങ്ങൾ മാത്രം കേന്ദ്രീകരിച്ച് ഒരു ജനകീയ മുന്നേറ്റം സംഘടിക്കുക പ്രായോഗികമായ ഒന്നല്ല. താത്കാലികമായ ജോലി ചെയ്യുന്നവരും അസംഘടിത മേഖലകളിൽ പണിയെടുക്കുന്നവരും പ്രായേണ പരിഗണിക്കപ്പെടാറില്ല എന്നതാണ് ഇതിന് പ്രധാന കാരണം. കുറഞ്ഞ തോതിലുള്ള തൊഴിലില്ലായ്മ, ശക്തമായ രാഷ്ട്രീയ പാർട്ടികൾ ഇങ്ങനെയുള്ള സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ വികസന തന്ത്രം അത്ര സഹായകരമല്ലെന്ന് കാണാം. ദക്ഷിണാഫ്രിക്കയുടെ അനുഭവങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്.

പ്രാതിനിത്യ ജനാധിപത്യത്തിന്റെ അഭാവമാണ് രണ്ടാമതായി വരുന്നത്. ഏകാധിപത്യം ജനാധിപത്യത്തിന് വഴി മാറിയ രാജ്യങ്ങളിൽ ഇത് പ്രകടമായിരുന്നു. അവിടങ്ങളിൽ സമ്പന്നരായ ബിസിനസുകാരും മറ്റും വിദേശ ശക്തികളുടെ സഹായത്തോടെ അധികാര കേന്ദ്രങ്ങളിലേക്ക് കടന്നു കയറി. അതുകൊണ്ട് യഥാർത്ഥ ജനാധിപത്യ വാദികൾക്കും ജനകീയ പ്രസ്ഥാനങ്ങൾക്കും രാഷ്ട്രീയമായ വ്യത്യാസം സൃഷ്ടിച്ച് കാണിക്കുന്നതിന് ഉതകുന്ന വിധത്തിൽ അവസരങ്ങൾ ലഭ്യമായില്ല. ഏറെ പ്രതീക്ഷകൾ ഉയർന്നിരുന്നത് കൊണ്ട് ജനങ്ങൾക്കിടയിൽ നിരാശ പടരുകയും അത് പ്രക്ഷോഭങ്ങളിലേക്ക് നയിക്കുകയും ചെയ്തു. ഫിലിപ്പൈൻസ്, ഇൻഡോനേഷ്യ, ദക്ഷിണാഫ്രിക്ക, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലെ വല്ലാതെ കൊട്ടിഘോഷിക്കപ്പെട്ട ലിബറൽ ജനാധിപത്യവൽക്കരണം പോലും തെറ്റായ ദിശയിലേക്ക് വഴി മാറിയതായി കാണാം. മ്യാൻമറിലെ ജനാധിപത്യവത്കരണം സൈന്യം കശക്കിയെറിഞ്ഞു. വലിയ ജനകീയ അംഗീകാരത്തോടെയും നേതൃപാടവത്തിന്റെയും പിൻബലത്തോടെയും വന്ന ഇടതു ജനകീയ സമീപനം പോലും പ്രാതിനിത്യ സ്വഭാവമുള്ള ജനാധിപത്യ രീതികളിലൂടെ നിയന്ത്രിക്കപ്പെട്ടില്ല. ഫിലിപ്പീൻസിലെ ജോസഫ് എസ്ട്രാഡ, വെനിസ്വേലയിലെ ഹ്യൂഗോ ഷാവേസ് എന്നിവരുടെ നീക്കങ്ങൾ ഇതിന് നല്ല ഉദാഹരണമാണ്.

പാർശ്വവത്കരിക്കപ്പെട്ടവരെ ഉയർത്തുന്ന കാര്യത്തിൽ സംഭവിച്ച വീഴ്ച മൂന്നാമത്തെ കാരണമാണ്. ജനാധിപത്യവും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനവും ശരിക്കും താഴെ തട്ടിൽ നിന്നാണ് ഉയർന്നു വരേണ്ടത്.

***പുരോഗമന ചിന്താഗതിക്കാരായ രാഷ്ട്രീയ നേതാക്കളുടെ മുന്നണികൾ കെട്ടിപ്പടുക്കുക സാധ്യമാണെന്നും സാമൂഹ്യവും സാമ്പത്തികവുമായ അരിഷ്ടിതാവസ്ഥക്ക് ബദലായി അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് വഴി മരുന്നിടുക വഴി ജനാധിപത്യ പ്രക്രിയയെ ത്വരിതപ്പെടുത്താൻ കഴിയുമെന്നും പഠനങ്ങൾ തെളിയിക്കുന്നുണ്ട്. 2010ൽ ഇന്തോനേഷ്യയിൽ രൂപം കൊണ്ട വിശാല സഖ്യം ഇതിനുദാഹരണമാണ്.***

പൗരസംഘടനകളും, തൊഴിലാളി പ്രസ്ഥാനങ്ങളും, സാമൂഹ്യ മുന്നേറ്റ പ്രസ്ഥാനങ്ങളുമെല്ലാം ഇതിനായി താഴെ തട്ടിൽ പ്രവർത്തിച്ചുവെന്നത് ശരിയാണ്. പക്ഷെ ഇവയുടെ വൈവിധ്യമാർന്ന താല്പര്യങ്ങൾ രാഷ്ട്രീയമായ ശക്തമായ ഒരു ബദലിന് സഹായകരമായിരുന്നില്ല. അന്താരാഷ്ട്ര തലത്തിലുള്ള സംവാദങ്ങളിൽ ഇത് പാർശ്വവൽകരിക്കപ്പെടുകയും രാഷ്ട്രീയത്തെ തന്നെ ശിഥിലമാക്കുന്ന വിധത്തിൽ അവ വ്യത്യസ്ത തട്ടുകളിൽ പ്രവർത്തിക്കുന്ന സമ്മർദ്ദ ഗ്രൂപ്പുകളായി മാറുകയും ചെയ്തു. രാഷ്ട്രീയ യജമാനന്മാർക്കും വൻകിട ബിസിനസുകാർക്കും മറ്റും ഒരു വിധ വെല്ലുവിളി ഉയർത്തുന്നതിനും ഇത് പര്യാപ്തമായിരുന്നില്ല. ബ്രസീലിലെ പ്രാദേശിക ബജറ്റിംഗ് രീതികളും അഴിമതി അവസാനിപ്പിക്കുന്നതിൽ പരാജയമായി മാറി. ഇതിന് അപവാദമായി മാറിയ ഏക പ്രദേശം ഇന്ത്യയിലെ ഒരു സംസ്ഥാനമായ കേരളമാണ്. ജനകീയ വിദ്യാഭ്യാസ പദ്ധതികൾ, പ്രാദേശിക വിഭവങ്ങളുടെ മാപ്പിംഗ്, ജനകീയാസൂത്രണം തുടങ്ങിയ കേരളത്തിൽ നടപ്പാക്കിയ പദ്ധതികൾ മികച്ച മാതൃകകളാണ്. എന്നിരുന്നാലും അടുത്തകാലം വരെ ഈ മുന്നേറ്റങ്ങളെ കൃത്യമായി സ്ഥാപനവൽകരിക്കാൻ കഴിയാതെ പോയിട്ടുണ്ട്. പ്രത്യേകിച്ച് ഉല്പാദനം ഉയർത്തൽ, തുടങ്ങിയ രംഗങ്ങളിൽ.

മൊത്തത്തിൽ നോക്കുമ്പോൾ, ജനാധിപത്യ തരംഗ വേളയിൽ ക്രിയാത്മകമായ നിരവധി പ്രസ്ഥാനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പക്ഷെ നവലിബറൽ ആശയങ്ങൾക്ക് വിശ്വസനീയമായ ഒരു ബദലായി മാറുവാൻ അവയ്ക്ക് കഴിഞ്ഞില്ല. വടക്കൻ മേഖലയിൽ ഇത് നിരാശയിലേക്ക് വഴുതുകയും കനത്ത പ്രതിഷേധങ്ങൾക്ക് കാരണമാവുകയും ചെയ്തു. വലതുപക്ഷ ദേശീയ വാദികൾക്ക് മേൽകൈ നേടാൻ ഇത് വഴിയൊരുക്കി. പ്രശ്നങ്ങൾക്ക് കാരണക്കാർ കുടിയേറ്റക്കാർ, മയക്കുമരുന്നിനും മറ്റും അടിമകളായവർ, ഇടതുപക്ഷം, മത, വംശീയ ന്യൂനപക്ഷങ്ങൾ തുടങ്ങിയവരാണ് എന്ന് സ്ഥാപിച്ച് രക്ഷപെടാൻ ഇത് സമ്പന്ന വർഗത്തിന് സഹായകമാവുകയും ചെയ്തു.

ഇതിനിടയിൽ ഉത്തര മേഖലയിലെ സോഷ്യൽ ഡെമോക്രാറ്റുകൾ അന്താരാഷ്ട്രതലത്തിലുള്ള മുന്നേറ്റങ്ങളെ അവഗണിക്കുന്ന നില വന്നു. പൂർവ, ദക്ഷിണ മേഖലകളിലെ തിരിച്ചടികൾ ഇതിനെ സഹായിക്കുകയും ചെയ്തു. 2012–ലെ സ്വീഡനിലെ അനുഭവം ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. അവിടെ പ്രധാനമന്ത്രി സ്റ്റെഫാൻ ലോഫേനിന്റെ നേതൃത്വത്തിൽ രൂപീകൃതമായ പുതിയ പാർട്ടി സാമൂഹ്യ ജനാധിപത്യ രീതികൾ നടപ്പാക്കുന്നതിന് യത്നിച്ചു. കൂടുതൽ ജനക്ഷേമകരമായ പദ്ധതികൾ, തൊഴിലാളികളും തൊഴിലുടമകളും തമ്മിലുള്ള സഹകരണം, അതിനനുസൃതമായ ഒരു ആഗോള തന്ത്രം, കാലാവസ്ഥ വ്യതിയാനത്തിന്റെ രംഗത്ത് പരിസ്ഥിതി വാദികളുമായി തുറന്ന സഹകരണം, സ്ത്രീ

***പരിഷ്കരണ നടപടികൾക്ക് എങ്ങനെ തുടർച്ചയുണ്ടാക്കാം എന്നത് കേരളം തെളിയിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുസമൂഹവും തമ്മിൽ തൊണ്ണൂറുകളിൽ ആരംഭിച്ച സഹകരണം ഇത് വ്യക്തമാക്കുന്നതാണ്. മഹാമാരിക്കെതിരായ പോരാട്ടത്തിൽ സംസ്ഥാനം ആരോഗ്യ, സാമൂഹ്യക്ഷേമ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ ഇതിന് ശക്തമായ പിന്തുണയേകി. ഇതിന് പിന്നാലെ വിജ്ഞാനത്തിൽ അധിഷ്ഠിതമായ ഒരു വികസന തന്ത്രത്തിന് രൂപം നൽകുകയും ചെയ്തു.***

സൗഹൃദവും മനുഷ്യാവകാശങ്ങളിൽ അധിഷ്ഠിതവുമായ വിദേശകാര്യ നയം, അഭയാർത്ഥികൾക്ക് പിന്തുണ തുടങ്ങിയ വയായിരുന്നു അവരുടെ അജണ്ട. എന്നാൽ എൺപതുകളിൽ മിറ്ററങ്ങിനും പാമെയ്ക്കും സംഭവിച്ചതുപോലെ ഇക്കാര്യങ്ങൾ യാഥാർഥ്യ മാക്കുന്ന കാര്യത്തിൽ ഒരു പരാജമായി മാറി. തൊഴിലുടമകൾ, ഭരണ നേതൃത്വവുമായോ തൊഴിലാളികളുമായോ സഹകരണത്തിന് തയ്യാറായില്ലെന്ന് മാത്രമല്ല, അവർ ഈ അജണ്ട തള്ളുകയും ചെയ്തു. ട്രേഡ് യൂണിയനുകൾ ഹരിതവാദികളോട് സഹകരിക്കാൻ കൂട്ടാക്കി യില്ലെന്ന് മാത്രമല്ല, കയറ്റുമതി വ്യവസായ ത്തെയും മികച്ച തൊഴിൽ സാധ്യതകൾക്കും വേണ്ടി അവർ വാദിക്കുകയും ചെയ്തു. വിവിധ കാരണങ്ങളാൽ സ്വീഡനിലേക്ക് അഭയാർഥി കളുടെ കുത്തൊഴുക്ക് സംഭവിക്കുകയും സ്വീഡനിലെ നഗരങ്ങൾക്ക് അത് ഉൾക്കൊള്ളാൻ കഴിയാതെ വരുകയും ചെയ്തു. 2015 ആയപ്പോഴേക്ക് ലോഫ്വന് തന്റെ നയങ്ങളിൽ നിന്ന് പിന്മാറേണ്ടി വന്നു. അതിനുശേഷം പാർട്ടി ഡെന്മാർക്കിലെ സോഷ്യൽ ഡെമോക്രാറ്റുകളുടെ മാതൃക പിന്തുടർന്ന് വലത് പക്ഷ ദേശീയ വാദി കളുമായി സന്ധി ചെയ്യുകയും റഷ്യ യുക്രൈൻ ആക്രമിച്ചതോടെ 200 വർഷമായി പിന്തുടർന്ന് വന്ന തങ്ങളുടെ ചേരി ചേരാ നയത്തിൽ നിന്ന് മാറുകയും നാറ്റോയിൽ അംഗമാവുകയും ചെയ്തു. 2022–ലെ തിരഞ്ഞെടുപ്പിൽ വിജയം നേടുകയായിരുന്നു ലക്ഷ്യം. പക്ഷെ പരാജമായിരുന്നു ഫലം. ഇത്തരം നയം മാറ്റങ്ങളെ കുറിച്ച് വിശദമായ വിശകലനങ്ങൾ പിന്നീട് ഉണ്ടായില്ല. തുർക്കിയുടെ പ്രസിഡന്റ് എർദോഗാൻ നാറ്റോ അംഗത്വത്തിന് പിന്തുണ നൽകിക്കൊണ്ട് തുർക്കിയിലെയും കുർദിഷ് മേഖലയിലെയും ജനാതിപത്യ വാദികൾക്ക് സ്വീഡൻ നൽകുന്ന പിന്തുണ അവസാനിപ്പിക്കണമെന്ന് ആവശ്യ പ്പെടുകയും ചെയ്തു.

യുക്രൈനിന് പിന്തുണ നൽകേണ്ടത് ആവശ്യ മായ കാര്യമാണ്. എന്നാൽ ആണവായുധ ഭീഷണി, കാലാവസ്ഥാ വ്യതിയാനം, സാമൂഹ്യ അരക്ഷിതാവസ്ഥ, അസമത്വം, അഭയാർത്ഥി പ്രശ്നം തുടങ്ങിയ പ്രതിസന്ധികൾ നേരിടാൻ ഒരു ശ്രമവും നടത്താതെ, ജനാധിപത്യ പോരാട്ടങ്ങളെ തകർക്കാൻ ശ്രമിക്കുന്ന ലോകത്തെ ഏക വലതുപക്ഷ ദേശീയ വാദിയല്ല പുട്ടിൻ എന്നോർക്കണം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വേദിയല്ല നാറ്റോ. അതിന് മറ്റു രീതിയിലുള്ള സഖ്യങ്ങളാണ് ഉണ്ടാകേണ്ടത്. ദേശീയ തലത്തിൽ പരിമിതപ്പെട്ട സോഷ്യൽ ഡെമോക്രാറ്റിക് ആശയങ്ങളെ അന്താരാഷ്ട്ര വൽകരിക്കുക എന്ന പാമേ, ബ്രാൻഡ് എന്നിവരുടെ ആശയങ്ങൾ കൂടുതൽ പ്രസക്ത മാകുന്നതിവിടെയാണ്.

ഇവർക്ക് മുന്നിലുണ്ടായ മുഖ്യ തടസം ഇവർക്ക് ശക്തരായ വിദേശ പകൂട്ടാളികൾ ഉണ്ടായിരുന്നില്ല എന്നതാണ്. യഥാർത്ഥത്തിൽ

***സുസ്ഥിരവും മികച്ച നിലയിലുമുള്ള വികസനത്തിന് കേരളത്തിൽ വലിയ സാധ്യതകളാണുള്ളത്. അത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ ഇടതുപക്ഷം കാര്യമായ പിന്തുണ നൽകുന്നുണ്ട്. അതുകൊണ്ട് ദക്ഷിണ മേഖലയിൽ ശക്തമായ വേരുകളുള്ള ജനാധിപത്യ ശൃംഖലയ്ക്ക് രാജ്യാന്തരതലത്തിലെ സാമൂഹ്യ ജനാധിപത്യ പ്രക്രിയയുടെ തിരിച്ചുവരവിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും.***

ജനാധിപത്യ തരംഗം ലോകമെമ്പാടും ആഞ്ഞടിച്ചപ്പോൾ ഈ പ്രശ്നങ്ങൾ സ്വാഭാവികമായി പരിഹരിക്കപ്പെടേണ്ടതായിരുന്നു. എന്നാൽ അത് പരാജയമടഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പിൽ സംഭവിച്ചത് പോലെ ജനാധിപത്യത്തിന്റെ മുന്നേറ്റത്തിന് നാം പിന്തുണ നൽകണം. ഇതിനായി വിശാലമായ സഖ്യങ്ങൾ ഉരുത്തിരിയണം. എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം ഉണ്ടാകണം. പുരോഗമന പ്രസ്ഥാനങ്ങളുടെ ഐക്യനിര രൂപപ്പെടണം. ഈ ലക്ഷ്യങ്ങൾ സാധൂകരിക്കാൻ നമുക്കാവുമോ?

പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത് ഇത് സാധിതമാകും എന്ന് തന്നെയാണ്. വ്യത്യസ്ത രീതിയിൽ പ്രവർത്തിക്കുന്ന പുരോഗമന രാഷ്ട്രീയ നേതാക്കളുടെയും പ്രസ്ഥാനങ്ങളുടെയും മുന്നണി രൂപീകൃതമാക്കാൻ കഴിയും. വേണ്ടത് സാമ്പത്തികവും സാമൂഹ്യവുമായ അരക്ഷിത സ്ഥിതിക്ക് ബദലായി അവർ കൂടുതൽ ജനാധിപത്യവത്കരണത്തിന് വേണ്ടിയും സുസ്ഥിര വികസനത്തിന് വേണ്ടിയും ശബ്ദമുയർത്തണം. 2010–ൽ ആരോഗ്യ മേഖലയുടെ പരിഷ്കരണത്തിനു വേണ്ടി ഇന്തോനേഷ്യയിൽ രൂപം കൊണ്ട സഖ്യം ഇതിന് നല്ല ഉദാഹരണമാണ്. ഇത്തരം മുന്നേറ്റങ്ങൾക്ക് തുടർചലനങ്ങൾ ഉണ്ടാകുന്നില്ല എന്നതാണ് പ്രധാന വൈതരണി. മാത്രവുമല്ല, തൊഴിൽ സംഘടനകൾ, തൊഴിലുടമകൾ, രാഷ്ട്രീയക്കാർ തുടങ്ങിയവർ തമ്മിൽ അർത്ഥവത്തായ ആശയവിനിമയം ഉണ്ടാകുന്നില്ല. പരിഷ്കരണ നടപടികൾക്ക് കൃത്യമായ തുടർനീക്കങ്ങൾ എങ്ങനെ ഉണ്ടാക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് കേരളം. തൊണ്ണൂറുകളിൽ തുടങ്ങിയ മുനിസിപ്പാലിറ്റികളും പൊതുസമൂഹവും തമ്മിലുള്ള സഹകരണം ഈ സംസ്ഥാനത്ത് മഹാമാരിക്കെതിരായ പോരാട്ടത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. തുടർന്ന് വിജ്ഞാനത്തിൽ അധിഷ്ഠിതമായ ഒരു വികസന തന്ത്രത്തിന് രൂപം നൽകുന്നതിനും കഴിഞ്ഞു. ഇതിന്റെ ഫലമായി തിരഞ്ഞെടുപ്പിൽ ഇടതു പക്ഷത്തിന് വിജയം കൈവരിക്കാൻ സാധിച്ചു. നരേന്ദ്ര മോദിയുടെ വലതുപക്ഷ ദേശീയ വാദത്തിന് ഇന്ത്യയിൽ പ്രസക്തി കുറവാണ്. ചിലയിലും സമാനമായ വിധത്തിൽ ഇടതുമുന്നണിക്ക് അധികാരത്തിലെത്താൻ കഴിഞ്ഞു. കൊളംബിയയിൽ സമാധാനത്തിനും സാമൂഹ്യ ജനാധിപത്യത്തിനും വേണ്ടി നില കൊള്ളുന്ന ശക്തമായ ഒരു പ്രസ്ഥാനമുണ്ട്. ബ്രസീലിൽ ലുലക്ക് ഇത്തരത്തിൽ വലത് ദേശീയ വാദത്തിനെതിരായി വിശാലമായ ഒരു മുന്നണിക്ക് രൂപം നല്കാൻ കഴിഞ്ഞു.

വെല്ലുവിളികൾ എണ്ണമറ്റതാണ്. വിവിധ ഗ്രൂപ്പുകളുമായുള്ള ആശയവിനിമയം തന്നെ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. പക്ഷെ നമുക്ക് മുന്നിൽ പടിഞ്ഞാറൻ യൂറോപ്പിന്റെ പ്രത്യേകിച്ച് സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ അനുഭവങ്ങളുണ്ട്. സുസ്ഥിരവും നീതിയുക്തവുമായ വികസനത്തിനായി സഹകരിക്കുന്നതിനുള്ള സാദ്ധ്യതകൾ നമുക്ക് മുന്നിൽ തുറന്നു കിടക്കുകയാണ്. ഇത്തരം വിഷയങ്ങൾ ചേരിചേരാ സമീപന

വുമായി യോജിപ്പിച്ചുകൊണ്ട് ദക്ഷിണ മേഖലയിൽ ശക്തമായ വേരുകളുള്ള ഇടത് – ജനാധിപത്യ വാദികൾ ഒന്ന് ചേർന്ന് പ്രവർത്തിച്ചാൽ അന്താരാഷ്ട്ര തലത്തിൽ സോഷ്യൽ ഡെമോക്രാറ്റിക് പ്രസ്ഥാനത്തെ വീണ്ടും ശക്തിപ്പെടുത്താൻ കഴിയും. ഈയിടെ ബ്രിക്സ് രാജ്യങ്ങൾ മുന്നോട്ട് വച്ച നിർദേശങ്ങൾക്ക് ബദലായി ജനാധിപത്യപരമായ ആശയങ്ങളിൽ ഊന്നി നിന്നുകൊണ്ട് യുക്രൈനിൽ സമാധാനം ഉറപ്പിക്കാൻ നമുക്ക് കഴിയും.

(സ്വീഡനിലെ വലതു പക്ഷ ദേശീയ വാദികളുടെ വിജയം ജനാധിപത്യ വാദികൾക്ക് മുന്നിൽ ഉയർത്തുന്ന ഒരു ചോദ്യമുണ്ട്, സാമൂഹ്യ ക്ഷേമം, സുരക്ഷ എന്നിവയുടെ രംഗത്ത് ഇടതുപക്ഷം നൽകുന്ന ഫോക്കസ് മതിയായതാണോ എന്നതാണ് അത്. 'ഉത്തര –ദക്ഷിണ മേഖലകളെ പരിഗണിക്കുമ്പോൾ എന്താണ് പോരായ്മ' എന്ന വിഷയത്തിന്മേൽ ഒരു ചർച്ചക്ക് ഒലെ ടോൺക്വിസ്റ്റിനെ ഈയിടെ ക്ഷണിക്കുകയുണ്ടായി. ടോറോന്റോയിലെ പബ്ലിക്ക് ലൈബ്രറിയിൽ 'ജനാധിപത്യത്തിന്റെ മുന്നണിപ്പടയാളികൾ' എന്ന പ്രഭാഷണ പരമ്പരയിൽ മെയ് 11–നായിരുന്നു ആ പ്രഭാഷണം. അതിന്റെ സംക്ഷിപ്ത രൂപമാണ് ഈ ലേഖനം.)

■

(ഓസ്ലോ സർവകലാശാലയിലെ എമിരേറ്റ്സ് പ്രഫസറാണ് ലേഖകൻ.)

**End Note**

1 See Tarik Abou-Chadi, Reto Mitteregger, Cas Mudde, L*eft Behind by the Working Class? Social Democracy's Electoral Crisis and the Rise of the Radical Right* (fes.de) https://library.fes.de/pdf-files/a-p-b/18074.pdf

2 Olle Tornquist, *In Search of New Social Democracy. Insights from the South - Implications for the North,* London and New York: Zed-Bloomsbury(2022) https://www.bloomsbury.com/uk/in-search-of-new-social-democracy- 9780755639793/ and https://olle-tornquist.com/

# 5 ട്രില്യൺ സമ്പദ്‌വ്യവസ്ഥ: വെല്ലുവിളികളും സാധ്യതകളും

മേരി ജോർജ്

ഒരു സമ്പദ്ഘടന മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ (ജി ഡി പി) കാര്യത്തിൽ വലിയ ലക്ഷ്യങ്ങൾ സ്വപ്നം കാണുമ്പോൾ അതിൽ സമത്വം, സാമൂഹ്യ നീതി എന്നിവയുടെ തിളക്കം കൂടി ഉണ്ടാകേണ്ടത് ആവശ്യമാണ്. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഇപ്രകാരമൊരു മുന്നറിയിപ്പ് നൽകുന്നു – രാമരാജ്യം എന്നതിനർത്ഥം ഹിന്ദുക്കളുടെ ഭരണം എന്നാരും തെറ്റിദ്ധരിക്കരുത്. എന്റെ രാമൻ എന്നത് ദൈവത്തിന്റെ മറ്റൊരു പേരാണ്. ഞാൻ ആഗ്രഹിക്കുന്നത് ഭൂമിയിലെ ദൈവത്തിന്റെ സാമ്രാജ്യമാണ്. അത്തരത്തിൽ ഒരു രാജ്യം സ്ഥാപിതമാകുമ്പോൾ എല്ലാ ഇന്ത്യക്കാരുടെയും ക്ഷേമം എന്നതിനപ്പുറം ലോകത്തിന്റെ മുഴുവൻ ക്ഷേമം എന്നാണ് അർത്ഥമാക്കുന്നത്. 'ആഷി ഗുപ്ത പറയുകയാണ് – ഭാരതീയ ജനതാ പാർട്ടി (ബി ജെ പി) നേതൃത്വം നൽകുന്ന നാഷണൽ ഡെമോക്രാറ്റിക് അലയൻസ് തീരുമാനങ്ങൾ എടുക്കുന്നത് കൂടുതൽ കേന്ദ്രീകൃതമാക്കി എന്നതിന് പുറമെ ഹിന്ദുത്വം എന്ന ആശയത്തെ അത് ശക്തമായി മുന്നോട്ട് വയ്ക്കുകയും ചെയ്യുന്നു. സംസ്ഥാനങ്ങളുടെ പരമാധികാരത്തെ തകർക്കുകയും ചെയ്യുന്നു. പലപ്പോഴും വ്യക്തമായ കാരണങ്ങൾ കൂടാതെ ന്യൂനപക്ഷങ്ങൾ അപമാനിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ദുര മൂത്ത മുതലാളിത്തത്തെ കുറിച്ചും വലിയ എതിർപ്പുകൾ ഉയരുന്നുണ്ട്. ഇന്ത്യയുടെ സാമ്പത്തിക ഉയർച്ച താഴ്ചകൾ വിദേശത്തെ സമാനമായ മാറ്റങ്ങളാൽ സ്വാധീനിക്കപ്പെടുന്നു. രാജൻ (2020) ചൂണ്ടിക്കാട്ടുന്നു, സാമൂഹിക വിഭാഗങ്ങൾ സാമ്പത്തികമായ പ്രതിസന്ധിയിൽ അകപ്പെടുന്നത് സാമൂഹ്യമായ തകർച്ചക്കും വഴിമരുന്നാകുന്നു. ഇതിന്റെ ഫലങ്ങൾ ദൂരവ്യാപകമാണ്. സാമൂഹ്യമായി ഒറ്റപ്പെടുന്ന ജീവിതങ്ങൾ സമൂഹത്തിന്റെ തകർച്ചക്ക് കാരണമാകുന്ന സ്ഥിതിയുണ്ടാവുകയും തീവ്ര വലതുപക്ഷ, ഇടതുപക്ഷ പ്രത്യയ

***ധനപരമായ സ്ഥിരത, സുസ്ഥിര വികസനത്തിനും തൊഴിൽ സാധ്യത ഉയർത്തുന്നതിനും അടിസ്ഥാനപരമായി ആവശ്യമായ ഘടകങ്ങളാണെന്നാണ് അഭിജിത് ബാനർജി അഭിപ്രായപ്പെടുന്നത്. അദ്ദേഹം പറയുന്നു – "വളർച്ചയെ ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ധനപരമായ സ്ഥിരത ഓരോ ഘട്ടത്തിലും ബലികഴിക്കപ്പെടുമ്പോൾ സമ്പദ്ഘടന തകർച്ചയിലേക്ക് നീങ്ങുന്നു. വളർച്ച നയപരമായ ലക്ഷ്യമായി അടിവരയിടപ്പെടുമ്പോൾ ഇതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ തമസ്കരിക്കപ്പെടുന്നു."***

***രംഗരാജൻ (2022) അഭിപ്രായപ്പെടുന്നത് – '2005–06, 2010 –11 എന്നീ സാമ്പത്തിക വർഷങ്ങൾക്കിടയിലാണ് ഇന്ത്യ ഏറ്റവും മികച്ച വളർച്ച കൈവരിച്ചത്. 8.8 ശതമാനം ജി ഡി പി വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ഇത് രാജ്യത്തിൻറെ വളർച്ചാ സാധ്യതകളെ അടിവരയിട്ട് വ്യക്തമാക്കുന്നതാണ്. അഞ്ചു മുതൽ ആറ് വർഷം വരെ സുസ്ഥിര വികസനം കൈവരിച്ചതിനിടയിലെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കാണ് ഇത്. ഇതിന്റെ പ്രധാന പ്രത്യേകത, 2008–09 ലെ ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിലാണ് ഈ നേട്ടം കൈവരിക്കാനായത് എന്നതാണ്. ഈ ഘട്ടത്തിൽ, 2007–08 ൽ നിക്ഷേപം ഏറ്റവും ഉയർന്ന തോതായ 39.1 ശതമാനത്തിലെത്തി. ഇതേ തോതിൽ സമ്പാദ്യ നിരക്കിലും വളർച്ച യുണ്ടായി. കറന്റ് അക്കൗണ്ടിലെ കമ്മി ശരാശരി 1.9 ശതമാനം എന്ന നിലയിലുമായിരുന്നു.***

ശാസ്ത്രങ്ങളുടെ ഇരയാക്കപ്പെടുകയും ചെയ്യുന്നു. പല നിറത്തിലും അളവിലും നിറഞ്ഞാടുന്ന ജാതിയാണ് മറ്റൊരു പ്രധാന വൈതരണി. നിങ്ങൾ ഇഷ്ടപെടുന്ന ഏത് വഴിക്ക് നിങ്ങൾ തിരിഞ്ഞാലും എപ്പോഴും വഴി മുടക്കിയായി ജാതി വരുന്നുവെന്നാണ് അംബേദ്കർ പറഞ്ഞത്. ജാതി കോമരത്തെ തകർക്കാൻ കഴിയുന്നില്ലെങ്കിൽ രാഷ്ട്രീയമായ മാറ്റം, സാമ്പത്തികമായ മുന്നേറ്റം എന്നിവ നിങ്ങൾക്ക് സാധ്യമാകില്ല. ജനാധിപത്യത്തിന്റെ സചേതനമായ വിജയത്തിന് ഏതാനും മാർഗ്ഗങ്ങൾ കൂടി അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്.

എ) അസമത്വം ഇല്ലാതാവുക

ബി) ശക്തമായ പ്രതിപക്ഷത്തിന്റെ ആവശ്യം

സി) നിയമത്തിന്റെ മുൻപിലും ഭരണത്തിലു മുള്ള തുല്യാവകാശം

ഡി) ഭരണഘടനാപരമായ ധാർമികത നടപ്പാക്കൽ

ഇ ) ന്യൂനപക്ഷത്തിന് മേൽ ഭൂരി പക്ഷത്തിന്റെ ആധിക്യം ഇല്ലായ്ക

എഫ്) സമൂഹത്തിന്റെ ഉയർന്ന ധാർമിക ബോധം

ജി) ശക്തമായ പൊതുബോധത്തിന്റെ സാന്നിധ്യം

എന്നാൽ ഇന്ത്യയുടെ ഇന്നത്തെ പൊതുസ്ഥിതി കണക്കിലെടുക്കുമ്പോൾ ഇതിൽ ഒന്നും കാണുന്നില്ലെന്നത് നമ്മെ ഭയപ്പെടുത്തുന്ന കാര്യമാണ്. 2018ൽ മുൻ റിസർവ് ബാങ്ക് ഗവർണർ ബിമൽ ജലൻ ഇങ്ങനെ പറയുന്നു – ഭാവിയിലെ നയപരമായ തിരഞ്ഞെടുപ്പുകൾ വരുമ്പോൾ ലക്ഷ്യം, മാർഗം എന്നിവ ശക്തമായി വേർതിരിക്കപ്പെടേണ്ടത് ഒരാവശ്യമാണ്. രാഷ്ട്രീയമായ സ്വാതന്ത്ര്യം, ദാരിദ്ര്യ നിർമാർജനം, സാർവത്രികമായ സാക്ഷരത, തുല്യമായ സാമ്പത്തിക അവസരം തുടങ്ങിയ കാര്യങ്ങൾ ഇപ്രകാരം ലക്ഷ്യങ്ങൾ എന്ന നിലയിൽ ഇടം പിടിക്കുന്നു. ഈ ലക്ഷ്യങ്ങൾ ഒരിക്കലും തർക്കത്തിന് വിധേയമാകുന്ന വിഷയങ്ങളല്ല. എന്നാൽ ഇതിലേക്കുള്ള മാർഗമായ നയപരമായ തീരുമാനങ്ങൾ അഭിപ്രായഭേദങ്ങൾക്ക് വിധേയവും നമ്മുടെ തിരഞ്ഞെടുപ്പിന് അനുസരിച്ചുമാണ്. ഉൽപാദക സാങ്കേതിക വിദ്യകളിലും രാജ്യാന്തര വ്യാവസായിക മൂലധന നീക്കങ്ങൾക്കും, നൈപുണ്യം നേടിയ മാനവശേഷി തുടങ്ങിയ കാര്യങ്ങളിലെ

***ജി ഡി പി വളർച്ചയിലെ നിമ്നോന്നതങ്ങൾക്ക് പ്രധാന കാരണമായി മാറിയത് നോട്ട് നിരോധനമാണ്.***

വമ്പിച്ച മാറ്റങ്ങളിൽ നിന്ന് നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള അപൂർവം വികസ്വര രാജ്യങ്ങളാണ് ലോകത്തുള്ളതെന്നാണ് ജലൻ വ്യക്തമാക്കുന്നത്. ഇന്ത്യ അത്തരത്തിൽ മികച്ച നിലയിലുള്ള ഒരു രാജ്യമാണ്.

ഇതിന്റെ ഫലമായി വൈവിധ്യമാർന്ന ഒരു പിടി ഉത്പന്നങ്ങളും സേവനങ്ങളും കുറഞ്ഞ ചെലവിൽ നിർമ്മിക്കുന്നതിനുതകുന്ന അറിവും കഴിവും ഇന്ത്യക്ക് ഇന്നുണ്ട്. ഇതിന്റെ ക്രെഡിറ്റ് പൂർണ്ണമായും ഭൂതകാലത്ത് നേടിയെടുക്കാൻ കഴിഞ്ഞ നേട്ടങ്ങളുടെയും അതിന് തക്ക അടിത്തറ പാകാൻ കഴിഞ്ഞ ഭരണാധികാരികളുടെ കഴിവ് തന്നെയാണ്. എന്നാൽ നിലവിലെ കേന്ദ്ര സർക്കാർ ഇത്തരം നേട്ടങ്ങളെ തകർക്കാനും ചരിത്രത്തെ അപനിർമിക്കാനും ശ്രമിക്കുമ്പോഴും ശക്തമായ അടിത്തറയിൽ കെട്ടി പൊക്കിയ പലതും തകർക്കാൻ കഴിയാത്തതാണെന്നും നമുക്ക് ബോധ്യപ്പെടുന്നു.

മാക്രോ ഇക്കണോമിക് അസ്ഥിരതക്കും അതിവേഗത്തിലുള്ള സാങ്കേതിക വിദ്യ മാറ്റം മൂലമുള്ള തൊഴിൽരഹിതമായ വളർച്ചയുടെയും ദുര മൂത്ത മുതലാളിത്തത്തിന്റെ കടുത്ത ഭീഷണിയുടെ നിഴലിലും ഇന്ത്യൻ സമ്പദ്ഘടന തനതായ ഒരു പുരോഗമന പാത വെട്ടിത്തുറക്കുന്നതിനുള്ള തീവ്രയത്നത്തിലാണ്. സുസ്ഥിരമായ മാക്രോ ഇക്കണോമിക് സാഹചര്യം വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനിവാര്യമാണെന്ന് അഭിജിത് ബാനർജി അഭിപ്രായപ്പെടുന്നു. വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി മാക്രോ ഇക്കണോമിക് സ്ഥിരത അനിവാര്യമല്ലാതെ വരുമ്പോൾ പ്രതിസന്ധികൾ ഉടലെടുക്കുന്നു. അതിന്റെ ഫലമോ നയപരമായി ഫോക്കസ് ചെയ്യപ്പെടുന്ന വളർച്ച അട്ടിമറിക്കപ്പെടുന്നു. ഇത്തരത്തിൽ മാക്രോ ഇക്കണോമിക് സുസ്ഥിരത കൈവരുത്തുന്നതിന് പ്രധാനമായും മൂന്ന് ഉപാധികളുണ്ട് – പണപ്പെരുപ്പത്തിന്റെ തോത് തുടർച്ചയായി കുറഞ്ഞ തോതിലാക്കുക, സ്വകാര്യ മുതൽമുടക്കിന് സഹായകരമാകുന്ന വിധത്തിൽ മൊത്തത്തിലുള്ള ധനകമ്മി നിയന്ത്രിക്കുക, സുസ്ഥിരമായ സി എ ഡി ഉറപ്പാകുന്നതിനൊപ്പം ശക്തമായ മൂലധന ഒഴുക്ക് മുഖേന ഫിനാൻസ് ഉറപ്പിക്കാൻ കഴിയുക തുടങ്ങിയവയാണ് അതെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്.

ഇത്തരമൊരു സാഹചര്യത്തിലാണ് 2024–25 സാമ്പത്തിക വർഷത്തോടെ 500 കോടി ഡോളറിന്റെ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറുന്നതിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്യപ്പെടുന്നത്. സ്വാതന്ത്ര്യം നേടുന്നതിന് മുൻപുള്ള ഘട്ടം പരിഗണിക്കുമ്പോൾ ഏതാണ്ട് 5 ദശകക്കാലത്തോളം രാജ്യത്തിന്റെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 0.89 ശതമാനമായിരുന്നു. അപ്പോൾ ജനസംഖ്യ വളർച്ച 0.83 ശതമാനമായിരുന്നു. എന്നാൽ സ്വാതന്ത്ര്യം നേടിയതിനു ശേഷം 1970 വരെ നേടാൻ കഴിഞ്ഞത് 3–3.6 ശതമാനം വാർഷിക വളർച്ചയാണ്. ഇതിനെ രാജ് കൃഷ്ണ വിവക്ഷിക്കുന്നത് 'ഹിന്ദു വളർച്ചാ നിരക്ക്' എന്നാണ്. ഈ ഘട്ടത്തിലെ ജനസംഖ്യ വളർച്ചാ നിരക്ക് 2.2 ശതമാനവും പ്രതിശീർഷ വരുമാനത്തിലെ വളർച്ച 1.4 ശതമാനവുമായിരുന്നു.

***ഒറ്റയടിക്ക് സമ്പദ്ഘടനയുടെ ലൂബ്രിക്കന്റ് എന്ന് വിശേഷിപ്പിക്കാവുന്ന കറൻസി ഇല്ലാതാവുകയായിരുന്നു. ഇതുമൂലം സമ്പദ്ഘടന തളർച്ചയിലായി. സ്വതന്ത്ര ഭാരതം കണ്ട ഏറ്റവും വലിയ അബദ്ധങ്ങളിലൊന്ന് ഒരു പക്ഷെ ഇതായിരിക്കാം. അധികം വൈകാതെ നീതി ആയോഗിന്റെ സി ഇ ഒ ആയ രാജീവ് കുമാറിന് 75 വർഷത്തിനിടയിലെ ഏറ്റവും വലിയ ലിക്വിഡിറ്റി പ്രതിസന്ധിയും 45 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയും ഇതുമൂലം ഉണ്ടായതായി സമ്മതിക്കേണ്ടതായി വന്നു.***

1969, 1980 എന്നീ വർഷങ്ങളിലെ ബാങ്ക് ദേശസാൽക്കരണം നിക്ഷേപ വളർച്ചയ്ക്കും ഒപ്പം മുൻഗണന വായ്പകൾക്കും വഴിയൊരുക്കി. ഈ ഘട്ടത്തിലെ നയപരമായമുഖ്യ ലക്ഷ്യം ദാരിദ്ര്യം നിർമാർജനം ചെയ്യുക എന്നതായിരുന്നു. ഇത് പുതിയ ഒരു ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ അത്ഭുതകരമായ പങ്ക് വഹിച്ചതായി കാണാൻ കഴിയും. തൊള്ളായിരത്തി അറുപതുകളുടെ മധ്യത്തിൽ സമാരംഭിച്ച ഹരിത വിപ്ലവം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ഭക്ഷണത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാകുന്ന അവസ്ഥയിലേക്ക് എത്തിച്ചു. ഭക്ഷ്യസ്വയം പര്യാപ്തതയിലേക്കും ഭക്ഷ്യ ധാന്യങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന നിലയിലേക്കും ഇത് രാജ്യത്തെ നയിച്ചു. കൃഷി, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകി നടപ്പാക്കിയ ബാങ്ക് ദേശസാൽക്കരണം അതിന് മുന്നോടിയായി നടപ്പാക്കിയില്ലായിരുന്നെങ്കിൽ ഹരിത വിപ്ലവം വിജയകരമാകില്ലായിരുന്നു.

എൺപതുകളായപ്പോൾ പൊതുമേഖലക്ക് വലിയ പ്രാധാന്യം നൽകി നടപ്പാക്കിയിരുന്ന മിശ്ര സമ്പദ്‌വ്യവസ്ഥക്ക് ആന്തരികമായി തന്നെ ചില കുറവുകളുണ്ടെന്ന് ബോധ്യപെടുകയുണ്ടായി. അതുകൊണ്ട് മറ്റ് ദക്ഷിണേഷ്യൻ രാജ്യങ്ങളുടേത് പോലുള്ള വളർച്ച ഇന്ത്യക്ക് വ്യവസായ, വാണിജ്യ മേഖലകളിൽ കൈവരിക്കാൻ കഴിഞ്ഞില്ല. ഈ ഘട്ടത്തിലാണ് ഉദാരവത്കരണ നടപടികൾക്ക് തുടക്കം കുറിച്ചത്. എൺപതുകളിൽ ജി ഡി പി വളർച്ച 5.6 ശതമാനം എന്ന നിലയിലേക്ക് ഉയർത്താൻ ഇത് സഹായകമായി. എന്നാൽ രാഷ്ട്രീയമായ അസ്ഥിരത, വിദേശ കടത്തിന്മേലുള്ള അമിതമായ ആശ്രിതത്വം, സുസ്ഥിരമല്ലാത്ത സാമ്പത്തിക നയങ്ങൾ തുടങ്ങിയ ഘടകങ്ങൾ 1991–92 കാലയളവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഇന്ത്യയെ നയിച്ചു.

പ്രതിസന്ധി മറി കടക്കുന്നതിന് ഇന്ത്യക്ക് വിദേശ സഹായം അനിവാര്യമായി മാറി. ഇതിന് ഐ എം എഫ് പോലുള്ള വായ്പാദാതാക്കൾ കർശനമായ നിബന്ധനകൾ മുന്നോട്ട് വച്ചു. ഉദാരവൽക്കരണം, സ്വകാര്യവത്കരണം, ആഗോളവത്കരണം എന്നീ മാർഗ്ഗങ്ങളിലേക്ക് ഇന്ത്യക്ക് തിരിയേണ്ടതായി വന്നു. പ്രതിസന്ധി മറി കടക്കാൻ കഴിഞ്ഞതോടെ 1992–93 നും 2000–01 നുമിടയിൽ ഇന്ത്യക്ക് 6.2 ശതമാനം വാർഷിക വളർച്ച കൈവരിക്കാൻ കഴിഞ്ഞു. 2001–02 നും 2012–13നുമിടയിൽ രാജ്യത്തിന് 7.4 ശതമാനവും വളർച്ച നേടാൻ കഴിഞ്ഞു. 2013–14നും 2019–20നുമിടയിലെ വളർച്ച 6.7 ശതമാനമായിരുന്നു. അടിസ്ഥാന വർഷം (ബേസ് ഇയർ) 200405 ൽ നിന്നും 2011–12 ആയി മാറ്റിയതും കണക്കുകളുടെ കാര്യത്തിൽ ചില

***വീർ ഷീലെ (2022) നിരീക്ഷിക്കുന്നത് സ്വാതന്ത്ര്യം കിട്ടി ഏഴ് ദശകങ്ങൾ പിന്നിടുമ്പോഴും ഇന്ത്യ കുട്ടികൾക്കിടയിലെ ഗുരുതരമായ പോഷകാഹാര കുറവ് (25.5 ശതമാനം വളർച്ചക്കുറവ്, 67.1 ശതമാനം വിളർച്ചയുള്ളവർ) നേരിടുകയാണ് എന്നാണ്. അഞ്ചു വയസിൽ താഴെയുള്ളവരുടെ മരണ നിരക്ക് ഇതുമൂലം 68.2 ശതമാനമാണ്. ആരോഗ്യകുറവ്, ശിശുമരണം എന്നിവയ്ക്ക് പുറമെ ഇത് പഠന പ്രശ്നങ്ങളിലേക്കും സ്കൂളുകളിലെ മോശം പ്രകടനത്തിനും കാരണമാകുന്നു. പ്രായപൂർത്തിയെത്തുന്നതോടെ പ്രമേഹം, രക്തസമ്മർദ്ദം, അമിതവണ്ണം തുടങ്ങിയ പല രോഗങ്ങൾക്ക് വഴി വയ്ക്കുമെന്നതിന് പുറമെ വരുമാനക്കുറവിനും ഇത് കാരണമാകുന്നു.***

തിരിമറികൾ നടത്തിയതുമാണ് ഇതിന് കാരണമായത്. ഇക്കാര്യം നോട്ട് നിരോധനത്തിന് ശേഷം നീതി ആയോഗിൽ നിന്നും പിന്മാറിയ ഒരംഗം വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു കാര്യം വ്യക്തമായി രംഗരാജൻ (2022) പറയുന്നുണ്ട്, '2005–06 നും 2010–11നുമിടയിലെ 8.8 ശതമാനമെന്ന മികച്ച വളർച്ച ഇന്ത്യയുടെ വളർച്ചാ സാധ്യത അടി വരയിട്ട് വ്യക്തമാക്കുന്നതാണ്.' അഞ്ച്, ആറ് വർഷത്തെ മികച്ച വളർച്ചക്കിടയിലെ ഏറ്റവും ഉയർന്ന പ്രകടനമായി ഇതിനെ വിലയിരുത്താം. 2008–09 സാമ്പത്തിക വർഷത്തിൽ ആഗോള തലത്തിൽ ഉണ്ടായ വലിയ സാമ്പത്തിക കുഴപ്പങ്ങൾക്കിടയിലാണ് ഇത് സംഭവിച്ചത് എന്നത് ശ്രദ്ധേയമാണ്. ഈ ഘട്ടത്തിൽ 2007–08 ൽ നിക്ഷേപ നിരക്ക് 39.1 ശതമാനം എന്ന ഏറ്റവും ഉയർന്ന തോതിലേക്ക് വളർന്നു. സമ്പാദ്യ നിരക്കിലും തദനുസൃതമായ വളർച്ച പ്രകടമായി. ബാലൻസ് ഓഫ് പേയ്മെന്റിന്റെ കാര്യത്തിൽ കറന്റ് അക്കൗണ്ടിലെ കമ്മി ശരാശരി 1.9 ശതമാനം എന്ന നിലയിൽ തുടർന്നു.

**2011–12 മുതൽ ജി ഡി പി വളർച്ചയുടെ നിമ്നോന്നതങ്ങൾ:**

പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1950 മാർച്ച് മുതൽ പ്രവർത്തനനിരതമായിരുന്ന ആസൂത്രണ കമ്മീഷൻ ഇല്ലാതായതാണ് ഇതിന് പ്രഥമ കാരണം. വളർച്ചയുടെ വിവിധ മേഖലകൾക്ക് ആവശ്യമായ മുൻഗണനകൾ നിശ്ചയിച്ച് വിഭവങ്ങളുടെ പരമാവധി ഫലപ്രദവും സമതുലിതവുമായ വിനിയോഗം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടത്. ഉദ്യോഗസ്ഥതലങ്ങളിൽ സംഭവിക്കുന്ന ന്യൂനതകളുണ്ടെങ്കിലും രാജ്യത്തിന്റെ ഓരോ മുക്കും മൂലയെയും കുറിച്ചുള്ള ഈ സംവിധാനത്തിന്റെ ധാരണ വിവരണാതീതമാണ്. ഇതിന് പകരമായി നീതി ആയോഗ് സ്ഥാപിതമായെങ്കിലും സാമ്പത്തിക മേഖലയിലെ അതിന്റെ അനുഭവങ്ങളുടെ കാര്യത്തിലും ബജറ്റ് രൂപീകരണം, ധനപരമായ ബാലൻസിംഗ് തുടങ്ങിയ കാര്യങ്ങളിലും ഇത് ഒരു പരാജയമാണെന്ന് കാണാം. നീതി ആയോഗിന്റെ ആദ്യ വൈസ് ചെയർമാനായിരുന്ന അരവിന്ദ് പനാഗരിയ ഇത് മനസിലാക്കി സ്വമേധയാ തന്നെ സ്ഥാനമൊഴിയുകയായിരുന്നു. അതിനെ പിൻതുടർന്ന് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന അരവിന്ദ് സുബ്രമണ്യവും സ്ഥാനമൊഴിഞ്ഞു.

**നോട്ട് നിരോധനമെന്ന പ്രഹേളിക**

2016 നവംബർ എട്ടിന് കേന്ദ്രം ഒറ്റയടിക്ക്, വിതരണത്തിലുണ്ടായിരുന്ന കറൻസികളിൽ 86.4 ശതമാനവും പിൻവലിക്കുകയുണ്ടായി. ഓടിക്കൊണ്ടിരുന്ന ഒരു വാഹനം ഇന്ധനം തീർന്നതിനെ തുടർന്ന് പൊടുന്നനെ നിന്നു പോയ സ്ഥിതിയായിരുന്നു ഇത്. ഒറ്റയടിക്ക് കറൻസി പിൻവലിക്കപ്പെട്ടതോടെ ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ സ്ഥിതിയും സമാനമായിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും വലിയ മണ്ടത്തരം എന്നാണ് ഇതിനെ വിശേഷിപ്പിക്കേണ്ടത്. 75 വർഷത്തിനിടയിലെ ഏറ്റവും വലിയ ലിക്വിഡിറ്റി പ്രതിസന്ധി രാജ്യം നേരിടുകയാണെന്നും തൊഴിലില്ലായ്മ 45 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന തോതിലായെന്നും നീതി ആയോഗ് സി ഇ ഒ രാജീവ്കുമാറിന് തന്നെ സമ്മതിക്കേണ്ടി വന്നു. റിസർവ് ബാങ്ക് പ്രത്യേക വലുപ്പത്തിലുള്ള പുതിയ 2000 നോട്ട് പുറത്തിറക്കിയതിന്റെ ഫലമായി 2.2 ലക്ഷം വരുന്ന രാജ്യത്തെ എ ടി എമ്മുകൾ റീകാലിബറേറ്റ് ചെയ്യേണ്ടി വന്നുവെന്നും രാമകുമാർ (2023) നിരീക്ഷിക്കുന്നു. വലിയ പ്രതിസന്ധിക്ക് കാരണമായ നോട്ട് നിരോധനത്തെ തുടർന്ന് ഇറക്കിയ 2000 രൂപയുടെ നോട്ട് 2023 മെയ് 19ന് റിസർവ് ബാങ്ക് പിൻവലിക്കുകയും ചെയ്തു.

**ജനാധിപത്യത്തിനും മതനിരപേക്ഷതക്കുമെതിരായ ആക്രമണം**

ഭരണകക്ഷിയുടെ ജനാധിപത്യ വിരുദ്ധമായ നിലപാടുകളെ പാർലമെന്റിൽ പ്രതിപക്ഷം നിരന്തരം ചോദ്യം ചെയ്തു. പാർലമെന്റിന്റെ പ്രവർത്തനം അലങ്കോലമാക്കുന്നതിന് ഭരണകക്ഷിയുടെ തന്നെ ആസൂത്രിത നീക്കമുണ്ടെന്ന് അവർ കുറ്റപ്പെടുത്തി. തൊഴിലില്ലായ്മ, പണപ്പെരുപ്പം, സാമൂഹ്യമായ

**Figure-1** Tax/GDP Ratio of India (2017-18 to 2023-24) (Gross Central Taxes as percentage of GDP)




*Source: Union Budget ( various years)*

ഭിന്നത സൃഷ്ടിക്കൽ തുടങ്ങിയ മർമ്മ പ്രധാനമായ വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കാൻ അനുവദിക്കുന്നില്ലെന്ന് അവർ പറഞ്ഞു. നരേന്ദ്ര മോദി സർക്കാർ പാർലമെന്റിൽ പ്രസംഗങ്ങളും ചർച്ചകളും തുടർച്ചയായി തടസപ്പെടുത്തുന്നതായും അതിവേഗത്തിൽ അംഗങ്ങളെ പാർലമെന്റിൽ നിന്നും പുറത്താക്കുന്നതായും കോൺഗ്രസ്സ് ചെയർപേഴ്സൺ കുറ്റപ്പെടുത്തുകയുണ്ടായി (2023). തൽഫലമായി 45 ലക്ഷം കോടി രൂപയുടെ ബജറ്റ് പാർലമെന്റിൽ കാര്യമായ ചർച്ച പോലുമില്ലാതെ പാസാക്കി. സി ബി ഐ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികളെ കേന്ദ്ര സർക്കാർ ദുരുപയോഗം ചെയ്യുന്നതായും അവർ ചൂണ്ടിക്കാട്ടുന്നു. ജുഡീഷ്യൽ സംവിധാനത്തെ തന്നെ തകർക്കുന്ന സമീപനം പ്രകടമായി. കേന്ദ്ര നിയമമന്ത്രി തന്നെ റിട്ടയർ ചെയ്ത ജഡ്ജിമാരെ ദേശദ്രോഹികൾ എന്നാക്ഷേപിക്കുന്ന നിലയുണ്ടായി. മാധ്യമങ്ങളെ വരുതിയിൽ നിർത്തുന്നതിനുള്ള ശ്രമങ്ങളും ശക്തമാണ്.

നരേന്ദ്ര മോദി സർക്കാരിന്റെ കീഴിൽ ഇന്ത്യയുടെ കഴിഞ്ഞ കാല നേട്ടങ്ങളും മതപരവും സാംസ്കാരികവുമായ വേർതിരിവിനിടയിലും സൗഹൃദത്തോടെ ജീവിക്കാൻ കഴിയുന്ന സാഹചര്യവും വെല്ലുവിളി നേരിടുകയാണെന്ന് അകീൽ ബിൽഗ്രാം (2023) ഓർമപ്പെടുത്തുന്നു.

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഉന്നമനത്തിനായി പ്രധാന മന്ത്രിയുടെ പേരിൽ നിരവധി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു. എന്നാൽ ഇത്തരം പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയുടെ നല്ലൊരു പങ്ക് അതിന്റെ പ്രചാരണത്തിനായുള്ള അക്കൗണ്ടിലേക്കാണ് പോകുന്നത്. ബി ജെ പിക്ക് പാർലമെന്റിൽ വ്യക്തമായ ഭൂരിപക്ഷമുണ്ട്. 1996ലെ വനിത സംവരണ ബിൽ അവർക്ക് അനായാസം പാസാക്കാവുന്നതാണ്. എന്നാൽ

**Figure-2** Non-tax revenue/ gross Revenue Ratio of Central Government



**Figure-3** Health expenditure as percentage of GDP (from 2019-20 to 2023-24)




*Source: Union budget various years*

അത്തരത്തിലൊരു നീക്കവും സർക്കാർ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല.

**ജി ഡി പി വളർച്ചയിലെ സമീപകാല പ്രവണതകൾ**

സാമ്പത്തിക വളർച്ച, റവന്യു വരുമാനം, സമ്പാദ്യം, മൂലധന സമാഹരണം, താങ്ങാനാവുന്ന കടബാധ്യത എന്നിവയുമായി ബന്ധപ്പെട്ട് കിടക്കുന്നു. കുറഞ്ഞ തോതിലുള്ള നികുതി–ജി ഡി പി അനുപാതം ഇന്ത്യയുടെ വികസനത്തിന്റെ പ്രധാന തടസങ്ങളിൽ ഒന്നാണ്. ഷോം പറയുന്നത് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാന – ജി ഡി പി അനുപാതം ഏതാണ്ട് 10 ശതമാനമാണ്. ഇതിൽ ഉത്പന്ന നികുതി ആദായ നികുതിയേക്കാൾ അല്പം ഉയർന്ന് നിൽക്കുന്നു. തുടർന്ന് അദ്ദേഹം പറയുന്നു, സമ്പദ്‌വ്യവസ്ഥ കുറഞ്ഞ നികുതി വളർച്ചയുമായി പൊരുത്തപ്പെടേണ്ട നിലയിലാണ്. സ്വീഡനിൽ നികുതി – ജി ഡി പി അനുപാതം 46.75 ശതമാനമാണ്. എന്നാൽ ഇന്ത്യയിൽ അത് 18.01 ശതമാനം എന്ന കുറഞ്ഞ തോതിലാണ്.

**മൊത്തം കേന്ദ്ര നികുതികൾ**

കോർപറേറ്റ് നികുതി, ആദായ നികുതി, കസ്റ്റംസ് തീരുവ, എക്സൈസ് തീരുവ, കേന്ദ്ര ജി എസ് ടി (സി ജി എസ് ടി), സേവന നികുതി എന്നിവ ഉൾപ്പെടുന്നതാണ് മൊത്തം കേന്ദ്ര നികുതി. 2021–22 സാമ്പത്തിക വർഷം മുതൽ നികുതി – ജി ഡി പി അനുപാതത്തിൽ നേരിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞതായി കാണാം. കോർപറേറ്റ് നികുതിയിലും ആദായ നികുതിയിലും ഉണ്ടായ വർധനയാണ് ഇതിന് കാരണം. കോവിഡ് മഹാമാരിക്ക് ശേഷം ഇന്ത്യയിലെ കോർപ്പറേറ്റുകളുടെ ലാഭത്തിൽ 62 മുതൽ 75 ശതമാനം വരെ വളർച്ച രേഖപ്പെടുത്തിയതായി സി ബി ജി എ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസംഘടിത മേഖലകൾ ചുരുങ്ങുകയാണെന്നും ആ

സ്ഥാനം സംഘടിത മേഖല കയ്യടക്കുന്നുവെന്നുമാണ് ഇത് വെളിവാക്കുന്നത്. ഇ–കൊമേഴ്സ് ഉൾപ്പടെയുള്ള നൂതന രീതികളിലൂടെയാണ് സംഘടിത മേഖലകൾ ഇത് സാധ്യമാക്കിയത്. ഇതിന് പുറമെ, കോർപറേറ്റ് നികുതിയിൽ നൽകിയ ഇളവുകൾ, 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള വൻ തോതിലുള്ള മൂലധന മുടക്ക്, ലോജിസിറ്റിക്സ് ചെലവുകളിൽ കുറവ് തുടങ്ങിയ കാര്യങ്ങളും കോർപറേറ്റ് മേഖലയുടെ ലാഭം ഉയരുന്നതിന് സഹായകമായിട്ടുണ്ട്.

**നികുതിയേതര വരുമാനം**

ലോക ബാങ്കിന്റെ ആഗോള വികസന സൂചികകൾ കാണിക്കുന്നത് 2002 ൽ 166 രാജ്യങ്ങളുടെ വരുമാനത്തിന്റെ 39 ശതമാനവും വന്നിരിക്കുന്നത് നികുതിയേതര വരുമാന മാർഗ്ഗങ്ങളിലൂടെയാണ് എന്നാണ്. എന്നാൽ ഇന്ത്യയുടെ കാര്യത്തിൽ 2019–20 മുതൽ ഇത് 4 ശതമാനമോ അതിൽ താഴെയോ ആണ്.

**കേന്ദ്ര സർക്കാരിന്റെ മൊത്ത വരുമാന – നികുതിയേതര വരുമാന അനുപാതം**

രേഖാചിത്രം – നികുതിയേതര വരുമാനത്തിന്റെ വളർച്ച നികുതി വരുമാനത്തിനായുള്ള സംവിധാനം ശക്തമായിരുന്നാൽ ഇന്ത്യയിൽ നികുതിയേതര വരുമാനത്തിന്റെ സാദ്ധ്യതകൾ അനന്തമാണെന്ന് കാണാം.

അതായത് നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഇന്ത്യയിൽ പ്രായേണ കുറഞ്ഞ തോതിലാണെന്ന് വിലയിരുത്തേണ്ടതായി വരുന്നു. അതുകൊണ്ട് ബലഹീനമായ ഇത്തരമൊരു വരുമാന അടിത്തറ നിലനിർത്തിക്കൊണ്ട് ഇന്ത്യക്ക് 5 ട്രില്യൺ ഡോളർ സമ്പദ്ഘടന എന്ന നിലയിലേക്ക് വളരുക പ്രയാസമേറിയ കാര്യമാണ്.

**Figure-4** Education expenditure as percentage of GDP 2018-19 to 2023-24




*Source: Budget document, various years.*

***വായിക്കുന്നതിനുള്ള കുട്ടികളുടെ കഴിവ് 2012നു മുൻപുള്ള നിലവാരത്തിലേക്ക് താഴ്ന്നതായി 2022ലെ ഗ്രാമീണ വിദ്യാഭ്യാസ സ്റ്റാറ്റസിന്റെ വാർഷിക റിപ്പോർട്ടിൽ (എ എസ് ഇ ആർ) പറയുന്നു. മൂന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ രണ്ടാം ക്ലാസ് നിലവാരത്തിൽ വായിക്കാൻ കഴിയാവുന്ന കുട്ടികളുടെ എണ്ണം 2018ലെ 27.3 ശതമാനത്തിൽ നിന്നും 2022ൽ 20.5 ശതമാനമായി കുറഞ്ഞു. വിദ്യാഭ്യാസ സമ്പ്രദായം മുന്നോട്ട് വയ്ക്കുന്ന ഗുണമേന്മയേറിയ പഠന രീതികളുമായി കുട്ടികൾ എത്രമാത്രം പൊരുത്തപ്പെടുന്നു എന്നതിനനെ ആശ്രയിച്ചാണ് ഈ വെല്ലുവിളികൾ നേരിടാൻ കഴിയുക.***

### ചെലവിന്റെ രീതികൾ

ഒരു ബജറ്റിന്റെ സൈസ് എത്ര വലുതായിരുന്നാലും ചെലവ് ചെയ്യുന്ന രീതിയാണ് ഏറ്റവും പ്രധാനം. 2014–15 മുതൽക്കുള്ള രാജ്യത്തിൻറെ ബജറ്റുകൾ പരിശോധിക്കുകയാണെങ്കിൽ പ്രതിരോധ മേഖലയിലും അടിസ്ഥാനസൗകര്യ വികസനത്തിനുമാണ് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത്. 2023–24 ലെ ബജറ്റ് പ്രകാരം മൊത്തം ചെലവിന്റെ 15.2 ശതമാനം പ്രതിരോധ ചെലവുകളാണ്. ജി ഡി പിയുടെ 2 ശതമാനം വരുമിത്.

പ്രതിരോധ ചെലവിന്റെ കാര്യത്തിൽ ഇന്ത്യ ലോകത്ത് മൂന്നാം സ്ഥാനത്താണ്. 5.93 ലക്ഷം കോടി രൂപയാണ് ഇന്ത്യ ഈ ആവശ്യത്തിനായി ചെലവഴിക്കുന്നത്. അമേരിക്ക 61.40 ലക്ഷം കോടിയും ചൈന 22.44 ലക്ഷം കോടിയുമാണ് പ്രതിരോധ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നത്. അതുപോലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016 ൽ 2.5 ലക്ഷം കോടിയാണ് മുടക്കിയതെങ്കിൽ 2022–23ൽ 7.3 ലക്ഷം കോടിയായും 2023–24ൽ 10 ലക്ഷം കോടിയായും ഉയർന്നു. മൊത്തം ബജറ്റ് ചെലവിന്റെ 22.2 ശതമാനം വരുമിത്. ജി ഡി പിയുടെ 3.3 ശതമാനവും. വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനുള്ള ചെലവുകളാണ് ഇത്. എന്നാൽ സാമൂഹ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് നൽകിയിട്ടുള്ള പരിഗണനകൾ കൂടി ഇവിടെ വിശകലനം ചെയ്യപ്പെടേണ്ടതാണ്.

### സാമൂഹ്യ അടിസ്ഥാന സൗകര്യ വികസന ചെലവുകൾ

സമത്വപൂർണ്ണമായ വിതരണം നടക്കുമ്പോൾ വളർച്ച സർവതലസ്പർശിയായ വികസനത്തിലേക്ക് കടക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ ചെലവഴിക്കൽ മുഖേനയാണ് മുഖ്യമായും ഇത് സാധ്യമാവുക. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയുടെ കാര്യത്തിൽ ഇത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അതുകൊണ്ട് നരേന്ദ്ര മോദിയുടെ ഭരണത്തിൻ കീഴിൽ ആരോഗ്യ രംഗത്തെ മാറ്റങ്ങൾ ആദ്യം പരിശോധിക്കാം. 2017–ലെ ദേശീയ ആരോഗ്യ നയമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം. ഇന്ത്യയുടെ ആരോഗ്യ മേഖല രൂപപ്പെടുത്തുന്ന കാര്യത്തിൽ അറിവ് പകരുക, കൃത്യത നൽകുക, ശക്തിപ്പെടുത്തുക, സർക്കാരിന്റെ റോളിന് മുൻഗണകൾ നിർണ്ണയിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങളായി ദേശീയ ആരോഗ്യ നയം എടുത്തു കാട്ടുന്നത്. കേന്ദ്ര സർക്കാരിന്റെ പൊതു ആരോഗ്യ മേഖലയിലെ ചെലവുകൾ 2022ഓടെ ജി ഡി പിയുടെ 2.5 ശതമാനമായി ഉയർത്തുക, ഒപ്പം സംസ്ഥാനത്തിനത്തിന്റ ചെലവുകൾ ജി എസ് ഡി പിയുടെ 8 ശതമാനം എന്ന നിലയിലേക്കും ഉയർത്തുക. ചുവടെ ചേർത്തിരിക്കുന്ന ഗ്രാഫ് ഇക്കാര്യത്തിലുള്ള ഇന്നത്തെ സ്ഥിതി വ്യക്തമാക്കുന്നതാണ്.

***വിദ്യാഭ്യാസ അവകാശ നിയമത്തിലെ അവകാശങ്ങൾ നേടുന്നതിന് മാനവശേഷി വികസന മന്ത്രാലയം 2014ൽ കൊണ്ട് വന്ന 'വിദ്യാലയ അഭിയാൻ' നിഷ്കർഷിക്കുന്നത് എല്ലാ സ്കൂളുകളിലും ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ ഉണ്ടായിരിക്കണമെന്നാണ്. ഇതി നായുള്ള ഫണ്ടുകളുടെ അഭാവം, ശുചിമുറികളിൽ വെള്ളത്തിന്റെ ലഭ്യതക്കുറവ്, മോശമായ പരിപാലനം തുടങ്ങിയ കാര്യങ്ങൾ വലിയ വെല്ലു വിളികളാണ്.***

**ആരോഗ്യ മേഖലയിലെ ചെലവുകൾ ജി ഡി പിയുടെ ശതമാനം എന്ന നിലയിൽ (2019–20 മുതൽ 2023–24 വരെ)**

ഗ്രാഫിൽ നിന്നും വ്യക്തമാകുന്ന കാര്യം, 2022ൽ ജി ഡി പിയുടെ 2.5 ശതമാനം ചെലവഴിക്കേണ്ട സ്ഥാനത്ത് യഥാർത്ഥത്തിൽ വകയിരുത്തിയത് 0.37 ശതമാനം മാത്ര മാണെന്നാണ്. ആരോഗ്യമുള്ളതും വിദ്യാഭ്യാസം നേടിയതുമായ ഒരു ജനതക്ക് മാത്രമേ സാമ്പത്തിക വികസനത്തിൽ തങ്ങളുടെ പങ്ക് ലഭ്യമാവുകയുള്ളൂ. കാരണം, തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ഇത് നിർണ്ണായക ഘടകമാണ്.

1978ൽ എല്ലാ ജനങ്ങൾക്കും ആരോഗ്യ സംരക്ഷണം നൽകുക എന്ന മൗലികമായ തീരുമാനം ഇന്ത്യ കൈക്കൊള്ളുകയുണ്ടായി. 1983–ൽ പ്രാഥമിക ആരോഗ്യ മേഖലക്ക് ഊന്നൽ നൽകുന്ന ആദ്യത്തെ ദേശീയ ആരോഗ്യ നയം പ്രഖ്യാപിക്കപ്പെട്ടു. ആരോഗ്യ മേഖലയുടെ ചെലവുകൾ ജി ഡി പിയുടെ 2 ശതമാനമാക്കി ഉയർത്തണമെന്നും നിശ്ചയിക്കു കയുണ്ടായി. ഇതെല്ലാമുണ്ടെങ്കിലും കോവിഡ് മഹാമാരി നമ്മുടെ ആരോഗ്യ മേഖലയുടെ പരിതാപകരമായ സ്ഥിതി വ്യക്തമാക്കി തന്നു. കോവിഡിന് ഇരയായവരുടെ മൃതദേഹങ്ങൾ നദികളിൽ ഒഴുകി നടന്നത് ഇതിന് വ്യക്തമായ ഉദാഹരണമാണ്.

2022–ൽ ഷീല വിർ പറയുകയുണ്ടായി, സ്വാതന്ത്ര്യം കിട്ടി ഏഴ് ദശകങ്ങൾ പിന്നിടു മ്പോഴും ഇന്ത്യ കുട്ടികളുടെ പോഷ കാഹാരക്കുറവ് അടക്കമുള്ള നിരവധി പ്രശ്നങ്ങൾ (വളർച്ച കുറവ് – 25.5 ശതമാനം, വിളർച്ചയുള്ളവർ–67.1 ശതമാനം) നേരിടു കയാണ്. അഞ്ചു വയസിൽ താഴെയുള്ള കുട്ടികളിലെ മരണ നിരക്ക് 68.2 ശതമാന മാണ്. പോഷകാഹാരക്കുറവ് ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി വയ്ക്കുന്നതിന് പുറമെ കുട്ടികളുടെ നിലനിൽപിന് പോലും ഭീഷണി ഉയർത്തുന്നതാണ്. പഠനത്തിനുള്ള കഴിവ് കുറവിനും സ്കൂളുകളിലെ നിലവാരം കുറഞ്ഞ പ്രകടനത്തിനും ഇത് കാരണ മാകുന്നു. മാത്രവുമല്ല, പ്രായമാകുമ്പോൾ പ്രമേഹം, അമിത വണ്ണം, ഉയർന്ന രക്തസമ്മർദ്ദം തുടങ്ങിയ രോഗാവസ്ഥ കളിലേക്കും ഇത് നയിക്കുന്നു.

2019–21–ലെ അഞ്ചാമത് ദേശീയ കുടുംബാരോഗ്യ സർവേയും 2023–ലെ ഐക്യരാഷ്ട്ര സഭയുടെ റിപ്പോർട്ടും ഏറ്റവും കൂടുതൽ മാതൃമരണങ്ങൾ നടക്കുന്ന 10 രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നു. മൊത്തം മാതൃ മരണങ്ങൾ, ശിശുമരണങ്ങൾ, പ്രസവത്തിൽ കുട്ടികൾ മരിക്കുന്നത് തുടങ്ങിയവയുടെ 60 ശതമാനവും ഈ 10 രാജ്യങ്ങളിലാണ് നടക്കുന്നത്. 2021–22 ലെ ദേശീയ ഗ്രാമീണ ആരോഗ്യ സ്ഥിതിവിവര കണക്കുകൾ പ്രകാരം ഇന്ത്യയിലെ ഗ്രാമീണ മേഖലയിൽ 21,920 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ആവശ്യമാണെന്നാണ്. എന്നാൽ 4485 പേരാണ് ലഭ്യമായിട്ടുള്ളത്. അതായത് 17,435 ഡോക്ടർമാരുടെ, (79.5 ശതമാനം) കുറവുണ്ട്.

2019 ഒക്ടോബർ രണ്ടാം തീയതി പ്രധാനമന്ത്രി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ഗ്രാമങ്ങളെ വെളിയിട വിസർജ്ജന മുക്ത ഗ്രാമങ്ങളായി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ദേശീയ കുടുംബാരോഗ്യ സർവേ വ്യക്തമാക്കുന്നത് 30 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും സ്ഥിതി അങ്ങനെയല്ല എന്നാണ്. ഇന്നും ഇന്ത്യയിലെ ഗ്രാമങ്ങളിലെ 25 ശതമാനം കുടുംബങ്ങളും വെളിയിടങ്ങളിലാണ് മലമൂത്ര വിസർജനം നടത്തുന്നത് എന്നാണ് സർവേയിൽ കണ്ടെത്തിയിരിക്കുന്നത്. ബീഹാർ, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇത് 40 ശതമാനത്തിനും മുകളിലാണ്. മാത്രവുമല്ല, ടോയ്‌ലെറ്റ് സൗകര്യങ്ങൾ ലഭ്യമാകുന്നത് പോലും പണം, ജാതി തുടങ്ങിയ പല ഘടകങ്ങളെയും അടിസ്ഥാനമാക്കിയാണ് എന്നാണ്. ഇന്ത്യയിലെ ആരോഗ്യ മേഖലയുടെ സ്ഥിതി പരിതാപകരമാണ്, അതിന് സാർവത്രികമായ ചികിത്സാ ആവശ്യമാണ്. ആരോഗ്യ മേഖല മുടന്തി നീങ്ങുന്നതായാൽ വിദ്യാഭ്യാസ രംഗത്ത് പ്രതീക്ഷിക്കുന്ന ഫലം ലഭ്യമാവുകയില്ല.

### വിദ്യാഭ്യാസം – വളർച്ചയുടെയും വികസനത്തിന്റെയും ചാലകശക്തി

ഡോ. എസ്. രാധാകൃഷ്ണൻ മുതൽക്കുള്ള വിദ്യാഭ്യാസ കമ്മീഷനുകൾ ഏകസ്വരത്തിൽ പറഞ്ഞ ഒരു കാര്യം, ഈ മേഖലയിലെ ചെലവഴിക്കൽ ജി ഡി പിയുടെ 5 ശതമാനമോ അതിന് മുകളിലോ ആകണമെന്നാണ്. വികസിത, രാജ്യങ്ങളും വികസ്വര രാജ്യങ്ങളും 5 ശതമാനത്തിന് മുകളിൽ ചെലവഴിക്കുന്നു. താഴെകാണുന്ന രേഖാചിത്രം ഇതിലേക്ക് കൂടുതൽ വെളിച്ചം വീശുന്നതാണ്.

**വിദ്യാഭ്യാസ മേഖലയിലെ ചെലവഴിക്കൽ ജി ഡി പിയുടെ ശതമാനതോതിൽ – 2018–19 മുതൽ 2023–24 വരെ.**

വിദ്യാഭ്യാസ മേഖലയോട് നരേന്ദ്ര മോദി സർക്കാർ കാണിക്കുന്ന അവഗണനയുടെ ബാക്കിപത്രം രേഖാചിത്രത്തിൽ നിന്നും വ്യക്തമാണ്. എല്ലാ ഗ്രേഡുകളിൽ വരുന്ന വിദ്യാർത്ഥികളുടെ കാര്യത്തിലും പഠനത്തിൽ നിന്നുള്ള അവരുടെ നേട്ടങ്ങൾ പടി പടിയായി കുറഞ്ഞു വരുന്നതായി 2021–ലെ നാഷണൽ അച്ചീവ്മെന്റ് സർവേ വ്യക്തമാക്കുന്നു. 2022–ലെ ഗ്രാമീണ വിദ്യാഭ്യാസ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത് കുട്ടികളുടെ വായിക്കാനുള്ള കഴിവ് 2012–നു മുൻപുള്ള നിലവാരത്തിലേക്ക് താഴ്ന്നു എന്നാണ്. മൂന്നാം ക്ളാസിലേക്ക് ജയിച്ച വിദ്യാർത്ഥികളിൽ രണ്ടാം ക്ളാസിലെ പാഠഭാഗങ്ങൾ പൂർണ്ണമായും വായിക്കാൻ കഴിയുന്നവരുടെ ശതമാനം 2018–ൽ 27.3 ശതമാനമായിരുന്നത് 2022–ൽ 20.5 ശതമാനമായി താഴ്ന്നു. ഇന്ത്യയിലെ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് എത്രമാത്രം പ്രാപ്യമാണ് എന്നതിനെ ആശ്രയിച്ചാണ് ഈ വെല്ലുവിളികളെ നേരിടാൻ കഴിയുക.

2020–ലെ ദേശീയ വിദ്യാഭ്യാസ നയം (എൻ ഇ പി) ലക്ഷ്യമിടുന്നത് പ്രീ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ 2020–ഓടെ സാർവത്രികമായ വിദ്യാഭ്യാസ സൗകര്യ ലഭ്യത ഉറപ്പ് വരുത്തുക എന്നാണ്. പഠന നിലവാരം ഉയർത്തുന്നതിന് അടിസ്ഥാന പരമായ സാക്ഷരതയും കണക്ക് പരിജ്ഞാനവും (എഫ് എൽ എൻ) ഏറെ നിർണ്ണായകമായ കാര്യമാണ്. അടിസ്ഥാന പരമായ പഠനാവശ്യങ്ങൾ നിർവഹിച്ചാൽ മാത്രമേ നയത്തിന്റെ മറ്റു വശങ്ങൾക്ക് പ്രസക്തിയുള്ളൂ എന്നാണ് എൻ ഇ പി പറയുന്നത്. എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ അടിസ്ഥാന കാര്യങ്ങൾ പ്രവർത്തനക്ഷമമല്ല എന്ന് കാണാം. അതുകൊണ്ട് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നാലാമത്തേതായ ഗുണനില വാരമേറിയ വിദ്യാഭ്യാസം എന്നത് ഇനിയും തൃപ്തികരമായ നിലയിലല്ല. നിലവിൽ 63 ശതമാനം വിദ്യാർത്ഥികളും സർക്കാർ,

സർക്കാർ എയ്ഡഡ് സ് കൂളുകളിലാണ് പഠിക്കുന്നത്. എന്നാൽ കഴിഞ്ഞ രണ്ടു വർഷത്തെ കണക്കെടുത്താൽ പുതുതായി എത്തുന്ന വിദ്യാർത്ഥികളുടെ 50 ശതമാനവും സ്വകാര്യ സ്കൂളുകളിലാണ്. സർക്കാർ സ്കൂളുകളുടെ മോശം നിലവാരവും പലതും അടച്ചു പൂട്ടുന്നതുമാണ് ഇതിന് നിദാനം. ഇതിനു പുറമെ, ഏഴിൽ ഒരു സ്കൂൾ വീതം ഏക അധ്യാപകൻ മാത്രമുള്ളവയാണ് (ദി ഹിന്ദു ഡേറ്റ പോയിന്റ്).

2020 സെപ്റ്റംബർ 24–നു പാർലമെന്റിൽ സമർപ്പിച്ച സി എ ജി റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ 70 ശതമാനത്തിലധികം സർക്കാർ സ്കൂളുകളിലും ശുചിമുറികളിൽ വെള്ളം ലഭ്യമല്ല. 75 ശതമാനവും ശുചിത്വമുള്ള സാഹചര്യങ്ങളിലല്ല പ്രവർത്തിക്കുന്നത്. 2014 സെപ്റ്റംബറിൽ മാനവശേഷി വികസന മന്ത്രാലയം ആരംഭിച്ച 'സ്വച്ച് വിദ്യാലയ അഭിയാൻ' നിഷ്കർഷിച്ചിട്ടുള്ളത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ ഉണ്ടായിരിക്കണമെന്നാണ്. ഇതിനായുള്ള ഫണ്ടിന്റെ അഭാവം, മോശമായ മെയിന്റനൻസ്, വെള്ളത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയ കാര്യങ്ങളാണ് ശുചിമുറികളുമായി ബന്ധപ്പെട്ട് ഉയരുന്ന പ്രധാന വെല്ലുവിളികൾ.

### ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സ്ഥിതി

2018–ലെ ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ട്) ബിൽ ലക്ഷ്യം വയ്ക്കുന്നത് യു ജി സി എന്ന ചരിത്രപരമായ സ്ഥാപനത്തെ പൂർണ്ണമായും ഒഴിവാക്കുക എന്നതാണ്. കൃമ്പസുകളെ കുറിച്ച് വ്യത്യസ്തമായ ചിന്ത ഇത് ഉണർത്തുകയാണ്. ലോകത്തെ സർവ്വകലാശാലകളുടെ റേറ്റിങ് സംബന്ധിച്ച റിപ്പോർട്ട് പുറത്തു വന്നപ്പോൾ പ്രധാനമന്ത്രി ഉത്കണ്ഠപ്പെടുന്നത്, ലോകത്തെ 500 മുൻനിര സർവകലാശാലകളിൽ ഇന്ത്യയിൽ നിന്ന് ഒന്നു പോലുമില്ല എന്നതിലാണ്. അദ്ദേഹം മനസിലാക്കേണ്ട കാര്യം, യുവജനങ്ങൾ രാജ്യത്തിന്റെ നേട്ടമായി മാറുന്നത് ആരോഗ്യം, വിദ്യാഭ്യാസം, ഗവേഷണം, വികസനം തുടങ്ങിയ രംഗങ്ങളിൽ കൂടുതൽ മുതൽ മുടക്കുണ്ടാകുമ്പോഴാണ്. കേവലം 10 ദിവസത്തിനുള്ളിൽ ആവശ്യമായ ചർച്ചകൾക്കും നിർദേശങ്ങൾക്കും അവസരം നൽകാതെ പാസാക്കിയ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ബിൽ വിശകലനം ചെയ്യുമ്പോൾ മനസിലാകുന്ന കാര്യം സ്വതന്ത്രവും മികച്ച രീതിയിലുമുള്ള വിദ്യാഭ്യാസമല്ല അതിന്റെ ലക്ഷ്യമെന്നാണ്. ഒരു വ്യക്തിയുടെ സർവ്വതോമുഖമായ പരമാവധി വികസനമാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. അതുകൊണ്ട് അമർത്യസെൻ വ്യക്തമാക്കിയതു പോലെ വിദ്യാഭ്യാസം ഇത്തരം സ്വതന്ത്രമായ വികസനത്തിന് വഴി തുറക്കുന്നതാകണം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇവ

1) രാഷ്ട്രീയമായ സ്വാതന്ത്ര്യം,

2) സാമ്പത്തികമായ സൗകര്യങ്ങൾ,

3) സാമൂഹ്യമായ അവസരങ്ങൾ,

4) ഉറപ്പുകളിലെ സുതാര്യത,

5) സംരക്ഷിതമായ സുരക്ഷ എന്നിവയാണ്. ഈ സ്വാതന്ത്ര്യങ്ങൾ പരസ്പര സഹവർത്തിത്വത്തോടെ പ്രവർത്തിക്കുന്നവയാണ്. നൊബേൽ പുരസ്കാര ജേതാവ് അഭിജിത് ബാനർജി ചൂണ്ടിക്കാട്ടുന്നത് വിദ്യാഭ്യാസ അവകാശ നിയമം സ്കൂളുകളിലെ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ കേന്ദ്രീകരിക്കുന്നതാകണം. ഇപ്പോൾ അത് വല്ലാതെ ഇടിഞ്ഞു പോയിരിക്കുന്നു. സർക്കാർ മേഖലയിലായാലും സ്വകാര്യ മേഖലയിലായാലും പഠനത്തിനായിരിക്കണം പ്രഥമ പരിഗണന വേണ്ടത്. പിന്നോക്കം പോകുന്നവരെ പ്രത്യേക ബോധന വഴികളിലൂടെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നത് വളരെ

പ്രധാനമാണ്. ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ ഒരു അതിവേഗ വിപ്ലവം ഇനിയും ആവശ്യമാണ്.

**സുസ്ഥിരവികസന ലക്ഷ്യങ്ങളും ഇന്ത്യയും**

പാരിസ്ഥിതികമായ പ്രതിസന്ധികൾ ആഗോള സാമ്പത്തിക മേഖലയ്ക്ക് ഭീഷണിയാണെന്ന് 2021ലെ ലോക സാമ്പത്തിക ഫോറത്തിന്റെ ആഗോള റിസ്ക് റിപ്പോർട്ടിൽ പറയുന്നു. 5 പ്രധാന വെല്ലുവിളികളാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നത്,

എ) കാലാവസ്ഥ സംബന്ധമായ നടപടികളുടെ പരാജയം,

ബി) കടുപ്പമേറിയ കാലാവസ്ഥ,

സി) മനുഷ്യന്റെ ആവാസ വ്യവസ്ഥക്ക് ഉണ്ടാകുന്ന ആഘാതം,

ഡി) പകർച്ച വ്യാധികൾ,

ഇ)ജൈവ വൈവിധ്യങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം.

രവി ചെല്ലം ചൂണ്ടിക്കാട്ടുന്നത് ഭാവിയിൽ ഇന്ത്യ ഇത്തരം പകർച്ചവ്യാധികളുടെ ഒരു പ്രധാന കേന്ദ്രമായി മാറുമെന്നാണ്. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വളരെ പൂരിതമായ ഒരു കൊടുക്കൽവാങ്ങലിന്റെ ഫലമായാണ് ഇത് സംഭവിക്കുന്നതെന്നും അദ്ദേഹം പറയുന്നു.

വികസനത്തിന്റെ പേരിൽ പരിസ്ഥിതിയെ നശിപ്പിക്കുന്നതിനെ ന്യായീകരിക്കാൻ കഴിയില്ല. ഖനനം, തുറമുഖം പോലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം എന്നിവ മൂലം സ്വാഭാവികമായ വാസയിടങ്ങൾക്ക് വൻനാശം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. കേരളമെടുത്താൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിത ശേഷിയുടെ 30 ശതമാനം മാത്രം പ്രവർത്തിക്കുമ്പോൾ കേവലം 180 നോട്ടിക്കൽ മൈൽ അകലെയായായി വിഴിഞ്ഞത്ത് മറ്റൊരു തുറമുഖം ഉയരുകയാണ്. ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് നയം 10 കിലോമീറ്റർ വീതിയിൽ കരഭാഗവും 10 കിലോമീറ്റർ കടൽ ഭാഗവും നല്ല നിലയിൽ സംരക്ഷിക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗരൂകരായിരിക്കണമെന്ന് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് (2006) പറയുന്നു. തുറമുഖം, ക്വാറി, അണക്കെട്ട് എന്ന ത്രയം ഇന്ത്യയിലെ പാരിസ്ഥിതിക രംഗത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. അടുത്ത തലമുറകൾക്കാണ് ഇത് ഗുരുതരമായ ആഘാതമായി മാറുക. ബജറ്റുകളിലെ ഇരുട്ടു കൊണ്ട് ഓട്ടയടക്കുന്ന വിധത്തിലുള്ള സമീപനങ്ങൾ രാജ്യത്തെ നാശത്തിൽ നിന്നും രക്ഷിക്കുകയില്ലെന്ന് ഓർക്കേണ്ടതുണ്ട്.

**പെരുകുന്ന അസമത്വം**

സാമ്പത്തികമായ നയപരമായ തീരുമാനങ്ങൾ രാഷ്ട്രീയമായ നേട്ടങ്ങൾക്ക് വേണ്ടിയാകുമ്പോൾ അത് സമ്പന്നരുടെയും കോർപറേറ്റുകളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതായി മാറുന്നു. തിരഞ്ഞെടുപ്പ് ബോണ്ടുകൾ ഇതിന് ക്ളാസിക് ഉദാഹരണങ്ങളാണ്. യൂറോപ്പിലും അമേരിക്കയിലും ഉള്ളതു പോലെ പ്രോഗ്രസീവ് നികുതി രീതിയല്ല ഇന്ത്യയിലുള്ളത്. 'ക്യാപിറ്റൽ ഇൻ ദി ട.ൻറിഫസ്റ്റ് സെഞ്ചുറി'എന്ന പുസ്തകത്തിൽ തോമസ് പിക്കെറ്റി നിരീക്ഷിക്കുന്നത്, ഇന്ത്യയുടെ അസമത്വ വെല്ലുവിളികൾ നേരിടുന്നതിന് നിലവിലെ നികുതി – ജി ഡി പി അനുപാതം മതിയായതല്ല എന്നാണ്. 30 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിലാണ് അമേരിക്കയിലും പശ്ചിമ യൂറോപ്പിലും. നികുതി – ജി ഡി പി അനുപാതം കുറവാണെന്നത് മാത്രമല്ല, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ചെലവഴിക്കലും ഇന്ത്യയിൽ പരിമിതമാണെന്ന് കാണാം.

പൊതു ആരോഗ്യ മേഖലക്കു വേണ്ടി ഇന്ത്യ ചെലവഴിക്കുന്നത് ജി ഡി പിയുടെ ഒരു ശതമാനത്തിൽ താഴെയാണെന്ന് പിക്കറ്റി ചൂണ്ടിക്കാട്ടുന്നത്. ചൈനയാകട്ടെ ഏകദേശം

| **Table -1** Global comparison of a few development indicators: | | |
|---|---|---|
| GDP of selected countries in Trillion $ (2023) | | |
| Country | GDP in Trillion | Rank |
| United States of America | 26.85 | 1 |
| China | 19.4 | 2 |
| Japan | 4.41 | 3 |
| Germany | 4.31 | 4 |
| India | 3.74 | 5 |
| Great Britain | 3.16 | 6 |

*Source : IMF*

| **Table -2** UNDP - Human Development Index (selected countries) | | |
|---|---|---|
| HDI Rank | Country | HDI Value |
| 9 | Germany | 0.942 |
| 18 | United Kingdom | 0.929 |
| 19 | Japan | 0.925 |
| 21 | United States | 0.921 |
| 79 | China | 0.768 |
| 132 | India | 0.633 |

*Source UNDP (Period 2021-22)*

| **Table -3** World Happiness Index - 2023 (Of 146 countries) | |
|---|---|
| Rank | Name of the Country |
| 19 | U.S |
| 82 | China |
| 55 | Japan |
| 13 | Germany |
| 136 | India |
| 17 | U.K |

*Source: United Nations sustainable development solutions Net work.*

| **Table -4** Global Hunger Index (2022) of 120 countries | |
|---|---|
| Name of the Country | Hunger Index |
| China | 1-17 |
| India | 107 |

*Source : IFPI*

3 ശതമാനമാണ് ചെലവഴിക്കുന്നത്. അതി സമ്പന്നരിൽ നിന്നും നികുതി പിരിക്കുന്ന കാര്യത്തിൽ ചൈന ഇന്ത്യയേക്കാൾ ഏറെ മുന്നിലാണ്. ഇന്ത്യയിൽ സാമ്പത്തികമായി ഉയർന്ന ശ്രേണിയിലുള്ള 10 ശതമാനം പേർ വരുമാനത്തിന്റെ 50 മുതൽ 60 ശതമാനം നേടുന്നവരാണ്. 2023 ജനുവരിയിൽ ഓക്സ് ഫാം ഇന്റർനാഷണൽ റിപ്പോർട്ടിൽ പറയുന്നത് കേവലം ഒരു ശതമാനം വരുന്ന അതിസമ്പന്നൻ 40 ശതമാനം സ്വത്തും കയ്യാളുന്നു എന്നാണ്. അതിസമ്പന്നരായ 10 ശതമാനം പേർ സമ്പത്തിന്റെ 63 ശതമാനം കയ്യാളുമ്പോൾ മൊത്തം ജി എസ് ടി വരുമാനത്തിന്റെ 64 ശതമാനവും നൽകുന്നത് താഴെക്കിടയിലുള്ള 50 ശതമാനം പേരാണ്. ഏറ്റവും സമ്പന്നരായ 10 ശതമാനം ജി എസ് ടിയിൽ നൽകുന്ന സംഭാവന കേവലം 4 ശതമാനം മാത്രമാണ്.

**എല്ലാവരെയും ഉൾക്കൊള്ളുന്ന ഇന്ത്യ**

2022–ൽ സാമൂഹ്യ നീതി മന്ത്രാലയം പാർലമെന്റിനെ അറിയിച്ചത് ഇന്ത്യയിൽ 58,000 പേർ തോട്ടിപ്പണി ചെയ്യുന്നുണ്ടെന്നാണ്. 2017 മുതൽ 2022 വരെയുള്ള ഘട്ടത്തിൽ ഇവരിൽ 347 പേർ ജോലിക്കിടയിലെ അപകടങ്ങളിൽ മരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തൊഴിലാളി കളിൽ 42,594 പേർ അതായത് 73.44 ശതമാനം ദളിത് വിഭാഗങ്ങളിൽ പെടുന്നവരാണ്. എല്ലാവരെയും ചേർത്ത് പിടിച്ചുള്ള വികസനം എന്ന് അവകാശപ്പെടുമ്പോഴും ഇന്ത്യയിലെ സ്ഥിതി ഇതാണ്.

ഇന്ത്യയുടെയും അമേരിക്കയുടെയും ജി ഡി പി താരതമ്യം ചെയ്യുമ്പോൾ മനസിലാക്കാൻ കഴിയുന്നത് അമേരിക്കയുടെ 13.93 ശതമാനം മാത്രമാണ് ഇന്ത്യയുടെ ജി ഡി പി എന്നാണ്. ഈ രാജ്യങ്ങളിലെ ജനസംഖ്യയും പ്രതി ശീർഷ വരുമാനവും കണക്കിലെടുക്കു മ്പോഴാണ് ഇരു സമ്പദ്ഘടനകളും തമ്മിലുള്ള അജഗജാന്തര വ്യത്യാസം മനസിലാക്കാൻ കഴിയുക.

ഇനി നോക്കാനുള്ളത് യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യു എൻ ഡി പി) തയാറാക്കിയ മാനവ വികസന സൂചിക കളിലെ ഇന്ത്യയുടെ നിലയാണ്. ജീവിത നിലവാരം, ലിംഗഭേദം, സ്ത്രീ ശാക്തീകരണം, പരിസ്ഥിതി, സാമൂഹ്യ, സാമ്പത്തിക നേട്ടങ്ങൾ, ആയുർദൈർഘ്യം തുടങ്ങിയ ഘടകങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടവ.

191 രാജ്യങ്ങളിലെ എച്ച് ഡി ഐ പരിഗണിക്കുമ്പോൾ ഇന്ത്യയുടെ സ്ഥാനം 132 ആണ്. ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് വരുന്ന ചൈനയുടെ സ്ഥാനം 79 ആണ്. ഇന്ത്യയുടെ എച്ച് ഡി ഐ മൂല്യം മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഏറെ താഴെയാണ്. 0.633 ആണ് ഇന്ത്യയുടെ മൂല്യം. 0.962 മൂല്യവുമായി സ്വിട്സർലാൻഡാണ് ഇക്കാര്യ ത്തിൽ ഒന്നാം സ്ഥാനത്ത് (പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല).

146 രാജ്യങ്ങളെ ഉൾപ്പെടുത്തി യു, എൻ സസ്റ്റൈനബിൾ ഡെവലപ്മെന്റ് സൊല്യൂ ഷൻസ് നെറ്റ്‌വർക്ക് 2023–ലെ ഹാപ്പിനസ് സൂചിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ മായ പിന്തുണ, വരുമാനം, ആരോഗ്യം, സ്വാതന്ത്ര്യം, ഉദാരത, അഴിമതി നിർമാർജനം എന്നിവയുടെ അടിസ്ഥാന ത്തിലാണ് ഇത് തയാറാക്കിയിട്ടുള്ളത്.

അമേരിക്ക ആസ്ഥാനമായുള്ള അന്താരാഷ്ട്ര ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ആഗോള വിശപ്പ് സൂചിക (ഗ്ലോബൽ ഹാങ്കർ ഇൻഡക്സ്) പ്രസിദ്ധപ്പെടുത്തുന്നത്. 120 രാജ്യങ്ങളിൽ പട്ടിണി പ്രകടമാണ് എന്നാണ് ഇതിൽ നിന്നും വെളിവാകുന്നത്.

ഒന്ന് മുതൽ 17 വരെയുള്ള സ്ഥാനങ്ങൾ ഏറ്റവും കുറഞ്ഞ തോതിലുള്ള പട്ടിണിയെ സൂചിപ്പിക്കുന്നു. ചൈന ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. അമേരിക്ക, ജപ്പാൻ, ജർമനി, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിൽ പട്ടിണി ഇല്ലാത്തതിനാൽ പട്ടികയിൽ ഉൾപ്പെടുത്തി യിട്ടില്ല. എന്നാൽ 120 രാജ്യങ്ങളുടെ കൂട്ടത്തിൽ

നൂറ്റിയേഴാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ സ്ഥിതി ഏറെ ദയനീയമാണ്. 2020ലെ രംഗരാജൻ റിപ്പോർട്ടിൽ പറയുന്നത് മൊത്തം ജനസംഖ്യയുടെ 22 ശതമാനം പട്ടിണിയിലാണ് എന്നാണ്. തോമസ് പിക്കറ്റിയും ഓക്സ്ഫോർഡ് ഇന്റർനാഷണൽ പ്യു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും കണ്ടെത്തിയിരിക്കുന്നത് 2010–നും 2022–നുമിടയിൽ ഇന്ത്യയിൽ അസമത്വം വല്ലാതെ ഉയർന്നിരിക്കുന്നു എന്നാണ്. പിക്കറ്റി അദ്ദേഹത്തിന്റെ പഠനത്തിൽ പറയുന്നത് മനുഷ്യ സമൂഹങ്ങൾ പൊതുവിൽ

വരുമാനം, സ്വത്ത് എന്നിവയുടെ നീതിപൂർവകമായ വിതരണം, സാമൂഹ്യവും ലിംഗപരവുമായ സമത്വം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, പൗരാവകാശങ്ങൾ എന്നിവയുടെ കാര്യത്തിൽ നേട്ടത്തിലേക്ക് നീങ്ങുന്നു എന്നാണ്. എന്നാൽ കൂടുതൽ കൃത്യതയോടെ പരിശോധിച്ചാൽ കണ്ടെത്താൻ കഴിയാവുന്ന കാര്യം ഇന്ത്യ ഇതിലൊന്നിലും കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടില്ല എന്നാണ്.

വിദേശ നിക്ഷേപം ഉയർത്തുന്ന കാര്യത്തിൽ ഇന്ത്യ ഭ്രാന്തമായ ചിന്തയിലാണ്. ഇ – കൊമേഴ്സ് മേഖല വഴി എത്തുന്ന നിക്ഷേപങ്ങളെ ആ നിലയ്ക്ക് വേണം വിലയിരുത്താൻ. അത്തരം കമ്പനികൾ 30 ശതമാനം സാധനങ്ങളെങ്കിലും ഇവിടെ നിന്ന് സമാഹരിക്കണം. ബാക്കി ഇതര രാജ്യങ്ങളിൽ നിന്ന് കൊണ്ടുവരുന്നതാകാം. ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ കമ്പനികളുടെ വിപണി വിഹിതം ഉയരുമ്പോൾ പ്രതിസന്ധിയിലാകുന്നത് തദ്ദേശീയമായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളാണ്. അത് തൊഴിൽ നഷ്ടത്തിന് വഴി വയ്ക്കുന്നു. തൊഴിൽരഹിതമായ വികസനം എന്നാണ് ഇതിനെ വിവക്ഷിക്കുന്നത്. ഇതര രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും ഇന്ത്യ ഊന്നൽ നൽകുമ്പോൾ ക്ലൈവ് ജോർജിന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഓരോ രാജ്യവും ഓരോ ഗ്രൂപ്പും അവരവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് മാത്രമാണ് ഇത്തരം ചർച്ചകളിൽ ഊന്നൽ നൽകുന്നത് എന്നാണ് അദ്ദേഹം പറഞ്ഞു വയ്ക്കുന്നത്. തങ്ങൾക്ക് പരമാവധി നേട്ടമുണ്ടാക്കുന്നതിനും എതിർ കക്ഷികൾക്ക് ഏറ്റവും കുറവ് നേട്ടം നൽകാനുമാണ് ചർച്ചകളുടെ ഊന്നൽ.

5 ട്രില്യൺ ജി ഡി പി എന്ന ലക്ഷ്യത്തിലേക്ക് നാം നീങ്ങുമ്പോൾ നിക്ഷേപ – ജി ഡി പി അനുപാതം ഉയർത്തേണ്ടത് ആവശ്യമാണ്. അതിന് ഗ്രോസ് ഫിക്സഡ് ക്യാപിറ്റൽ ഫോർമേഷൻ നിലവിൽ ജി ഡി പിയുടെ 28 ശതമാനം ആയിരിക്കുന്നത് 33 ശതമാനമെങ്കിലും ആയി ഉയർത്തേണ്ടതുണ്ട്. പൊതുനിക്ഷേപം ഉയർത്തുന്നത് സ്വകാര്യ നിക്ഷേപം കടന്നു വരുന്നതിന് സഹായകമാണ്. ഇത് സുസ്ഥിരമായ സാമ്പത്തിക വികസനത്തിലേക്ക് വഴി തുറക്കുന്നതാണ്. 2020ലെ കണക്കുകൾ അനുസരിച്ച് പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ 197 രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയുടെ സ്ഥാനം 142 ആണ്. നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ വഴിയായി മൊത്തം വരുമാനം ഉയർത്തുന്നതിന് കാര്യമായ ശ്രമങ്ങൾ ഉണ്ടാകണം. വേണ്ടത്ര മുന്നൊരുക്കം കൂടാതെ ജി എസ് ടി നടപ്പാക്കിയത് വരുമാനം ഉയർത്തുന്ന കാര്യത്തിൽ പല തടസങ്ങളും സൃഷ്ടിച്ചതായി 2017–ൽ ഷോം അഭിപ്രായപ്പെടുകയുണ്ടായി. അതുകൊണ്ട് ജി എസ് ടി യുടെ നിലവിലെ പതിപ്പിൽ കാര്യമായ മാറ്റം അനിവാര്യമാണ്. പാർലമെന്ററികാര്യ സമിതിയുടെ ശുപാർശകൾ പ്രകാരം ജി എസ് ടി സമ്പ്രദായം പുനഃപരിശോധിക്കേണ്ടത് ആവശ്യമാണ്. അതുപോലെ നികുതിയേതര വരുമാന സാദ്ധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്താൻ കഴിയണം. ഇക്കാര്യത്തിലെ സാധ്യതയുടെ 15 ശതമാനം മാത്രമാണ്

ഇപ്പോൾ പ്രയോജനപ്പെടുത്തുന്നത്.

സ്വാമിനാഥൻ കമ്മീഷൻ ഇപ്രകാരം ശുപാർശ നൽകുന്നു – സാമ്പത്തിക മാനദണ്ഡങ്ങൾ മാത്രമുള്ള ഒരു വളർച്ച മോഡലിൽ നിന്നും പരിസ്ഥിതി, സമത്വം, തൊഴിൽ എന്നിവയെ കൂടി അടിസ്ഥാനമാക്കിയുള്ള ഒരു വികസന മോഡൽ നമുക്ക് ആവശ്യമാണ്. 27 സുപ്രധാന മാൻഡേറ്റുകളുമായി ഒത്തു പോകുന്നവയാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ. നൂറിലധികം പേറ്റന്റുകൾ കരസ്ഥമാക്കിയിട്ടുള്ള ഇന്ത്യൻ വംശജനായ അമേരിക്കൻ വിദഗ്ദൻ സാം പിട്രോഡ ഈ ആശയങ്ങൾ പങ്ക് വയ്ക്കുന്നുണ്ട്. ഇന്ത്യയെ മാത്രമല്ല ഭൂഗോളത്തെ തന്നെ പുനർ നിർവചിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹം പറയുന്നു, ഭൂഗോളവും അതിലെ മനുഷ്യരുമാണ് വളർച്ചയുടെ കേന്ദ്ര ബിന്ദു. സുസ്ഥിര വികസനം, എല്ലാവരെയും ഉൾപ്പെടുത്താൽ, സമത്വം, നീതി എന്നിവയാകണം അതിന്റെ അടിസ്ഥാനം. അങ്ങനെയായാൽ എല്ലാവർക്കും സമാധാന ത്തിന്റെയും സമൃദ്ധിയുടെയും സൽഫലങ്ങൾ നുകരാൻ കഴിയുമെന്നാണ് എന്നാണ് അദ്ദേഹം പറയുന്നത്. ഇത് ഒരിക്കലും ആശയതലത്തിൽ മാത്രം രൂപം കൊള്ളുന്ന ഒന്നല്ല, മറിച്ച് മനുഷ്യത്വം അടിസ്ഥാന മാക്കിയുള്ള ഒന്നാണ്. ചുരുക്കത്തിൽ ജി ഡി പി വളരുമ്പോൾ ആ വളർച്ച സമത്വധിഷ്ഠിത മായ ഒന്നായിരിക്കണം. വളർച്ച എല്ലാ വരിലേക്കും എത്തുന്നിടത്താണ് വികസനം. അത്തരത്തിലല്ലാതുള്ള വളർച്ച അർത്ഥ വത്തായ ഒന്നായിരിക്കില്ല. അത് അന്തിമമായി തകർച്ചയിലേക്ക് നയിക്കുകയും ചെയ്യും.

■

(പബ്ലിക് എക്സ്പെൻഡിച്ചർ കമ്മറ്റിയുടെ മുൻ ചെയർപേഴ്സണാണ് ലേഖിക)

## References

1) Gupta Aashi, Kulkarni S Vani & Gaiha Raghava (2022). The selfishness and graft of the rich, The Hindu, 1/7/022

2) Banerjee Abhijit, Gita Gopinath Gita, Rajan Raghuram, S Mihir, Sharma (2019). What the Economy Needs Now, Juggernaut Books, p.10

3) Bilgrami Akeel and Pollock Sheldom (2023). What Indians should be saying to the U.S. on June 21, The Hindu, 19/06/23

4) Sen Amartya (2000). Development as Freedom, OUP, P.38.

5) Mungekar Bala Chandra (2017). The Essential Ambedkar, Rupa publications, cover page

6) Ibid p.289-299

7) Jalan Bimal (2018). India ahead 2025 and beyond, Saurabh Printers Pvt. Ltd; Noida, P.140.

8) Jalan Bimal ; Ibid; P.137

9) C. Ranga Rajan (2022). Charting the Economic Journey Ahead, The Hindu; 21/11/022

10) George Clive (2010). The Truth about Trade: The Real Impact of Liberalization, Zed Books; London, New York, P.148.

11) Swaminadhan M S ,(The Chairman National Commission of Farmers) (2006). Jai kisan: Revised National Policy for Farmers Vth And Final Report, P.12.

12) Gandhi Mahatma (1962). Village Swaraj, compiled by H.M. Vyas, Nava Jeevan Trust P.250.

13) National Achievement survey (2021). National Report card, https: nas.gov.in/report-card/ ASER Report, 2022: http:Himg.asercentre. Org/doer/ASER% 202222% 20 report % 20 pdfs/allindiaser202217012023 final pdf

14) OXFAM international (2023). Survival of the Richest: The Indian supplement,

15) Shome Partha Sarathy (2017). Development and Taxation;60 critical Commentaries, Academic Foundation; New Delhi, P.109-110

16) Shome Partha Sarathy (2017). OP cited, P-167.

17) Bagchi Amaresh ; (ed) M Govinda Rao & Mihir Rakshit (2011). Public Economics Theory and policy Essay, in honor of SAGE, India, P.260.

18) R. Ramakumar (2023). Short History of a large note, The Hindu, 31/5/'023

19) Rajan G Raghuram (2020). The Third Pillar, How Markets and the State Leave the Community Behind, Harper Collins Publishers, India, P-xix

20) Challam Ravi (2021). Towards sustainable growth, The Hindu; 4/2/021

21) Swaminathan M S (1994). Reaching the Unreached Eco-technology and Rural Development A Dialogue,(ed) India Ltd, MacMillan, Right cover page.

22) Pitroda Sam (2021). Redesign the World A Global call to Action, Penguin, Random House, India, (P. Inside cover page).

23) Vir.Sheila (2022). India Needs to Scale up Direct Nutrition Interventions, The Hindu; 5/7/;022

24) Gandhi Sonia (2023). An Enforced Silence cannot solve India's Problems, The Hindu,11/4/023

25) Piketty Thomas (2022). Brief History of Equality; Balknap, Harward,(P. Inside cover page).

26) Piketty Thomas (2016). Rich must open Their Wallets more to remove inequalities, The Hindu; Exclusive Interview, 22/1/2016

# ഇന്ത്യൻ സമ്പദ്ഘടനയുടെ തിരിച്ചുവരവിന്റെ കണക്കുകളും ചില പൊരുത്തക്കേടുകളും

ഡി നാരായണ

ഭക്ഷ്യ, ഊർജ മേഖലകളിലെ പണപ്പെരുപ്പത്തിൽ ആശ്വാസമുണ്ടായിട്ടുണ്ടെങ്കിലും, 2023, 2024 എന്നീ വർഷങ്ങളിൽ ആഗോള സാമ്പത്തിക വളർച്ചയിൽ അത്ര മികച്ച നിലയല്ല കാണുന്നത്. ഡിജിറ്റലൈസേഷൻ, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ പുതിയ അവസരങ്ങൾ തുറന്നെടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സ്വകാര്യ മുതൽമുടക്ക് ഇപ്പോഴും മരവിപ്പ് നേരിടുകയാണ്. ഇത്തരത്തിൽ അനിശ്ചിതത്വം നിഴൽ പരത്തുന്ന ഒരു ആഗോള സാഹചര്യത്തിലും ഇന്ത്യയിലെ ഔദ്യോഗിക കേന്ദ്രങ്ങൾ പറയുന്നത്, 'സ്ഥിരതയാർന്ന ഒരു വളർച്ച പാതയിൽ ഇന്ത്യയ്ക്ക് മാക്രോ ഇക്കണോമിക് രംഗത്തും ധനകാര്യ മേഖലയിലും സ്ഥിരത നേടിയെടുക്കാൻ കഴിഞ്ഞുവെന്നാണ്' (റിസർവ് ബാങ്ക് ഓഫ് ഇന്ത്യ–പി പി 1–2). ഇത് കൃത്യമായ മാക്രോ ഇക്കണോമിക് നയങ്ങളുടെയും സാമ്പത്തിക മേഖലയുടെ ഉത്തേജനത്തിന്റെയും ഫലമാണെന്ന തരത്തിൽ അവർ സ്വയം മേനി നടിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഈയിടെ നടത്തിയ ഒരു പ്രസംഗം നോക്കാം – 'നടപ്പ് സാമ്പത്തിക വർഷത്തിൽ 6.5 ശതമാനം വളർച്ച കൈവരിക്കാനാകുമെന്ന കാര്യത്തിൽ ധനകാര്യ വകുപ്പും റിസർവ് ബാങ്കും ഒരേ അഭിപ്രായക്കാരാണ്. പുറമെ നിന്നുള്ള റിസ്ക് നേരിടുന്നതിന് തക്കവണ്ണം നമ്മുടെ സാമ്പത്തിക വളർച്ച സുശക്തമാണ്. ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വില കുറഞ്ഞു നിൽക്കുന്നതും ആഭ്യന്തര സമ്പദ്വ്യവസ്ഥ സുസ്ഥിര നില കൈവരിച്ചിരിക്കുന്നതും നമുക്ക് നേട്ടമാണ്' (ദി ഹിന്ദു 11 ജൂൺ 2023). 2022-23ലെ ജി ഡിപി വിവരങ്ങൾ പുറത്തു വന്നതിന്റെ പശ്ചാത്തലത്തിൽ ഈ അവകാശ വാദങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നത് അഭികാമ്യമായിരിക്കും.

സാമ്പത്തിക മേഖലയുടെ തിരിച്ചുവരവിനെ കുറിച്ചുള്ള അവകാശവാദങ്ങൾ പരിശോധിക്കുന്നതിന് ലളിതമായ ഒരു മാർഗ്ഗമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. 2016–17 സാമ്പത്തിക വർഷം മുതൽ നിരവധി സാമ്പത്തിക മേഖലകളുടെ വളർച്ച താഴോട്ടായിരുന്നു. അത് കോവിഡ് മാത്രം കൊണ്ട് സംഭവിച്ച ഒരു

***ഇന്ത്യൻ സമ്പദ്ഘടനയുടെ ഇടിവ് 2016 മുതൽ ആരംഭിച്ചതാണ്. കോവിഡിനെ തുടർന്ന് ഉണ്ടായ ഒരു പ്രതിഭാസമല്ല അത്. അടുത്തകാലത്ത് സംഭവിച്ച തിരിച്ചുവരവ് 2016 വരെയുണ്ടായിരുന്ന വളർച്ചക്ക് താഴെയാണ്. മാനുഫാക്റ്ററിങ് മേഖലയെയാണ് അത് ഏറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത്.***

പ്രതിഭാസമല്ല. അത്തരത്തിൽ ഒരു തിരിച്ചു വരവ് പ്രകടമാണെങ്കിൽ 2011–12 മുതൽ 2022–23 വരെയുള്ള വളർച്ചാ നിരക്ക് 2011–12 മുതൽ 2016–17 വരെ കൈവരിച്ച ഉയർന്ന വളർച്ചക്ക് തുല്യമോ അതിൽ കൂടുതലോ ആയിരിക്കണം. സ്ഥിരമായ വിലയെ അടിസ്ഥാനമാക്കി വൈദ്യുതി, ഗ്യാസ്, ജലവിതരണം, നിർമ്മാണ മേഖല എന്നിവയെ ആധാരമാക്കി ഇന്ത്യയിലെ മാനുഫാക്റ്ററിങ് മേഖല കൈവരിച്ച മൂല്യവർധനയുടെ അടിസ്ഥാനത്തിൽ ഇതിനെ വിലയിരുത്താവുന്നതാണ്. 2016–17 ന് ശേഷം വളർച്ച താഴോട്ട് പോയിട്ടില്ലെങ്കിൽ രേഖാചിത്രം ഒന്നിൽ കാണിച്ചരിക്കുന്നത് പോലെ ചുവപ്പ് രേഖയായിലായിരിക്കും മാനുഫാക്ചറിങ് രംഗത്തിന്റെ നീക്കം. എന്നാൽ വളർച്ചയിലെ ഇടിവ്, കോവിഡിന്റെ പ്രത്യാഘാതം, കോവിഡിന് ശേഷമുള്ള കുറഞ്ഞ വളർച്ചാ തോത് തുടങ്ങിയ കാരണങ്ങൾ മൂലം യഥാർത്ഥ രേഖ ചുവപ്പ് ലൈനിന് താഴെയാണ്. ഇത് കാണിക്കുന്നത് മാനുഫാക്റ്ററിങ് മേഖലക്ക് തിരിച്ചുവരവിനായി ഇനിയും ഒട്ടേറെ സഞ്ചരിക്കാനുണ്ട് എന്നാണ്. ഈ രേഖകളുടെ നിമ്നോന്നതങ്ങൾ പരിഗണിക്കുമ്പോൾ ചില വർഷങ്ങളിൽ വളർച്ച ഉണ്ടായിട്ടുണ്ട് എന്ന് കാണാം. എന്നാൽ 2011–12 മുതൽ 2016–17 വരെയുള്ള കാലയളവിൽ 8.02 ശതമാന മായിരുന്ന വളർച്ച നിരക്ക് 2011–12 മുതൽ 2022–23 വരെയുള്ള ഘട്ടമെടുക്കുമ്പോൾ 6.02 ശതമാനമായി കുറഞ്ഞിരിക്കുന്നതായി കാണാം (പട്ടിക 1). ചുരുക്കം വർഷങ്ങളിൽ മാത്രമാണ് ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലെന്ന പോലെ വളർച്ചാ നിരക്ക് 8 ശതമാനത്തിന് മുകളിൽ നിലകൊണ്ടത്. ഒന്നാം പട്ടികയിൽ നൽകിയിരിക്കുന്ന

**Figure 1.** Manufacturing Value Added (Rs crore)




*Source: MOSPI, Second Advance Estimates of National Income and Expenditure Components of GDP, 2022-23 (at 2011-12 prices); Provisional Estimates, 2022-23.*

**Figure 2.** Electricity, Gas, Water Supply and Other Utilities Value Added (Rs crore)




*Source: Same as Figure 1.*

**Figure 3.** Construction (Rs crore)




*Source: Same as Figure 1.*

**Figure 4.** Mining and Quarrying (Rs crore)




**Figure 5.** Trade, Hotels and Transport etc



**Figure 6.** Financial Services, Real Estate and Professional Services (Rs crore)




**Figure 7.** Public Administration, Defence and Other Services (Rs crore)



കണക്കുകളിൽ നിന്ന് ഇത് വ്യക്തമാകുന്നുണ്ട്.

വൈദ്യുതി, ഗ്യാസ്, ജലവിതരണം, ഇതര ഉത്പന്നങ്ങൾ, നിർമ്മാണ മേഖല (രേഖാ ചിത്രം 2,3) എന്നിവയുടെ വളർച്ചാപാതയെ മാനുഫാക്ചറിങ് മേഖലയുടേതുമായി താരതമ്യം ചെയ്യാം (രേഖാചിത്രം 1). 202021ലെ കോവിഡ് ഘട്ടത്തിൽ ഈ രണ്ടു മേഖലകളുടെ വളർച്ചാ നിരക്കിൽ ഉണ്ടായിട്ടുള്ള ഇടിവ് മൻഫാക്ചറിങ് മേഖലയുടേതിനേക്കാൾ കൂടുതലായിരുന്നു. ഈ ഒരു പ്രതികൂല സാഹചര്യത്തിലും ഈ മേഖലകളുടെ ദീർഘകാലടിസ്ഥാനത്തിലുള്ള വളർച്ച 2016–17 വരെയുള്ള വളർച്ചയെ മറി കടന്നിരുന്നുവെന്ന് കാണാം. യൂട്ടിലിറ്റി മേഖലയും നിർമ്മാണ മേഖലയും പൂർണ്ണമായും തിരിച്ചു വന്നുവെങ്കിലും മാനുഫാക്റ്ററിങ് രംഗത്ത് അത് സംഭവിച്ചിട്ടില്ല. വൈദ്യുതി, ഗ്യാസ് തുടങ്ങിയ മേഖലകളിൽ 5.91 ശതമാനം ദീർഘകാല വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് 2016–17 വരെയുള്ള ഘട്ടത്തിലെ 5.67 ശതമാനത്തിനും മുകളിലാണ്. നിർമ്മാണ മേഖലയുടെ കാര്യത്തിൽ ഇത് 4.41 ശതമാനമായിരുന്നെങ്കിൽ 2016–17 വരെ അത് 3.42 ശതമാനമായിരുന്നു.

4 മുതൽ 7 വരെയുള്ള രേഖാചിത്രങ്ങളിൽ നിന്നും വൈദ്യുതി, ഗ്യാസ്, ഇതര യൂട്ടിലിറ്റി ഉത്പന്നങ്ങൾ, നിർമ്മാണ മേഖല എന്നിവ ഒഴിച്ച് നിർത്തിയാൽ വളർച്ചയുടെ കാര്യത്തിലുള്ള തിരിച്ചുവരവ് കാണാൻ കഴിയില്ല. ഖനനം, ക്വാറി മേഖലയാണ് ഏറ്റവും മോശം പ്രകടനം കാഴ്ച്ച വച്ചിരിക്കുന്നത്. 2016–17 മുതൽ തന്നെ രൂക്ഷമായ ഇടിവ് ഈ രംഗത്ത്

**Table 1.** Compound Annual Growth Rates of the Industrial Sectors in India

| Industry | Compound Annual Growth Rates (%) | |
|---|---|---|
| | 2011-12 to 2016-17 | 2011-12 to 2022-23 |
| Agriculture, Forestry and Fishing | 2.51 | 3.06 |
| Mining and Quarrying | 6.25 | 1.79 |
| Manufacturing | 8.02 | 6.02 |
| Electricity, Gas, Water Supply and Other Utility Services | 5.67 | 5.91 |
| Construction | 3.42 | 4.14 |
| Trade, Hotels, Transport, Communication and Services Related to Broadcasting | 9.28 | 6.72 |
| Financial, Real Estate and Professional Services | 10.45 | 7.03 |
| Public Administration, Defence and Other Services | 6.34 | 5.87 |
| GVA at Basic Prices | 6.97 | 5.55 |

*Source: Same as Figure 1*

പ്രകടമായിരുന്നു. അതിനൊപ്പം കോവിഡ് കൂടിയായതോടെ വളർച്ചാ നിരക്ക് 2014–15 ലെ നിലയിലേക്ക് താഴ്ന്നു. 2022–23ൽ ഇത് 2015–16 ലെ നിലയെ കഷ്ടിച്ച് ഭേദിക്കുകയുണ്ടായി. എന്നാൽ ദീർഘകാല വളർച്ചാ നിരക്ക് കേവലം 1.79 ശതമാനമാണ്. 2016–17ൽ അത് 6.25 ശതമാനമായിരുന്നുവെന്നോർക്കണം. പ്രധാനപ്പെട്ട മിക്ക മേഖലകളും സമാനമായ ചിത്രമാണ് കാഴ്ച്ച വച്ചത് (പട്ടിക –1). ആശ്ചര്യകരമെന്ന് പറയട്ടെ, പൊതുഭരണം, പ്രതിരോധം എന്നീ മേഖലകൾക്ക് പോലും പൂർണ്ണമായ തിരിച്ചുവരവ് നടത്താൻ കഴിഞ്ഞിട്ടില്ല. ഇവയുടെ വളർച്ചാ നിരക്കിലെ അന്തരം 0.5 ശതമാനമാണ്. വാണിജ്യം, ഹോട്ടൽ, ചരക്കുനീക്കം, കമ്യൂണിക്കേഷൻ, ധനകാര്യം, റിയൽ എസ്റ്റേറ്റ്, പ്രഫഷണൽ സേവനങ്ങൾ തുടങ്ങി മൂല്യവർദ്ധനവിന്റെ 40 ശതമാനത്തിലേറെ സംഭാവന അർപ്പിക്കുന്ന മേഖലകളിൽ ദീർഘകാല വളർച്ചാനിരക്ക് 2016–17 വരെയുള്ള ഉയർന്ന ഘട്ടത്തേക്കാൾ ഏതാണ്ട് 3 ശതമാനം കണ്ട് കുറഞ്ഞ നിലയിലാണ്. പ്രധാന മേഖലകൾ നേരിടുന്ന തിരിച്ചടി സമ്പദ്ഘടനയുടെ തിരിച്ചുവരവിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നർത്ഥം. ഇതുമൂലം ഗ്രോസ് വാല്യൂ ആഡഡ് (ജി വി എ) വളർച്ചാ നിരക്ക് കഴിഞ്ഞ ദശകത്തിലെ അവസാന അഞ്ചു വർഷത്തെ നിരക്കിനേക്കാൾ 1.42 ശതമാനം കുറഞ്ഞ് 5.55 ശതമാനമാണ്.

ഈ സാഹചര്യത്തിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥ പൂർണ്ണമായും വളർച്ചയുടെ പാതയിലേക്ക് തിരിച്ചെത്തിയെന്ന് വിലയിരുത്തുന്നത് പ്രായേണ അപക്വമായിരിക്കും. സാമ്പത്തിക മേഖലയുടെ 60 ശതമാനത്തിലധികം സംഭാവനയർപ്പിക്കുന്ന മാനുഫാക്ചറിങ്, വാണിജ്യം, ഹോട്ടലുകൾ, ചരക്ക് ഗതാഗതം, കമ്മ്യൂണിക്കേഷൻ, ധനകാര്യ സേവനം, റിയൽ എസ്റ്റേറ്റ്, പ്രഫഷണൽ സേവനങ്ങൾ തുടങ്ങിയ രംഗങ്ങളൊന്നും കഴിഞ്ഞ ദശകത്തിൽ പ്രകടമാക്കിയ ഊർജസ്വലമായ അവസ്ഥ യിലേക്ക് തിരിച്ചെത്തിയിട്ടില്ലെന്ന് കാണാൻ കഴിയും. കോവിഡിന് മുൻപുള്ള അവസ്ഥയി ലേക്ക് തിരിച്ചെത്തുക എന്നത് തന്നെ വലിയ തോതിൽ അഭികാമ്യമായ ഒന്നായി വിലയിരുത്താം.

■

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ)

## Reference

Reserve Bank of India, Annual Report 2022-23, Reserve Bank of India, Mumbai.

## Acknowledgement

Mr Rahul, Christ University, Bengaluru helped in preparing the data files.

# തനത് നികുതി സമാഹരണത്തിൽ തിരിച്ചു വരവുണ്ടായിട്ടും സാമ്പത്തിക സമ്മർദ്ദം: ഒരു താരതമ്യ വീക്ഷണത്തിൽ കേരളം

കെ ജെ ജോസഫ്, എൽ അനിതകുമാരി, രാജ് കൃഷ്ണ

**ആമുഖം**

ആഗോളവത്കരണകാലത്ത് വികസ്വര രാജ്യങ്ങളിലെ നയപരമായ പരിഷ്കരണ നടപടികളിൽ ഭരണകൂടം വഹിക്കുന്ന പങ്കിന്റെ കാര്യത്തിൽ സുപ്രധാനമായ മാറ്റങ്ങൾ സംഭവിക്കുന്നത് കാണാം. വികസനത്തിന്റെ അനുപേക്ഷണീയമായ കാര്യങ്ങളിൽ, വിപണി മുൻസീറ്റിലേക്ക് മാറുന്നതും ഭരണകൂടം പിൻസീറ്റിലേക്ക് നീങ്ങുന്നതുമായ ഒരു ചിത്രമാണ് ഈ കാലഘട്ടം മുന്നോട്ട് വയ്ക്കുന്നത്. എന്നിരുന്നാലും ജനങ്ങൾ നേരിടുന്ന പല വികസന പ്രശ്നങ്ങളിലും ഭരണകൂടത്തിന് നിയമകമായ ഒരു റോൾ ഉണ്ടെന്ന് കാണാം. നിലവിൽ ലഭ്യമായ കണക്കുകൾ വച്ച് പരിശോധിക്കുമ്പോൾ വികസ്വര രാജ്യങ്ങളുടെ നികുതി ബേസ് വികസിത രാജ്യങ്ങളെക്കാൾ ഏറെ താഴെയാണെന്ന് കാണാം. പരിഷ്കരണ നടപടികൾ ഒരു പരിധി വരെ നികുതി വരുമാനം കുറയ്ക്കുന്ന ഇന്നത്തെ സാഹ ചര്യത്തിൽ ഇത്തരം പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാവുകയാണ്. വികസ്വര രാജ്യങ്ങളിലെ താഴ്ന്ന നികുതി ബേസും അതിനാസ്പദമായ കാരണങ്ങളും അക്കാദമിക് പണ്ഡിതരുടെ ശ്രദ്ധ കാര്യമായി പതിഞ്ഞിട്ടുള്ള മേഖലയാണ്. ലോകത്തെ വികസിത രാഷ്ട്രങ്ങൾ പാവപെട്ട രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ നികുതി പിരിക്കുന്നവയാണ്. എന്നാൽ വികസ്വര രാജ്യങ്ങളിലെ നികുതി– ജി ഡി പി അനുപാതമാകട്ടെ ഒരു നൂറ്റാണ്ടിന് മുൻപ് ഇപ്പോഴത്തെ വികസിത രാജ്യങ്ങളിൽ ഉണ്ടായിരുന്നതിന് സമാനമാണെന്ന് കാണാം (ബെസ്‌ലി, പെർസൺ – 2014).

ഇക്കാര്യത്തിൽ ഇന്ത്യ ഒരപവാദമല്ല. നികുതി ബേസിൽ ഇനിയും വർധന

***കേരളത്തിന്റെ നികുതി വരുമാനം 18.5 ശതമാനം കണ്ട് വർധിച്ചു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് 3 ശതമാനം അധികമാണ് ഇത്. നികുതി വരുമാനത്തിന്റെ ഓരോ ഇനങ്ങളിലെയും മാറ്റം സംസ്ഥാനത്തിന്റെ കാര്യത്തിൽ ശ്രദ്ധേയമാണെന്ന് കാണാം. തനത് നികുതി വരുമാനത്തിന്റെ പങ്ക് 54.2 ശതമാനത്തിൽ നിന്ന് 58. 2 ശതമാനമായി ഉയർന്നു. ഒരു വർഷത്തിനുള്ളിൽ 4 ശതമാനം നേട്ടം എന്നത് തിരിച്ചുവരവിന്റെ വ്യക്തമായ സൂചനകളാണ് നൽകുന്നത്.***

***കേരളത്തിന്റെ തനത് നികുതി വരുമാനം 2022–23 സാമ്പത്തിക വർഷത്തിൽ 2021–22 നെ അപേക്ഷിച്ച് 22.11 ശതമാനം വളർച്ച കൈവരിക്കുകയുണ്ടായി. തനത് നികുതി വരുമാനം 63,000 കോടി രൂപയിൽ നിന്ന് 77,000 കോടിയായി ഉയർന്നു. ഈ വളർച്ചാ തോത് സംസ്ഥാനങ്ങളുടെ കൂട്ടത്തിലെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കുകളിൽ ഒന്നാണ്. ശക്തമായ മാനുഫാക്ചറിങ് മേഖലയുള്ള മഹാരാഷ്ട്ര (25.6%), ഗുജറാത്ത് (28.4%) എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് കേരളത്തേക്കാൾ മികച്ച പ്രകടനം കാഴ്ച്ച വച്ചത്.***

വരുത്തുകയെന്നത് കരണീയമായ ഒന്നായി കാണാൻ കഴിയില്ല. ഇക്കാര്യത്തിൽ സമ്പദ്ഘടനയുടെ അടിത്തറ പ്രധാനവുമാണ്, അസംഘടിത മേഖലയെയാണ് ഇവിടെ പരാമർശിക്കുന്നത്. സാമ്പത്തിക വളർച്ച നികുതി വല വിപുലപ്പെടുത്തുന്നതിനു അവശ്യം വേണ്ടുന്ന കാര്യമാണ്. എന്നാൽ ഇത് സ്വാഭാവികമായി ഉയർന്ന നികുതി വരുമാനമായി പരിണമിക്കുകയില്ല. പിക്കെറ്റി, കിയാൻ (2009) എന്നിവർ ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം, ഇന്ത്യയിൽ നികുതി ഇളവുകൾ കൂടി വരുന്നത് മൂലം 1986 മുതൽ ആദായ നികുതിയിൽ നിന്നുള്ള വരുമാനം ജി ഡി പിയുടെ 0.5 ശതമാനം എന്ന തോതിൽ തുടരുകയാണ് എന്നാണ്. 2000–ൽ റാവു ചൂണ്ടിക്കാട്ടുന്നത് ആയിരത്തിത്തൊള്ളായിരത്തി എഴുപതുകൾ മുതൽ എൺപതുകളുടെ മദ്ധ്യം വരെ നികുതി – ജി ഡി പി അനുപാതം സാമ്പത്തിക വളർച്ചക്കൊപ്പം തന്നെ ചലിച്ചുവെന്നാണ്. കൃത്യമായി പറഞ്ഞാൽ, 1970–71 ൽ 11 ശതമാനം ആയിരുന്ന നികുതി – ജി ഡി പി അനുപാതം 1980–81 ൽ 14.6 ശതമാനമായി ഉയർന്നു. 1987–88ൽ ഇത് 17 ശതമാനമെന്ന ഏറ്റവും ഉയർന്ന തോതിലെത്തി. എന്നാൽ 1993–94 ആയപ്പോഴേക്ക് 13.9 ശതമാനം എന്ന തോതിലേക്ക് ഇടിഞ്ഞു. 1997–98ൽ ഇത് 14.6 ശതമാനം എന്ന നിലയിലേക്കെത്തി. 2019ൽ ഐസക്കും ഇതേ നിരീക്ഷണം നടത്തുകയുണ്ടായി. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും മൊത്തം വരുമാനം 1950–51 ൽ ജി ഡി പിയുടെ 7.6 ശതമാനം ആയിരുന്നെങ്കിൽ 1986–87ൽ അത് 18 ശതമാനമായി ഉയർന്നു. തുടർന്നുള്ള രണ്ടു ദശകങ്ങളിൽ ഇത് ഏറെക്കുറെ സ്ഥിരതയാർജിച്ചുവെങ്കിൽ 2015–16 സാമ്പത്തിക വർഷത്തിൽ 20.7 ശതമാനത്തിലെത്തി.

ഇക്കാര്യത്തിൽ കേരളവും ഒരേ വഞ്ചിയിലാണ് നീങ്ങുന്നതെന്ന് കാണാം.

***നികുതി വരുമാനത്തിലെ തനത് നികുതി വരുമാനത്തിന്റെ പങ്കിന്റെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണ് (85.5%). ഹരിയാന, കർണ്ണാടക എന്നീ സംസ്ഥാനങ്ങളാണ് യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളിൽ. കേരളത്തിന്റെ തനത് നികുതി വരുമാനത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്നത് ജി എസ് ടി ആണ്. മൊത്തം നികുതി വരുമാനത്തിൽ ഈ ഇനത്തിന്റെ പങ്ക് 38 ശതമാനത്തിൽ നിന്നും 38.4 ശതമാനമായി ഉയർന്നു.***

**Fiscal Performance of Kerala Compared to major States in India**

Table 1

Annual Growth rate in different components of Revenue Receipts- 2022-23 over 2021-22 (%)

| Description | ue Receipts (a+b) | Tax Revenue | State's own tax revenue | Goods and Services Tax | Stamps and registration fees | Land Reven ue | Sales Tax | State Excise Duties | State' share of Union Taxes | Other Taxes and duties | Non-Own Tax Revenue | Grants in aid |
|---|---|---|---|---|---|---|---|---|---|---|---|---|
| All India | 14.2 | 15.6 | 19.0 | 19.2 | 20.9 | 17.4 | 13.4 | 16.4 | 7.7 | 35.3 | 13.9 | 8.1 |
| Kerala | 13.7 | 18.5 | 22.1 | 19.4 | 28.0 | 52.9 | 19.7 | 41.5 | 0.7 | 33.5 | 44.8 | -9.1 |
| Andhra Pradesh | 5.1 | 9.2 | 9.2 | 13.4 | 5.1 | 119.7 | -13.5 | 0.6 | 9.6 | 129.2 | 20.2 | -8.0 |
| Bihar | -21.0 | -19.5 | 1.9 | -8.9 | 23.5 | 26.9 | 43.8 | -193.0 | -39.2 | 25.6 | 16.2 | -32.7 |
| Karnataka | 17.1 | 15.7 | 18.2 | 20.5 | 26.4 | 100.5 | -1.0 | 13.4 | 2.7 | 41.6 | 20.4 | 23.0 |
| Odisha | -1.8 | 13.5 | 14.2 | 13.5 | -17.4 | 11.2 | 20.2 | 16.8 | 12.7 | 17.3 | -21.3 | -9.1 |
| Punjab | 12.1 | 13.0 | 13.4 | 16.6 | 27.8 | 11.3 | -17.9 | 37.0 | 12.1 | 8.1 | 30.9 | 5.3 |
| Rajasthan | 6.0 | 12.2 | 16.8 | 22.9 | 26.1 | -23.4 | 10.3 | 12.9 | 5.9 | 13.6 | 9.8 | -17.9 |
| Uttarakand | 14.0 | 15.1 | 20.6 | 22.9 | 33.6 | 62.9 | 11.0 | 8.2 | 7.2 | 46.1 | 58.4 | 4.8 |
| Harayana | 18.8 | 21.5 | 23.6 | 39.4 | 13.3 | 5.4 | 0.4 | 21.9 | 10.6 | 30.9 | 21.4 | -5.7 |
| Tamil Nadu | 17.5 | 17.9 | 22.3 | 18.9 | 22.5 | 20.8 | 21.5 | 26.5 | 3.4 | 46.8 | 45.1 | 7.8 |
| Chattisgarh | 18.0 | 17.7 | 22.3 | 19.1 | 14.6 | -8.6 | 20.8 | 32.8 | 13.3 | 29.1 | 10.9 | 29.6 |
| Gujarat | 20.0 | 23.0 | 28.4 | 21.3 | 36.2 | 61.0 | 27.3 | 21.2 | 6.2 | 42.5 | 32.6 | -3.7 |
| Madhya Pradesh | 9.7 | 8.4 | 9.8 | 6.2 | 8.8 | 30.5 | 9.5 | 25.4 | 7.0 | 0.4 | 29.9 | 6.2 |
| Maharashtra | 21.7 | 22.6 | 25.6 | 24.6 | 27.2 | -20.7 | 18.8 | 24.9 | 10.5 | 48.6 | -13.9 | 32.4 |
| Uttar Pradesh | 16.5 | 11.7 | 15.0 | 11.7 | 23.9 | 47.8 | 18.2 | 13.6 | 6.3 | 26.9 | 19.0 | 53.2 |
| West Bengal | 9.7 | 13.5 | 17.7 | 21.7 | -6.7 | 15.7 | 19.0 | 20.1 | 9.0 | 20.5 | 36.8 | -4.5 |
| Telangana | 25.0 | 15.1 | 16.3 | 21.5 | 15.0 | 3.8 | 9.8 | 5.7 | 6.4 | 52.6 | 120.8 | 52.9 |

***കേരളത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഗ്രാൻഡ് ഇൻ എയ്ഡുകളിൽ നിന്നുള്ള വരുമാനം 25.8 ശതമാനത്തിൽ നിന്ന് 20.6 ശതമാനമായി കുറഞ്ഞു. 5.2 പേഴ്സന്റേജ് പോയിന്റിന്റെ ഇടിവ്.***

കേരളത്തിന്റെ പ്രതിശീർഷ ജി എസ് ഡി പി ദേശീയ തലത്തിലേക്കാൾ 1.6 ഇരട്ടി അധികമാണ്. വിദേശത്ത് നിന്നുള്ള റെമിറ്റൻസ് നല്ലൊരു പങ്ക് വഹിക്കുന്ന കേരളത്തിന്റെ വിപുലീകരിക്കപ്പെട്ട പ്രതിശീർഷ ജി എസ് ഡി പി ഇക്കാര്യത്തിൽ പ്രധാനമാണെന്ന് കണ്ണൻ, ഹരി (2002) എന്നിവർ വാദിക്കുന്നു. പക്ഷെ, നമ്മുടെ നികുതി – ജി എസ് ഡി പി അനുപാതം ദേശീയ ശരാശരിക്ക് ഒപ്പം മാത്രമാണ്. ഇത് ആശങ്കാജനകമായ ഒരു സാഹചര്യമാണ്, കാരണം, കേരളത്തിലെ ജനങ്ങൾ സമ്പന്നരാകുമ്പോൾ സർക്കാർ ദരിദ്രമാകുന്നു എന്നതാണ് സ്ഥിതി. കേരളത്തിന്റെ ധനസ്ഥിതി ഏറെ ശ്രദ്ധ പുലർത്തേണ്ടുന്ന ഒന്നായി മാറിയിരിക്കുന്നു. സാമൂഹ്യ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ കേരളത്തെ സ്കാന്റിനേവിയൻ രാജ്യങ്ങളോട് തുലനം ചെയ്യാമെങ്കിൽ നികുതിയുടെ കാര്യത്തിൽ ആഫ്രിക്കൻ നിലവാരമാണ്.

സംസ്ഥാന ധനകാര്യത്തിന്റെ 2022–23ലെ പൊതുസ്ഥിതി 2021–22 ലേതുമായി താരതമ്യം ചെയ്യുകയാണ് ഈ ലേഖനത്തിൽ. ഒപ്പം മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതിയുമായും താരതമ്യം ചെയ്യുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നികുതി സമാഹരണ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്യുന്നുണ്ട്. ധനകാര്യ അച്ചടക്കത്തിന്റെ കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ തെളിവുകൾ നിരത്തി അവതരിപ്പിക്കുകയും ചെയ്യുന്നു. ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ റവന്യു കമ്മിയിലും ധനക്കമ്മിയിലും ഉണ്ടായ ഇടിവ് ഇതിന് നല്ല ഉദാഹരണമാണ്. എന്നിരുന്നാലും കേരളത്തിന്റെ ധനസ്ഥിതി കടുത്ത സമ്മർദങ്ങൾ നേരിടുകയാണ്. സംസ്ഥാനങ്ങളോട്, പ്രത്യേകിച്ച് കേരളത്തോട് കേന്ദ്ര സർക്കാർ കാണിക്കുന്ന തെറ്റായ സമീപനങ്ങളാണ് ഇതിന് കാരണം.

**സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനം**

നികുതി, നികുതിയേതര വരുമാനങ്ങൾ ഉൾപ്പെടുന്ന സംസ്ഥാനങ്ങളുടെ മൊത്തം റവന്യൂ വരുമാനം 14.2 ശതമാനം ശരാശരി വാർഷിക വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. 25 ശതമാനം എന്ന ഏറ്റവും ഉയർന്ന നേട്ടം കൈവരിച്ചിരിക്കുന്നത് തെലങ്കാനയാണ്. 21.7 ശതമാനം വളർച്ചയുമായി മഹാരാഷ്ട്ര രണ്ടാം സ്ഥാനത്ത് നിൽക്കുന്നു (പട്ടിക–1). കേരളത്തിന്റെ കാര്യമെടുത്താൽ 1.16 ലക്ഷം കോടി രൂപയിൽ നിന്നും 16,000 കോടി വർധിച്ച് മൊത്തം റവന്യൂ വരുമാനം 1.32 ലക്ഷം കോടി രൂപയായി ഉയർന്നു (പട്ടിക–4). 2021–22നെ അപേക്ഷിച്ച് 2022–23 ൽ 13.7 ശതമാനം വളർച്ച

***സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം 44.83 ശതമാനം വളർച്ച കൈവരിച്ചു. നികുതിയേതര വരുമാനം 10,000 കോടി രൂപയിൽ നിന്ന് 15,000 കോടി രൂപയായി ഉയർന്നു.***

**Table 2** - Change in share of different components in total revenue receipts for selected states during 2022-23 over 2021-22

| Description | Year | Revenue Receipts (a+b) | Tax Revenue | State's own tax revenue | Goods and Services Tax | Stamps and registration fees | Land Revenue | Sales Tax | State Excise Duties | State' share of Union Taxes | Other Taxes and duties | Non-Own Tax Revenue | Grants aid Contri butions |
|---|---|---|---|---|---|---|---|---|---|---|---|---|---|
| All India | 22-23 | 100.0 | 76.3 | 54.7 | 23.4 | 6.3 | 0.5 | 12.1 | 7.2 | 21.6 | 5.2 | 7.8 | 15.9 |
| | 21-22 | 100.0 | 75.4 | 52.5 | 22.4 | 5.9 | 0.5 | 12.2 | 7.1 | 22.9 | 4.4 | 7.8 | 16.8 |
| Kerala | 22-23 | 100.0 | 68.1 | 58.2 | 26.1 | 4.7 | 0.5 | 20.3 | 2.2 | 9.9 | 4.4 | 11.3 | 20.6 |
| | 21-22 | 100.0 | 65.3 | 54.2 | 24.9 | 4.2 | 0.4 | 19.3 | 1.7 | 11.1 | 3.7 | 8.9 | 25.8 |
| Andhra | 22-23 | 100.0 | 73.4 | 56.2 | 24.5 | 5.1 | 0.1 | 11.4 | 9.3 | 17.3 | 5.8 | 3.8 | 22.8 |
| Pradesh | 21-22 | 100.0 | 70.7 | 54.1 | 22.8 | 5.1 | 0.0 | 13.8 | 9.8 | 16.6 | 2.6 | 3.3 | 26.0 |
| Bihar | 22-23 | 100.0 | 82.1 | 49.7 | 32.9 | 5.2 | 0.3 | 8.0 | 0.0 | 32.4 | 3.3 | 3.3 | 14.6 |
| | 21-22 | 100.0 | 80.6 | 38.5 | 28.5 | 3.3 | 0.2 | 4.4 | 0.0 | 42.1 | 2.1 | 2.2 | 17.2 |
| Karnataka | 22-23 | 100.0 | 77.8 | 66.9 | 31.3 | 7.8 | 0.2 | 8.4 | 13.2 | 10.9 | 6.0 | 6.0 | 16.2 |
| | 21-22 | 100.0 | 78.7 | 66.3 | 30.5 | 7.2 | 0.1 | 9.9 | 13.6 | 12.4 | 5.0 | 5.9 | 15.4 |
| Odisha | 22-23 | 100.0 | 59.6 | 31.0 | 12.4 | 1.3 | 0.5 | 8.0 | 4.3 | 28.6 | 4.5 | 28.4 | 12.0 |
| | 21-22 | 100.0 | 51.6 | 26.6 | 10.7 | 1.6 | 0.4 | 6.5 | 3.6 | 24.9 | 3.8 | 35.4 | 13.0 |
| Punjab | 22-23 | 100.0 | 67.9 | 48.3 | 20.7 | 4.8 | 0.1 | 6.4 | 9.6 | 19.6 | 6.6 | 7.1 | 25.0 |
| | 21-22 | 100.0 | 67.3 | 47.8 | 19.9 | 4.2 | 0.1 | 8.8 | 7.9 | 19.6 | 6.9 | 6.1 | 26.6 |
| Rajasthan | 22-23 | 100.0 | 74.8 | 45.2 | 17.5 | 4.2 | 0.3 | 11.8 | 6.9 | 29.6 | 4.6 | 9.8 | 15.3 |
| | 21-22 | 100.0 | 70.7 | 41.1 | 15.1 | 3.6 | 0.3 | 11.3 | 6.5 | 29.7 | 4.3 | 9.5 | 19.8 |
| Uttarakhand | 22-23 | 100.0 | 56.5 | 34.8 | 15.0 | 4.0 | 0.1 | 5.2 | 7.2 | 21.6 | 3.3 | 8.9 | 34.6 |
| | 21-22 | 100.0 | 55.9 | 32.9 | 13.9 | 3.5 | 0.1 | 5.3 | 7.6 | 23.0 | 2.6 | 6.4 | 37.7 |
| Haryana | 22-23 | 100.0 | 83.5 | 71.7 | 32.5 | 9.8 | 0.0 | 12.8 | 11.0 | 11.8 | 5.5 | 8.4 | 8.1 |
| | 21-22 | 100.0 | 81.6 | 68.9 | 27.7 | 10.3 | 0.0 | 15.2 | 10.7 | 12.7 | 5.0 | 8.2 | 10.2 |
| Tamil Nadu | 22-23 | 100.0 | 78.1 | 62.1 | 22.2 | 7.3 | 0.1 | 24.4 | 4.3 | 16.0 | 3.7 | 6.3 | 15.6 |
| | 21-22 | 100.0 | 77.9 | 59.7 | 22.0 | 7.0 | 0.1 | 23.6 | 4.0 | 18.2 | 3.0 | 5.1 | 17.0 |
| Chattisgarh | 22-23 | 100.0 | 69.6 | 35.2 | 12.0 | 2.4 | 0.9 | 6.9 | 7.2 | 34.4 | 5.8 | 16.4 | 14.0 |
| | 21-22 | 100.0 | 69.8 | 34.0 | 11.9 | 2.4 | 1.2 | 6.7 | 6.4 | 35.9 | 5.3 | 17.4 | 12.7 |
| Gujarat | 22-23 | 100.0 | 79.2 | 62.7 | 26.4 | 7.1 | 2.2 | 18.5 | 0.1 | 16.5 | 8.4 | 9.3 | 11.6 |
| | 21-22 | 100.0 | 77.2 | 58.6 | 26.1 | 6.3 | 1.7 | 17.4 | 0.1 | 18.6 | 7.1 | 8.4 | 14.4 |
| Madhya | 22-23 | 100.0 | 72.1 | 35.7 | 11.5 | 4.3 | 0.5 | 8.7 | 6.4 | 36.5 | 4.4 | 9.7 | 18.1 |
| Pradesh | 21-22 | 100.0 | 73.0 | 35.6 | 11.9 | 4.4 | 0.4 | 8.7 | 5.6 | 37.4 | 4.8 | 8.2 | 18.7 |
| Maharashtra | 22-23 | 100.0 | 83.4 | 68.5 | 29.9 | 11.2 | 0.6 | 13.5 | 5.3 | 14.8 | 8.0 | 4.0 | 12.7 |
| | 21-22 | 100.0 | 82.7 | 66.4 | 29.2 | 10.7 | 0.9 | 13.8 | 5.2 | 16.3 | 6.6 | 5.6 | 11.6 |
| Uttar Pradesh | 22-23 | 100.0 | 82.7 | 53.4 | 27.0 | 6.0 | 0.1 | 7.7 | 9.9 | 29.2 | 2.8 | 3.1 | 14.2 |
| | 21-22 | 100.0 | 86.2 | 54.1 | 28.1 | 5.6 | 0.1 | 7.6 | 10.2 | 32.0 | 2.5 | 3.0 | 10.8 |
| West Bengal | 22-23 | 100.0 | 79.4 | 42.8 | 19.5 | 3.5 | 1.6 | 6.1 | 8.3 | 36.6 | 3.8 | 1.1 | 19.5 |
| | 21-22 | 100.0 | 76.7 | 39.9 | 17.6 | 4.1 | 1.5 | 5.6 | 7.6 | 36.8 | 3.5 | 0.9 | 22.4 |
| Telangana | 22-23 | 100.0 | 79.5 | 70.7 | 26.3 | 8.9 | 0.0 | 18.6 | 11.6 | 8.8 | 5.3 | 12.3 | 8.3 |
| | 21-22 | 100.0 | 86.3 | 76.0 | 27.1 | 9.7 | 0.0 | 21.2 | 13.7 | 10.3 | 4.3 | 6.9 | 6.8 |

***2022–23 സാമ്പത്തിക വർഷത്തിൽ ഏഴു സംസ്ഥാനങ്ങളുടെ കടമെടുപ്പ് കുത്തനെ ഇടിഞ്ഞതായി കാണാം. ഏറ്റവും വലിയ ഇടിവ്, –168. 1 ശതമാനം ഉണ്ടായത് ഒഡിഷയുടെ കാര്യത്തിലാണ്. കേരളത്തിന്റെ കാര്യത്തിൽ –47 ശതമാനം ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. ബജറ്റിന് പുറത്ത് നടത്തിയ കടമെടുക്കലിന്റെ പേരിൽ കേന്ദ്രം ഏർപ്പെടുത്തിയ ശക്തമായ നിയന്ത്രങ്ങളാണ് ഇതിന് കാരണമായത്.***

കൈവരിച്ചതായാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളം 18.5 ശതമാനം വളർച്ച കൈവരിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളുടെ ശരാശരിയെ അപേക്ഷിച്ച് 3 ശതമാനം അധികമാണ് ഇത്. ഇക്കാര്യത്തിൽ ഗുജറാത്ത് (23%), മഹാരാഷ്ട്ര (22.65%), ഹരിയാന (21.5%) എന്നീ സംസ്ഥാനങ്ങൾ കേരളത്തേക്കാൾ ബഹുദൂരം മുന്നിലാണ്.

നികുതി വരുമാനത്തിന്റെ കാര്യത്തിലെ വിവിധ ഘടകങ്ങളുടെ വളർച്ച കണക്കിലെടുക്കുമ്പോൾ കേരളത്തിന്റെ നേട്ടം എടുത്തു പയത്തക്കതാണ്. മൊത്തം വരുമാനത്തിലെ തനത് വരുമാനത്തിന്റെ വിഹിതം 54.2 ശതമാനത്തിൽ നിന്നും 58.2 ശതമാനമായി ഉയർന്നതായി കാണാം. ഒരു വർഷക്കാലത്തിനിടയിൽ 4 ശതമാനം വളർച്ച കൈവരിച്ചുവെന്നത് നല്ലൊരു തിരിച്ചുവരവിന്റെ സൂചനയായി കാണാവുന്നതാണ്. ഇത് സംസ്ഥാനങ്ങളുടെ 2.2 ശതമാനം എന്ന ശരാശരി വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ മികച്ച നേട്ടമാണ്. മറ്റു സംസ്ഥാനങ്ങളുടെ ശരാശരി വിഹിതം 52.5 ശതമാനത്തിൽ നിന്നും 54.7 ശതമാനമായാണ് ഉയർന്നിരിക്കുന്നത്. 11.2 ശതമാനം എന്ന ഏറ്റവും ഉയർന്ന നേട്ടം കൈവരിച്ചിരിക്കുന്നത് ബിഹാറാണ്. കേരളത്തിന്റേതിന് തുല്യമായ നേട്ടമാണ് ഗുജറാത്ത്, രാജസ്ഥാൻ, ഒഡിഷ എന്നീ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കൈവരിച്ചിരിക്കുന്നത്.

കേരളത്തിന്റെ തനത് നികുതി വരുമാനം 2022–23ൽ 2021–22നെ അപേക്ഷിച്ച് 22.11 ശതമാനം വളർച്ചയെന്ന എടുത്തു പറയത്തക്ക നേട്ടമാണ് കൈവരിച്ചിട്ടുള്ളത് . ഇത് 63,000 കോടി രൂപയിൽ നിന്നും 77,000 കോടി രൂപയായി ഉയർന്നു (പട്ടിക –4). സംസ്ഥാനങ്ങളുടെ കൂട്ടത്തിലെ ഏറ്റവും ഉയർന്ന വളർച്ച നിരക്കുകളിൽ ഒന്നാണ് ഇതെന്ന് കാണാം. ശക്തമായ മാനുഫാക്റ്ററിങ് മേഖലയുടെ സാന്നിധ്യമുള്ള ഗുജറാത്ത് (28.4 ശതമാനം), മഹാരാഷ്ട്ര (25.6) എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് കേരളത്തേക്കാൾ ഉയർന്ന നേട്ടം കൈവരിച്ചിരിക്കുന്നത്.

മൊത്തം നികുതി വരുമാനത്തിൽ തനത് നികുതി വരുമാനത്തിന്റെ പങ്കിന്റെ കാര്യത്തിൽ 85.5 ശതമാനവുമായി കേരളം അഖിലേന്ത്യാതലത്തിൽ മൂന്നാം സ്ഥാനത്താണ്. ഹരിയാന,

***കേരളത്തിന്റെ റവന്യു കമ്മി–74 ശതമാനം കുറഞ്ഞു. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത് 49 ശതമാനമായിരുന്നു. സംസ്ഥാനത്തിന്റെ ധനക്കമ്മി 47 ശതമാനം കണ്ട് കുറഞ്ഞു. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ 5 ശതമാനം ധനമിച്ചമാണ് കാണിക്കുന്നത്. 168 ശതമാനം ഇടിവോടെ ഒഡിഷയും 41 ശതമാനം ഇടിവോടെ ഗുജറാത്തും ഇക്കാര്യത്തിൽ ഏറ്റവും ഉയർന്ന തോത് രേഖപ്പെടുത്തുകയുണ്ടായി.***

**Table 3** - Annual growth in expenditure and deficit components 2022-23 over 2021-22 (%)

| Description | Revenue Expen diture | Expenditure on Revenue | Expenditure on Interest | Expenditure on Salaries/ wages | Expenditure on Pension | Expenditure on subsid | Capital Expenditure | Borrowing and other liablities | Revenue Surplus (+)/Deficit (-) (1-4) | Fiscal Surplus(+) / Deficit (-) | Primary Deficit (8-4b) |
|---|---|---|---|---|---|---|---|---|---|---|---|
| All India | 11.5 | 10.1 | 7.1 | 13.8 | 12.2 | 19.6 | 12.4 | 5.0 | -49.1 | 5.0 | -11.2 |
| Kerala | -2.6 | 7.8 | 9.6 | -13.5 | -3.0 | -60.3 | -2.4 | -47.0 | -74.3 | -47.0 | -96.4 |
| Andhra Pradesh | 26.1 | 32.7 | 12.6 | 19.7 | 11.1 | 56.6 | -54.9 | 104.2 | 403.3 | 104.2 | 628.7 |
| Bihar | 14.7 | 16.3 | 9.3 | 4.9 | 14.1 | 33.7 | 29.0 | 231.7 | 2802.2 | 231.7 | 455.6 |
| Karnataka | 3.2 | -11.6 | 14.8 | 0.0 | 16.2 | 0.0 | 13.1 | -36.8 | -513.5 | -36.8 | -66.9 |
| Odisha | 16.1 | 24.3 | -18.7 | 9.5 | 13.0 | -16.6 | 45.1 | -168.1 | -48.2 | -168.1 | 0.0 |
| Punjab | 17.0 | 11.5 | 0.1 | 15.4 | 23.7 | 42.0 | -18.1 | 19.4 | 40.9 | 19.4 | 57.0 |
| Rajasthan | 9.0 | 8.8 | 9.1 | 4.6 | 18.2 | 12.0 | -6.3 | 15.3 | 30.4 | 15.3 | 21.0 |
| Uttarakand | 12.1 | 14.1 | 8.6 | 9.4 | 12.7 | 99.3 | 8.8 | -25.6 | 32.4 | -25.6 | 246.2 |
| Harayana | 8.8 | 8.9 | 18.2 | 1.2 | 16.8 | -1.9 | 7.7 | -8.2 | -22.4 | -8.2 | -34.9 |
| Tamil Nadu | 8.9 | -5.3 | 11.7 | 18.5 | 23.4 | 36.3 | 6.6 | -5.1 | -33.9 | -5.1 | -21.1 |
| Chattisgarh | 14.1 | 19.8 | 2.9 | 9.5 | 2.6 | 26.4 | 25.9 | -15.9 | 85.8 | -15.9 | -107.9 |
| Gujarat | 10.5 | 12.3 | -1.1 | 15.3 | 8.8 | 14.3 | 26.9 | -40.9 | 216.9 | -40.9 | 286.9 |
| Madhya Pradesh | 12.2 | 15.2 | 7.7 | 13.8 | 10.5 | 0.0 | 9.0 | 16.9 | -67.6 | 16.9 | 24.7 |
| Maharashtra | 16.1 | 14.8 | 1.2 | 15.6 | 11.9 | 48.2 | 32.3 | 2.8 | -91.0 | 2.8 | 4.8 |
| Uttar Pradesh | 13.9 | 18.8 | 0.5 | 9.6 | 16.2 | 5.5 | 33.3 | 38.0 | 54.7 | 38.0 | 209.7 |
| West Bengal | 5.8 | 9.0 | 9.8 | 2.9 | -7.7 | 2.9 | 27.2 | -1.9 | -16.5 | -1.9 | -28.4 |
| Telangana | 11.1 | 10.7 | 12.1 | 16.1 | 12.7 | -5.8 | -38.1 | -32.7 | -164.0 | -32.7 | -61.5 |

Source: Computed from C&AG, 2021-22 and 2022-23

Note: RD, FD and PD refers to revenue, fiscal and primary deficits, respectively.

***വായ്പയെടുക്കുന്ന കാര്യത്തിൽ കേന്ദ്രം ഏകപക്ഷീയമായി ഏർപ്പെടുത്തിയ നിബന്ധനകൾ മൂലം ധനക്കമ്മി കുറയ്ക്കുന്നതിന് കേരളം നിർബന്ധിതമാവുകയായിരുന്നു. ഇത്തരം കർശനമായ ഉപാധികൾ മൂലം കേരളത്തിന് ജി എസ് ഡി പിയുടെ 3 ശതമാനം പോലും വായ്പയെടുക്കാൻ കഴിയുന്നില്ല.***

കർണ്ണാടക എന്നീ സംസ്ഥാനങ്ങളാണ് ഒന്നും രണ്ടും സ്ഥാനങ്ങളിൽ. ഇവിടെ പ്രത്യേകം പരാമർശിക്കപ്പെടേണ്ട കാര്യം, കേരളമാണ് ഏറ്റവും ഉയർന്ന വർധന രേഖപ്പെടുത്തിയത് എന്നതാണ്. 83 ശതമാനത്തിൽ നിന്നും 85.5 ശതമാനത്തിലേക്ക് ഉയർന്നു. അതേസമയം തന്നെ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട നികുതി വിഹിതം കുറയുകയും ചെയ്തു. ഇത് 17 ശതമാനത്തിൽ നിന്നും 14.5 ശതമാനമായി കുറഞ്ഞു. 2.5 ശതമാനത്തിന്റെ ഇടിവ്. തമിഴ്നാടിന്റെ കാര്യത്തിൽ 3 ശതമാനമാണ് ഇടിവ് (പട്ടിക –2). തനത് നികുതി വരുമാന വളർച്ചയിൽ ഏറ്റവും ഉയർന്ന സംഭാവന നൽകിയത് ജി എസ് ടിയാണ്. മൊത്തം നികുതി വരുമാനത്തിൽ ഈ ഇനത്തിന്റെ പങ്ക് 38 ശതമാനത്തിൽ നിന്നും 38.4 ശതമാനമായി ഉയർന്നു. എന്നാൽ കർണ്ണാടക, ഹരിയാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ കുറവാണ് രേഖപ്പെടുത്തിയത്. ഒഡിഷ (48 ശതമാനം), മധ്യപ്രദേശ് (50. 6), പശ്ചിമ ബംഗാൾ (46), രാജസ്ഥാൻ (39.6) എന്നീ സംസ്ഥാനങ്ങൾക്കാണ് ഉയർന്ന തോതിൽ കേന്ദ്ര നികുതി വിഹിതം ലഭ്യമായത്.

കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ധനസഹായം (ഗ്രാന്റ് ഇൻ എയിഡ് ) വലിയ തോതിൽ ഇടിയുന്ന സാഹചര്യമുണ്ടായി. ഇത് 5.2 ശതമാനം കുറഞ്ഞ 25.8 ശതമാനത്തിൽ നിന്നും 20.6 ശതമാനമായി കുറഞ്ഞു (പട്ടിക – 2). രാജസ്ഥാന്റെ കാര്യത്തിൽ ഇടിവ് 4.5 ശതമാനമാണ്. കേരളത്തിന്റെ കാര്യത്തിൽ കേന്ദ്ര നികുതികളിൽ നിന്നുള്ള വരുമാനം 11.13 ശതമാനത്തിൽ നിന്നും 9.38 ശതമാനമായി കുറഞ്ഞു (1.27 ശതമാനത്തിന്റെ ഇടിവ്). ഒഡിഷ, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഒഴികെ എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും ഈ വിഹിതം കുറയുകയാണുണ്ടായത്. ഒഡിഷ 3.67 ശതമാനവും ആന്ധ്രപ്രദേശ് 0.70 ശതമാനവും വളർച്ചയാണ് രേഖപ്പെടുത്തിയത്.

തനത് നികുതി വരുമാനത്തിന്റെ വിവിധ ഘടകങ്ങൾ പരിഗണിക്കുമ്പോൾ കേരളത്തിൽ ജി എസ് ടി വരുമാനം 1.2 ശതമാനം വളർച്ച കൈവരിച്ചതായി കാണാം. മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളേക്കാൾ ഉയർന്ന തോതാണ് ഇത് (പട്ടിക –2 . ഹരിയാന, ബീഹാർ എന്നീ സംസ്ഥാനങ്ങൾ 4 ശതമാനത്തിന് മുകളിൽ നേട്ടം കൈവരിച്ചു. കേരളം നികുതി വരുമാനം ഉയർത്തുന്നതിന് നടത്തിയ ശ്രമങ്ങൾ ഫലം കണ്ടതോടെ ജി എസ് ടി വരുമാനത്തിന്റെ വർധനവിന്റെ തോത് 19.44 ശതമാനമായി (പട്ടിക–1). അന്തിമ വിൽപ്പനയെ ആധാരമാക്കിയുള്ള നികുതിയാകയാൽ ജി എസ് ടി വരുമാനത്തിലെ ഉയർച്ചയെ തീർച്ചയായും ഒരു തിരിച്ചുവരവിന്റെ സൂചനയായി വിലയിരുത്താം. ഇക്കാര്യത്തിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിനുള്ള സാധ്യതകളിലേക്ക് ഇത് വഴി തുറക്കുന്നു.

എക്സൈസ് തീരുവയുടെ കാര്യത്തിലാണ് കേരളം എടുത്തു പറയത്തക്ക നേട്ടം കൈവരിച്ചിരിക്കുന്നത്. 41.5 ശതമാനം വളർച്ചയാണ് കേരളം നേടിയത്. ഏറ്റവും ഉയർന്ന വളർച്ചാ തോതാണ് ഇത്. ഭൂമി രെജിസ്ട്രേഷൻ, മുദ്രവില എന്നിവയുടെ കാര്യത്തിൽ 28 ശതമാനം നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. പട്ടിക ഒന്ന് വ്യക്തമാക്കുന്ന കാര്യം, തനത് നികുതി വരുമാനത്തിന്റെ എല്ലാ ഘടകങ്ങളിലും 2021–22നെ അപേക്ഷിച്ച് 2022–23ൽ കേരളത്തിന് നേട്ടമുണ്ടാക്കാൻ കഴിഞ്ഞുവെന്നാണ്. ഇത്

**Table 4** - Fiscal Position of Kerala in 2022-23 over 2021-22 (Rs. in Crore)

| Sl.No | Description | Mar-23 | Mar-22 | Growth rate (%) |
|---|---|---|---|---|
| 1 | Revenue Receipts (a+b) | 132536.77 | 116546.50 | 13.72 |
| a) | Tax Revenue | 90230.04 | 76160.58 | 18.47 |
| | State's own tax revenue | 77164.84 | 63191.75 | 22.11 |
| | Goods and Services Tax | 34641.72 | 29002.48 | 19.44 |
| | Stamps and registration fees | 6216.71 | 4857.33 | 27.99 |
| | Land Revenue | 720.10 | 470.81 | 52.95 |
| | Sales Tax | 26912.74 | 22487.42 | 19.68 |
| | State Excise Duties | 2875.95 | 2032.23 | 41.52 |
| | State' share of Union Taxes | 13065.20 | 12968.83 | 0.74 |
| | Other Taxes and duties | 5797.62 | 4341.48 | 33.54 |
| b) | Non-Own Tax Revenue | 15021.27 | 10371.80 | 44.83 |
| | Grants aid Contributions | 27285.46 | 30014.12 | -9.09 |
| 2 | Capital Receipts | 23132.08 | 43518.61 | -46.85 |
| | Borrowing and other liabilities | 22672.50 | 42785.97 | -47.01 |
| 3 | Total Receipts (1+2) | 155668.85 | 160065.11 | -2.75 |
| 4 | Revenue Expenditure | 139359.95 | 143128.64 | -2.63 |
| 4(a) | Expenditure on Revenue account | 50463.52 | 46831.94 | 7.75 |
| b) | Expenditure on Interest Payment | 21840.77 | 19923.09 | 9.63 |
| c) | Expenditure on Salaries/wages | 39425.93 | 45585.43 | -13.51 |
| d) | Expenditure on Pension | 26087.46 | 26898.66 | -3.02 |
| e) | Expenditure on subsidy | 1542.27 | 3889.52 | -60.35 |
| 5 | Capital Expenditure | 13521.03 | 13851.86 | -2.39 |
| 6 | Total Expenditure (4+5) | 152880.98 | 156980.5 | -2.61 |
| 7 | Revenue Surplus (+)/Deficit (-) (14) | -6823.18 | -26582.14 | -74.33 |
| 8 | Fiscal Surplus (+)/Deficit (-) | -22672.5 | -42785.97 | -47.01 |
| 9 | Primary Deficit(8-4b) | -831.73 | -22862.88 | -96.36 |

കോവിഡിന് ശേഷമുള്ള ശക്തമായ തിരിച്ചുവരവിന്റെ സൂചനയാണ് നൽകുന്നത്. കേന്ദ്ര നികുതി വിഹിതത്തിന്റെ കാര്യത്തിൽ തുച്ഛമെന്ന് വിശേഷിപ്പിക്കാവുന്ന 0.7 ശതമാനം വളർച്ചയുണ്ടായ സ്ഥാനത്താണ് ഇതെന്നോർക്കണം.

തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലും 44.83 ശതമാനത്തിന്റെ മികച്ച വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞു. 10,000 കോടിയിൽ നിന്നും നികുതിയേതര വരുമാനം 15,000 കോടി രൂപയായി ഉയർന്നു (പട്ടിക–4). ഇക്കാര്യത്തിൽ തെലങ്കാന, ഉത്തരാഖണ്ഡ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ കേരളത്തേക്കാൾ ബഹുദൂരം മുന്നിലാണ്.

### റവന്യൂ ചെലവുകൾ

സാമ്പത്തികമായ തിരിച്ചുവരവിന്റെ ഒരു പ്രധാന മർമ്മം ചെലവുകൾ കൃത്യമായി ക്രമീകരിക്കുക എന്നതാണ്. റവന്യൂ ചെലവിന്റെ കാര്യത്തിൽ ഏറ്റവും ഉയർന്ന തോതിലുള്ള വർധന രേഖപെടുത്തിയിരിക്കുന്നത് ആന്ധ്രപ്രദേശിലാണ്, 26.1 ശതമാനം. 17 ശതമാനവുമായി പഞ്ചാബും 16.1 ശതമാനവുമായി മഹാരാഷ്ട്രയും ഒഡിഷയും തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നു. റവന്യൂ ചെലവുകളിൽ കുറവ് രേഖപ്പെടുത്തിയ ഏക സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ റവന്യൂ ചെലവുകളിൽ ഉണ്ടായ വളർച്ച–2.63 ശതമാനമാണ്. എന്നാൽ ഇക്കാര്യത്തിലെ ദേശീയ ശരാശരി 11.5 ശതമാനമാണ്. ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിലെ ചെലവ് യഥാക്രമം–13.5 ശതമാനവും–3.02 ശതമാനവുമായി കുറഞ്ഞു. എന്നാൽ 2022–23 ൽ പലിശ ഇനത്തിലെ

ചെലവുകൾ 9.63 ശതമാനം കണ്ട് വർധിച്ചു. സബ്സിഡി ചെലവുകൾ കേരളത്തിൽ–60 ശതമാനത്തിന്റെ വമ്പൻ ഇടിവാണ് രേഖപെടുത്തിയതെങ്കിൽ എല്ലാ സംസ്ഥാന ങ്ങളെയും ഒരുമിച്ചെടുക്കുമ്പോൾ ഇത് 19.6 ശതമാനം വർധന കാണിക്കുന്നു. സംസ്ഥാനത്ത് കോവിഡ് കാലത്ത് വലിയ തോതിൽ ഉയർന്ന സബ്സിഡി ചെലവുകളാണ് പിന്നീട് കുത്തനെ താഴ്ന്നത്.

**മൂലധനച്ചെലവുകൾ**

13 സംസ്ഥാനങ്ങളുടെ കാര്യത്തിലാണ് മൂലധന ചെലവുകൾ പോസിറ്റീവായ വളർച്ച കൈവരിച്ചിട്ടുള്ളതെന്ന് കാണാം. ഇക്കാര്യത്തിൽ ഏറ്റവും ഉയർന്ന തോതായ 45.1 ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത് ഒഡിഷയാണ് (പട്ടിക–3). ഏറ്റവും വലിയ ഇടിവ് ഉണ്ടായത് ആന്ധ്രാപ്രദേശിന്റെ കാര്യത്തിലാണ്, – 38.1 ശതമാനം. പഞ്ചാബ്–18.1 ശതമാനവും രാജസ്ഥാൻ–6.1 ശതമാനവും കുറവ് രേഖപ്പെടുത്തുകയുണ്ടായി (പട്ടിക–3). കേരളത്തിന്റെ കാര്യത്തിൽ ഈ പഠനത്തിന്റെ കാലയളവിൽ മൂലധനചെലവിൽ നേരിയ ഇടിവാണ് ഉണ്ടായത്. എന്നാൽ ഇക്കാര്യത്തിൽ കിഫ്ബി വഴി ഉണ്ടായ ചെലവുകൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. കണക്കുകളിൽ കേരളത്തിന്റെ മൂലധന ചെലവിൽ 2 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കിഫ്ബി വഴി നടത്തിയ ചെലവുകൾ കൂടി ഉൾപ്പെടുത്തിയാൽ യഥാർത്ഥ മൂലധനച്ചെലവ് ഉയർന്നതാണെന്ന് കാണാൻ കഴിയും.

**സംസ്ഥാനങ്ങളുടെ കടമെടുപ്പും കമ്മിയും**

2022–23 സാമ്പത്തിക വർഷത്തിൽ ഏഴ് സംസ്ഥാനങ്ങളുടെ കാര്യത്തിൽ കടമെടുപ്പിന്റെ തോതിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും വലിയ ഇടിവ് ഉണ്ടായത് ഒഡിഷയുടെ കാര്യത്തിലാണ്, –168.1 ശതമാനം. കേരളത്തിന്റെ കാര്യത്തിൽ–47 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബജറ്റിന് പുറത്തു നിന്നുള്ള വായ്പകളുടെ പേരിൽ സംസ്ഥാനത്തിന് കടമെടുക്കുന്നതിൽ കർശനമായ നിയന്ത്രണങ്ങൾ വന്നതാണ് ഇതിന് പ്രധാന കാരണം. ഇത് കേരളത്തിന്റെ മൂലധനച്ചെലവുകളെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

2021–22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2022–23ൽ 11 സംസ്ഥാനങ്ങളുടെ റവന്യു കമ്മിയിൽ നെഗറ്റീവ് വളർച്ചയാണ് ഉണ്ടായത്. കേരളത്തിന്റെ കാര്യമെടുത്താൽ റവന്യു കമ്മി–74 ശതമാനം കുറഞ്ഞു. അഖിലേന്ത്യാതലത്തിൽ നോക്കുമ്പോൾ 49 ശതമാനമാണ് ഇടിവ്. കേരളത്തേക്കാൾ ഉയർന്ന ഇടിവ് രേഖപ്പെടുത്തിയിരിക്കുന്നത് തെലങ്കാനയിലും (164 ശതമാനം) മഹാരാഷ്ട്രയിലു മാണ് (91 ശതമാനം). കർണാടകം പോലുള്ള ചില സംസ്ഥാനങ്ങളിൽ റവന്യു കമ്മി ഇല്ല. അതുകൊണ്ട് വരുമാനത്തിലും ചെലവിലും സമതുലിതമായ അവസ്ഥയിലാണ് ഈ സംസ്ഥാനങ്ങൾ. കടമെടുക്കുന്നത് പൂർണ്ണമായും മൂലധന ചെലവിനായി വിനിയോഗിക്കാൻ അവർക്ക് കഴിയുന്നു. ബീഹാർ, ആന്ധ്രപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും ഉയർന്ന റവന്യു കമ്മി രേഖപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിന്റെ ധനകമ്മി 47 ശതമാനം കണ്ട് കുറഞ്ഞിട്ടുണ്ട്. എന്നാൽ രാജ്യത്തെ മൊത്തത്തിലെടുക്കുമ്പോൾ ധനമിച്ചം 5 ശതമാനം കണ്ട് ഉയരുന്ന സ്ഥിതിയാണ് ഉണ്ടായത്. ഒഡിഷയും ഗുജറാത്തുമാണ് ധനകമ്മിയിൽ അതിവേഗത്തിലുള്ള മാറ്റം പ്രകടമാക്കിയത്. ഒഡിഷയുടെ കാര്യത്തിൽ 168 ശതമാനവും ഗുജറാത്തിന്റെ കേസിൽ 41 ശതമാനവും ഇടിവാണ് രേഖപ്പെടുത്തിയത്. എന്നാൽ ആന്ധ്രപ്രദേശ്, ബീഹാർ പോലുള്ള സംസ്ഥാനങ്ങൾ ധനകമ്മിയിൽ അഭൂതപൂർവമായ വർധനയാണ് പ്രകടമാക്കിയത്. കടമെടുക്കുന്ന കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ കടുത്ത നിയന്ത്രണങ്ങൾ മൂലം ധനക്കമ്മി കുറച്ചു നിർത്തുന്നതിന് കേരളം നിർബന്ധിതമാവുകയായിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തിന് ജി എസ് ഡി പിയുടെ 3 ശതമാനത്തിൽ കൂടുതൽ കടമെടുക്കാൻ

കഴിയില്ല. ഇതുമൂലം കേരളത്തിന്റെ ധനപരമായ സൗകര്യങ്ങൾക്കുണ്ടായിട്ടുള്ള ന്യൂനം അപരി മേയമാണ്. സഹകരണ ഫെഡറൽ തത്വങ്ങളുടെ കടുത്ത നിരാകരണം കൂടിയാണ് ഇത്. പ്രാഥമിക കമ്മിയുടെ കാര്യമെടുത്താൽ കേരളം–96.4 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. ആന്ധ്രപ്രദേശ്, ബീഹാർ, ഗുജറാത്ത്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളാണ് ഇക്കാര്യത്തിൽ ഉയർന്ന വളർച്ച രേഖപ്പെടുത്തിയത്.

ചുരുക്കത്തിൽ കേരളമുൾപ്പടെ നിരവധി സംസ്ഥാനങ്ങളിൽ ധനപരമായ അച്ചടക്കം പാലിക്കുന്നതിനുള്ള ആരോഗ്യകരമായ ശ്രമങ്ങൾ കാണാം. തനത് നികുതി വരുമാനത്തിൽ ഉണ്ടായ ഉയർന്ന വളർച്ചാ തോതാണ് ഇതിന് മുഖ്യകാരണം. കേന്ദ്രം നൽകുന്ന ധന സഹായ ങ്ങളിൽ ഉണ്ടായ കാര്യമായ ഇടിവും കേന്ദ്ര നികുതി വിഹിതത്തിൽ ഉണ്ടായ പരിമിതമായ വർധനയും മറി കടന്ന് കേരളത്തിന് തനത് നികുതി വരുമാനത്തിൽ ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്താൻ കഴിഞ്ഞു. എഫ് ആർ ബി എം നിയമം കർശനമായി പാലിക്കുന്നതിന്റെ ഭാഗമായി വായ്പയെടുക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണം കേരളത്തെ വല്ലാതെ ഉലച്ചു വെന്ന് പറയാം. ഇത് മൂലധനച്ചെല വുകൾക്ക് ശക്തമായ തിരിച്ചടിയേൽപിക്കു കയുണ്ടായി. റവന്യൂ, മൂലധന ചെലവുകൾ കുറയുന്നതിന് ഇത് വഴിയൊരുക്കി. കേന്ദ്രത്തിന്റെ കർശനമായ നിയന്ത്രണങ്ങൾ മൂലം ധനകമ്മി കുറച്ചു നിർത്തുന്നതിന് കേരളം നിർബന്ധിതമാവുകയായിരുന്നു. ബജറ്റിന് പുറത്തു കടം കൊണ്ട തുക മുൻവർഷങ്ങളിലെ 3 ശതമാനം വായ്പാ പരിധിയിലേക്ക് തട്ടിക്കിഴിക്കുകയാണ് കേന്ദ്രം ചെയ്തത്.

ഈ നിബന്ധനകൾ മൂലം സംസ്ഥാനത്തിന് അനുവദനീയമായ ജി എസ് ഡി പിയുടെ 3 ശതമാനം പരിധിക്കകത്ത് നിന്നുള്ള വായ്പ പോലുമെടുക്കാൻ കഴിയുന്നില്ല. ഇത് കേരളത്തിന്റെ ധനപരമായ പരിപ്രേക്ഷ്യ ത്തിന് ഏല്പിച്ച ആഘാതം ചെറുതല്ല. സഹകരണ ഫെഡറൽ തത്വങ്ങളുടെ നിർദാക്ഷിണ്യമുള്ള നിഷേധം കൂടിയാണ് ഇത്. ഇത്തരം പ്രശ്നങ്ങൾ ഉണ്ടെങ്കിലും തനത് നികുതി വരുമാനം കാര്യമായി ഉയർത്തുന്നതിനുള്ള സാദ്ധ്യതകൾ സംസ്ഥാനത്ത് കാര്യമായി തന്നെയുണ്ട്.

(വാണിജ്യ നികുതി വകുപ്പിന്റെ മികച്ച നിലവാരത്തിലുള്ള ആഡിറ്റ്, കൂടുതൽ നികുതി സമാഹരണത്തിനുള്ള പരിശീലനം, വരുമാന സാധ്യത കൂടുതലുള്ള വകുപ്പു കളിലെ ഇ – ഗവേണൻസ് നടപടികൾ തുടങ്ങിയ നീക്കങ്ങൾ ഇതിന് ഉദാഹരണ മാണ്).

■

(ഗിഫ്റ്റിന്റെ ഡയറക്ടറാണ് പ്രൊഫ. കെ. ജെ. ജോസഫ്, ഗിഫ്റ്റിലെ അസ്സോസിയേറ്റ് പ്രഫസറാണ് അനിതകുമാരി എൽ, ഗിഫ്റ്റിലെ റിസർച്ച് അസിസ്റ്റന്റണ് രാജ് കൃഷ്ണ്.)

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 2*
*ഏപ്രിൽ – ജൂൺ 2023*

# ജി എസ് ടി സമ്പ്രദായം അരവ്യാഴവട്ടം പിന്നിടുമ്പോൾ – സംസ്ഥാനാന്തര വിശകലനം

ജെറോം ജോസഫ്, കിരൺകുമാർ കക്കർലപുടി,

**ആമുഖം**

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഇന്ത്യ കണ്ട ഏറ്റവും ശ്രദ്ധേയമായ പരോക്ഷ നികുതി പരിഷ്കരണമാണ് 2017 ജൂലൈ ഒന്നിന് നടപ്പിൽ വന്ന ചരക്ക് സേവന നികുതി അഥവാ ജി എസ് ടി. കൂടുതൽ ലളിതവും സുതാര്യവുമായ ഈ നികുതി സമ്പ്രദായം വഴി കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വരുമാനത്തിൽ വർധനയുണ്ടാകുമെന്നാണ് പൊതുവെ പ്രതീക്ഷിച്ചിരുന്നത്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തനതായി ഏർപ്പെടുത്തിയിരുന്ന പല നികുതികളും സംയോജിപ്പിച്ചാണ് പുതിയ നികുതി രീതി നടപ്പിലാക്കിയത്. കേന്ദ്രത്തെ അപേക്ഷിച്ച് സംസ്ഥാനങ്ങളാണ് കൂടുതൽ നികുതി അധികാരങ്ങൾ വിട്ടു നൽകിയതെന്ന് കാണാം. ഇത് സംസ്ഥാനങ്ങളുടെ വരുമാനം സംബന്ധിച്ച സ്വയംഭരണത്തെ കുറിച്ച് ഉയർത്തിയ ആശങ്കകൾ ചെറുതല്ല. സംസ്ഥാനങ്ങളുടെ പൊതുധനകാര്യ നിർവഹണം സുസ്ഥിരമായ നിലയിൽ മുന്നോട്ട് പോകണമെങ്കിൽ അവയുടെ റവന്യൂ വരുമാനത്തിലും സുസ്ഥിരത ഉണ്ടാകേണ്ടതുണ്ട് (മുഖർജി –2023). എന്നാൽ ഇത്തരം ആശങ്കകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനങ്ങളുടെ വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി 2017ൽ ജി എസ് ടി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം പാസാക്കുകയുണ്ടായി. 2015–16 എന്ന വർഷം അടിസ്ഥാനമാനായി കണക്കാക്കി 14 ശതമാനം വാർഷിക വളർച്ച ഉറപ്പാക്കി സംസ്ഥാനങ്ങളുടെ വരുമാനം ഈ നിയമം വഴി ഉറപ്പാക്കിയിരിക്കുന്നു. 2017 ജൂലൈ മാസം മുതൽ 2022 ജൂൺ

***ജി എസ് ടിക്ക് മുൻപും പിൻപുമുള്ള സംസ്ഥാനങ്ങളുടെ വളർച്ച താരതമ്യം ചെയ്യുമ്പോൾ ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡിഷ, പഞ്ചാബ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഉയർന്ന വളർച്ചാ നിരക്ക് കൈവരിച്ചതായി കാണാൻ കഴിയും. കൗതുകകരമെന്ന് പറയട്ടെ, ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഇന്ത്യയിലെ ഏറ്റവും വലിയ ഉത്പാദക സംസ്ഥാനങ്ങളാണ്. ജി എസ് ടി അന്തിമ ഉപഭോഗത്തെ ആസ്പദമാക്കിയുള്ള ഒരു നികുതിയായതിനാൽ ഉത്പാദക സംസ്ഥാനങ്ങളുടെ വരുമാനം കുറയുമെന്ന വാദം പൂർണ്ണമായും നിരാകരിക്കുന്നതാണ് ഈ വസ്തുത.***

***ജി എസ് ടി നടപ്പായതിന് ശേഷം ഏറ്റവും കുറവ് വളർച്ച കൈവരിച്ച സംസ്ഥാനം ജാർഖണ്ഡ് ആണ് (10.7%). 12.3 ശതമാനവുമായി കേരളവും ഛത്തിസ്ഗഢുമാണ് തുടർന്ന് വരുന്നത്. ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ജി എസ് ടി കൂടുതൽ നേട്ടം നൽകുമെന്ന വാദത്തിനെതിരാണ് ഈ വസ്തുത.***

വരെയുള്ള അഞ്ചു വർഷക്കാലത്തേക്കാണ് ഇത് പ്രാവർത്തികമാക്കിയത് (ഗുപ്ത, രാജരാമൻ – 2020). നഷ്ടപരിഹാരത്തിനുള്ള സമയപരിധി 2022 ജൂൺ 30നു അവസാനിച്ചു. എന്നാൽ ധൃതി പിടിച്ച് നടപ്പാക്കിയ ജി എസ് ടി സമ്പ്രദായം ഇനിയും താളം കണ്ടെത്തിയിട്ടില്ലെന്ന് പറയേണ്ടി വരും. ഇതിനിടയിൽ ഉണ്ടായ കോവിഡ് മഹാമാരി സാമ്പത്തിക മേഖലയെയും നികുതി വരുമാനത്തെയും ഏറെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. അതുകൊണ്ട് നഷ്ടപരിഹാരത്തിന്റെ സമയ പരിധി ദീർഘിപ്പിക്കണമെന്ന ആവശ്യം ഒരു വിഭാഗം വിദഗ്ദ്ധർ ഉന്നയിക്കുന്നുണ്ട് (റാവു –2022).

നഷ്ടപരിഹാരം ഇല്ലാതായിട്ട് ഇപ്പോൾ ഒരു വർഷം പിന്നിട്ടിരിക്കുന്നു. മാസംതോറുമുള്ള ജി എസ് ടി വരുമാനം 1.5 ലക്ഷം കോടി രൂപ മറി കടക്കുന്നതായാണ് റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നത്. 2023–24ന്റെ ആദ്യപാദത്തിൽ വരുമാനം 1.69 ലക്ഷം കോടി രൂപയിലേക്ക് ഉയർന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ കഴിഞ്ഞ 6 വർഷക്കാലത്തെ ജി എസ് ടി വരുമാനത്തിലെ പുരോഗതിയും ജി എസ് ടി നടപ്പാക്കുന്നതിന് മുൻപുള്ള വരുമാനവും താരതമ്യം ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് കരുതുകയാണ്.

സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിന്റെ സമഗ്രമായ ഒരു അവലോകനമാണ് ഈ ലേഖനത്തിന്റെ പ്രധാന ലക്ഷ്യം. ജി എസ് ടി നടപ്പാക്കുന്നതിന് മുൻപും അതിന് ശേഷവുമുള്ള സ്ഥിതി ഇതിൽ വിലയിരുത്തുന്നു. ഇതോടൊപ്പം ജി എസ് ടി നഷ്ടപരിഹാരം എങ്ങനെയാണ് സംസ്ഥാനങ്ങളെ ബാധിച്ചത് എന്ന കാര്യവും ഇതിൽ പരിശോധിക്കപ്പെടുന്നുണ്ട്.

ഇനി പറയുന്ന പ്രകാരമാണ് ലേഖനം ക്രമപ്പെടുത്തിയിരിക്കുന്നത്. ആദ്യമായി നികുതി വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് അവലോകനം ചെയ്യുന്നു. അതിനെ ജി എസ് ടിക്ക് മുൻപുള്ള അവസ്ഥയുമായി താരതമ്യം ചെയ്യുന്നു. ജി എസ് ടി നിലവിൽ വന്നതിന് ശേഷമുള്ള മാറ്റം പരിശോധിക്കുകയാണ് ഇതിന്റെ ലക്ഷ്യം. നികുതി – ജി ഡി പി അനുപാതം വിശകലനം ചെയ്ത് ജി ഡി പിയുടെ കാര്യത്തിൽ പരോക്ഷ നികുതി നൽകുന്ന സംഭാവന വിലയിരുത്തുന്നു. അടുത്ത ഭാഗത്ത് ജി എസ് ടി നടപ്പാക്കിയതിന് ശേഷവും അതിന് മുൻപുമുള്ള നികുതി ബൂയൻസി അവലോകനം ചെയ്യുന്നു. ഏറ്റവും ഒടുവിൽ ജി എസ് ടി നഷ്ടപരിഹാരം അവസാനിപ്പിച്ചത് എങ്ങനെയാണ് സംസ്ഥാനങ്ങളെ ബാധിച്ചത് എന്ന് വിലയിരുത്തുന്നു.

## 2. വിവരങ്ങളും പഠന രീതിയും

ഈ പഠനത്തിനായി 16 പ്രമുഖ സംസ്ഥാനങ്ങളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ആന്ധ്രാപ്രദേശിൽ നിന്നും വേർപെട്ട് തെലങ്കാന എന്ന സംസ്ഥാനം രൂപീകൃതമായ 2014–നു മുൻപുള്ള ഘട്ടത്തിലേക്ക് ഈ പഠനത്തിന്റെ ദിശ നീളുന്നുണ്ട്. അതുകൊണ്ട് ഈ രണ്ടു സംസ്ഥാനങ്ങളെയും ചേർത്തുള്ള കണക്കുകൾ ആന്ധ്രപ്രദേശ്

എന്ന പേരിലാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. 2012–13 മുതൽ 2022–23 വരെയുള്ള ഘട്ടം അതായത് ജി എസ് ടി നടപ്പാക്കുന്നതിന് മുൻപും പിമ്പുമുള്ള അഞ്ചു വർഷങ്ങളാണ് പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. നികുതി പരിവർത്തനത്തിന്റെ വർഷമായതിനാൽ 2017–18 വർഷത്തെ കണക്കിലെടുത്തിട്ടില്ല. ഇതു കൂടാതെ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ജി എസ് ടിക്ക് മുൻപുള്ള നികുതി വരുമാനത്തെ പരിവർത്തന ഘട്ടത്തിലെ കണക്കിൽ ഉൾപ്പെടുത്തിയതിനാൽ യഥാർത്ഥ സാദ്ധ്യതകൾ പ്രതിഫലിപ്പിക്കുന്നതല്ല 2017–18 ലെ കണക്കുകൾ (മുഖർജി–2023). ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ജി എസ് ടിക്ക് മുൻപുള്ള കണക്കുകൾ പോർട്ടലിൽ ലഭ്യമല്ല. അതു കൊണ്ട് 2020–ലെ മുഖർജിയുടെ പഠനത്തിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ഞങ്ങൾ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാന ജി എസ് ടി യും (എസ് ജി എസ് ടി) സംയോജിത ജി എസ് ടിയിലെ (ഐ ജി എസ് ടി) സംസ്ഥാനങ്ങളുടെ വിഹിതവും ചേർത്തുള്ള തുകയാണ് സംസ്ഥാന വരുമാനമായി കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനങ്ങളുടെ ജി എസ് ഡി പി സംബന്ധിച്ച വിവരങ്ങൾക്ക് ആധാരമാക്കിയിരിക്കുന്നത് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ്

**Figure 1:** Components of states' GST revenue




*Source: Authors' own calculation using data from the GST Portal*

പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ മന്ത്രലയത്തിലെ വിവരങ്ങളും ജി എസ് ടി വരുമാന വിവരങ്ങൾ ജി എസ് ടി പോർട്ടലിൽ നിന്നുമാണ് എടുത്തിരിക്കുന്നത്.

**സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിന്റെ ഘടന**

ഇക്കാര്യത്തിൽ രണ്ട് ഘടകങ്ങളാണുള്ളത്. സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സും (എസ് ജി എസ് ടി) ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സിൽ (ഐ ജി എസ് ടി) നിന്നുള്ള സെറ്റിൽമെന്റ് തുകയുമാണ് അവ. സംസ്ഥാനത്തിനകത്തെ ഇടപാടുകളുടെ 50 ശതമാനം എസ് ജി എസ് ടി ആയി സംസ്ഥാനങ്ങൾ സമാഹരിക്കുന്നു. ശേഷിക്കുന്ന 50 ശതമാനം സി ജി എസ് ടി ഇനത്തിൽ കേന്ദ്രവും സമാഹരിക്കുന്നു. അന്തർ സംസ്ഥാന ഇടപാടുകളിൽ ജി എസ് ടി പൂർണ്ണമായും ഐ ജി എസ് ടി ആയാണ് ശേഖരിക്കുന്നത്. ഇത് പിന്നീട് കേന്ദ്രവും അന്തിമ ഇടപാട് നടന്ന സംസ്ഥാനവും തമ്മിൽ തുല്യമായി പങ്ക് വയ്ക്കുന്നു. ഇതാണ് ഐ ജി എസ് ടി സെറ്റിൽമെന്റ് വഴിയായി സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വരുമാനം.

ഒരു സംസ്ഥാനത്തിന്റെ എസ് ജി എസ് ടി വരുമാനം ഉയർന്നതാണെങ്കിൽ അതിനർത്ഥം അവിടെ സംസ്ഥാനത്തിനകത്തുള്ള ഇടപാടുകൾ കൂടുതലായി നടക്കുന്നു

**Table 1:** Pre and post-GST revenue growth rates of states

| Name of State | Pre GST | | | | | Post GST | | | | |
|---|---|---|---|---|---|---|---|---|---|---|
| | 13-14 | 14-15 | 15-16 | 16-17 | Avg | 19-20 | 20-21 | 21-22 | 22-23 | Avg |
| Andhra Pradesh | 5.6 | -1.1 | 6.9 | 17.7 | 7.3 | 8.1 | -7.1 | 30.7 | 23.4 | 13.8 |
| Bihar | 23.8 | 4.0 | 27.8 | 15.5 | 17.8 | 15.6 | -2.2 | 22.8 | 23.2 | 14.9 |
| Chhattisgarh | 8.5 | 5.1 | 7.6 | 9.7 | 7.7 | 8.6 | -3.4 | 21.3 | 22.7 | 12.3 |
| Gujarat | 4.4 | 6.9 | -0.3 | 4.2 | 3.8 | 8.4 | -11.7 | 49.3 | 22.9 | 17.2 |
| Haryana | 7.5 | 14.8 | 10.7 | 12.1 | 11.3 | 13.8 | -4.2 | 31.8 | 25.9 | 16.8 |
| Jharkhand | 9.2 | 11.9 | 2.4 | 25.7 | 12.3 | 14.8 | -10.5 | 20.3 | 18.2 | 10.7 |
| Karnataka | 13.8 | 13.9 | 9.8 | 9.3 | 11.7 | 13.9 | -9.4 | 33.7 | 24.1 | 15.6 |
| Kerala | 9.8 | 9.2 | 6.6 | 10.3 | 9.0 | 5.5 | -8.9 | 27.8 | 24.9 | 12.3 |
| Madhya Pradesh | 5.8 | 9.0 | 8.3 | 13.3 | 9.1 | 10.6 | -7.8 | 24.4 | 25.1 | 13.1 |
| Maharashtra | 2.5 | 5.4 | 1.4 | 11.5 | 5.2 | 9.2 | -14.6 | 41.8 | 24.7 | 15.3 |
| Odisha | 8.7 | 7.2 | 2.7 | 14.8 | 8.3 | 22.9 | -1.8 | 27.6 | 16.2 | 16.2 |
| Punjab | 13.1 | 7.1 | -18.2 | 27.4 | 7.4 | 13.2 | -11.5 | 38.3 | 19.1 | 14.8 |
| Rajasthan | 10.1 | 20.6 | 9.0 | 3.1 | 10.7 | 5.2 | -7.4 | 35.5 | 25.3 | 14.6 |
| Tamil Nadu | 3.3 | 7.4 | 7.2 | 5.1 | 5.8 | 8.7 | -12.7 | 32.2 | 21.7 | 12.5 |
| Uttar Pradesh | 1.1 | 9.0 | 8.3 | 9.2 | 6.9 | 12.7 | -11.0 | 29.9 | 19.4 | 12.7 |
| West Bengal | 17.8 | 8.4 | 2.8 | 12.7 | 10.4 | 11.5 | -9.8 | 25.7 | 24.0 | 12.9 |

*Source: Own calculation using data from the GST portal.*

***ജി എസ് ടി നഷ്ടപരിഹാരം 2022-23 സാമ്പത്തിക വർഷത്തിലും തുടർന്നിരുന്നുവെങ്കിൽ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും അവയുടെ യഥാർത്ഥ വരുമാനത്തിൽ 20 ശതമാനമെങ്കിലും വളർച്ച കൈവരിക്കാൻ കഴിയുമായിരുന്നു.***

എന്നാണ്. എന്നാൽ ഐ ജി എസ് ടി വരുമാനമാണ് കൂടുതലെങ്കിൽ അന്തർ സംസ്ഥാന ഇടപാടാണ് കൂടുതൽ എന്നാണ് അർത്ഥം. ജി എസ് ടി അന്തിമ ഇടപാട് നടക്കുന്ന സംസ്ഥാനത്തെ ആധാരമാക്കിയുള്ള നികുതി ആയതിനാൽ ഉപഭോക്തൃ സംസ്ഥാനങ്ങൾ ഉല്പാദന സംസ്ഥാനങ്ങളേക്കാൾ കൂടുതൽ നേട്ടമുണ്ടാക്കും എന്നാണ് അനുമാനിക്കുന്നത്. മൊത്തം വരുമാനത്തിൽ എസ് ജി എസ് ടി, ഐ ജി എസ് ടി എന്നീ ഇനങ്ങളുടെ പങ്കാണ് രേഖാചിത്രം ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (രേഖാചിത്രം–1).

സംസ്ഥാനങ്ങളെ ഉയർന്ന ഐ ജി എസ് ടി വിഹിതം ലഭിക്കുന്ന സംസ്ഥാനങ്ങൾ എന്നും എസ് ജി എസ് ടി വിഹിതം കൂടുതൽ ലഭിക്കുന്ന സംസ്ഥാനങ്ങൾ എന്നും രണ്ടായി തിരിക്കുവാൻ കഴിയും. ഉദാഹരണത്തിന്, ഛത്തീസ്ഗഢ്, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, മഹാരാഷ്ട്ര, ഒഡിഷ, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ഉയർന്ന എസ് ജി എസ് ടി വിഹിതം ലഭിക്കുന്ന സംസ്ഥാനങ്ങളാണ്. അതായത് ഈ സംസ്ഥാനങ്ങളിൽ സംസ്ഥാനത്തിനകത്തുള്ള ഇടപാടുകളാണ് കൂടുതലായി നടക്കുന്നത് എന്നർത്ഥം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഉപഭോക്തൃ ആവശ്യങ്ങൾക്കായി മറ്റു സംസ്ഥാനങ്ങളെ ഇവ അധികം ആശ്രയിക്കുന്നില്ല. മറിച്ച് ബീഹാർ, കേരളം, മധ്യപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഐ ജി എസ് ടി വിഹിതമാണ് ഉയർന്നു നിൽക്കുന്നത്. ഇവ അന്തർസംസ്ഥാന വ്യാപാരത്തെയാണ് കൂടുതലായി ആശ്രയിക്കുന്നത്. രേഖാചിത്രം ഒന്നിൽ ഇത്തരത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**ജി എസ് ടി വരുമാനത്തിലെ വളർച്ച**

ജി എസ് ടി നിലവിൽ വന്നതോടെ നികുതി സമ്പ്രദായം കൂടുതൽ ലളിതവും സുതാര്യവുമായത് നികുതി വരുമാനം ഉയർത്തുമെന്ന് പൊതുവെ പ്രതീക്ഷിച്ചു. എന്നാൽ പഠനങ്ങളിൽ നിന്നും ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള അസമത്വവും വേർതിരിവുമാണ് വെളിവാകുന്നത് (ഡാഷ്, കക്കർലാപുടി–2022). മഹാമാരി ഇത്തരത്തിലുള്ള അന്തരം കൂടുതൽ പ്രകടമാകുന്നതിന് വഴിയൊരുക്കി (ഡാഷ്, ജോസഫ് –2022). ഇക്കാര്യത്തിൽ ജി എസ് നടപ്പാക്കുന്നതിന് മുൻപും പിമ്പുമുള്ള വരുമാനത്തിന്റെ ചിത്രമാണ് പട്ടിക ഒന്നിൽ കാണുന്നത്. 2018–19 മുതലുള്ള വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2013–14 മുതൽ 2016–17 വരെയുള്ള വർഷങ്ങളിലെ (ജി എസ് ടിക്ക് മുൻപ്) വരുമാനവും 2019–20 മുതൽ 2022–23 വരെയുള്ള (ജി എസ് ടിക്ക് ശേഷമുള്ള) വരുമാനവുമാണ് പട്ടികയിൽ താരതമ്യം ചെയ്യുന്നത് (പട്ടിക–1).

2020–21 വർഷത്തിൽ മഹാമാരി മൂലം വരുമാനത്തിൽ കാര്യമായ ഇടിവുണ്ടായിട്ടുണ്ട്. ഇതൊഴിച്ചു നിർത്തിയാൽ ജി എസ് ടി നടപ്പാക്കിയതിന് ശേഷം സംസ്ഥാനങ്ങൾ ഉയർന്ന വരുമാന വളർച്ചാതോത് കൈവരിച്ചതായി കാണാം. ബീഹാർ, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് ഇതിന് ഒരപവാദമായിട്ടുള്ളത്.

ജി എസ് ടി നടപ്പാക്കുന്നതിന് മുൻപ്

വരുമാന വളർച്ചയുടെ കാര്യത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനങ്ങളാണ് ബീഹാർ, ജാർഖണ്ഡ് എന്നിവ. ഇവയുടെ കാര്യത്തിൽ ജി എസ് ടി നടപ്പാക്കുന്നതിന് മുൻപും പിൻപും പ്രകടമായ വ്യതിയാനം ഉണ്ടായിട്ടുണ്ട്. ഹരിയാന, കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ മാറ്റി നിർത്തിയാൽ ബീഹാർ, ജാർഖണ്ഡ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നീ കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങൾ ജി എസ് ടിക്ക് മുൻപ് രണ്ടക്ക വളർച്ച കൈവരിച്ചതായി കാണാം. എന്നാൽ ജി എസ് ടി സമ്പ്രദായം നിലവിൽ വന്നതിന് ശേഷം ഗുജറാത്ത് (17.2%), ഹരിയാന (16.8%), ഒഡിഷ (16.2%), കർണ്ണാടക (15.6%), മഹാരാഷ്ട്ര (15.3%) എന്നീ സംസ്ഥാനങ്ങൾ മികച്ച പ്രകടനം കാഴ്ച്ച വച്ചതായി കാണാം. രണ്ടു ഘട്ടങ്ങളെയും താരതമ്യം ചെയ്യുമ്പോൾ വെളിവാകുന്ന കാര്യം ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡിഷ, പഞ്ചാബ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ വളരെ ഉയർന്ന വളർച്ച കൈവരിച്ചുവെന്നാണ്. ഇതിൽ കൗതുകകരമായ കാര്യം ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഇന്ത്യയിലെ മികച്ച ഉത്പാദക സംസ്ഥാനങ്ങളാണ് എന്നതാണ്. ജി എസ് ടി നിലവിൽ വരുന്നതോടെ ഉത്പാദക സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം സംഭവിക്കുമെന്നും ഉപഭോക്തൃ സംസ്ഥാനങ്ങൾ നേട്ടമുണ്ടാകുമെന്നുമുള്ള സിദ്ധാന്തത്തെ നിരാകരിക്കുന്നതാണ് ഈ കണ്ടെത്തൽ.

**Table 2:** Pre- and post-GST Tax to GDP ratio of states

| State | Pre GST | | | | | | Post GST | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 12-13 | 13-14 | 14-15 | 15-16 | 16-17 | Avg | 18-19 | 19-20 | 20-21 | 21-22 | 22-23 | Avg |
| Andhra Pradesh | 3.3 | 3.1 | 2.7 | 2.5 | 2.6 | 2.9 | 2.3 | 2.3 | 2.1 | 2.3 | 2.5 | 2.3 |
| Bihar | 2.7 | 3.0 | 2.9 | 3.4 | 3.5 | 3.1 | 2.5 | 2.6 | 2.5 | 2.7 | 2.6 | 2.6 |
| Chhattisgarh | 3.4 | 3.1 | 3.1 | 3.3 | 3.1 | 3.2 | 2.1 | 2.2 | 2.1 | 2.2 | 2.4 | 2.2 |
| Gujarat | 3.6 | 3.4 | 3.1 | 2.8 | 2.6 | 3.1 | 2.1 | 2.1 | 1.9 | 2.3 | 2.6 | 2.2 |
| Haryana | 3.2 | 3.0 | 3.1 | 3.1 | 3.0 | 3.1 | 2.4 | 2.6 | 2.4 | 2.7 | 3.0 | 2.6 |
| Jharkhand | 2.9 | 3.0 | 2.9 | 3.1 | 3.4 | 3.1 | 5.6 | 6.3 | 5.8 | 6.1 | 6.2 | 6.0 |
| Karnataka | 3.7 | 3.5 | 3.6 | 3.5 | 3.3 | 3.5 | 2.5 | 2.6 | 2.4 | 2.6 | 2.8 | 2.6 |
| Kerala | 3.2 | 3.1 | 3.1 | 3.0 | 2.9 | 3.1 | 2.3 | 2.4 | 2.3 | 2.5 | 2.8 | 2.5 |
| Madhya Pradesh | 3.2 | 3.0 | 3.0 | 2.8 | 2.7 | 2.9 | 2.0 | 2.0 | 1.8 | 1.9 | 2.0 | 2.0 |
| Maharashtra | 3.8 | 3.4 | 3.4 | 3.1 | 3.1 | 3.3 | 3.0 | 3.1 | 2.7 | 3.2 | 3.5 | 3.1 |
| Odisha | 3.5 | 3.4 | 3.4 | 3.4 | 3.2 | 3.4 | 2.1 | 2.4 | 2.4 | 2.5 | 2.5 | 2.4 |
| Punjab | 4.9 | 5.0 | 5.0 | 3.7 | 4.3 | 4.6 | 2.2 | 2.4 | 2.1 | 2.7 | 2.9 | 2.4 |
| Rajasthan | 2.4 | 2.4 | 2.6 | 2.5 | 2.3 | 2.4 | 2.3 | 2.2 | 2.0 | 2.2 | 2.4 | 2.2 |
| Tamil Nadu | 2.9 | 2.7 | 2.6 | 2.5 | 2.4 | 2.6 | 2.3 | 2.3 | 1.9 | 2.2 | 2.4 | 2.2 |
| Uttar Pradesh | 3.4 | 3.0 | 3.0 | 2.9 | 2.8 | 3.0 | 2.6 | 2.7 | 2.5 | 2.8 | 3.1 | 2.8 |
| West Bengal | 2.6 | 2.7 | 2.7 | 2.5 | 2.6 | 2.6 | 2.2 | 2.3 | 2.1 | 2.2 | 2.4 | 2.2 |

*Source: Authors' own calculation using data from the GST portal and MoSPI*

***ജി എസ് ടി നിലവിൽ വന്നതിന് ശേഷം മിക്കവാറും സംസ്ഥാനങ്ങളുടെയും നികുതി വരുമാനത്തിന്റെ തോത് ഉയർന്നിട്ടുണ്ട്. എന്നാൽ ഒരു സംസ്ഥാനത്തിന്റെ കാര്യത്തിലും നികുതി – ജി ഡി പി അനുപാതം കൂടിയതായി കാണുന്നില്ല.***

ജി എസ് ടി നടപ്പാക്കിയപ്പോൾ ഏറ്റവും കുറവ് വളർച്ച പ്രകടമാക്കിയ സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ് കേരളം. ജാർഖണ്ഡ് ആണ് 10.7 ശതമാനമെന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം. 12.3 ശതമാനവുമായി കേരളവും ഛത്തിസ്ഗഡും തൊട്ടടുത്ത സ്ഥാനത്ത് വരുന്നു. ജി എസ് ടി വരുന്നതോടെ ഉപഭോക്തൃ സംസ്ഥാനങ്ങൾക്കായിരിക്കും നേട്ടമെന്ന വാദത്തെ പൊളിക്കുന്നതാണ് ഇത്. വരുമാനത്തിലെ വളർച്ചയുടെ കാര്യത്തിൽ ഇന്ത്യയിൽ എട്ടാം സ്ഥാനത്തായിരുന്ന കേരളം ജി എസ് ടി നടപ്പിലാക്കിയതിന് ശേഷം പതിന്നാലാം സ്ഥാനത്തേക്ക് താഴ്ന്നു. ഇക്കാര്യത്തിൽ ഏറ്റവും താഴെ നിൽക്കുന്ന അഞ്ചു സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം. ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ് മറ്റുള്ളവ. പൊതുവെ ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന കേരളം മാത്രമാണ് ജി എസ് ടി വരുമാന വളർച്ചയിൽ കുറഞ്ഞ നിലവാരം കാഴ്ച്ച വയ്ക്കുന്നത്.

**നികുതി – ജി ഡി പി അനുപാതം**

മൊത്തം നികുതി വരുമാനം ജി ഡി പിയുടെ എത്ര ശതമാനം എന്ന് കണക്കാക്കുന്നതിനെയാണ് നികുതി – ജി ഡി പി അനുപാതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് ഒരു രാജ്യത്തെ മൊത്തം ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകത്തുകയിൽ എത്രയാണ് സർക്കാർ, നികുതി എന്ന നിലയിൽ സമാഹരിക്കുന്നത് എന്നർത്ഥം. ഒരു സർക്കാർ ആ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ വിവിധ സാമ്പത്തിക സ്രോതസുകളെ എത്രമാത്രം നിയന്ത്രിക്കുന്നു എന്നതിന്റെ അളവുകോൽ കൂടിയാണ് ഇത് (ഏഷ്യൻ വികസന ബാങ്ക്–2021). ഇത് നികുതി അടിസ്ഥാനത്തിന്റെ ഒരു സൂചകം കൂടിയാണ്. ഉയർന്ന നികുതി – ജി ഡി പി അനുപാതമാണ് അഭികാമ്യമായത്. കാരണം, സ്ഥിരമായ ജി ഡി പിയിൽ കൂടുതൽ നികുതി പിരിക്കാൻ കഴിയുന്നു എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

ജി എസ് ടിക്ക് മുൻപും പിൻപുമുള്ള ഘട്ടങ്ങളിലെ ജി എസ് ടി – ജി എസ് ഡി പി അനുപാതത്തെ പട്ടിക ഒന്നിൽ താരതമ്യം ചെയ്യുകയാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് ജി എസ് ടി സമ്പ്രദായം നിലവിൽ വന്നതിന് ശേഷം നികുതി –ജി ഡി പി അനുപാതത്തിൽ നേട്ടം കൈവരിച്ചിരിക്കുന്ന ഒരേയൊരു സംസ്ഥാനം ജാർഖണ്ഡ് ആണ് എന്നാണ് (3.1 ശതമാനത്തിൽ നിന്ന് 6 ശതമാനമായി). ജി എസ് ടി ഘട്ടത്തിലെ ഏറ്റവും ഉയർന്ന നികുതി – ജി ഡി പി അനുപാതമാണ് ഇത്. മറ്റെല്ലാ സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ ഇടിവാണ് രേഖപ്പെടുത്തിയത്. എന്നാൽ 2020–21നു ശേഷം മിക്കവാറും സംസ്ഥാനങ്ങളുടെയും കാര്യത്തിൽ ഇത് ഉയർന്നതായി കാണാം. മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും ഉയർന്ന നേട്ടം കൈവരിച്ചത്. ഈ സംസ്ഥാനങ്ങളുടെ കാര്യ ത്തിൽ 2020–21ൽ യഥാക്രമം 2.7, 2.1 ശതമാനമായിരുന്നത് 2022–23ൽ 3.5 ശതമാനവും 2.9 ശതമാനവുമായി ഉയർന്നു. ഗുജറാത്ത്,

ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് തുടർന്ന് വരുന്നത്.

ജി എസ് ടി നടപ്പാക്കുന്നതിന് മുൻപ് പഞ്ചാബ് 4.6 ശതമാനവും കർണ്ണാടക 3.5 ശതമാനവും ഒഡിഷ 3.4 ശതമാനവും അനുപാതമാണ് രേഖപ്പെടുത്തിയത്. ഇത് ഏറ്റവും ഉയർന്ന തോതായിരുന്നു. 2.4 ശതമാനവുമായി രാജസ്ഥാനും 2.6 ശതമാനവുമായി പശ്ചിമ ബംഗാളും 2.6 ശതമാനവുമായി തമിഴ്നാടുമാണ് ഏറ്റവും താഴെ സ്ഥാനം പിടിച്ചത്. 2018–19നും 2022–23നുമിടയിൽ ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്കിടയിൽ കാര്യമായ മാറ്റം സംഭവിക്കുകയുണ്ടായി. ഏറ്റവും ഉയർന്ന അനുപാതം രേഖപെടുത്തിയിരുന്ന പഞ്ചാബിന് ജി എസ് ടി ഘട്ടത്തിൽ അത് തുടരാനായില്ല. അത് 4.6 ശതമാനത്തിൽ നിന്നും 2.4 ശതമാനത്തിലേക്ക് ഇടിഞ്ഞു. ജി എസ് ടി യുടെ ഘട്ടത്തിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനങ്ങൾ ജാർഖണ്ഡ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നിവയാണ്. മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ ഏറ്റവും താഴെ തട്ടിലെത്തി. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ മെച്ചപ്പെട്ട പ്രകടനം മൂലം കേരളത്തിന്റെ സ്ഥാനം ഒൻപതിൽ നിന്നും എട്ടായി (പട്ടിക 2).

കോവിഡിന് ശേഷം ഉപഭോഗത്തിൽ ഉണ്ടായ വളർച്ചയും ഒപ്പം ഇ–ഇൻവോയ്സിംഗ് നടപ്പാക്കിയതുമാണ് കേരളത്തിന്റെ നില മെച്ചപ്പെടാൻ കാരണം. എന്നാൽ ജി

**Table 3:** Pre- and post-GST Tax to GDP ratio of states

| Name of State/UT | Pre GST | | | | | Post GST | | | | |
|---|---|---|---|---|---|---|---|---|---|---|
| | 13-14 | 14-15 | 15-16 | 16-17 | Avg | 19-20 | 20-21 | 21-22 | 22-23 | Avg |
| Andhra Pradesh | 0.4 | -0.1 | 0.5 | 1.3 | 0.53 | 0.96 | -5.93 | 1.67 | 1.44 | -0.46 |
| Bihar | 1.9 | 0.5 | 3.3 | 1.2 | 1.73 | 1.51 | -2.71 | 1.52 | 0.85 | 0.29 |
| Chhattisgarh | 0.5 | 0.7 | 4.1 | 0.6 | 1.49 | 1.60 | -3.82 | 1.26 | 1.80 | 0.21 |
| Gujarat | 0.4 | 0.5 | 0.0 | 0.3 | 0.29 | 1.00 | -9.62 | 2.51 | 1.82 | -1.07 |
| Haryana | 0.5 | 1.6 | 0.8 | 0.9 | 0.94 | 2.90 | -3.16 | 1.83 | 1.82 | 0.85 |
| Jharkhand | 1.2 | 0.7 | -0.4 | 1.8 | 0.82 | 9.81 | 3.39 | 1.44 | 1.06 | 3.93 |
| Karnataka | 0.8 | 1.2 | 0.7 | 0.6 | 0.81 | 1.56 | -10.88 | 1.62 | 1.70 | -1.50 |
| Kerala | 0.8 | 0.9 | 0.7 | 0.8 | 0.78 | 1.75 | 1.72 | 1.58 | 2.43 | 1.87 |
| Madhya Pradesh | 0.4 | 1.0 | 0.6 | 0.7 | 0.67 | 0.90 | -2.15 | 1.34 | 1.53 | 0.41 |
| Maharashtra | 0.2 | 0.7 | 0.1 | 1.0 | 0.49 | 1.80 | 12.99 | 2.28 | 1.62 | 4.67 |
| Odisha | 0.7 | 1.2 | 0.6 | 0.8 | 0.80 | 2.89 | 4.31 | 1.18 | 1.02 | 2.35 |
| Punjab | 1.1 | 1.0 | -1.8 | 2.9 | 0.81 | 2.76 | 9.21 | 3.79 | 2.06 | 4.45 |
| Rajasthan | 0.9 | 1.8 | 0.8 | 0.3 | 0.93 | 0.54 | -3.58 | 1.82 | 1.58 | 0.09 |
| Tamil Nadu | 0.3 | 0.7 | 0.7 | 0.5 | 0.54 | 1.26 | -3.41 | 2.27 | 1.58 | 0.42 |
| Uttar Pradesh | 0.1 | 1.2 | 0.7 | 0.7 | 0.66 | 1.70 | 3.19 | 1.79 | 2.83 | 2.38 |
| West Bengal | 1.2 | 1.4 | 0.3 | 1.3 | 1.05 | 1.65 | 4.95 | 1.43 | 1.72 | 2.43 |

*Source: Authors' own calculation using data from the GST portal and MoSPI*

എസ് ടി നടപ്പാക്കിയതിന് ശേഷം ശരാശരി അനുപാതം അതിന് മുൻപുണ്ടായിരുന്ന തിനേക്കാൾ കുറഞ്ഞത് ടാക്സ് ബേസ് വർധിപ്പിക്കുന്നതിന് കളമൊരുക്കേണ്ട സാഹചര്യത്തെ സൂചിപ്പിക്കുന്നു. എല്ലാ സംസ്ഥാനങ്ങൾക്കും ഇപ്രകാരം വരുമാനം ഉയർത്തുന്നതിനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ട്.

**നികുതി ബൂയൻസി**

ഒരു പ്രത്യേക കാലയളവിലെ ദേശീയ വരുമാനത്തിലെയും നികുതി നയങ്ങളി ലെയും മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ നികുതി വരുമാനത്തിൽ സംഭവിക്കുന്ന വളർച്ചയെ ആണ് ഇത് സൂചിപ്പിക്കുന്നത്. ദേശീയ വരുമാനത്തിൽ ഒരു ശതമാനം മാറ്റം വരുമ്പോൾ നികുതി വരുമാനത്തിൽ ശതമാനക്കണക്കിൽ ഉണ്ടാകുന്ന മാറ്റ മെന്നാണ് ബൂയൻസിയെ പൊതുവെ വിവക്ഷിക്കുന്നത് (ഡൂഡിൻ, ജാലസ്–2017).

ജി ഡി പിയിൽ ഒരു ശതമാനം വർധന യുണ്ടായാൽ അതേ വർധന നികുതി വരു മാനത്തിലും പ്രതിഫലിക്കുമ്പോൾ ബൂയൻസി ഒന്ന് എന്ന് നമുക്ക് കണക്കാക്കാം. നികുതി– ജി ഡി പി അനുപാതത്തിൽ ഇത് മാറ്റ മുണ്ടാക്കുന്നില്ല. നികുതിയിലെ കുതിപ്പ് ഒരു ശതമാനത്തിന് മുകളിലായാൽ നികുതി വരുമാനം ജി ഡി പിയേക്കാൾ ഉയർന്ന വളർച്ച കൈവരിക്കുന്നു എന്ന് അർത്ഥം. അതുവഴി സർക്കാരിന്റെ ബാധ്യതയും ധനക്കമ്മിയും കുറയുന്നു (ബ്ലാൻചാഡ്, ഡെൽ അരിഷ,

**Table 4:** The protected and actual revenues for 2021-22

| Name of State | 15-16 | 2022-23 | | | |
|---|---|---|---|---|---|
| | | Protected Revenue | Actual Revenue | Difference | % |
| Andhra Pradesh | 29982 | 75023 | 64763 | -10260 | -13.7 |
| Bihar | 12621 | 31580 | 22649 | -8931 | -28.3 |
| Chhattisgarh | 7357 | 18409 | 10960 | -7449 | -40.5 |
| Gujarat | 28856 | 72206 | 56235 | -15971 | -22.1 |
| Haryana | 15231 | 38111 | 29972 | -8140 | -21.4 |
| Jharkhand | 6411 | 16041 | 24798 | 8757 | 54.6 |
| Karnataka | 36144 | 90442 | 63406 | -27036 | -29.9 |
| Kerala | 16821 | 42092 | 28197 | -13895 | -33.0 |
| Madhya Pradesh | 15329 | 38358 | 26912 | -11446 | -29.8 |
| Maharashtra | 60505 | 151399 | 125258 | -26140 | -17.3 |
| Odisha | 11049 | 27648 | 18927 | -8721 | -31.5 |
| Punjab | 14472 | 36212 | 18506 | -17707 | -48.9 |
| Rajasthan | 17159 | 42935 | 33978 | -8958 | -20.9 |
| Tamil Nadu | 29786 | 74533 | 56361 | -18172 | -24.4 |
| Uttar Pradesh | 33388 | 83545 | 64041 | -19505 | -23.3 |
| West Bengal | 20098 | 50290 | 37815 | -12475 | -24.8 |

*Source: Authors' own calculation using data from GST Portal*

മൗറോ–2010). എന്നാൽ ഇത് ഒരു ശതമാനത്തിൽ കുറവാണെങ്കിൽ നികുതി വരുമാനം ആഭ്യന്തര വരുമാനത്തെ അപേക്ഷിച്ച് കുറയുകയാണ്. ചെലവുകൾ കുറയ്ക്കാൻ കഴിയുന്നില്ലെങ്കിൽ അത് ധനപരമായ പ്രതിസന്ധിയിലേക്ക് നയിക്കുന്നു. അതായത് ഘടനപരമായി സ്ഥിരത പുലർത്തുന്ന നികുതിവരു മാനം ജി ഡി പിക്കൊത്ത് വളരുന്നു എന്നർത്ഥം (ഹിൽ, ജിഞ്ചർക്ക്, പാർക്ക് –2022). ജി എസ് ടിക്ക് മുൻപും പിൻപുമുള്ള നാലു വർഷത്തെ നികുതി ബ്യൂയൻസിയുടെ ശരാശരി വിവരങ്ങൾ പട്ടിക മൂന്നിൽ ഉൾപെടുത്തിയിരിക്കുന്നു.

പഠന വിധേയമാക്കുന്ന 16 സംസ്ഥാനങ്ങളിൽ ജാർഖണ്ഡ്, കേരളം, മഹാരാഷ്ട്ര, ഒഡിഷ, പഞ്ചാബ്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നീ ഏഴ് സംസ്ഥാനങ്ങൾ ജി എസ് ടി നടപ്പാക്കിയതിന് ശേഷം നികുതി ബൂയൻസിയിൽ നേട്ടമുണ്ടാക്കിയതായി കാണാം. മറ്റ് 9 സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ മികവ് പുലർത്തിയത് ജി എസ് ടിക്ക് മുൻപുള്ള കാലഘട്ടത്തിലായിരുന്നു. ജി എസ് ടിക്ക് മുൻപുള്ള ഘട്ടത്തിൽ ബീഹാർ (1.73%), ഛത്തീസ്ഗഡ് (1.49%) പശ്ചിമ ബംഗാൾ (1.05%) എന്നീ സംസ്ഥാനങ്ങൾ മികച്ച നേട്ടം കൈവരിച്ചപ്പോൾ ഗുജറാത്ത് (0.29%), മഹാരാഷ്ട്ര (0.49%), ആന്ധ്രപ്രദേശ് (0.53%) എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും കുറവ് നേട്ടം കൈവരിച്ചത്. എന്നാൽ ജി എസ് ടി നടപ്പി ലായതിന് ശേഷം പ്രകടമായ മാറ്റമാണ് സംസ്ഥാനങ്ങൾക്കിടയിൽ ഉണ്ടായത്. 4.67 ശതമാനവുമായി മഹാരാഷ്ട്രയാണ് ഏറ്റവും ഉയർന്ന നേട്ടം കൈവരിച്ചത്. പഞ്ചാബ് (4.45%), ജാർഖണ്ഡ് (3.93%) എന്നീ സംസ്ഥാനങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ. ജി എസ് ടിക്ക് മുൻപ് ഏറ്റവും താഴ്ന്ന നികുതി ബൂയൻസി കൈവരിച്ച സംസ്ഥാനങ്ങളിലൊന്നായ മഹാരാഷ്ട്ര അതിന് ശേഷം ഏറ്റവും ഉയർന്ന ബൂയൻസി കൈവരിക്കുന്ന സംസ്ഥാനമായി മാറി എന്നതാണ് കൗതുകകരമായ കാര്യം. എന്നാൽ കർണ്ണാടക (1.5%), ഗുജറാത്ത് (1.07%), ആന്ധ്രപ്രദേശ് (0.46%) എന്നീ സംസ്ഥാനങ്ങൾ നെഗറ്റീവ് വളർച്ചയാണ് കൈവരിച്ചത്. കേരളത്തിന്റെ കാര്യത്തിൽ ഇത് 0.78ൽ നിന്ന് 1.87 ശതമാനമായി ഉയർന്നു (പട്ടിക–3).

### ജി എസ് ടി നഷ്ടപരിഹാരം ഇല്ലാതായത് എങ്ങനെ ബാധിക്കും?

ജി എസ് ടി നടപ്പാക്കുന്നത് മൂലം സംഭവിക്കുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിന് അഞ്ചു വർഷത്തേക്ക് നഷ്ടപരിഹാര പദ്ധതി നടപ്പാക്കുകയുണ്ടായി. 2016 ൽ ഭരണഘടനയുടെ നൂറ്റിയൊന്നാം ഭേദഗതി വഴിയാണ് ഇത് നടപ്പാക്കിയത്. ജി എസ് ടി നഷ്ടപരിഹാര സെസ്സ് നിയമത്തിന്റെ ഏഴാം വകുപ്പ് പ്രകാരമാണ് ഇത് കണക്കാക്കുന്നത്. യഥാർത്ഥത്തിലുള്ള ജി എസ് ടി വരുമാനവും സംരക്ഷിത വരുമാനവും തമ്മിലുള്ള വ്യത്യാസത്തെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനങ്ങൾക്ക് അർഹമായ തുക നിശ്ചയിക്കുക. 14 ശതമാനം പ്രതീക്ഷിക്കുന്ന വളർച്ച കണക്കാക്കിയാണ് ഓരോ വർഷത്തെയും പ്രതീക്ഷിക്കുന്ന വരുമാനം നിശ്ചയിക്കുന്നത്. 2015–16 ആണ് ഇതിനുള്ള അടിസ്ഥാന വർഷം. അടിസ്ഥാന വർഷത്തിലെ ഒരു സംസ്ഥാനത്തിന്റെ വരുമാനം 100 എന്ന് കരുതിയാൽ 2018–19 വർഷത്തെ പ്രതീക്ഷിക്കുന്ന വരുമാനം ഇങ്ങനെയാണ് – 2018–19ലെ പ്രതീക്ഷിക്കുന്ന വരുമാനം = $100(1+14/100)^3$.

ജി എസ് ടി നഷ്ടപരിഹാരം വാസ്തവത്തിൽ സംസ്ഥാനങ്ങൾക്ക് വലിയൊരു ആശ്വാസമായിരുന്നു. കാരണം ജി എസ് ടി വന്നതോടെ സംസ്ഥാനങ്ങളുടെ വരുമാനം കാര്യമായി ചുരുങ്ങി. പക്ഷെ ഈ ആശ്വാസം 2022 ജൂൺ മാസത്തോടെ അവസാനിച്ചു എന്നതാണ് കാതലായ പ്രശ്നം (പട്ടിക –4).

ജാർഖണ്ഡ് ഒഴികെയുള്ള ഒരു സംസ്ഥാനത്തിനും 14 ശതമാനമെന്ന സംരക്ഷിത വരുമാനം 2022–23 ൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനു പുറമെ സംസ്ഥാനങ്ങളുടെ യഥാർത്ഥ വരുമാനവും സംരക്ഷിത വരുമാനവും തമ്മിലുള്ള അന്തരം പ്രകടമാണ്. ആന്ധ്രപ്രദേശ് (13.7), മഹാരാഷ്ട്ര (17.3), രാജസ്ഥാൻ (20.9) എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് സംരക്ഷിത വരുമാനത്തിന്റെ അടുത്തെത്തിയത്.

2022–23ലും നഷ്ടപരിഹാരം നൽകിയിരുന്നെങ്കിൽ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും തങ്ങളുടെ യഥാർത്ഥ വരുമാനം 20 ശതമാനം കണ്ട് ഉയർത്താൻ കഴിയുമായിരുന്നു. ഉദാഹരണത്തിന് പഞ്ചാബ്, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങൾ തങ്ങളുടെ യഥാർത്ഥ വരുമാനത്തേക്കാൾ യഥാക്രമം 48.9 ശതമാനവും 40.5 ശതമാനവും വീതം വളർച്ച നേടാൻ സാധിക്കുമായിരുന്നു. സംസ്ഥാനങ്ങളുടെ ധനകാര്യനിലയിൽ നഷ്ടപരിഹാരത്തിന്റെ അവസാനിക്കൽ സൃഷ്ടിച്ചേക്കാവുന്ന ആഘാതങ്ങളിലേക്ക് ഇത് വ്യക്തമായി വിരൽ ചൂണ്ടുന്നു.

**ഉപസംഹാരം**

സാമ്പത്തിക വരുമാനം എന്നത് സർക്കാരുകളെയും ഒപ്പം നയരൂപീകരണ കർത്താക്കളെയും ഒരു പോലെ ആകർഷിക്കുന്ന ഒരു വിഷയമാണ്. അതുകൊണ്ട് ഇതിനെ കുറിച്ചുള്ള പരിശോധനകൾ ഒരു നികുതി സമ്പ്രദായത്തിന്റെ മികവ് നിർണ്ണയിക്കുന്നതിനുള്ള മികച്ച ഉപാധിയാണ്.

ജി എസ് ടി നടപ്പാക്കിയതിന് ശേഷം മിക്കവാറും സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ വളർച്ച പ്രകടമായിട്ടുണ്ട്. എന്നാൽ ഒരു സംസ്ഥാനം പോലും തങ്ങളുടെ നികുതി – ജി ഡി പി അനുപാതം ഉയർത്തിയിട്ടില്ലെന്ന് കാണാം. അതായത് നികുതി വരുമാനത്തിലെ വളർച്ചക്ക് മറ്റു സാമ്പത്തിക കാരണങ്ങളാണ് നിദാനമായത്. കോവിഡിന് ശേഷമുള്ള തിരിച്ചുവരവ്, ഡിജിറ്റൽ ഇടപാടുകളിലെ വർധന (ജോസഫ്–2023) തുടങ്ങിയ കാരണങ്ങൾ അവയിൽ ചിലതാണ്. സംസ്ഥാനങ്ങളുടെ നികുതി ബൂയാൻസിയുടെ കുതിപ്പ് ഇത് വെളിവാക്കുന്നുണ്ട്. പല സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും കേരളമുൾപ്പടെ പല സംസ്ഥാനങ്ങളുടെയും ബൂയൻസി ഒന്നിൽ താഴെ മാത്രമാണ്. രാജ്യത്തെ നികുതി നിർവഹണ സംവിധാനത്തിൽ കാര്യമായ മെച്ചപ്പെടുത്തൽ ആവശ്യമാണെന്ന സൂചനയാണ് ഇത് നൽകുന്നത്.

ഗുജറാത്ത് പോലെ ചില സംസ്ഥാനങ്ങൾ ജി എസ് ടിക്ക് മുൻപുള്ള ഘട്ടത്തിൽ പിന്നോക്കം പോയെങ്കിലും പിന്നീട് മികച്ച പ്രകടനം കാഴ്ച്ച വച്ചതായി കാണാം. എന്നാൽ പല സംസ്ഥാനങ്ങളുടെയും കാര്യത്തിൽ നേരെ തിരിച്ചുമാണ് സംഭവിച്ചത്. അതുകൊണ്ട് സംസ്ഥാനങ്ങളുടെ നികുതി സമാഹരണ സംവിധാനത്തിൽ കാര്യമായ അഴിച്ചുപണി ആവശ്യമാവുകയാണ്. നഷ്ടപരിഹാരം തുടരേണ്ടത് പല സംസ്ഥാനങ്ങൾക്കും അനിവാര്യമായ കാര്യമാണ്. നഷ്ടപരിഹാര കാലാവധി പൂർത്തിയായ 2021–22ൽ സംരക്ഷിത വളർച്ചാ നിലവാരമായ 14 ശതമാനത്തിലേക്ക് എത്താൻ ഒരു സംസ്ഥാനത്തിനുമായിട്ടില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. ഇത് സംസ്ഥാനങ്ങളുടെ ധനകാര്യ സ്ഥിതിയെ ഏറെ പ്രതികൂലമായി ബാധിക്കുമെന്നുറപ്പാണ്.

■

(ഗിഫ്റ്റിലെ റിസർച്ച് സ്കോളറാണ് ജെറോം ജോസഫ്, അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ കിരൺകുമാർ കക്കർലപുടി)

### End Note

1 www.gst.gov.in

2 Tax buoyancy = % change in tax revenue/ % change in GDP

## References

1 Blanchad, O., Dell 'Aricia, G., and Mauro P. (2010). Rethinking Macroeconomic policy. *IMF staff position Note,* SPN/10/03.

2 Chandrashekhar, C.P., & Ghosh, J. (2023, May 15). GST collections: hype and reality. *Businessline.*

3 Dash, S.K., & Kakarlapudi, K.K. (2022). What explains interstate variation in GST collection? *GIFT Discussion paper* 2022/02.

4 Dash, S.K., & Joseph, J. (2022). Two years into COVID: What's the state of GST recovery? *Kerala Economy, 3*(4), 28-36.

5 Dudine, P . and Jalles J. T. (2017). How Buoyant is the tax system2 New evidence from a large Heterogeneous panel? *IMF working paper 17/4.*

6 Gupta, M., & Rajaraman, I. (2020). Is the 14% revenue guarantee to states justified?. *Economic and Political Weekly, 55*(47), 18-21.

7 Hill, S., Jinjarak, Y., & Park, D. (2022). Buoyant or sinking? Tax revenue performance and prospects in Developing Asia. *ADB economics working paper No 656* .

8 Joseph, J. (2023). Do Digital Payments Enhance Tax Revenue? Evidence From India. *GIFT Discussion paper 01/2023.*

9 Malhotra, S., & Pandey, R. (2023, May 24). GST has been a game-changer. *BusinessLine.*

10 Mukherjee, S. (2020). Goods and Services Tax Efficiency across Indian States: Panel Stochastic Frontier Analysis. *NIPFP Working paper No. 210.*

11 Mukherjee, S. (2023). Revenue Implications of GST on Indian State Finances. *NIPFP Working paper no 388.*

12 Rao, R. K. (2022). GST, end of compensation regime and stress on state finances. *NIPFP Working paper No. 22/376.*

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 2*
*ഏപ്രിൽ – ജൂൺ 2023*

# കേരളം നേരിടുന്നത് പണപ്പെരുപ്പത്തിന്റെ സമ്മർദ്ദം

ജോയൽ പി ജോസഫ്, കിരൺകുമാർ കക്കർലപുടി

**1. ആമുഖം**

വ്യത്യസ്ത രീതിയിലുള്ള ആഘാതങ്ങൾക്ക് പുറമെ, കോവിഡ് മഹാമാരി 2021, 2022 എന്നീ വർഷങ്ങളിൽ ആഗോളതലത്തിൽ തന്നെ പണപ്പെരുപ്പത്തിൽ വലിയ കുതിപ്പിനിടയാക്കിയിട്ടുണ്ട്. ക്രൂഡ് ഓയിൽ, ഇതര അവശ്യ ഉത്പന്നങ്ങൾ എന്നിവയുടെ വിലയിലുണ്ടായ വർധനവാണ് ഇതിന് പ്രധാന കാരണം. ലോകബാങ്ക് പുറത്തുവിട്ട വിവരങ്ങൾ പ്രകാരം, ഉപഭോക്തൃ വിലസൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പത്തിൽ പ്രകടമായ വർധനയുണ്ട്. 2021–ൽ 3.5 ശതമാനമായിരുന്ന ഇത് 2022–ൽ 8.3 ശതമാനമായി ഉയർന്നു. ഈയിടെ പ്രസിദ്ധീകരിച്ച ഐ എം എഫിന്റെ 2023–ലെ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് പറയുന്നത്, 2023–ൽ 84 രാജ്യങ്ങളിൽ പണപ്പെരുപ്പ നിരക്ക് കുറയുമെന്ന് പ്രതീക്ഷയുണ്ടെന്നാണ്. ഡിമാൻന്റിന്റെ കാര്യത്തിലുള്ള പ്രതികൂല ഘടകങ്ങൾ മറികടക്കുന്നതിന് ലോകമെമ്പാടുമുള്ള സർക്കാരുകൾ നിയന്ത്രിതമായ പണനയമാണ് സ്വീകരിച്ചിരിക്കുന്നത്.

മഹാമാരിയുടെ ഘട്ടത്തിൽ ഇന്ത്യയിൽ വിലയിൽ വൻകുതിപ്പ് പ്രകടമായിരുന്നു. എന്നാൽ അതിന് ശേഷം 2022 സാമ്പത്തിക വർഷത്തിൽ ഉപഭോക്തൃ വില സൂചികയെ ആധാരമാക്കിയുള്ള പണപ്പെരുപ്പം 5.5 ശതമാനം എന്ന തോതിലേക്ക് താഴ്ന്നു. 2021 സാമ്പത്തിക വർഷത്തിൽ ഇത് 6.2 ശതമാനമായിരുന്നു. കോവിഡിന് മുൻപുള്ള തോതിനെക്കാൾ കൂടുതലായിരുന്നു ഇതെന്ന് കാണാം. ഭക്ഷ്യ എണ്ണകൾ, വനസ്പതി, ഇന്ധനം, ചരക്ക് ഗതാഗതം, കമ്യൂണിക്കേഷൻ തുടങ്ങിയ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ഉയർന്ന വിലയാണ് ഇതിനാധാരമായത് (സാമ്പത്തിക സർവേ–2023). പണപ്പെരുപ്പത്തിന്റെ സമ്മർദ്ദത്തിൽ അയവ് വന്നിട്ടുണ്ടെങ്കിലും ഗ്രാമീണ മേഖലയിലെ ഉയർന്ന പണപ്പെരുപ്പമാണ് ആശങ്കപ്പെടുത്തുന്ന കാര്യം. പ്രതിമാസകണക്കുകൾ പരിശോധിക്കുമ്പോൾ 2022–23 സാമ്പത്തിക വർഷത്തിലെ 11 മാസങ്ങളിൽ ഗ്രാമീണ പണപ്പെരുപ്പം നഗര മേഖലയിലേതിനേക്കാൾ ഉയർന്നതാണെന്ന്

***പണപ്പെരുപ്പത്തിന്റെ സമ്മർദ്ദത്തിൽ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും ഗ്രാമീണ മേഖല ഉയർന്ന പണപ്പെരുപ്പത്തിന്റെ പിടിയിലമരുന്നു എന്നതാണ് ഇന്ത്യ നേരിടുന്ന പ്രശ്നം. പ്രതിമാസ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ കാണുന്നത്, 2022–23 സാമ്പത്തിക വർഷത്തിന്റെ ആദ്യ 11 മാസങ്ങളിൽ ഗ്രാമീണ പണപ്പെരുപ്പം നഗര മേഖലയെക്കാൾ ഏറെ ഉയർന്നു നിൽക്കുന്നു എന്നതാണ്.***

***കോവിഡിന് ശേഷം വീണ്ടും കേരളത്തിലെ പണപ്പെരുപ്പത്തിന്റെ തോത് ദേശീയ ശരാശരിയേക്കാൾ ഉയർന്നതായി കാണാം. കോവിഡ് മഹാമാരിക്ക് മുൻപുണ്ടായിരുന്ന സ്ഥിതിവിശേഷം പോലെയാണ് ഇത് (പട്ടിക-1).***

കാണാം. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലയിൽ പ്രകടമായ വർധനവാണ് ഇതിന് കാരണം. ഭക്ഷ്യ സാധനങ്ങൾ, പാനീയങ്ങൾ എന്നിവയുടെ മൂല്യത്തിന് നൽകുന്ന വെയ്റ്റേജാണ് ഗ്രാമീണ, നഗര മേഖലകളിലെ പണപ്പെരുപ്പം നിർണ്ണയിക്കുന്നതിലെ പ്രധാന വ്യത്യാസം. ഗ്രാമീണ മേഖലയിൽ ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ എന്നിവ ഉപഭോക്തൃ വില സൂചിക നിർണ്ണയിക്കുന്ന സഞ്ചയികയിൽ 54.18 ശതമാനം പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ നഗര മേഖലയിൽ ഇത് 36.29 ശതമാനമാണ്. വെയ്റ്റേജിലെ ഈ വ്യതിയാനത്തിന് പ്രധാന കാരണം, ഹൗസിങ് വിലയിലെ ട്രെൻഡ് നഗര മേഖലയുടെ കാര്യത്തിൽ സി പി ഐ സൂചികയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നതാണ്. എന്നാൽ ഗ്രാമീണ മേഖലയിൽ ഇത് പരിഗണിക്കുന്നില്ല. അതുകൊണ്ട് ഗ്രാമീണ മേഖലയിൽ ഭക്ഷ്യസാധനങ്ങളുടെ പണപ്പെരുപ്പം നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു.

എന്നാൽ കോവിഡ് കാലത്ത് വില നിയന്ത്രിക്കുന്ന കാര്യത്തിൽ കേരളത്തിന് വലിയ വിജയം കൈവരിക്കാൻ കഴിഞ്ഞു. സർക്കാരിന്റെ സമർത്ഥമായ വിപണി ഇടപെടലാണ് ഇതിന് സഹായകരമായത് (രഞ്ജിത്ത്, കക്കർലപുടി–2021). ഭക്ഷ്യ കിറ്റുകളുടെ വിതരണം വഴിയായി വിലക്കയറ്റം പിടിച്ചു നിർത്താൻ കഴിഞ്ഞു. അതുകൊണ്ട് കേരളത്തിൽ നഗര മേഖലയെ അപേക്ഷിച്ച് ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പം കുറവായിരുന്നുവെന്ന് കാണാം. ഭക്ഷ്യ സാധനങ്ങൾക്ക് ഗ്രാമീണ പണപ്പെരുപ്പ സൂചികയിൽ ലഭിക്കുന്ന വെയ്റ്റേജാണ് ഇതിന് നിദാനം. ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ് കേരളത്തിലെ സ്ഥിതി. അവിടങ്ങളിൽ അർബൻ മേഖലയിലാണ് വിലകൾ കുറവായി നിന്നത് (കക്കർലപുടി, രഞ്ജിത്ത് –2020–21). കേരളത്തിലെ വിലയിലെ ഏറ്റവും പുതിയ പ്രവണതകൾ ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുകയാണ് ഈ ലേഖനത്തിൽ. ഇവിടെ ഉയരുന്ന പ്രധാന ചോദ്യം, ഭക്ഷ്യ കിറ്റിന്റെ വിതരണം മാസങ്ങൾക്ക് മുൻപേ നിർത്തലാക്കിയതിന്റെ ഫലമായി ഗ്രാമീണ മേഖലയിൽ അവശ്യ സാധനങ്ങളുടെ വില നഗര മേഖലകളിലേക്കാൾ വേഗത്തിൽ ഉയരുന്നുണ്ടോ എന്നതാണ്. ഗ്രാമീണ, നഗര മേഖലകളിലെ സി പി ഐ പണപ്പെരുപ്പത്തിന്റെ വിവിധ ഘടകങ്ങളെ ആസ്പദമാക്കിയുള്ള പരിശോധനയും ഈ ലേഖനത്തിൽ നടത്തുന്നുണ്ട്. സി പി ഐ പണപ്പെരുപ്പത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഘടകങ്ങളെ കണ്ടെത്തുന്നതിനാണ് ഇത്.

കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇമ്പ്ളിമെന്റേഷൻ മന്ത്രാലയത്തിന്റെ (എം ഒ എസ് പി ഐ) പ്രതിമാസ ഉപഭോക്തൃ വില സൂചികയാണ് (സി പി ഐ) ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. 2021–ലെ രണ്ടാം പാദം മുതലുള്ള വിവരങ്ങളാണ് ഇതിനായി ഉൾപ്പെടുത്തിയിരിക്കുന്നത്. കാരണം മഹാമാരിയുടെ ഘട്ടത്തിലെ വിലകളിലെ പ്രവണത രഞ്ജിത്ത്, കക്കർലപുടി എന്നിവർ 2021–ലും 2022ലും വിശദമായി വിശകലനം ചെയ്തിട്ടുണ്ട്. 2021–22 ലെ രണ്ടാം പാദം (ജൂലൈ – സെപ്റ്റംബർ) മുതൽ 2023–24 ഒന്നാം പാദം വരെയുള്ള വിവരങ്ങളാണ് ഇതിൽ ഉൾപ്പെടു

ത്തിയിരിക്കുന്നത്. ഏറ്റവും അവസാന പാദത്തിലെ രണ്ടു മാസത്തെ വിവരങ്ങൾ മാത്രമാണ് ഉൾപെടുത്താൻ കഴിഞ്ഞിട്ടുള്ളൂ.

**2. കേരള വിപണിയിലെ പ്രവണതകൾ – ഒരു താരതമ്യ പഠനം**

2022–23 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കുറവ് പണപ്പെരുപ്പം രേഖപ്പെടുത്തിയത് കേരളമാണ്. അതേ സാമ്പത്തിക വർഷത്തിന്റെ നാലാം പാദം വരെ ദേശീയ തലത്തിലെ ശരാശരി പണപ്പെരുപ്പത്തേക്കാൾ കുറവാണ് കേരളത്തിൽ രേഖപ്പെടുത്തിയത് (പട്ടിക –1). ഭക്ഷ്യ കിറ്റ് വിതരണം വഴിയായി സംസ്ഥാനത്തിന് പണപ്പെരുപ്പത്തിന്റെ സമ്മർദ്ദത്തെ ഫലപ്രദമായി തടഞ്ഞു നിർത്താൻ കഴിഞ്ഞു. പക്ഷെ 2021–22 ലെ മൂന്നാം പാദം മുതൽക്ക് ഇതിന് മാറ്റം വരാൻ തുടങ്ങി. ആ പാദം മുതൽ 2022–23 ലെ നാലാം പാദം വരെ സംസ്ഥാനത്ത് പണപ്പെരുപ്പത്തിൽ വർധന രേഖപ്പെടുത്തുകയുണ്ടായി. 2022–23 ലെ ഒന്നാം പാദം മുതൽ ദേശീയതലത്തിൽ പണപ്പെരുപ്പം കുറയുന്ന പ്രവണതയാണ് കണ്ടത്. തമിഴ്നാട് ഒഴികെയുള്ള സംസ്ഥാനങ്ങൾ വിലയുടെ കാര്യത്തിൽ കുറയുന്ന പ്രവണതയാണ് രേഖപ്പെടുത്തിയത്. 2021–22–ന്റെ നാലാം പാദം മുതൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള പണപ്പെരുപ്പത്തിലുള്ള അന്തരം കുറഞ്ഞു വരികയാണ്. 2021–22 നാലാം പാദത്തിൽ ഈ അന്തരം 30 ശതമാനം ആയിരുന്നെങ്കിൽ 2022–23 നാലാം പാദമായതോടെ അത് ഏതാണ്ട് പൂജ്യമായതായി കാണാം. 2023–24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ കേരളം രേഖപ്പെടുത്തിയത് 5.03 ശതമാനം പണപ്പെരുപ്പമാണെങ്കിൽ ദേശീയ തലത്തിൽ അത് 4.48 ശതമാനമായിരുന്നു. കോവിഡ് മഹാമാരിക്ക് ശേഷം ആദ്യമായാണ് സംസ്ഥാനത്തിന്റെ പണപ്പെരുപ്പ നിരക്ക് ദേശീയ ശരാശരിയേക്കാൾ മുകളിൽ പോകുന്നത്. മഹാമാരിക്ക് മുൻപുണ്ടായിരുന്ന പ്രവണതയിലേക്കുള്ള ഒരു തിരിച്ചുപോക്ക് കൂടിയാണ് അത്.

സമാനമായ സ്ഥിതി തന്നെയാണ് കേരളവും ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴും കാണുന്നത്. മഹാമാരിയുടെ ഘട്ടത്തിൽ കേരളത്തിൽ പണപ്പെരുപ്പം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ കുറവാണെന്ന് കാണാം. 2021–ലെ രണ്ടാം പാദത്തിൽ സംസ്ഥാനത്തിന്റെ പണപ്പെരുപ്പം തെലങ്കാനയെക്കാൾ 96 ശതമാനവും കർണ്ണാടകയേക്കാൾ 71 ശതമാനവും കുറവായിരുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ഉയർന്ന പണപ്പെരുപ്പം ഈ രണ്ടു സംസ്ഥാങ്ങളിലുമായിരുന്നു. എന്നാൽ 2022ലെ നാലാം പാദമായതോടെ കേരളം കർണ്ണാടകത്തെ കടത്തി വെട്ടുന്ന സ്ഥിതിയുണ്ടായി. കേരളവും തെലങ്കാനയും തമ്മിലുള്ള അന്തരമാകട്ടെ 48 ശതമാനത്തിലേക്ക് താഴ്ന്നു. കേരളവും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായുള്ള അന്തരം പടി പടിയായി കുറഞ്ഞു വന്നു. 2023–24 ലെ ഒന്നാം പാദത്തിൽ കേരളം ഏറ്റവും ഉയർന്ന പണപ്പെരുപ്പ നിരക്ക് രേഖപ്പെടുത്തുകയുണ്ടായി. തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങളേക്കാൾ നേരിയ കുറവ് മാത്രമാണ് അപ്പോൾ കേരളം രേഖപ്പെടുത്തിയത്. ഈ പ്രവണത കേരളത്തിന് നൽകുന്നത്

***കേരളത്തിലും ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും നഗര മേഖലയിൽ പണപ്പെരുപ്പം മെല്ലെ കുറയുന്നതായി കാണാം. എന്നാൽ ഗ്രാമീണ മേഖലയിൽ ഇത് ഉയരുകയാണ്. ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പം എത്ര വേഗത്തിൽ കുറയുന്നുവോ അതിനനുസരിച്ചായിരിക്കും എല്ലാ സംസ്ഥാനങ്ങളിലെയും പൊതുവിലുള്ള പണപ്പെരുപ്പത്തിൽ കുറവ് വരികയുള്ളു.***

അപായ സൂചനകളാണ്.

### 3. പണപ്പെരുപ്പ പ്രവണതകളിലെ മാറ്റം

മുൻപ് നടന്ന പഠനങ്ങളിൽ വെളിവായ ഒരു കാര്യം മഹാമാരിക്ക് മുൻപ് കേരളത്തിൽ പണപ്പെരുപ്പം ഗ്രാമീണ മേഖലയിൽ നഗര മേഖലയെക്കാൾ കൂടുതലായിരുന്നു എന്നാണ്. മഹാമാരിയുടെ ഘട്ടത്തിൽ ഇത് തിരിച്ചടിയായി (കക്കർലാപുടി, രഞ്ജിത്ത്–2020). പക്ഷെ 2022–23 ലെ ഒന്നാം പാദം മുതൽ സംസ്ഥാനത്ത് ഗ്രാമീണ പണപ്പെരുപ്പ നിരക്ക് സാവധാനം ഉയരാൻ തുടങ്ങി. അത് വീണ്ടും നഗര മേഖലയെക്കാൾ മുന്നിലെത്തി. കർണ്ണാടകം ഒഴികെയുള്ള സംസ്ഥാനങ്ങൾ 2021–22ലെ മൂന്നാം പാദത്തിന് ശേഷം ഉയർന്ന പണപ്പെരുപ്പ നിരക്ക് രേഖപ്പെടുത്താൻ തുടങ്ങി. കർണ്ണാടകത്തിൽ 2022–23ലെ മൂന്നാം പാദത്തിന് ശേഷം ഗ്രാമീണ പണപ്പെരുപ്പം നഗര പ്രദേശങ്ങളെക്കാൾ കൂടുതലാണ് (പട്ടിക–2). നഗര മേഖലകളിൽ അതിവേഗത്തിൽ പണപ്പെരുപ്പ നിരക്ക് കുറയാൻ ഇടയായതാണ് ദേശീയതലത്തിൽ പണപ്പെരുപ്പം കുറയുന്നതിന് വഴിയൊരുക്കിയത്.

കേരളത്തിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും നഗര മേഖലയിൽ പണപ്പെരുപ്പം മെല്ലെ കുറഞ്ഞു വന്നു, പക്ഷെ ഗ്രാമീണ മേഖലയിൽ അത് കൂടി. ഗ്രാമീണ മേഖലയിലെ വേഗത്തിലുള്ള ഇടിവാണ് സംസ്ഥാനങ്ങളിൽ പണപ്പെരുപ്പം കുറയ്ക്കുന്നതിന് നിർണ്ണായക സ്വാധീനം ചെലുത്തുന്നത്. ഉദാഹരണത്തിന് ആന്ധ്രാപ്രദേശിൽ ഗ്രാമീണ പണപ്പെരുപ്പം 3.85 ശതമാനം കണ്ട് കുറഞ്ഞപ്പോൾ നഗര മേഖലയിൽ അത് 2.34 ശതമാനമായിരുന്നു. തെലങ്കാനയിൽ ഇത് യഥാക്രമം 3.61 ശതമാനവും 2.19 ശതമാനവുമായിരുന്നു. കേരളത്തിലാണ് ഈ പാദത്തിൽ ഗ്രാമീണ, നഗര മേഖലകളിൽ ഏറ്റവും കുറഞ്ഞ ഇടിവ് രേഖപ്പെടുത്തിയിരിക്കുന്നത് (പട്ടിക –2).

2021ലെ രണ്ടാം പാദത്തിൽ ഗ്രാമീണ മേഖലയിലെ പണപ്പെരുപ്പം മൊത്തം പണപ്പെരുപ്പത്തിന്റെ 48 ശതമാനമായിരുന്നു. എന്നാൽ തുടർന്നുള്ള പാദങ്ങളിൽ ഇത് 38 ശതമാനം എന്ന തോതിലേക്ക് കുറഞ്ഞു. കേരളത്തിൽ 2021ലെ നാലാം പാദം മുതൽ മൊത്തം പണപ്പെരുപ്പത്തിലെ ഗ്രാമീണ മേഖലയുടെ സ്വാധീനം ഉയരാൻ തുടങ്ങി. അടുത്ത വർഷം നാലാം പാദമായതോടെ ഇത് 50 ശതമാനത്തിന് മുകളിലെത്തി. രേഖാചിത്രം ഒന്നിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമീണ മേഖല മുന്നിൽ നിന്ന് നയിക്കുന്ന പണപ്പെരുപ്പം 2021ലെ അവസാന പാദം മുതൽക്കാണ് ഇന്ത്യയിൽ പ്രകടമാകാൻ തുടങ്ങിയത്. ഗ്രാമീണ പണപ്പെരുപ്പത്തിന്റെ പങ്ക് 50 ശതമാനത്തിന് മുകളിലേക്ക് ഉയർന്നു. അതായത് ഗ്രാമീണ പണപ്പെരുപ്പം നഗര മേഖലയിലെ പണപ്പെരുപ്പത്തെ ഏതാണ്ട് അപ്രസക്തമാക്കുന്ന നിലയുണ്ടായി. പല ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഈ പ്രവണത ദൃശ്യമായി. 2022–ലെ നാലാം പാദമായതോടെ തെലങ്കാന ഒഴികെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പം കൂടുതൽ ശക്തമായി. 2021–ലെ രണ്ടാം പാദം മുതൽ തെലങ്കാനയിൽ നേർവിപരീതമായ ചിത്രമാണ് കണ്ടത് . അവിടെ പണപ്പെരുപ്പത്തിൽ ഗ്രാമീണ മേഖലയുടെ പങ്ക് കുറഞ്ഞു വന്നു (രേഖാചിത്രം–1).

### 4. പണപ്പെരുപ്പത്തിന്റെ ഘടന

മഹാമാരിയുടെ ഘട്ടത്തിൽ പണപ്പെരുപ്പം ഉയരാനുണ്ടായ പ്രധാന കാരണം, ഭക്ഷ്യ പണപ്പെരുപ്പമാണ്. മൊത്തത്തിലുള്ള പണപ്പെരുപ്പത്തിൽ ഭക്ഷ്യ പണപ്പെരുപ്പത്തിന്റെ സ്വാധീനം 2021–22 ൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞു. ധനപരമായ നയങ്ങൾ വഴിയായി സംസ്ഥാന സർക്കാരുകൾക്ക് ഭക്ഷ്യ ഉത്പന്നങ്ങളുടെ വില കുറച്ചു നിർത്താൻ കഴിഞ്ഞതാണ് ഇതിന് കാരണം. രണ്ടാമത്തെ രേഖാചിത്രം പണപ്പെരുപ്പത്തിന്റെ മുഖ്യ കാരണങ്ങൾ വെളിവാക്കുന്നുണ്ട്. ഇന്ധന

**Table 1.** CPI -Combined growth (%)

| Year | All India | Andhra Pradesh | Karnataka | Kerala | Tamil Nadu | Telangana |
|---|---|---|---|---|---|---|
| 2021-22 Q2 | 5.08 | 6.51 | 6.57 | 3.84 | 5.97 | 7.56 |
| 2021-22 Q3 | 5.01 | 5.29 | 5.93 | 3.78 | 5.76 | 6.54 |
| 2021-22Q4 | 6.34 | 5.44 | 5.67 | 4.35 | 4.72 | 7.06 |
| 2022-23 Q1 | 7.28 | 8.18 | 6.34 | 5.10 | 5.39 | 9.51 |
| 2022-23 Q2 | 7.04 | 7.37 | 5.18 | 5.84 | 5.62 | 8.49 |
| 2022-23 Q3 | 6.12 | 7.11 | 4.87 | 6.02 | 6.03 | 8.17 |
| 2022-23 Q4 | 6.20 | 7.60 | 5.56 | 6.18 | 6.77 | 8.25 |
| 2023-24 Q1* | 4.48 | 4.30 | 3.84 | 5.03 | 5.09 | 5.39 |

*Source: Author's calculation using MOSPI data*
**Average of April and May 2023*

**Table2:** CPI in rural and urban areas in %

| Year | All India | Andhra Pradesh | Karnataka | Kerala | Tamil Nadu | Telangana |
|---|---|---|---|---|---|---|
| Rural | | | | | | |
| 2021-22 Q2 | 4.97 | 6.17 | 5.61 | 3.62 | 5.68 | 9.18 |
| 2021-22 Q3 | 4.57 | 4.9 | 4.85 | 3.17 | 5.22 | 6.48 |
| 2021-22Q4 | 6.72 | 5.07 | 5.06 | 3.88 | 4.91 | 7.87 |
| 2022-23 Q1 | 7.52 | 8.32 | 5.66 | 4.82 | 5.63 | 10.54 |
| 2022-23 Q2 | 7.17 | 6.91 | 4.69 | 5.84 | 5.69 | 8.34 |
| 2022-23 Q3 | 6.37 | 7.19 | 4.9 | 6.14 | 6.47 | 8.7 |
| 2022-23 Q4 | 6.36 | 7.98 | 5.83 | 6.37 | 6.9 | 8.47 |
| 2023-24 Q1* | 4.43 | 4.13 | 3.91 | 5.16 | 5.04 | 4.86 |
| Urban | | | | | | |
| 2021-22 Q2 | 5.24 | 7.07 | 7.4 | 4.22 | 6.17 | 6.24 |
| 2021-22 Q3 | 5.49 | 5.9 | 6.83 | 4.95 | 6.12 | 6.6 |
| 2021-22Q4 | 5.92 | 6.04 | 6.22 | 5.21 | 4.59 | 6.38 |
| 2022-23 Q1 | 7.01 | 7.94 | 6.89 | 5.72 | 5.24 | 8.6 |
| 2022-23 Q2 | 6.83 | 8.15 | 5.6 | 5.81 | 5.57 | 8.6 |
| 2022-23 Q3 | 5.85 | 7.02 | 4.86 | 5.75 | 5.75 | 7.75 |
| 2022-23 Q4 | 6 | 6.98 | 5.32 | 5.82 | 6.65 | 8.08 |
| 2023-24 Q1* | 4.56 | 4.64 | 3.83 | 4.79 | 5.11 | 5.89 |

*Source: Author's calculation using MOSPI data*
**Average of April and May 2023*

**Figure 1:** Rural-Urban Inflation (in 100%)




*Source: Authors calculation using MOSPI data*

***കേരളത്തിൽ ഇന്ധന വില കഴിഞ്ഞാൽ പലവക ഉത്പന്നങ്ങളുടെ വിലയാണ് പണപ്പെരുപ്പ നിരക്കിനെ കാര്യമായി സ്വാധീനിക്കുന്നത്. ഇത് ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അവിടെ തുണിത്തരങ്ങളും പാദരക്ഷകളുമാണ് കാര്യമായി സ്വാധീനം ചെലുത്തുന്ന മേഖലകൾ.***

ചെലവുകളാണ് ഇന്ത്യയിലെ ഒട്ടു മിക്ക സംസ്ഥാനങ്ങളിലും ഉയർന്ന തോതിൽ നിൽക്കുന്നത്. റഷ്യ – ഉക്രൈൻ യുദ്ധവും സപ്ലൈ ശ്രിംഖലയിൽ ഉണ്ടായ തടസങ്ങളും മറ്റും ഇന്ധന ചെലവിൽ വൻ വർധനക്ക് വഴിയൊരുക്കിയിട്ടുണ്ട്. തുണിത്തരങ്ങൾ, പാദരക്ഷകൾ എന്നീ ഉത്പന്നങ്ങളാണ് പണപ്പെരുപ്പത്തെ നിയന്ത്രിക്കുന്നതിൽ തൊട്ടടുത്ത് നിൽക്കുന്നത്. മഹാമാരിക്ക് ശേഷം തുണിത്തരങ്ങൾക്കും എഫ് എം സി ജി ഉത്പന്നങ്ങൾക്കും ഡിമാൻഡ് പ്രകടമായി ഉയരുകയുണ്ടായി. ദേശീയതലത്തിൽ 2022 ലെ ഒന്നാം പാദം വരെ ഭക്ഷ്യ ഉത്പന്നങ്ങളുടെ വില ഉയരുന്ന പ്രവണത പ്രകടമാക്കുകയുണ്ടായി. തുടർന്ന് അത് താഴുകയായിരുന്നു. ഇതേ പ്രവണതയാണ് ചില വ്യതിയാനങ്ങളോടെ യാണെങ്കിലും ദക്ഷിണേന്ത്യൻ സംസ്ഥാന ങ്ങളിലും കണ്ടത്. നേരത്തെയുള്ള ചില പഠനങ്ങളിൽ കണ്ടത് പോലെ ഭക്ഷ്യ പണപ്പെരുപ്പം ഏറ്റവും കുറവായിരുന്നത് കേരളത്തിലാണ്. 2022ലെ രണ്ടാം പാദത്തിലെ ചെറിയ വർധന ഒഴിവാക്കിയാൽ ഏറ്റവും കുറവ് ഭക്ഷ്യ പണപ്പെരുപ്പം കേരളത്തിൽ തന്നെയാണ്. കർണ്ണാടകത്തിലാണ് ഭക്ഷ്യ പണപ്പെരുപ്പം ഏറ്റവും ഉയർന്ന തോതിൽ നിൽക്കുന്നത്. പലവക ഉത്പന്നങ്ങളുടെ വിലവർധനയാണ് ഇന്ധനം കഴിഞ്ഞാൽ കേരളത്തിൽ പണപ്പെരുപ്പത്തെ കാര്യമായി സ്വാധീനി ക്കുന്നത് എന്ന് കാണാൻ കഴിയും. എന്നാൽ മറ്റു സംസ്ഥാന ങ്ങളിൽ തുണിത്തരങ്ങൾ, പാദരക്ഷകൾ എന്നിവയുടെ കാര്യത്തിലാണ് പണപ്പെരുപ്പം കൂടുതൽ പ്രകടമായിരുന്നത്.

ചുരുക്കത്തിൽ പലവക സാധനങ്ങളുടെ വിലയിൽ ഉണ്ടായ പ്രകടമായ ഉയർച്ച പണപ്പെരുപ്പത്തെ നിർണ്ണായകമായി സ്വാധീനി ക്കുന്നു എന്ന് വിലയിരുത്താം. ഉത്പന്ന സഞ്ചയികയിൽ ഇത് രണ്ടാം സ്ഥാനത്താണ്.









**Figure 2 :** CPI Components, Combined series (in 100%)




*Source: Authors calculation using MOSPI data*

**5. രത്നച്ചുരുക്കം**

2021 മുതൽക്ക് ലോകവ്യാപകമായി തന്നെ ഉപഭോക്തൃ വിലകളിൽ ഗണ്യമായ വർധന ഉണ്ടായിട്ടുണ്ട്. ഇത് പണത്തിന്റെയും സ്വത്തിന്റെയും മൂല്യത്തിൽ ഉണ്ടാക്കിയിട്ടുള്ള ഇടിവ് വളരെ ശക്തവുമാണ്. 2021–22 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ ഉപഭോക്തൃ വില സൂചികയെ ആധാരമാക്കിയുള്ള പണപ്പെരുപ്പത്തിൽ കുറവ് പ്രകടമായിട്ടുണ്ട്. എന്നാൽ ഇത് മഹാമാരിക്ക് മുൻപ് ഉണ്ടായിരുന്നതിനേക്കാൾ കൂടുതലാണ് എന്ന് കാണാൻ കഴിയും. പക്ഷെ കേരളത്തിന്റെ സ്ഥിതി ഇക്കാര്യത്തിൽ ദേശീയതലത്തിലുള്ളതിനേക്കാളും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ സ്ഥിതിയെക്കാളും വ്യത്യസ്തമാണ്. മഹാമാരിയുടെ ഘട്ടത്തിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നഗര മേഖലയെക്കാൾ വിലക്കുറവ് അനുഭവപ്പെടുകയുണ്ടായി. ദേശീയ പ്രവണതയിൽ നിന്നും വ്യത്യസ്തമായ ഒരു ചിത്രമാണ്

തയിൽ നിന്നും വ്യത്യസ്തമായ ഒരു ചിത്രമാണ് ഇത്. സംസ്ഥാന സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലാണ് ഇതിന് പ്രധാന കാരണമെന്ന് വിലയിരുത്താം. എന്നാൽ കോവിഡിന് ശേഷം കേരളത്തിൽ ഈ ട്രെൻഡിന് മാറ്റം വന്നതായി കാണാം.

കോവിഡിന് ശേഷമുള്ള കേരളത്തിലെ സി പി ഐ പണപ്പെരുപ്പം പരിശോധിച്ചാൽ ചില പ്രധാന കണ്ടെത്തലുകൾ കാണാൻ കഴിയും. 2021–22ലെ രണ്ടാം പാദം മുതൽ ദേശീയ പണപ്പെരുപ്പവും കേരളത്തിലെ പണപ്പെരുപ്പവും തമ്മിലുള്ള അന്തരം പ്രകടമായി കുറയുന്നതായി കാണാം. 2023–24 ലെ ആദ്യപാദത്തിൽ കേരളത്തിലെ പണപ്പെരുപ്പ നിരക്ക് ദേശീയ നിരക്കിനേക്കാൾ മുകളിലായി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ 2021–22 ലെ രണ്ടാം പാദത്തിന് ശേഷം കേരളത്തിൽ മാത്രമാണ് സി പി ഐ പണപ്പെരുപ്പം തുടർച്ചയായി ഉയരുന്നത്.

2022–23 ലെ രണ്ടാം പാദം മുതൽ സംസ്ഥാനത്ത് ഗ്രാമീണ പണപ്പെരുപ്പത്തിന്റെ തോത് നഗര മേഖലയെക്കാൾ ഉയർന്നതാണ് എന്ന് കാണാൻ കഴിയും. എന്നാൽ ഭക്ഷ്യ പണപ്പെരുപ്പം സംസ്ഥാനത്ത് താരതമ്യേന കുറഞ്ഞ തോതിലാണ്. ഇന്ധന ചെലവും പലവക ഉല്പന്നങ്ങളുടെ ഉയർന്ന വിലയുമാണ് കേരളത്തിൽ പണപ്പെരുപ്പ നിരക്കിനെ നിർണ്ണായകമായി സ്വാധീനിക്കുന്നത്. സംസ്ഥാ നത്തെ പണപ്പെരുപ്പത്തിന്റെ കാര്യത്തിലുള്ള, കോവിഡിന് മുൻപുള്ള ഘട്ടത്തിലേക്കുള്ള ഒരു തിരിച്ചു പോക്കായി ഇതിനെ വിലയിരുത്താൻ കഴിയും.

■

(ജോയൽ പി ജോസഫ് ഗിഫ്റ്റിലെ ഗവേഷണ വിദ്യാർത്ഥിയാണ്. ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രഫസറാണ് കിരൺകുമാർ കക്കർലപുടി)

## References

1 Kakarlapudi, K. K. and Renjith, P. S. (2020) Taming the Prices During the Pandemic, *Kerala Economy,* 1(4), 31-35

2 Renjith, P. S., and Kakarlapudi, K. K. (2021) Taming the Prices During the Pandemic: Further Exploration, *Kerala Economy,* 2(1), 24-28

3 Kakarlapudi, K. K., and Renjith, P. S. (2021) Food Prices and Inflation during the Pandemic: Kerala remains an exception?, *Kerala Economy,* 2(8-9), 36-41

4 Renjith, P. S., and Kakarlapudi, K. K. (2022) Drivers of Inflation during COVID-19: Kerala in a comparative perspective, *Kerala Economy,* 3 (4)

5 Economic Survey 2022-23. Prices and Inflation: Successful Tight-Rope Walking, Ministry of Finance; available at https://www.indiabudget.gov.in/economicsurvey/doc/eschapter/ echap05.pdf

6 World Bank, Inflation, consumer prices (annual %); available at https://data. worldbank.org/indicator/FP.CPI. TOTL.ZG

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 2*
*ഏപ്രിൽ – ജൂൺ 2023*

# തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്തം കേരളത്തിൽ : ഒരു താരതമ്യ പഠനം

വിപാഷ റേ ഹജോങ്, കിരൺകുമാർ കക്കർലപുടി

**1. ആമുഖം**

സാമ്പത്തിക വികസനത്തിന്റെ ഒരു മുഖ്യസൂചകം ലിംഗസമത്വമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ അഞ്ചാമത്തേത് എന്ന നിലയിൽ (എസ് ഡി ജി) ഐക്യരാഷ്ട്ര സംഘടന ഇതിന് മുന്തിയ പരിഗണനയാണ് നൽകിയിരിക്കുന്നത്. ലിംഗസമത്വത്തിന്റെ മറ്റൊരു സുപ്രധാന ഘടകം ആഭ്യന്തര ഉല്പാദനത്തിലേക്കുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്വത്തിലൂടെയുള്ള സംഭാവനയാണ്. സാമ്പത്തിക വികസനത്തിലും ലിംഗസമത്വത്തിലും തൊഴിൽ സേനയിലെ വനിതാ പ്രാധിനിത്യം (എഫ് എൽ എഫ് പി ആർ) നിർണ്ണായക ഘടകമാണ്. നിരവധി വിദഗ്ധരുടെ ശ്രദ്ധ പതിഞ്ഞിട്ടുള്ള ഒരു വിഷയം കൂടിയാണ് ഇത്. വലിയ ജനസംഖ്യയും വൈവിധ്യമാർന്ന സാമൂഹ്യ, സാംസ്കാരിക പ്രത്യേകതകളുമുള്ള ഇന്ത്യയെ പോലുള്ള രാജ്യത്ത് തൊഴിൽ സേനയിലെ സ്ത്രീകളുടെ പങ്കാളിത്തത്തിന് വലിയ പ്രാധാന്യമുണ്ട്.

ലോകത്തെ മികച്ച ജനാധിപത്യ രാജ്യങ്ങളുടെ ജനസംഖ്യയിൽ ഏതാണ്ട് പകുതി സ്ത്രീകകളാണ് (ഏകദേശം 48 ശതമാനം). എന്നാൽ കഴിഞ്ഞ മൂന്ന് ദശകക്കാലമായി വികസ്വര രാജ്യങ്ങളിൽ എഫ് എൽ എഫ് പി ആർ കുറവാണെന്ന് കാണാം. തൊഴിലെടുക്കുന്നതിനുള്ള അവകാശം മൗലിക അവകാശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യത്ത് ഇതിന്റെ മൂലകാരണം കണ്ടെത്തുകയെന്നത് നിർണ്ണായക പ്രാധാന്യമുള്ള ഒരു കാര്യമാണ്. ഇന്ത്യയിലെ തൊഴിൽ സേനയിൽ ലിംഗപരമായ വേർതിരിവ് ഇന്നും വളരെ പ്രകടമാണ്. പല മേഖലകളിലും പ്രദേശങ്ങളിലും തുല്യതയുടെ കാര്യത്തിൽ സ്ത്രീകൾ നിരവധി പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. വർഷങ്ങളായി ഇന്ത്യയിൽ എഫ് എൽ എഫ് പി ആറിന്റെ കാര്യത്തിൽ ശക്തമായ ചാഞ്ചാട്ടമാണ് കണ്ടുവരുന്നത്. സാമ്പത്തികവും സാമൂഹ്യവും ജനസംഖ്യാപരവുമായ പല ഘടകങ്ങളും ഇതിന് കാരണമായി നിരത്താറുണ്ട്. 2000 മുതലുള്ള ഏതാനും വർഷങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ വർധന പ്രകടമായിരുന്നുവെങ്കിൽ അടുത്ത കാലത്തേ കണക്കുകൾ പരിശോധിക്കുമ്പോൾ ഇതിൽ ഇടിവ് സംഭവിക്കുന്നതായി കാണാം. ഈ പ്രശ്നത്തിന് മൈക്രോതലത്തിലും മാക്രോതലത്തിലുമുള്ള വ്യത്യാസങ്ങൾ

***കഴിഞ്ഞ മൂന്ന് ദശകക്കാലമായി ഇന്ത്യയുടെ എഫ് എൽ എഫ് പി ആർ പല വികസ്വര രാജ്യങ്ങളെക്കാൾ താഴെയാണെന്ന് കാണാം.***

***ഈ മേഖലയിലെ പ്രവണതകൾ വ്യക്തമാക്കുന്ന കാര്യം കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിലും അതുപോലെ ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിലും സ്ത്രീകളുടെ എൽ എഫ് പി ആർ ഉയർന്ന തോതിലാണെന്നും അതേസമയം മധ്യ വരുമാനമുള്ള രാജ്യങ്ങളിൽ ഇത് കുറവാണെന്നുമാണ്. പല പഠനങ്ങളിലും വ്യക്തമായിട്ടുള്ള ഇക്കാര്യം ഫെമിനൈസേഷൻ 'യു' സിദ്ധാന്തത്തെ ശരിവയ്ക്കുന്ന ഒന്നാണ്.***

കാണാം (മൽഹോത്ര, പാർടിയ–2017). മൈക്രോതലത്തിൽ നോക്കുമ്പോൾ വ്യക്തിഗതവും കുടുംബപരവുമായ പ്രത്യേകതകൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നതായി കാണാം. എന്നാൽ മാക്രോതലത്തിൽ ഇത് 'യു' ആകൃതിയിലുള്ള സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു. കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിലും ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിലും എഫ് എൽ എഫ് പി ആർ ഉയർന്ന തോതിലാണെന്ന് കാണാം. ഇന്ത്യ ഇടത്തരം വരുമാനമുള്ള രാജ്യമായതിനാൽ എഫ് എൽ എഫ് പി ആർ താരതമ്യേന കുറവാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ സാമൂഹ്യവും സാമ്പത്തികവുമായ ഘടനാപരമായ വസ്തുതകൾ ഇന്ത്യയിൽ ഒരു അരിപ്പയെന്നോണം പ്രവർത്തിക്കുന്നതായി കാണാം. പരമ്പരാഗതമായി ഇന്ത്യയിൽ പുരുഷന്മാർ പൊതുരംഗത്ത് പ്രവർത്തിക്കുകയും സ്ത്രീകൾ സ്വകാര്യ ഇടങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു രീതിയുണ്ട്. ഇത് തൊഴിൽ സേനയിലേക്ക് സ്ത്രീകൾ കടന്ന് വരുന്നതിൽ ഒരു മുഖ്യ തടസമാണ് (പാണ്ഡെ, റോയ്–2021). തൊഴിലിന്റെ കാര്യത്തിൽ ലിംഗപരമായ വേർതിരിവ് ഉണ്ടാക്കുന്നതിനും സ്ത്രീകളുടെ പങ്കാളിത്തത്തിൽ കുറവ് വരുന്നതിനും ഇത് ഇടയാക്കുന്നുണ്ട്. ഇതാകട്ടെ, സാംസ്കാരിക മുന്നേറ്റം, സാമൂഹ്യമായ വികസനം, വിദ്യാഭ്യാസമേഖലയിലെ മുന്നേറ്റം തുടങ്ങിയ പുരോഗമനപരമായ പല കാര്യങ്ങൾക്കും പ്രതിബന്ധമാകാറുണ്ട്. ഇന്ത്യയുടെ ജി ഡി പി വളർച്ചയുടെ വേഗവുമായി എഫ് എൽ എഫ് പി ആറിന്റെ മുന്നേറ്റം ഒത്തുപോകുന്നില്ല എന്നത് വ്യക്തമാണ്.

എഫ് എൽ എഫ് പി ആർ കുറയുന്നതിന്റെ മറ്റൊരു കാരണം, ഒരാളിന്റെ വിദ്യാഭ്യാസ നിലവാരത്തിനൊത്ത ജോലി കണ്ടെത്താൻ കഴിയാതിരിക്കുന്നതാണ്. ഇത് തൊഴിലിന്റെ കാര്യത്തിലെ സപ്ലൈയും ഡിമാൻഡും തമ്മിലുള്ള അസന്തുലിതാവസ്ഥയിലേക്ക് വഴി തുറക്കുന്നു. കേരളത്തിന്റെ കാര്യത്തിൽ ഇത് ഏറെ പ്രകടമാണ്. മാനവ വികസന സൂചികയിലും ജീവിത നിലവാരത്തിലും നേട്ടമുണ്ടാകുമ്പോൾ എഫ് എൽ എഫ് പി ആർ കുറഞ്ഞു വരുന്നതായി കാണാം (മാത്യു–2015).

എഫ് എൽ എഫ് പി ആറിന്റെ കാര്യത്തിലെ ഏറ്റവും സമീപകാലത്തുള്ള പ്രവണതകൾ വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ഇന്ത്യയിൽ അത് നേരിയ തോതിൽ ഉയരുന്ന സ്ഥിതിയുണ്ട്. ഇക്കാര്യം ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകളിൽ നിന്ന് വ്യക്തമാണ്. അഞ്ചു വിഭാഗങ്ങളായാണ് ഈ ലേഖനത്തെ തിരിച്ചിരിക്കുന്നത്. ഒന്ന്, ആമുഖം, രണ്ട്, വിവരങ്ങളുടെ സ്രോതസ്, പഠന രീതി എന്നിവയുടെ വിശദാംശങ്ങൾ. മൂന്നാം ഭാഗത്ത് എഫ് എൽ എഫ് പി ആറിന്റെ വിശകലനമാണ്. സ്ത്രീകളുടെ എൽ എഫ് പി ആർ സംബന്ധമായ പ്രവണതകളാണ് നാലാം ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

രത്നച്ചുരുക്കം അവസാന ഭാഗത്തും ചേർത്തിരിക്കുന്നു.

**2. വിവര സ്രോതസും സമീപനവും**

എൻ എസ് എസ് ഒ 1993–94 മുതൽ 2011–12 വരെ വിവിധ ഘട്ടങ്ങളായി നടത്തിയ തൊഴിൽ തൊഴിലില്ലായ്മ സർവേകളിലെ (ഇ യു എസ്) വിവരങ്ങളും 2017–18 മുതൽ 2020–21 വരെ നടത്തിയിട്ടുള്ള പീരിയോഡിക് ലേബർ ഫോഴ്സ് സർവേയിലെ വിവരങ്ങളും ഈ പഠനത്തിനായി പ്രയോജനപ്പെടുത്തിയിരിക്കുന്നു. ഇ പി ഡബ്ള്യു ആർ എഫ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരങ്ങളും ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. തൊഴിൽ പങ്കാളിത്തത്തെ കുറിച്ചുള്ള വിശകലനങ്ങൾക്കായി 15 വയസിനും അതിന് മുകളിലും പ്രായമുള്ളവരെയാണ് പരിഗണിച്ചിരിക്കുന്നത്. എൻ എസ് എസ് ഒ തൊഴിൽ പങ്കാളിത്തത്തെ കുറിച്ചുള്ള വിവരങ്ങൾ തയാറാക്കിയിട്ടുള്ളത് പ്രിൻസിപ്പൽ സ്റ്റാറ്റസ്, സബ്സിഡിയറി സ്റ്റാറ്റസ് എന്നിവ ആധാരമാക്കിയാണ്. ഈ പഠനത്തിൽ ഇതിന്റെ സംയോജിത സ്റ്റാറ്റസാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ മൊത്തം ജനസംഖ്യയുടെയും ജി ഡി പിയുടെയും 90 ശതമാനത്തോളം വരുന്ന 19 പ്രധാനപ്പെട്ട സംസ്ഥാനങ്ങളെയാണ് ഈ പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

**3. എൽ എഫ് പി ആറും വനിതകളും – ഇന്ത്യയുടെ നില**

ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിന്റെ പകുതി വരെ ലോകവ്യപകമായി സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം[1] ഉയർന്നതായി കാണാം. വികസ്വര രാജ്യങ്ങളിലെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിൽ ഉണ്ടായ വളർച്ച, സന്താനനോല്പാദനത്തിൽ ഉണ്ടായ ഇടിവ്, മികച്ച സാമ്പത്തിക വളർച്ച തുടങ്ങിയ പല കാരണങ്ങൾ ഇതിന് പിന്നിലുണ്ട് (കാൾസൺ–2018). എന്നാൽ ഇതിന് മുൻപുള്ള ദശകങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇടിയുന്ന പ്രവണതയാണ് പ്രകടമാക്കിയിരുന്നത്. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ പക്ഷെ സ്ഥിതി മറിച്ചായിരുന്നു. കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിലാണ് ഏറ്റവും കുറവ് എൽ എഫ് പി ആർ രേഖപെടുത്തിയിട്ടുള്ളത്. ഇത് കാണിക്കുന്നത്

**Figure 1: Female Labour Force Participation Rate: World and India**
Data from 1990 to 2021




Source: Generated in R using ILOSTAT and World Bank Datasets

***രണ്ടായിരാമാണ്ടിന്റെ മധ്യത്തോടെ തുടർച്ചയായി ഇടിയാൻ തുടങ്ങിയ എഫ് എൽ എഫ് പി ആർ അടുത്ത കാലത്തായി ഉയരുന്നതായി കാണാൻ കഴിയും. 2017–18നും 2020–21നുമിടയിലുള്ള വർഷങ്ങളിൽ സ്ത്രീകളുടെ എൽ എഫ് പി ആർ നിരക്ക് 23.3 ശതമാനത്തിൽ നിന്നും 32.5 ശതമാനമായി ഉയർന്നു. 9 ശതമാനത്തിന്റെ ശക്തമായ മുന്നേറ്റത്തിന് കാരണം ഗ്രാമീണ മേഖല കൈവരിച്ച നേട്ടമാണ്.***

കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിലും ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിലും സ്ത്രീകളുടെ എൽ എഫ് പി ആറിന്റെ കാര്യത്തിൽ 'യു' ആകൃതിയിലുള്ള വളർച്ച രേഖപ്പെടുത്തിയ തായാണ്. എന്നാൽ മധ്യവരുമാനമുള്ള രാജ്യങ്ങളിൽ ഇത് കുറയുന്ന പ്രവണത കാണിക്കുന്നതായും പഠനങ്ങൾ വ്യക്ത മാക്കുന്നു. 1990–നും 2013–നു മിടയിൽ 169 രാജ്യങ്ങളിലായി നടത്തിയ പഠനത്തിൽ നിന്നാണ് ഈ സിദ്ധാന്തം ഉരുത്തിരിഞ്ഞത്. സാമ്പത്തിക വളർച്ചയുടെ ആദ്യ ഘട്ടങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ ഇടിവ് സംഭവിച്ചിട്ടുള്ളതായി കാണാം. കുടുംബങ്ങളുടെ വരുമാനത്തിൽ വളർച്ചയുണ്ടായതു മൂലം സ്ത്രീകൾക്ക് ജോലി ഉപേക്ഷിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടായതാണ് ഇതിന് കാരണം. എന്നാൽ വേതനവും മറ്റും ഉയരുന്നതു മൂലം സ്ത്രീകൾ വീണ്ടും ജോലി തേടുന്ന സാഹചര്യം ഉണ്ടായി. ജനന നിരക്കിൽ കുറവുണ്ടായതും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെ ലിംഗവേർ തിരിവ് കുറയുന്നതും സാമ്പത്തിക വളർച്ചയു മായി ചേർന്ന് നിൽക്കുന്ന കാര്യങ്ങളാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ പൊതുവെയും ഇന്ത്യയിൽ പ്രത്യേകമായും കുറഞ്ഞ തോതി ലാണെന്ന് കാണാം. അത് കുറഞ്ഞ വരു മാനമുള്ള രാജ്യങ്ങളെക്കാളും താഴെയാണ്. 2005 മുതൽ തന്നെ ഇന്ത്യയിൽ എൽ എഫ് പി ആർ കുറയുകയാണ്. അതേസമയം ബംഗ്ലാദേശ്, പാകിസ്ഥാൻ, എന്നീ രാജ്യങ്ങളിൽ ഉയരുന്ന പ്രവണതയാണ് പ്രകടമാക്കുന്നത് (രേഖാചിത്രം 1). 2014 മുതൽ ഇന്ത്യയിൽ സ്ത്രീകളുടെ എൽ എഫ് പി ആർ പാകിസ്ഥാനെക്കാൾ കുറഞ്ഞ തോതിലാണ്. വികസ്വര രാജ്യങ്ങളിൽ ഇപ്രകാരം കുറവ് കാണുന്നത് വിദഗ്ധരുടെ ശ്രദ്ധയാ കർഷിച്ച ഒരു കാര്യമാണ്. ഇക്കാര്യത്തിന്റെ വിശദാംശങ്ങൾ പല പഠനങ്ങളിലും വിശകലന വിധേയമാക്കിയിട്ടുണ്ട് (ക്ളാസൻ, പീറ്റേഴ്സ് – 2012, ക്ളാസൻ – 2019).

### 4. ഇന്ത്യയിലെ എൽ എഫ് പി ആർ – പുതിയ പ്രവണതകൾ

'സ്ത്രീകളുടെ അപരവത്കരണം' അഥവാ 'നഷ്ടമാകുന്ന സ്ത്രീ സാന്നിധ്യം' തുടങ്ങിയ പദങ്ങൾ കൊണ്ടാണ് ഇന്ത്യയിൽ എൽ എഫ് പി ആർ പ്രവണത കുറയുന്നതിനെ വിശേഷി പ്പിക്കുന്നത്. 2004നു ശേഷം ഇതിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്, പ്രത്യേകിച്ച് 2004–09 ഘട്ടത്തിൽ ഇന്ത്യയുടെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 8 ശതമാനമായിരിക്കെ. ജനന നിരക്ക് കുറയുന്നത് പല രാജ്യങ്ങളിലും വനിതകളുടെ എൽ എഫ് പി ആർ ഉയരുന്നതിന് ഒരു കാരണമാണ്. എന്നാൽ ഇന്ത്യയിൽ സ്ഥിതി മറിച്ചാണ്. 2000 ത്തിൽ 3.1 ശതമാനമായിരുന്ന ജനന നിരക്ക് 2011ൽ 2.6 ശതമാനത്തിലേക്ക് താഴുകയുണ്ടായി (കപോസ്–2014). എന്നാൽ എൽ എഫ് പി ആർ നിരക്കും കുറയു കയാണെന്ന് കാണാം. ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് 2005 മുതൽ നടപ്പാക്കിയ പദ്ധതികളും (മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം) ജനന നിരക്ക് കുറയുന്നതിന് കാരണമാണ്. ചില പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത് സ്ത്രീകളുടെ എൽ എഫ് പി ആർ കുറയുന്നത്

Figure 2: Female Labor Force Participation (%) 1993-94 to 2020-21




Source: EUS and PLFS, NSSO, various rounds

അവരുടെ വിദ്യാഭ്യാസം ഉയരുന്നതിന് സഹായകമാകുന്നുണ്ട് എന്നാണ് (രംഗരാജൻ –2011). കാർഷിക മേഖലയിലെ മുരടിപ്പ്, ഗ്രാമീണ സമ്പദ്ഘടനയുടെ മാന്ദ്യം തുടങ്ങിയ കാരണങ്ങളും ഇതിന് പുറമെ ചൂണ്ടി കാണിക്കപ്പെട്ടിട്ടുണ്ട് (കണ്ണൻ, രവീന്ദ്രൻ – 2012). കാർഷിക രംഗത്തെ യന്ത്രവത്കരണം മൂലം സ്ത്രീകളുടെ ലേബർ സപ്ലൈയിൽ ഉണ്ടായ വർദ്ധനവ് ഇതിന് നിദാനമായിട്ടുണ്ട് (എബ്രഹാം–2009, കാൾസൺ, പീറ്റേഴ്സൺ, 2012, തോമസ്–2012, സിദ്ദിക്ക്–2017). പൊതുവിൽ വരുമാനത്തിലുണ്ടായിട്ടുള്ള വർധന മറ്റൊരു കരണവുമാണ് (എബ്രഹാം–2012, മൽഹോത്ര, പാർടിയ–2017).

രേഖാചിത്രം രണ്ടിൽ വ്യക്തമാക്കിയിരിക്കുന്നത് പോലെ ഇന്ത്യയിൽ സ്ത്രീകളുടെ എൽ എഫ് പി ആർ പ്രകടമായി തന്നെ കുറഞ്ഞിട്ടുണ്ട്. 2004–05 സാമ്പത്തിക വർഷത്തിൽ ഇത് 36.9 ശതമാനമായിരുന്നുവെങ്കിൽ 2011–12 ൽ 31 ശതമാനമായി കുറഞ്ഞു. 2017–18 സാമ്പത്തിക വർഷത്തിൽ 23.3 ശതമാനത്തിലേക്കും താഴ്ന്നു. ഗ്രാമീണ മേഖലയിൽ സ്ത്രീകളുടെ എൽ എഫ് പി ആർ കുറഞ്ഞതാണ് ഇതിന് കാരണമായി പ്രധാനമായും ചൂണ്ടികാണിക്കപ്പെടുന്നത്. പൊതുവിലുള്ള ഇടിവിൽ ഇത് നല്ല പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ ഉണ്ടായ ഇടിവ് 15 ശതമാനമാണെങ്കിൽ നഗര പ്രദേശങ്ങളിൽ 4 ശതമാനമാണ്.

2018–19 സാമ്പത്തിക വർഷം മുതൽ വനിതകളുടെ എൽ എഫ് പി ആറിന്റെ കാര്യത്തിൽ എടുത്തു പറയത്തക്ക മാറ്റം നമുക്ക് കാണാൻ കഴിയും. 2017–18 മുതൽ 2020–21 വരെയുള്ള ഘട്ടത്തിൽ സ്ത്രീകളുടെ എൽ എഫ് പി ആർ 23.3 ശതമാനത്തിൽ നിന്നും 32.5 ശതമാനമായി ഉയർന്നിട്ടുണ്ട്. 9 ശതമാനത്തിന്റെ പ്രകടമായ വർധന. ഗ്രാമീണ മേഖലയിൽ 12 ശതമാനവും നഗര പ്രദേശങ്ങളിൽ 3 ശതമാനവുമാണ് രേഖപ്പെടുത്തിയ വളർച്ച. കാർഷിക രംഗത്ത് പ്രതിസന്ധി ഉടലെടുത്തപ്പോൾ സ്ത്രീകളുടെ ലേബർ സപ്ലൈയിൽ

Figure 3: Gender gap in LFPR (in %) 1993-2020




Source: EUS and PLFS, various rounds

വളർച്ച രേഖപ്പെടുത്തിയിരുന്നു. ഈ പ്രതിസന്ധി തൊഴിൽ തേടുന്നത് വർധിക്കുന്നതിന് വഴി വച്ചു. എൽ എഫ് പി ആറിലെ വളർച്ചക്ക് കാരണമിതാണ്.

നേരത്തെയുള്ള ചില പഠനങ്ങൾ ഇന്ത്യയിലെ എൽ എഫ് പി ആർ പ്രവണതകളെ കുറിച്ച് ഉൾക്കാഴ്ച പകരുന്നതാണ്. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ കാര്യമായ അന്തരമുണ്ട്. 2004 മുതൽ 2017 വരെയുള്ള ഘട്ടത്തിൽ ഗുജറാത്ത്, ജാർഖണ്ഡ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒഡിഷ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ദേശീയ ശരാശരിയേക്കാൾ അധികരിച്ച ഇടിവാണ് സ്ത്രീകളുടെ എൽ എഫ് പി ആറിൽ കണ്ടത്. ഈ ഘട്ടത്തിൽ ഛത്തീസ്ഗഡിൽ മാത്രമാണ് വ്യത്യസ്തമായ ഒരു ചിത്രം കാണാൻ കഴിഞ്ഞത്. പശ്ചിമ ബംഗാൾ, ആന്ധ്രപ്രദേശ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ താരതമ്യേന കുറഞ്ഞ തോതിലുള്ള ഇടിവാണ് കണ്ടത്. ഗ്രാമീണ മേഖലയിലെ ഇടിവാണ് ഇതിൽ കൂടുതൽ സ്വാധീനം ചെലുത്തിയത്.

സംസ്ഥാനങ്ങളിലെ സ്ത്രീകളുടെ എൽ എഫ് പി ആർ പരിശോധിക്കുമ്പോൾ 'യു' ആകൃതിയിലുള്ള വളർച്ച കാണാൻ കഴിയില്ല. കാരണം, ദരിദ്ര സംസ്ഥാനങ്ങളായ ബീഹാർ, ആസാം, ഒഡിഷ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ കുറഞ്ഞ എൽ എഫ് പി ആർ ആണ് രേഖപ്പെടുത്തുന്നത്. 2020ൽ ഏറ്റവും ഉയർന്ന വനിത എൽ എഫ് പി ആർ നിരക്കായ 53 ശതമാനം രേഖപ്പെടുത്തിയത് ഛത്തിസ്ഗഡിലാണ്. ആന്ധ്രപ്രദേശ്, തെലങ്കാന, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നു. രേഖാചിത്രം രണ്ടിൽ നിന്നും വ്യക്തമാകുന്ന കാര്യം, സംസ്ഥാനങ്ങളുടെ പ്രതിശീർഷ വരുമാനവുമായി ഇതിന് കാര്യമായ ബന്ധമില്ല എന്നാണ്. 2017–നു ശേഷം എല്ലാ സംസ്ഥാന ങ്ങളിലും സ്ത്രീകളുടെ എൽ എഫ് പി ആർ

***2017ന് മുൻപ് ദേശീയ ശരാശരിയേക്കാൾ താഴെയായിരുന്ന കേരളത്തിലെ എഫ് എൽ എഫ് പി ആർ ഈയിടെയായി ഉയരുന്ന പ്രവണത കാഴ്ച്ച വയ്ക്കുന്നുണ്ട്.***

വളർച്ച രേഖപെടുത്തിയിട്ടുണ്ട്. ജാർഖണ്ഡിലാണ് ഏറ്റവും ഉയർന്ന വളർച്ച കാണുന്നത്. ഒഡിഷ, ഉത്തരാഖണ്ഡ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ തൊട്ടടുത്ത സ്ഥാനങ്ങളിൽ വരുന്നു.

ഇക്കാര്യത്തിൽ ഗ്രാമീണ, നഗര മേഖലകൾ തമ്മിൽ കാര്യമായ അന്തരമുണ്ടെന്ന് രേഖാചിത്രം രണ്ട് വ്യക്തമാക്കുന്നുണ്ട്. 2004–05 ൽ ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ എൽ എഫ് പി ആർ നഗര മേഖലയെക്കാൾ 25 ശതമാനം അധികമാണ്. ഇത് 2017–18 ൽ 4.2 ശതമാനമായി താഴ്ന്നു. പിന്നീട് 2020–21ൽ 13.3 ശതമാനം എന്ന തോതിലേക്ക് ഉയർന്നു. ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ്, ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഗ്രാമീണ – നഗര ഭേദം 30 ശതമാനത്തിന് മുകളിലാണ്. 2020–21ൽ ഈ അന്തരം പ്രകടമായി കുറഞ്ഞപ്പോൾ ഛത്തീസ്ഗഡ്, ജാർഖണ്ഡ്, രാജസ്ഥാൻ, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് ദേശീയ ശരാശരിയേക്കാൾ ഇരട്ടിയായിരുന്നു. കേരളം ഇക്കാര്യത്തിൽ നേരിയ തോതിലുള്ള വ്യത്യാസം മാത്രമേ കാഴ്ച വച്ചിട്ടുള്ളൂ എന്നതാണ് പ്രത്യേകത. പശ്ചിമ ബംഗാൾ, ബീഹാർ, ആസാം, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലും ഏതാണ്ട് ഇതേ നിലയായിരുന്നു.

എൽ എഫ് പി ആറിന്റെ കാര്യത്തിൽ ഈയിടെയുണ്ടായ നേട്ടങ്ങളെ കുറിച്ച് മനസിലാക്കുന്നതിന് കൃത്യമായ ഒരു വിശകലനം ആവശ്യമാണ്. ഇപ്പോഴത്തെ കണ്ടെത്തലുകളിൽ നിന്ന് ജനന നിരക്ക് കുറയുന്നത്, സ്ത്രീകളുടെ വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാനപരമായ ചില മാറ്റങ്ങളാണ് നേട്ടത്തിന് പിന്നിലെന്ന് വിലയിരുത്താൻ കഴിയില്ല. 1993–94നും 2004–05നു മിടയിൽ സംഭവിച്ച പ്രതിസന്ധി കാരണമുള്ള തൊഴിലന്വേഷണമാണോ എന്നതും വ്യക്തമല്ല. എന്നാൽ ഇത് ഒരു കാരണമാണെന്ന് പ്രാഥമികമായ വിലയിരുത്തലിൽ നിന്നും വ്യക്തമാകുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടങ്ങളിൽ ഗ്രാമീണ മേഖലയിലെ സ്ത്രീകൾ തൊഴിൽ രംഗത്തേക്ക് കൂടുതലായി കടന്നു വരാറുണ്ട്.

സ്ത്രീകളുടെ എൽ എഫ് പി ആറിന്റെ കാര്യത്തിൽ രാജ്യത്തിന് നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പുരുഷന്മാരുടെ പങ്കാളിത്തത്തെ (57.5 ശതമാനം) അപേക്ഷിച്ച് അത് നന്നേ കുറവാണെന്ന് കാണാം. ജോലി ചെയ്യാൻ കഴിയുന്ന പ്രായപരിധിയിൽ ഉൾപെടുന്ന വനിതകളുടെ 70 ശതമാനവും തൊഴിലാളി സഞ്ചയത്തിൽ ഉൾപെടുന്നില്ല. അതുകൊണ്ട് എൽ എഫ് പി ആറിൽ കാണുന്ന പ്രകടമായ ഈ അന്തരം സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളെയാകെ ദോഷകരമായി ബാധിക്കുന്നുണ്ട്. എൽ എഫ് പി ആറിലെ ഈ അന്തരം രേഖാചിത്രം മൂന്നിൽ കാണാം. 2004നും 2007നുമിടയിൽ സ്ത്രീകളുടെ എൽ എഫ് പി ആറിൽ ഉണ്ടായ ഇടിവ് ലിംഗപരമായ വേർതിരിവ് കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ സ്ത്രീകളുടെ എൽ എഫ് പി ആറിൽ വേഗത്തിലുള്ള ഇടിവ് സംഭവിച്ച സംസ്ഥാനങ്ങളിൽ ലിംഗപരമായ വേർതിരിവ് കൂടുതൽ ശക്തമാണെന്ന് കാണാം. മറിച്ച് സംഭവിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ കാര്യങ്ങൾ നേരെ തിരിച്ചാണെന്നും മൂന്നാം രേഖാചിത്രത്തിൽ കാണാവുന്നതാണ്. 2017 മുതൽക്ക് സ്ത്രീകളുടെ എൽ എഫ് പി ആർ നില മെച്ചപ്പെട്ടതോടെ എല്ലാ സംസ്ഥാനങ്ങളിലും സ്ത്രീ– പുരുഷ വേർതിരിവിന്റെ കാര്യത്തിലും

***ദേശീയതലത്തിലെയും കേരളത്തിലെയും സ്ത്രീകൾക്കിടയിലെ എൽ എഫ് പി ആറിന്റെ കാര്യത്തിലെ അന്തരം പരിശോധിക്കുമ്പോൾ കാണുന്ന ഒരു പ്രത്യേകത കേരളത്തിൽ ബിരുദാനന്തര ബിരുദവും അതിന് മുകളിൽ യോഗ്യതയുള്ളവരുടെയും കാര്യത്തിൽ ഇത് പ്രത്യേകം എടുത്തു പറയേണ്ടതാണ് എന്നതാണ്. ഏതാണ്ട് 25 ശതമാനത്തിന്റെ പ്രകടമായ വ്യത്യാസം ഇക്കാര്യത്തിൽ കാണാം.***

കാര്യങ്ങൾ മെച്ചപ്പെട്ടതായി കാണാം. കേരളത്തിലും പശ്ചിമ ബംഗാളിലും മാത്രമാണ് അല്പം വേറിട്ട ചിത്രം കാണുന്നത്. നഗരങ്ങളുടെ കാര്യത്തിൽ പല സംസ്ഥാന ങ്ങളിലും കാര്യങ്ങൾ മെച്ചപ്പെട്ടതായും വിലയിരുത്താൻ കഴിയും.

### 5. കേരളത്തിൽ സ്ത്രീകളുടെ എൽ എഫ് പി ആറിൽ വർദ്ധനയുണ്ടായതിന് പിന്നിൽ

സ്ത്രീകളുടെ എൽ എഫ് പി ആറിൽ സമീപകാലത്തുണ്ടായ പോസിറ്റീവായ ചലനങ്ങളെ വിശകലന വിധേയമാക്കുമ്പോൾ വരുമാനം, വിദ്യാഭ്യാസ പരമായ നിലവാരം തുടങ്ങിയ ഘടകങ്ങൾ എങ്ങനെ സ്വാധീനിച്ചു വെന്നതാണ് തുടർന്നുള്ള ഭാഗങ്ങളിൽ പരിശോധിക്കുന്നത്. ഇതിന് സംസ്ഥാനത്തിന്റെ പ്രകടനത്തെ അഖിലേന്ത്യ തലത്തിലേതുമായി താരതമ്യം ചെയ്യുകയാണ്. കേരളത്തെ ഇതിനായി തിരഞ്ഞെടുത്തതിന് ചില കാരണങ്ങളുണ്ട്. ഒന്ന്, കേരളത്തിൽ സ്ത്രീ കളുടെ എൽ എഫ് പി ആറിന്റെ കാര്യത്തിൽ വ്യക്തമായ രണ്ട് ഘട്ടങ്ങൾ കാണാം. 1993–94 മുതൽ 2004–05 വരെയുള്ള ഒരു ഘട്ടവും 2004 –05 മുതൽ 2017 –18 വരെയുള്ള മറ്റൊരു ഘട്ടവും. സംസ്ഥാനത്തെ നഗര മേഖലയിലെ തൊഴിൽ വിപണിക്ക് ചില പ്രത്യേകതകളുണ്ട്. സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തവും കുറഞ്ഞ തോതിലുള്ള തൊഴിലുമാണ് അത്. ഇത് തൊഴിലില്ലായ്മ ഉയരുന്നതിന് നല്ലൊരു കാരണമായി മാറുന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസമുള്ളവരുടെ കാര്യം

പങ്കാളിത്തവും കുറഞ്ഞ തോതിലുള്ള തൊഴിലുമാണ് അത്. ഇത് തൊഴിലില്ലായ്മ ഉയരുന്നതിന് നല്ലൊരു കാരണമായി മാറുന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസമുള്ളവരുടെ കാര്യം പരിഗണിക്കുമ്പോൾ 70 മുതൽ 80 ശതമാനം വരെ തൊഴിൽ പങ്കാളിത്തം കാണാം. ഇത് വികസിത രാജ്യങ്ങളുടേതിന് സമാനമായ സ്ഥിതിയാണ്. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ഇരട്ടിയിലധികമാണ് ഇത് (മാത്യു –2018). രണ്ടാം ഘട്ടത്തിലേക്ക് വരുമ്പോൾ മറ്റു പല സംസ്ഥാനങ്ങളിലുമെന്നപോലെ കേരളത്തിലും സ്ത്രീകളുടെ എൽ എഫ് പി ആർ നിരക്കിൽ ഇടിവ് പ്രകടമാണ് (തോമസ്, ഷൈജൻ – 2022). എന്നാൽ, കേരളത്തിൽ ഇടിവ് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. കൃത്യമായി പറഞ്ഞാൽ 2004–05 മുതൽ 2011–12 വരെയുള്ള ഘട്ടത്തിൽ 33 ശതമാനത്തിൽ നിന്നും 25 ശതമാനമായി ഇത് കുറഞ്ഞിട്ടുണ്ട്. ദേശീയതലത്തിലാകട്ടെ 20.4 ശതമാനത്തിൽ നിന്നും 17.8 ശതമാനമായാണ് കുറഞ്ഞിരി യ്ക്കുന്നത്.

രണ്ടമത്തെ കാര്യമെടുത്താൽ വനിതകളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും മാനവ വികസനത്തിന്റെ കാര്യത്തിലും കേരളത്തിന് ചരിത്രപരമായി തന്നെ ചില നേട്ടങ്ങളുണ്ട്. ഇത്തരത്തിലെ സാമൂഹ്യവും ജനസംഖ്യാ പരവുമായ മുന്നേറ്റങ്ങൾ സംസ്ഥാനത്ത് തൊഴിലെടുക്കുന്നതിന് സ്ത്രീകൾക്ക് അനു കൂലമായ ചില സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയുണ്ടായി.. വിദ്യാസമ്പന്നരായ




Figure 4A: FLFPR across consumption quintiles: Rural (%)




Figure 4B: LFPR across consumption quintiles: urban (%)

***എഫ് എൽ എഫ് പി ആറിന്റെ കാര്യത്തിൽ കേരളത്തിൽ ഗ്രാമീണ മേഖലയിലെ ഉയർന്ന വിഭാഗങ്ങൾക്കിടയിൽ വർധന ഉണ്ടായിട്ടുണ്ട്. എന്നാൽ നഗര മേഖലയിൽ മധ്യനിരക്കാരുടെ കാര്യത്തിലാണ് വളർച്ച പ്രകടമാകുന്നത്.***

വന്നതോടെ 2004–05 മുതൽ എൽ എഫ് പി ആറിൽ ചാഞ്ചാട്ട സ്വഭാവം പ്രകടമാകുന്നുണ്ട

### 5.1 – വരുമാന സ്ഥിതി

സ്ത്രീകളുടെ എൽ എഫ് പി ആർ സംബന്ധമായ വിവരങ്ങൾ രേഖാചിത്രം നാലിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇതിന്റെ പാനൽ എ ഗ്രാമീണ മേഖലയെയും പാനൽ ബി നഗര മേഖലയെയും പ്രതിനിധാനം ചെയ്യുന്നു. 2017–18 മുതൽ 2019–20 വരെയുള്ള ഘട്ടത്തിലെ ട്രെൻഡാണ് ഇതിൽ അവലോകനം ചെയ്യുന്നത്. മഹാമാരി അടക്കമുള്ള ചില അസ്വാഭാവിക മാറ്റങ്ങൾ ഉണ്ടായതുമൂലം 2020–21 വർഷത്തെ കണക്കിലെടുത്തിട്ടില്ല. എന്നാൽ മുൻ പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായി കൃത്യമായ ഒരു 'യു' ആകൃതിയിലുള്ള ഒരു രീതി ഇവിടെ തെളിയുന്നില്ല. ഏറ്റവും അവസാന പാദത്തിൽ ദേശീയതലത്തിലും കേരളത്തിലും സ്ത്രീകളുടെ എൽ എഫ് പി ആർ നില സമാനമാണ്. എന്നാൽ വരുമാനം ഉയരുന്നതിനനുസരിച്ച് രണ്ടു വർഷവും സ്ത്രീകളുടെ എൽ എഫ് പി ആറിൽ ഉയർച്ച രേഖപ്പെടുത്തിയതായി കാണാം. 2019–20 ലെ ചില ഘട്ടങ്ങളിൽ ഇത് വളരെ എടുത്തു പറയത്തക്കതാണ്. എന്നാൽ കേരളത്തിൽ കണ്ടത് ഒരേ രീതിയിലുള്ള മുന്നേറ്റമാണ്. 2017–18 ലാകട്ടെ വരുമാനവുമായി ബന്ധപ്പെട്ട് 'യു' ആകൃതിയിലുള്ള മാറ്റം കാണുവാൻ കഴിയും. വരുമാനം എന്ന ഘടകം പരിഗണിക്കുമ്പോൾ കേരളത്തിൽ രാജ്യത്തിന്റെ മറ്റു മേഖലകളെക്കാൾ ഉയർന്ന വനിത എൽ എഫ് പി ആർ കാണാൻ കഴിയുന്നു.

2017–18 നും 2019–20 നുമിടയിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്കിൽ പൊതുവിൽ വർദ്ധനയുണ്ടായതായി കാണാം. നഗര മേഖലയിൽ കേരളത്തിൽ ഉയർന്ന വനിത എൽ എഫ് പി ആർ കാണാവുന്നതാണ്. എല്ലാ വരുമാന ഗ്രൂപ്പുകളിലും ഇത് പ്രകടവുമാണ്. കേരളത്തിൽ 2017–18 കാലയളവിൽ നഗര മേഖലകളും 'യു' ആകൃതിയിലുള്ള വളർച്ച പ്രകടമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ മറ്റൊരിടത്തും ഈ പ്രവണത കാണാൻ കഴിയുന്നില്ല. 2019–20 ൽ കണ്ട മറ്റൊരു പ്രത്യേകത കുറഞ്ഞ വരുമാനക്കാരുടെയിടയിൽ എൽ എഫ് പി ആർ കുറയുന്നതാണ്. എന്നാൽ ഉയർന്ന വരുമാന വിഭാഗത്തിൽ ഇത് കൂടുകയും ചെയ്തിട്ടുണ്ട്. മധ്യ വരുമാനക്കാരുടെ വിഭാഗത്തിലാണ് ഗ്രാമീണ മേഖലയിലും നഗര മേഖലയിലും സ്ത്രീകളുടെ എൽ എഫ് പി ആർ ഉയരുന്നതായി കണ്ടത്. ഇത് മുൻ പഠനങ്ങളിലെ കണ്ടെത്തലിൽ നിന്നും വ്യത്യസ്തമാണ്. മുൻ പഠനങ്ങളിൽ ദേശീയതലത്തിൽ 'യു' ആകൃതിയിലുള്ള രേഖയുടെ കാര്യത്തിൽ ഊന്നൽ നൽകിയപ്പോൾ കേരളത്തിൽ അതുണ്ടായില്ല (മാത്യു–2018). 2017–18 ൽ ഇതിന് നേരെ തിരിച്ചുള്ള ട്രെൻഡാണ് പ്രകടമായത്. തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തത്തിൽ വന്ന മാറ്റത്തിന്റെ ചിത്രമാണ് ഇത് നൽകുന്നത്.

### 5.2 വിദ്യാഭ്യാസത്തിന്റെ നില

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ വിദ്യാഭ്യാസം നിർണ്ണായകമായ പങ്ക് വഹിക്കുന്നുവെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് കേരളത്തിലെയും ഇന്ത്യയിലെ നഗര മേഖലകളിലെയും വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ്. ഇന്ത്യ മൊത്തത്തിലെടുക്കുമ്പോൾ രണ്ടു വർഷവും ഇക്കാര്യത്തിൽ 'യു' ആകൃതിയിലുള്ള മാറ്റമാണ് പ്രകടമാകുന്നത്.

Figure 5A: FLPR across education category:Total (%)




Figure 5B: FLPR across education category: Rural (%)




Figure 5C: FLFPR across education category: Urban (%)



***എഫ് എൽ എഫ് പി ആറിന്റെ മേഖലയിൽ സമീപകാലത്തുണ്ടായ പ്രകടമായ മുന്നേറ്റം, പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ, വിരൽ ചൂണ്ടുന്നത് ഗ്രാമീണ, കാർഷിക മേഖലയിലെ പ്രതിസന്ധിയിലേക്കാണ്.***

ഡിപ്ലോമ, സർട്ടിഫിക്കറ്റുകൾ എന്നിവ നേടിയ വരുടെ കാര്യത്തിൽ സ്ഥിതി അല്പം ഭിന്ന മായിരുന്നു. ഗ്രാമീണ, നഗര മേഖലകളിൽ ഈ പ്രവണത സുസ്ഥിരമായിരുന്നുവെന്ന് കാണാം. ഇതിൽ തന്നെ കുറഞ്ഞ വിദ്യാഭ്യാസ നിലവാര മുള്ളവരുടെ കാര്യത്തിലാണ് സ്ത്രീകളുടെ എൽ എഫ് പി ആർ ഉയർന്നു നിൽക്കുന്നത്. ഡിപ്ലോമ, സർട്ടിഫിക്കേറ്റ് ഹോൾഡർമാരുടെ ഉയർന്ന പങ്കാളിത്തമാണ് ഇതിന് കാരണം. ഈ വളർച്ച നഗര, ഗ്രാമീണ മേഖലകളിൽ ഉയർന്ന തോതി ലായിരുന്നു (രേഖാചിത്രം–5). ഇത്തരത്തിൽ കുറഞ്ഞ വിദ്യാഭ്യാസമുള്ളവരുടെ കാര്യത്തിലെ ഉയർന്ന വനിത എൽ എഫ് പി ആർ സൂചിപ്പിക്കുന്നത് നിരാശയിൽ നിന്നു മുതലെടുത്ത തൊഴിലന്വേഷണം ശക്തമാണ് എന്നതാണ്. മുൻപഠനങ്ങളിൽ നിന്നും വ്യക്തമായതുപോലെ കുറഞ്ഞ വരുമാനമുള്ള വിഭാഗങ്ങളിൽ നിന്നും കൂടുതൽ പേർ തൊഴിലിനെത്തുന്നത് കുടുംബത്തെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യവുമായാണ്.

ദേശീയ തലത്തിലേതിനേക്കാൾ കേരളത്തിലെ സ്ത്രീകളുടെ എൽ എഫ് പി ആർ കൂടുതൽ സങ്കീർണ്ണമാണ് എന്ന് കാണാൻ കഴിയും. തൊഴിൽ, പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ കാര്യമായ മാറ്റം ഇവിടെ പ്രകടമാണ്. 5 എ, 5 ബി, 5 സി എന്നീ രേഖാചിത്രങ്ങളിൽ നിന്നും ഇത് വ്യക്തമാണ്. ഇതിൽ താഴെ കാണുന്ന പ്രവണതകൾ കൂടുതൽ ചർച്ചക്ക് വിഷയീ ഭവിക്കേണ്ടവയാണ്.

1) കേരളത്തിൽ കുറഞ്ഞ വിദ്യാഭ്യാസമുള്ള വിഭാഗങ്ങളിൽ സ്ത്രീകളുടെ എൽ എഫ് പി ആർ ദേശീയ ശരാശരിയേക്കാൾ കുറവാണ്. എന്നാൽ ഉയർന്ന വിദ്യാഭ്യാസമുള്ളവരുടെ കാര്യത്തിൽ നേരെ തിരിച്ചുമാണ്. ഉദാഹരണ ത്തിന്, ബിരുദാനന്തര ബിരുദമുള്ളവരുടെ കാര്യത്തിൽ കേരളത്തിൽ നിരക്ക് 70 ശതമാനമാണ്. ഇത് പശ്ചിമേഷ്യൻ രാജ്യങ്ങൾ, ഐസ്ലാൻഡ്, ഡെന്മാർക്ക് തുടങ്ങിയ വികസിത രാജ്യങ്ങളുടേതിന് സമാനമാണ്. അതായത്, കേരളത്തിൽ ഉയർന്ന വിദ്യാഭ്യാസം നേടുന്നതും തൊഴിൽ പങ്കാളിത്ത നിരക്കും ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണ് എന്നർത്ഥം. ഈ വ്യത്യാസം കൂടുതൽ കാണുന്നത് ബിരുദാനന്തര ബിരുദവും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ കാര്യ ത്തിലാണ്. ഇക്കാര്യത്തിൽ ഏതാണ്ട് 25 ശത മാനം വ്യത്യാസം കാണാൻ കഴിയും.

2) ദേശീയ പ്രവണതകൾക്ക് സമാനമായി തൊഴിൽ പങ്കാളിത്തത്തിലെ വർധന കൂടുതൽ പ്രകടമായിട്ടുള്ളത് കുറഞ്ഞ വിദ്യാഭ്യാസ മുള്ളവരുടെ മേഖലയിലാണ്. പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ. എന്നാൽ നഗര മേഖല കളിൽ കാണുന്നത് ഉന്നത ബിരുദമുള്ളവരുടെ കാര്യത്തിലുള്ള കുറയുന്ന പ്രവണതയാണ്. ഈ വിഭാഗത്തിന്റെ പ്രാധിനിത്യം 2017–18ൽ 73 ശതമാനമായിരുന്നത് 2019–20 ൽ 64.7 ശതമാനമായി താഴ്ന്നു. ദേശീയതലത്തിലാകട്ടെ ഇത് 44 ശതമാനത്തിൽ നിന്നും 46 ശതമാനമായി ഉയർന്നു. ഇത് കാണിക്കുന്നത് വിദ്യാഭാസ ത്തിന്റെ സങ്കീർണമായ ഇടപെടലും ഗ്രാമീണ, നഗര വ്യത്യാസവും ഒപ്പം കേരളത്തിലെ വനിത തൊഴിൽ പ്രാതിനിത്യത്തിന്റെ പശ്ചാത്തലവു മാണ്. ഇത്തരത്തിൽ ഉന്നത വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ കാര്യത്തിലെ ഉയർന്ന തൊഴിൽ പങ്കാളിത്തവും പൊതുവിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ സംഭവിച്ച ഇടിവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതുകൊണ്ട്

ഇക്കാര്യത്തിൽ വിശദമായ ഒരു പഠനം ആവശ്യമാണ്.

### 6. രത്നച്ചുരുക്കവും തുടർനീക്കങ്ങളും

എഫ് എൽ എഫ് പി ആറിന്റെ കാര്യത്തിൽ ഇന്ത്യ ലോകത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു രാജ്യമാണ്. സ്ത്രീകളുടെ എൽ എഫ് പി ആറി ന്റെ കാര്യത്തിലും ഇന്ത്യ പിന്നിൽ നിൽക്കുന്നത് ലോകം ചർച്ച ചെയ്യുന്ന ഒന്നാണ്. പ്രത്യേകിച്ച് സമ്പദ്ഘടന ഉയർന്ന വളർച്ച രേഖപ്പെടുത്തുകയും ജനന നിരക്ക് കുറയുകയും ചെയ്ത 2004ന് ശേഷമുള്ള ഘട്ടത്തിൽ. ഇതിന്റെ കാരണങ്ങളെ കുറിച്ച് അഭിപ്രായ ഐക്യമില്ല. സ്ത്രീകൾ കൂടുതലായി വിദ്യാഭ്യാസം നേടുന്നതും പൊതുവിൽ ആളുകളുടെ വരുമാനം വർധിച്ചതും ഒപ്പം സ്ത്രീകൾ ജോലി ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതടക്കമുള്ള കാര്യങ്ങൾ ചൂണ്ടികാണിക്കപ്പെടുന്നുണ്ട്.

1993–94നും 2020–21നുമിടയിലെ സ്ത്രീ എൽ എഫ് പി ആറിന്റെ ഘടനയുടെ ഒരു വിശകലനമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. വ്യത്യസ്ത തോതിലാണെങ്കിലും എല്ലാ സംസ്ഥാന ങ്ങളുടെയും പ്രകടനത്തിന്റെ കാര്യത്തിൽ ഒരു തിരിച്ചുവരവ് ഈ ഘട്ടത്തിൽ കാണാം. സ്ത്രീകളുടെ എൽ എഫ് പി ആറിനെ കീറി മുറിച്ചുള്ള ഒരു പഠനത്തിൽ താരതമ്യേന വരു മാനം കുറഞ്ഞ സംസ്ഥാനങ്ങളായ ബീഹാർ, ആസാം, മധ്യപ്രദേശ് എന്നിവയെ കണക്കിലെടുക്കുമ്പോൾ മേൽപറഞ്ഞ സംസ്ഥാനങ്ങൾ കുറഞ്ഞ എഫ് എൽ പി ആർ രേഖപ്പെടുത്തുന്നതിലൂടെ 'യു' ആകൃതി യിലുള്ള തൊഴിൽ സ്ത്രീവത്ക്കരണ സിദ്ധാന്തം തിരസ്കരിക്കപ്പെടുന്നു. ഗ്രാമീണ മേഖലയിലാണ് തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തത്തിൽ ഉണർവ് പ്രകടമാകുന്നത്. നഗര മേഖലകൾ അത്ര തന്നെ മികച്ച ചിത്രം നൽകുന്നില്ല. എന്നാൽ ചില പ്രതിസന്ധികൾ മൂലം ഗ്രാമീണ സ്ത്രീകൾ കൂടുതലായി തൊഴിൽ രംഗത്തേക്ക് കടന്നു വന്നത് ഇതിനൊരു കാരണമാണ്. പ്രത്യേകിച്ച് 2004 മുതൽ 2017 വരെയുള്ള ഘട്ടത്തിൽ. സമ്പദ്ഘടനയിലെ മാന്ദ്യവും തൊഴിൽ പ്രതിസന്ധിയും ഇതിന് ന്യായമായ കാരണങ്ങളാണ്.

സ്ത്രീസാക്ഷരതയുടെയും മാനവവികസന ത്തിന്റെയും കാര്യത്തിൽ കേരളം ഇന്ത്യയിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഒരു സംസ്ഥാനമാണ്. 2004 വരെ സംസ്ഥാനം ഉയർന്ന എഫ് എൽ എഫ് പി ആർ രേഖപ്പെടു ത്തിയിരുന്നു. തുടർന്ന് ഇതിൽ ഇടിവ് വരുകയും 2017ൽ കേരളം സ്ത്രീകളുടെ എൽ എഫ് പി ആറിന്റെ കാര്യത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന ഒരു സംസ്ഥാനവുമായി മാറുകയായിരുന്നു. ഉപഭോഗം, വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി എഫ് എൽ എഫ് പി ആർ അവലോകനം ചെയ്യുമ്പോൾ കൗതുകകരമായ ചില പ്രവണതകൾ കേരളത്തിന്റെ കാര്യത്തിൽ കാണാൻ കഴിയും. ഗ്രാമീണ മേഖലയിലെ എഫ് എൽ എഫ് പി ആർ ഉയർന്നതായി കാണാം. എന്നാൽ നഗര മേഖലകളിൽ ഇത് മധ്യവർഗ വിഭാഗങ്ങളിൽ മാത്രമായി ചുരുങ്ങുന്നു. വിദ്യാഭ്യാസമെടുക്കുമ്പോൾ കാണാൻ കഴിയുന്നത് കുറഞ്ഞ വിദ്യാഭ്യാസമുള്ള മേഖകള കളിൽ തൊഴിൽ പങ്കാളിത്തത്തിൽ വേഗ ത്തിലുള്ള മുന്നേറ്റം കാണാം. എന്നാൽ ബിരു ദാനന്തര ബിരുദവും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ള ആളുകളുടെ കാര്യത്തിൽ കുറവും രേഖപ്പെടുത്തിയിരിക്കുന്നു. ദേശീയ ശരാശരികളിൽ നിന്നും വ്യത്യസ്തമായി കേരളത്തിന്റെ തൊഴിൽ വിപണിയുടെ തനത് പ്രത്യേകതകളാണ് ഇത് കാണിക്കുന്നത്.

എഫ് എൽ എഫ് പി ആർ അടുത്തകാലത്ത് ഉയർന്നതിന്റെ കാരണങ്ങൾ മനസിലാക്കേണ്ട തുണ്ട്. ഗ്രാമീണ, കാർഷിക മേഖലകളിൽ ഉണ്ടായ പ്രതിസന്ധിയാണ് ഇതിന് പശ്ചാത്തലമ ായതെങ്കിൽ നഗര മേഖലയുടെ സംഭാവനയുടെ നിറം കെടുത്തുന്നതായി അത് മാറുന്നു. വിദ്യാഭ്യാസം കുറവുള്ള വിഭാഗങ്ങൾക്കിടയിൽ എഫ് എൽ എഫ് പി ആർ ഉയർന്നു നിൽക്കുന്ന തായും ബിരുദധാരികളുടെ കാര്യത്തിൽ ഇത്

കുറയുന്നതായും സംസ്ഥാനത്ത് കാണുന്നു. എഫ് എൽ എഫ് പി ആറിന്റെ കാര്യത്തിലെ മാറുന്ന പ്രവണതകളിൽ, പ്രത്യേകിച്ച് നഗര മേഖലകളിലെ, പ്രത്യേകമായി ശ്രദ്ധയൂന്നേണ്ടതുണ്ട്. തൊഴിൽ മേഖലയെ കുറിച്ചുള്ള സമതുലിതമായ ഒരു നിഗമനത്തിനു ഇത് ഏറെ അനിവാര്യമായ ഒന്നാണ്.

■

(ഗിഫ്റ്റിൽ ഗവേഷക വിദ്യാർത്ഥിയാണ് വിപാഷാ റേ ഹജോങ് അസിസ്റ്റന്റ് പ്രഫസറാണ് ഡോ കിരൺകുമാർ കക്കർലാപുടി)

## End Note

1 Labour Force Participation refers to individuals who are involved in employment, whether it is paid or for the purpose of gaining profit and have dedicated a specific number of hours during a given timeframe. This includes individuals who were jobless but actively seeking work and those who created goods for their personal use.

## References

1 Abraham, V. (2009). Employment growth in rural India: distress-driven? *Economic and Political Weekly,* 97-104.

2 Abraham, V. (2012). The deteriorating labour market conditions and crime: An analysis of Indian states during 2001-2008. *Millennial Asia,* 3(2), 207-231.

3 Chattopadhyay, S., & Chowdhury, S. (2022). Female Labour Force Participation in India: An Empirical Study. *The Indian Journal of Labour Economics,* 65(1), 59-83.

4 Kannan, K. P., & Raveendran, G. (2012). Counting and profiling the missing labour force. Economic and Political Weekly, 77-80.

5 Kapsos, S., Silbermann, A., & Bourmpoula, E. (2014). *Why is female labour force participation declining so sharply in India?* (pp. 1-51). Geneva: ILO.

6 Klasen, S., & Pieters, J. (2012). Push or pull? Drivers of female labor force participation during India's economic boom.

7 Klasen, S., & Santos Silva, M. (2018). Gender inequality as a barrier to economic growth: a review of the theoretical literature.

8 Klasen, S. (2019). What explains uneven female labor force participation levels and trends in developing countries?. *The World Bank Research Observer,* 34(2), 161-197.

9 Mathew, S. S. (2015). Falling female labour force participation in Kerala: Empirical evidence of discouragement?. *International Labour Review, 154(4),* 497-518.

10 Mehrotra, S., & Parida, J. K. (2017). Why is the labour force participation of women declining in India?. *World Development*, 98, 360-380.

11 Pande, R., & Roy, H. (2021). "If you compete with us, we shan't marry you" The (Mary Paley and) Alfred Marshall Lecture. *Journal of the European Economic Association,* 19(6), 2992-3024.

12 Siddiqui, M. Z., Lahiri-Dutt, K., Lockie, S., & Pritchard, B. (2017). Reconsidering women's work in rural India: analysis of NSSO data, 2004-05 and 2011-12. *Economic and Political Weekly*, 52(1), 45-52.

13 Thomas, J. J. (2012). India's labour market during the 2000s: Surveying the changes. *Economic and Political Weekly,* 39-51.

14 Thomas, N., & Shyjan, D. (2022). Outsiders of the Labour Force in Kerala: Demystifying Deterrents of Female Work. *The Indian Journal of Labour Economics,* 65(2), 445-461.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 2*
*ഏപ്രിൽ – ജൂൺ 2023*

# സാമ്പത്തിക സേവനങ്ങളുടെ ലഭ്യത, ഉപയോഗം എന്നിവയിലെ ലിംഗപരമായ അന്തരം

ലക്ഷ്മി പ്രസാദ്, കിരൺകുമാർ കക്കർലപുടി

ലിംഗസമത്വത്തെ 2001–ൽ ലോക ബാങ്ക് നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. വിഭവങ്ങൾ, അവകാശങ്ങൾ, അഭിപ്രായ സ്വാതന്ത്ര്യം തുടങ്ങിയ കാര്യങ്ങൾ അടക്കമുള്ള വിഷയങ്ങളിലെ അവസരസമത്വമാണ് അത്. സ്ത്രീയും പുരുഷനും തമ്മിൽ ഉത്പന്ന ങ്ങളുടെയും സേവനങ്ങളുടെയും കാര്യത്തിലുള്ള തുല്യമായ വിതരണം എന്നത് മാത്രമല്ല അതുകൊണ്ട് വീക്ഷിക്കുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള സുസ്ഥിരമായ വളർച്ച കൂടിയാണ് അതെന്നാണ് ലോകബാങ്ക് നിർവചിക്കുന്നത്. വികസ്വര രാജ്യങ്ങളിലെ ദാരിദ്ര്യവുമായി അതിന് നേരിട്ട് ബന്ധമുണ്ടെന്ന് കാണാം (ലോകബാങ്ക് 2001, സ്ട്രൗസ്, തോമസ്, 1995). വിദ്യഭ്യാസ രംഗത്തെ മാറ്റം (ഷുൾസ്, 2002), ഉയർന്ന സമ്പാദ്യം (സെജിയ്നോ, ഫ്ലോരോ–2003) തുടങ്ങിയ കാര്യങ്ങളുമായും ലിംഗസമത്വത്തിന് നേരിട്ട് ബന്ധമുണ്ട്. അതുകൊണ്ട് ലിംഗസമത്വമെന്നത് നയപരമായ ഒരു ലക്ഷ്യം കൂടിയാണ് (മോറിസൺ–2007). സഹസ്രാബ്ദത്തിലെ വികസന ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ മൂന്നാമതായി അത് ഇടം പിടിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പട്ടികയിൽ അഞ്ചാം സ്ഥാനവും അതിനുണ്ട്. ആ ലക്ഷ്യം കൈവരിക്കുന്നതിന് വിവിധങ്ങളായ സാധ്യതകളുണ്ട്. സ്ത്രീകൾക്ക് വിഭവങ്ങളുടെ കാര്യത്തിൽ തുല്യമായ അവകാശങ്ങൾ ഉറപ്പ് വരുത്തുന്ന നിയമനിർമ്മാണം അതിന്റെ ഭാഗമാണ്.

ലിംഗസമത്വത്തെ കുറിച്ച് ലോകത്തെമ്പാടും വിവിധ പഠനങ്ങൾ നടന്നിട്ടുണ്ട്. അതിൽ നിന്നും വെളിവായ ഒരു വസ്തുത, സാമ്പത്തിക സ്രോതസുകളുമായുള്ള അടുപ്പം സ്ത്രീ ശാക്തീകരണത്തിലും ലിംഗപരമായ തുല്യതയിലും നിർണ്ണായക പങ്ക് വഹിക്കുന്നു എന്നതാണ്. കാരണം, സാമ്പത്തികമായ എല്ലാ തീരുമനങ്ങളെയും അത് സ്വാധീനിക്കുന്നു എന്നതാണ്. ഇത്തരത്തിലുള്ള സാമ്പത്തികമായ മുന്നേറ്റത്തിന് ലോകവ്യാപകമായി നിരവധി നയങ്ങളും പരിപാടികളും ഇതിനകം ആവിഷ്കരിച്ച് നടപ്പാക്കുകയുണ്ടായി. ഇതിൽ പലതും സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുക എന്ന ലക്ഷ്യം വച്ചുള്ളതാണ്. ഇന്ത്യയിലെ കാര്യമെടുത്താൽ, 1990കളിൽ തുടക്കം കുറിച്ച ബാങ്കുകളുമായി ലിങ്ക് ചെയ്തുകൊണ്ടുള്ള സ്വയംസഹായ ഗ്രൂപ്പുകൾ ലോകത്തെ തന്നെ ഏറ്റവും മികച്ച സൂക്ഷ്മ

***ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം പരിഗണിക്കുമ്പോൾ ഇന്ത്യയിൽ നടപ്പിലാക്കിയ സാമ്പത്തികമായ ഉൾപ്പെടുത്തലിനുള്ള നടപടികൾ ഇക്കാര്യത്തിലെ സ്ത്രീ – പുരുഷ അന്തരം കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്.***

ധനസഹായ പദ്ധതിയാണ്. സർക്കാരിന്റെ ധനസഹായം നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

2014–ൽ ആരംഭിച്ച പ്രധാനമന്ത്രി ജൻധൻ യോജന (പി എം ജെ ഡി വൈ) എന്ന പദ്ധതി വഴിയായി എല്ലാവർക്കും ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് അവസരമൊരുങ്ങി. ചരിത്രത്തിൽ മുൻപില്ലാത്ത വിധത്തിൽ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണത്തിലുള്ള വർധനക്ക് ഇത് വഴിയൊരുക്കി. ബാങ്ക് അക്കൗണ്ടുകളുള്ള പൗരന്മാരുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇന്ത്യ ഉയർന്ന വരുമാനമുള്ള ഒ ഇ സി ഡി രാജ്യങ്ങൾക്കൊപ്പമെത്തി (പ്രസാദ്, കിരൺകുമാർ കക്കാർലപുടി–2023).

സാമ്പത്തിക സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കുക എന്ന കാര്യത്തിൽ ലോക വ്യാപകമായി ഗൗരവമാർന്ന ശ്രമങ്ങൾ നടക്കുന്നുണ്ട്. എന്നിരുന്നാലും തെളിവുകൾ വ്യക്തമാക്കുന്നത് പുരുഷൻമാർക്കാണ് അത് കൂടുതൽ നേട്ടം നൽകുന്നത് എന്നാണ് (ഡിമിർകുക്–കുന്റ് റ്, 2018, അലൻ, 2015, ട്രിവേലി, 2018). അന്റോണിജീവിക് (2022). പഠനപ്രകാരം 144 സമ്പദ്ഘടനകളെടുക്കുമ്പോൾ അതിൽ ഏഴു മേഖലകളിൽ ഇക്കാര്യത്തിലുള്ള സ്ത്രീ–പുരുഷ അന്തരം കൂടുതൽ പ്രകടമാണ് എന്ന് കാണാം. ഘോഷ്, വിനോദ് എന്നിവരുടെ പഠനത്തിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം (2017) ഇന്ത്യയിൽ സ്ത്രീകൾ നേതൃത്വം നൽകുന്ന കുടുംബങ്ങൾക്ക് ഇക്കാര്യങ്ങളിൽ കുറഞ്ഞ തോതിലുള്ള അവസരമാണ് ലഭ്യമാകുന്നതെന്നാണ് വ്യക്തമാകുന്നത്. 2020–ൽ കൗർ, കപുരിയ എന്നിവർ നടത്തിയ പഠനത്തിൽ ഇത്തരത്തിലുള്ള അന്തരം കൂടുതൽ വ്യക്തമാകുന്നുണ്ട്. സംഘടിതവും അസംഘടിതവുമായ സാമ്പത്തിക സേവന രംഗങ്ങളിൽ സ്ത്രീ–പുരുഷ അന്തരം പ്രകാരമാണെന്നാണ് അവരുടെ കണ്ടെത്തൽ. അതായത്, പുരുഷ കേന്ദ്രീകൃതമായ കുടുംബങ്ങൾക്ക് ധനപരമായ അവസരങ്ങൾ കൂടുതൽ ലഭ്യമാകുന്നു എന്ന് ഈ പഠനം പറയുന്നു. ഇത്തരത്തിൽ സ്ത്രീകൾക്ക് ബാങ്കിങ് സൗകര്യം ലഭ്യമാക്കുന്നതിൽ കുറവ് വരുന്നതിന് പല കാരണങ്ങൾ ചൂണ്ടി കാണിക്കപ്പെടുന്നുണ്ട്. സ്ത്രീകൾക്ക് ആവശ്യമായ വ്യക്തിഗത രേഖകൾ ഇല്ലാത്തത്, മൊബൈൽ ഫോൺ ഇല്ലാതിരിക്കുന്നത്, സാങ്കേതികമായ അറിവ് കുറവ്, എന്നിങ്ങനെ പല കാരണങ്ങൾ ചൂണ്ടികാണിക്കപ്പെടുന്നുണ്ട് (ഫിൻഡെക്സ് റിപ്പോർട്ട്–2021). ഇവിടെ ഉയരുന്ന ഒരു പ്രധാന ചോദ്യം, എല്ലാവർക്കും സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നയപരമായ നീക്കങ്ങൾ സ്ത്രീയും പുരുഷനും തമ്മിലുള്ള അന്തരം കുറയ്ക്കുന്ന കാര്യത്തിൽ എത്രമാത്രം ലക്ഷ്യഭേദിയായിട്ടുണ്ട് എന്നതാണ്.

ഈ പശ്ചാത്തലത്തിൽ, സാമ്പത്തിക ഉൾപെടുത്തൽ പദ്ധതികൾ ബാങ്ക് അക്കൗണ്ടു കളുടെ വർധന വഴിയായി ലിംഗ അസമത്വം കുറയ്ക്കുന്ന കാര്യത്തിൽ എപ്രകാരം പ്രവർത്തിച്ചുവെന്നത് മറ്റു രാജ്യങ്ങളുടേതുമായി താരതമ്യം ചെയ്യുകയാണ് ഈ പഠനത്തിൽ. ലോകബാങ്കിന്റ ഗ്ലോബൽ ഫിൻഡെക്സ് ഡേറ്റയാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതികളുടെ നേട്ടങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ എങ്ങനെയാണ് വിതരണം ചെയ്യ

***ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം വർധിക്കുന്നതും അതു സ്ത്രീകൾക്ക് കൂടുതൽ സഹായകരമാകുകയും ചെയ്യുന്നുണ്ടെങ്കിലും സാമ്പത്തിക സേവനങ്ങൾ, പ്രത്യേകിച്ച് നിക്ഷേപം, വായ്പ തുടങ്ങിയ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിലേക്ക് അത് പരിവർത്തനം ചെയ്യപ്പെടുന്നില്ല.***

പ്പെട്ടിരിക്കുന്നത് എന്ന് പരിശോധിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഈ പ്രശ്നത്തിന്റെ വിശദാംശങ്ങൾ മനസിലാക്കുന്നതിന് ഫിൻഡെക്സ് ഡേറ്റ ഏറെ സഹായകമാണ്. കാരണം, 148 രാജ്യങ്ങളിലെ വിവരങ്ങൾ ഇതിലുണ്ട്. സാമ്പത്തിക സേവന രംഗത്തെ ലിംഗ വേർതിരിവിന്റെ ഏറ്റവും കൃത്യമായ വിവരങ്ങൾ ഇതിൽ നിന്ന് ലഭ്യമാണ്. സാമ്പത്തിക ഉൾപെടുത്തലിന്റെ വിവിധ വശങ്ങൾ ഈ പഠനത്തിൽ ചർച്ച ചെയ്യുന്നുണ്ട്. ഇതിന്റെ രണ്ടാം ഭാഗത്ത് അതിന്റെ പ്രായോഗികമായ നേട്ടങ്ങളെ കുറിച്ചും ലിംഗ അസമത്വത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചുമാണ് ചർച്ച ചെയ്യുന്നത്.

**സേവനങ്ങളുടെ ലഭ്യത**

സാമ്പത്തികമായ ഉൾപ്പെടുത്തൽ എന്ന കാര്യത്തിലെ ഏറ്റവും പ്രധാനമായ കാര്യം സംഘടിത ധനകാര്യ മേഖലയിലെ സ്ഥപനങ്ങളിൽ ഉള്ള അക്കൗണ്ടാണ്. സാമ്പത്തിക സേവനങ്ങളുടെ ലഭ്യതയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചകമാണ് ഇത് (പ്രസാദ്, കക്കർലപുടി–2023). ലോകത്തെമ്പാടുമുള്ള സ്ഥിതി പരിശോധിക്കുമ്പോൾ പ്രായപൂർത്തിയായവരുടെ കാര്യത്തിൽ അക്കൗണ്ടുള്ള ആളുകളുടെ എണ്ണം തുടർച്ചയായി വർധിച്ചു വരുന്നതായി കാണാം. എന്നിരുന്നാലും ഇക്കാര്യത്തിൽ ലിംഗ വ്യത്യാസം വളരെ പ്രകടമാണെന്ന് രേഖാചിത്രം ഒന്നിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇതിൽ ആശ്വാസകരമായ കാര്യം, ലോകമെമ്പാടുമുള്ള സ്ഥിതി അവലോകനം ചെയ്യുമ്പോൾ ഈ വ്യത്യാസം കുറഞ്ഞു വരുന്നുവെന്നതാണ്. 2014ൽ ഇത് 6.9 ശതമാനമായിരുന്നെങ്കിൽ 2021ൽ 4.1 ശതമാനമായി കുറഞ്ഞു. പക്ഷെ രാജ്യങ്ങളുടെ വിവിധ ഗ്രൂപ്പുകളെ പ്രത്യേ കമായി പരിഗണിക്കുമ്പോൾ ഇതല്ല ചിത്രമെന്ന് കാണാം.

ഇന്ത്യയിലെ സ്ഥിതി പരിഗണിക്കുമ്പോൾ മൊത്തം അക്കൗണ്ടുകളുടെ വളർച്ച കണക്കിലെടുക്കുമ്പോൾ സ്ത്രീകൾക്ക് അനുകൂലമാകുന്ന വിധത്തിൽ മാറുന്നതായി കാണാം. കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ ശതമാനക്കണക്കിൽ സ്ത്രീ –പുരുഷ വ്യത്യാസം 20 പോയിന്റാണ് കുറഞ്ഞിരിക്കുന്നത്. ഇത് സാമ്പത്തികമായ ഉൾപ്പെടുത്തൽ പദ്ധതികളിലെ നിർണ്ണായകമായ ഒരു ചുവടുവയ്പാണ്. പി എം ജെ ഡി വൈ പദ്ധതിയാണ് ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഉയർന്ന വരുമാനമുള്ള ഒ ഇ സി ഡി രാജ്യങ്ങളുമായാണ് ഇന്ത്യ മത്സരിക്കുന്നത്. ഒ ഇ സി ഡി രാജ്യങ്ങളിൽ ലിംഗപരമായ അസമത്വം ഏറെക്കുറെ പൂജ്യം എന്ന നിലയിലാണെന്നോർക്കണം. ദക്ഷിണേഷ്യൻ രാജ്യങ്ങളെ മൊത്തത്തിലെടുക്കുമ്പോഴും ലിംഗവേർതിരിവിൽ പ്രകടമായ കുറവ് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ രേഖപ്പെടുത്തിയതായി കാണാം. എന്നാൽ എസ് എസ് എ രാജ്യങ്ങളിലും ഒപ്പം കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിലും സ്ഥിതി അതല്ല, അവിടങ്ങളിൽ ലിംഗപരമായ വേർതിരിവ് കൂടുതൽ പ്രകടമാവുകയാണ് ചെയ്തിട്ടുള്ളത്. എസ് എസ് എ രാജ്യങ്ങളുടെ കാര്യത്തിലാണ് ഗ്രാഫ് കൂടുതൽ താഴ്ന്നതായി കാണുന്നത്. 2017നും 2021നുമിടയിൽ കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളുടെ കാര്യത്തിൽ ഇക്കാര്യത്തിൽ നേരിയ കുറവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ലോകവ്യാപകമായി ബാങ്ക് അക്കൗണ്ടുകളുടെ കാര്യത്തിൽ സ്ത്രീ – പുരുഷ ഭേദമന്യേ വർധന രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ചില രാജ്യങ്ങളുടെ ഗ്രൂപ്പുകളെ പ്രത്യേകമായി പരിഗണിക്കുമ്പോൾ വേറിട്ട ചിത്രവും നമുക്ക് കാണാൻ കഴിയും. ചില മേഖലകളിൽ ഇക്കാര്യത്തിലുള്ള വളർച്ച ലിംഗ അസമത്വം കൂടുതൽ രൂക്ഷമാക്കുന്നുണ്ട്.

**ഉപയോഗം**

ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടാവുക എന്നത് സാമ്പത്തിക സേവനങ്ങളുടെ കാര്യത്തിലെ

Figure 1: Gender Gap in Account Ownership




അവസാന വാക്കല്ല. എന്നാൽ അത് ഏറ്റവും അവശ്യം വേണ്ടുന്ന അടിസ്ഥാന കാര്യമാണ്. അതുവഴിയാണ് ഒരാൾ സാമ്പത്തിക സേവനങ്ങളുടെ ലോകത്തേക്ക് പ്രവേശിക്കുന്നത്. അത് എപ്രകാരമാണ് ഉപയോഗിക്കുന്നത് എന്നതാണ് സാമ്പത്തിക ഉൾപ്പെടുത്തലിന്റെ മർമ്മം. സാമ്പത്തിക ഉൾപ്പെടുത്തലിന്റെ മൗലികമായ ലക്ഷ്യം തന്നെ സാമ്പത്തിക സേവനങ്ങൾ യഥാവിധി, ഏറ്റവും കുറഞ്ഞ ചെലവിൽ എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ്. അതുകൊണ്ടാണ് സാമ്പത്തിക സേവനങ്ങൾ പ്രയോജനപ്പെടുത്തുക എന്ന വശത്തിന് മുൻതൂക്കം ലഭിക്കുന്നത്. നിക്ഷേപം സ്വീകരിക്കുക, വായ്പകൾ നൽകുക എന്നതാണ് ബാങ്കുകളുടെ അടിസ്ഥാന പ്രവർത്തനം. ഈ രണ്ടു സേവനങ്ങളുടെ സൂചികകളാണ് ഇവിടെ പ്രത്യേകമായി പരിഗണിക്കുന്നത്.

നിക്ഷേപം, വായ്പ എന്നീ അടിസ്ഥാന കാര്യങ്ങളിൽ അക്കൗണ്ടുള്ളവർ സംഘടിത സേവന മേഖലയെ എത്രമാത്രം ആശ്രയിക്കുന്നു എന്നത് രണ്ടാം രേഖാചിത്രത്തിന്റെ എ, ബി എന്നീ പാനലുകളിൽ നൽകിയിരിക്കുന്നു. അത് കണക്കാക്കുന്നത് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന സ്ത്രീകളുടെയും പുരുഷൻമാരുടെയും ശതമാനകണക്കിലുള്ള അനുപാതം വഴിയാണ്. ബാങ്കിങ് സേവനങ്ങളുടെ ലഭ്യതയുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ ചിത്രമാണ് രേഖാചിത്രം – 2 നൽകുന്നത്. കാരണം, അക്കൗണ്ടുകളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വളർച്ച ബാങ്കിങ് സേവനങ്ങൾ ഉപയോഗിക്കുന്നതിന്റെ തോതുമായി പൊരുത്തപ്പെടുന്നില്ല. ലോകവ്യാപകമായി തന്നെ ഇത് സംബന്ധിച്ച പഠന കാലയളവിൽ ഇത്തരത്തിൽ അക്കൗണ്ടുകളുടെ എണ്ണവും നിക്ഷേപം നടത്തുന്നവരുടെ എണ്ണവും തമ്മിലുള്ള ശതമാനക്കണക്കിലുള്ള പൊരുത്തം കുറയുന്നതായാണ് കാണുന്നത്. എന്നാൽ ഇക്കാര്യത്തിലുള്ള ലിംഗഭേദം 2014 ൽ ഏറ്റവും കുറഞ്ഞ തോതായ 0.3 ആണെങ്കിൽ 2017ൽ അത് 4 പോയിന്റ് എന്ന നിലയിലേക്ക് ഉയർന്നു. പിന്നീട് 2021 ലെത്തുമ്പോൾ 1.4 പോയിന്റായി കുറഞ്ഞു (രേഖാചിത്രം – 2, പാനൽ എ ). ഇന്ത്യയുടെ കാര്യമെടുക്കുമ്പോൾ ഈ അനുപാതം എസ് എസ് എ രാജ്യങ്ങളെക്കാളും കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളെക്കാളും താഴെ

***ലിംഗപരമായ വ്യത്യാസം വർധിക്കുന്നു എന്നതിനൊപ്പം നിർജീവമായ അക്കൗണ്ടുകളുടെ പെരുപ്പം ഇന്ത്യയിൽ പ്രത്യേകമായി കാണുന്ന ഒന്നാണ്.***

യാണെന്ന് കാണാം. ഇക്കാര്യത്തിലുള്ള ലിംഗപരമായ വ്യത്യാസം 2014ലെ 5.7 പോയിന്റിൽ നിന്ന് 2021 ൽ 2 പോയിന്റായി കുറഞ്ഞതായും കാണാൻ കഴിയും.

രാജ്യങ്ങളുടെ വിവിധ ഗ്രൂപ്പുകൾ പരിഗണിക്കുമ്പോഴും ഉയർന്ന വരുമാനമുള്ള ഒ ഇ സി ഡി രാജ്യങ്ങൾ ഒഴിച്ച് നിർത്തിയാൽ മറ്റു രാജ്യങ്ങളിൽ സമ്പാദ്യ അനുപാതം കുറയുന്ന പ്രവണതയാണ് പ്രകടമാക്കുന്നത്. ലോക വ്യാപകമായി തന്നെയുള്ള പോസിറ്റീവായ പ്രവണതകൾക്ക് തിരിച്ചടി നൽകുന്ന ചലനങ്ങളാണ് കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിലും എസ് എസ് എ രാജ്യങ്ങളിലും കണ്ട് വരുന്നത്. സംഘടിത സാമ്പത്തിക സേവന മേഖലയിലുള്ള ആശ്രിതത്വം കുറയുന്നതിനും ലിംഗവ്യത്യാസത്തിൽ ചാഞ്ചാട്ടമുണ്ടാകുന്നതിനും ഇത് കാരണമാകുന്നു. ഉപയോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ മറ്റു രീതികൾ നിലനിൽക്കുന്നതാകാം ഇതിന് കാരണം. സമ്പാദ്യത്തിനായുള്ള പ്രത്യേക പ്രാദേശിക കൂട്ടായ്മകൾ തുടങ്ങി പണം വീട്ടിൽ തന്നെ സൂക്ഷിക്കുന്നത് അടക്കമുള്ള കാര്യങ്ങൾ ഇതിന് പിന്നിൽ കാണാം. കന്നുകാലികൾ, സ്വർണ്ണം, ഭൂമി തുടങ്ങിയവയിലുള്ള നിക്ഷേപങ്ങളും ഇതിന് കാരണമാകാം

**Figure 2:** Gender Gap in Uasage in terms of the extent of the percentage of population depending on formal financial institutions for their saving and credit needs






എന്നാണ് 2021ലെ ഫിൻഡെക്സ് റിപ്പോർട്ട് പറയുന്നത്.

സാമ്പത്തിക സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ ഇനി വായ്പയുടെ കാര്യം പരിഗണിക്കാം. ഇക്കാര്യത്തിൽ ബാങ്കിങ് മേഖലയെ ആശ്രയിക്കുന്നതിന്റെ തോതിൽ 2014–നും 2017–നു മിടയിൽ ഇടിവ് രേഖപെടുത്തുകയുണ്ടായി. എന്നാൽ ഒ ഇ സി ഡി രാജ്യങ്ങൾ ഒഴികെയുള്ള രാജ്യങ്ങളിൽ 2017–നും 2021–നുമിടയിൽ ഇക്കാര്യത്തിൽ വളർച്ച രേഖപെടുത്തുകയുണ്ടായി (രേഖാചിത്രം 2 –പാനൽ ബി). ഇക്കാര്യത്തിലെ ലിംഗ ഭേദത്തിന്റെ കാര്യത്തിലും 2017നും 2021–നു മിടയിൽ ഇടിവാണ് രേഖപ്പെടുത്തിയത്. സാമ്പത്തിക ഉൾപ്പെടുത്തൽ നടപടികളുടെ പോസിറ്റീവായ ഒരു മാറ്റമായി ഇതിനെ കാണാം. ഇത്തരം നടപടികൾ ശരിയായ ദിശയിൽ പുരോഗമിക്കുന്നു എന്നും വിലയിരുത്താൻ കഴിയും. എന്നാൽ ഇക്കാര്യത്തിലും രാജ്യങ്ങൾ തമ്മിൽ പ്രകടമായ അന്തരമുണ്ട്. വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന വനിതകളുടെ എണ്ണവും മൊത്തത്തിലുള്ള അക്കൗണ്ടുകളുടെഎണ്ണവും നോക്കുമ്പോൾ ഇന്ത്യയിൽ ഇതിന്റെ അനുപാതം കുറവയാണ് കാണുന്നത്. കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളെക്കാളും എസ് എസ് എ രാജ്യങ്ങളെക്കാളും ഇക്കാര്യത്തിൽ ഇന്ത്യ പിന്നിലാണ്. ഇക്കാര്യത്തിലുള്ള സ്ത്രീ – പുരുഷ വ്യത്യാസവും ഇന്ത്യയിൽ ലോകനിലവാരത്തെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

അതുകൊണ്ട് ബാങ്കിങ് സ്ഥാപനങ്ങളുമായി ജനങ്ങൾ ബന്ധമുണ്ടാക്കുന്നതിനൊപ്പം അതിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ ഇത്തരം പദ്ധതികളുടെ ഫോക്കസ് മാറ്റേണ്ടതായി വരും. സേവനങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിലേക്ക് അത് കേന്ദ്രീകരിക്കേണ്ടതായി വരുന്നു. അത് എല്ലാ ജനവിഭാഗങ്ങളുടെ കാര്യത്തിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്.

**നിർജീവമായ അക്കൗണ്ടുകൾ**

ഒരു അക്കൗണ്ട് ഉള്ളതുകൊണ്ട് മാത്രം അത് ഉപയോഗിക്കുന്നു എന്ന് കരുതാനാകില്ല. ചിലത്




നിർജീവമായ അക്കൗണ്ടുകളാകാം. അതുകൊണ്ട് എല്ലാ അക്കൗണ്ട് ഉടമകളെയും സേവനങ്ങൾ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ ബാങ്കിങ് മേഖലയിലെ സജീവ പങ്കാളികളായി കരുതാൻ ആകില്ല. സാമ്പത്തിക ഉൾപ്പെടുത്തലിന്റെയും അക്കൗണ്ടുകളിൽ ഉണ്ടാകുന്ന വർദ്ധനയുടെയും കാര്യത്തിലെ വളരെ നിർണ്ണായകമായ ഒരു അളവുകോലാണ് ഇത്.

തങ്ങളുടെ അക്കൗണ്ടുകൾ നിർജീവമാണെന്ന് വെളിപ്പെടുത്തിയിട്ടുള്ള സ്ത്രീകളുടെയും പുരുഷൻമാരുടെയും ശതമാനകണക്കാണ് മൂന്നാം രേഖാചിത്രത്തിൽ കാണുന്നത്. ഇത് ഏറ്റവും കൂടുതൽ ഇന്ത്യയിലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 2017 വരെ ഇതിൽ വർധന കാണാമായിരുന്നുവെങ്കിൽ പിന്നീട് നേരിയ തോതിൽ കുറയുകയായിരുന്നു. എന്നാൽ ശ്രദ്ധേയമായ കാര്യം, നിർജീവ അക്കൗണ്ടുകളുള്ള സ്ത്രീകളുടെ ശതമാനം പുരുഷന്മാരെ അപേക്ഷിച്ച് കൂടുകയാണ് എന്നതാണ്. ലിംഗ അസമത്വം ഉയരുന്നതിന് ഇത് ഇടയാക്കുന്നുണ്ട്. മറ്റെല്ലാ രാജ്യങ്ങളിലും സജീവമല്ലാത്ത അക്കൗണ്ടുകളുടെ എണ്ണം താരതമ്യേന കുറവാണ്. അതുകൊണ്ട് അവിടങ്ങളിൽ ഇക്കാര്യത്തിലുള്ള അസമത്വം തുലോം കുറവോ അല്ലെങ്കിൽ പൂജ്യമോ ആണ്. പല രാജ്യങ്ങളിലും പുരുഷന്മാർക്കിടയിലാണ് നിർജീവ അക്കൗണ്ടുകൾ കൂടുതലായി കാണുന്നത്. ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം ഇന്ത്യയിൽ അക്കൗണ്ടുകളുടെ എണ്ണത്തിൽ കാണുന്ന പെരുപ്പം ഉപയോഗത്തിൽ കാണുന്നില്ല എന്നതാണ്. പി എം ജെ ഡി വൈ പദ്ധതിയിൽ ആരംഭിച്ച അക്കൗണ്ടുകളിൽ നല്ലൊരു പങ്ക് നിർജീവമല്ലാതായി മാറിയിട്ടുണ്ട് (സിൻഹ, ആസാദ് – 2018). എന്നാൽ ഇക്കാര്യത്തിൽ ലിംഗപരമായ വേർതിരിവ് ഉണ്ടോ എന്നത് വ്യക്തമല്ല. 2021ലെ ഫിൻഡെക്സ് ഡേറ്റ അനുസരിച്ച് ഇന്ത്യയിൽ 38 ശതമാനം അക്കൗണ്ടുകളും ആരംഭിച്ചിരിക്കുന്നത് സർക്കാരിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കുന്നതിനാണ്. ഇവർ പറയുന്നത് പണം നിക്ഷേപിക്കുന്നതിനോ വായ്പയെടുക്കുന്നതിനോ ഈ അക്കൗണ്ടുകൾ അവർ ഉപയോഗിക്കുന്നില്ല എന്നാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പിൻവലിക്കുക മാത്രമാണ് അക്കൗണ്ട് മുഖേന അവർ ചെയ്യുന്നത്. സ്ത്രീകൾ തങ്ങളുടെ

Figure 4: Relationship between Inactive Accounts and Usage Indicators across Gender - 2021*




Source: Global Findexdatabse, 2021.
*138 countries and 21 country groups

അക്കൗണ്ടുകൾ നിലനിർത്തുന്നില്ല എന്ന പ്രശ്നമുണ്ട്. സ്ത്രീകളുടെ അവസരങ്ങൾ, സാമ്പത്തികമായ നേതൃത്വം തുടങ്ങിയ കാര്യങ്ങളിൽ ഇത് ആശങ്കയുണർത്തുന്നുണ്ട്.

രേഖാചിത്രം നാലിൽ നിന്നും മനസിലാക്കാൻ കഴിയുന്ന കാര്യം, നിർജീവ അക്കൗണ്ടുകളും വായ്പ, നിക്ഷേപം എന്നിവയ്ക്കയുള്ള അക്കൗണ്ടുകളുടെ ഉപയോഗം എന്നിവ സംബന്ധിച്ച ബന്ധമാണ്. ഇത് രണ്ടും തമ്മിൽ നെഗറ്റീവായ ഒരു ബന്ധമാണ് കാണാൻ കഴിയുക. അതായത് ബാങ്കിങ് സൗകര്യങ്ങളുടെ ലഭ്യതയുടെ കാര്യത്തിലെ നേട്ടങ്ങൾ പ്രയോജനപ്രദമായ പ്രവർത്തനങ്ങളിലേക്ക് വഴി മാറുന്നില്ല. നിർജീവ അക്കൗണ്ടുകളുടെ ആധിക്യം വ്യക്തമാക്കുന്നത് അതാണ്. നിർജീവ അക്കൗണ്ടുകൾ പെരുകുന്നതിനനുസൃതമായി ലഭ്യതയും ഉപയോഗവും തമ്മിലുള്ള വിടവും ഉയരുന്നതായി കാണാം. നേരെ തിരിച്ചാണെങ്കിൽ കുറയുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ലിംഗം തിരിച്ചുള്ള പ്രതികരണം സർവേയിൽ ലഭ്യമാകുന്നില്ല. എന്നാൽ 49 ശതമാനം പേരും പറയുന്നത് ബാങ്ക് ശാഖകളിലേക്കുള്ള ദൂരം ഒരു പ്രധാന തടസമാണ് എന്നാണ്. 46 ശതമാനം പേർ അക്കൗണ്ട് ആവശ്യമില്ലെന്ന അഭിപ്രായക്കാരാണ്.

**രത്നച്ചുരുക്കം**

സാമ്പത്തികമായ ഉൾച്ചേർക്കൽ സാമ്പത്തിക സേവനങ്ങളുടെ കാര്യത്തിലെ തുല്യാവസരം എന്ന അടിസ്ഥാനത്തിലാണ് രൂപപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് എല്ലാവരെയും ചേർത്ത് പിടിച്ചുള്ള വളർച്ച സംഘടിത സാമ്പത്തിക സേവന സൗകര്യങ്ങളിലേക്കുള്ള വാതായനം

കൂടുതൽ പേർക്ക് തുറന്ന് നൽകുന്ന കാര്യത്തിൽ പോസിറ്റീവായ ചലനങ്ങൾ ഉളവാക്കിയിട്ടുണ്ട്. പ്രായപൂർത്തിയായ ആളുകളുടെ കാര്യത്തിൽ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം വർധിച്ചത് ഇതിന്റെ പ്രതിഫലനമാണ്. എന്നാൽ ഇതിന്റെ നേട്ടങ്ങൾ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ എത്രമാത്രം വിതരണം ചെയ്യപ്പെട്ടു എന്നിടത്താണ് ഇതിന്റെ ഗുണപരമായ വശം ചർച്ച ചെയ്യപ്പെടുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അവസരം ലഭ്യമാക്കുക എന്നതും ലോകവ്യാപകമായി നടപ്പാക്കി വരുന്ന സാമ്പത്തിക ഉൾപ്പെടുത്തലിന്റെ അടിസ്ഥാനപരമായ അജണ്ടയാണ്.

ഇന്ത്യയിലെ ഈ വഴിക്കുള്ള നയപരമായ പ്രവർത്തനങ്ങൾ വിജയപാതയിലാണ് എന്ന് വിലയിരുത്താം. കാരണം, അക്കൗണ്ട് ഉടമകളുടെ കാര്യത്തിലെ ലിംഗപരമായ വേർതിരിവ് പരമാവധി കുറയ്ക്കാൻ അതുകൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതിന് പുറമെ, പ്രായപൂർത്തിയായവരുടെ കാര്യത്തിൽ അക്കൗണ്ടുകളുടെ എണ്ണത്തിൽ വർധന ഉണ്ടാകുന്നതിനും ഇത് സഹായകരമായി. എന്നാൽ അക്കൗണ്ടുകൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ചാൽ സമ്പാദ്യത്തിന്റെ കാര്യത്തിൽ അത് പ്രകടമായി കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. വായ്പയുടെ കാര്യത്തിൽ ഇത് അത്ര കണ്ട് പ്രകടമല്ല . അതായത്, അക്കൗണ്ടുകളുടെ എണ്ണത്തിൽ ഉണ്ടായ വർധന സാമ്പത്തിക സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ പ്രതിഫലിച്ചിട്ടില്ല. യഥാർഥത്തിൽ നിക്ഷേപം അടക്കമുള്ള സേവനങ്ങൾക്കായി ബാങ്കിങ് സ്ഥാപനങ്ങളെ ആശ്രയിക്കുന്ന വിഷയത്തിൽ ശക്തമായ ഇടിവാണ് ഉണ്ടായിട്ടുള്ളത്. ലോകവ്യാപകമായി ധനകാര്യ സേവനമേഖലയിൽ ലിംഗപരമായ അന്തരം കുറയുന്ന പ്രവണത കാണാം. ഇന്ത്യയിലും സമാനമായ സ്ഥിതിയാണ്. അതായത് സമ്പാദ്യത്തിന് ആളുകൾ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസിലാക്കാൻ കഴിയുന്നത്. പക്ഷെ ഇത് തെളിയിക്കുന്നതിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. എന്നാൽ വായ്പക്കായി സംഘടിത ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന കാര്യത്തിൽ വർധനയുണ്ട്. ഇന്ത്യയിൽ പക്ഷെ ഇക്കാര്യത്തിലുള്ള നേട്ടം എസ് എസ് എ രാജ്യങ്ങളുടെയോ, കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളുടെയോ അടുത്തു പോലും എത്തുന്നില്ല. ആഗോളതലത്തിൽ 2017–നും 2021–നുമിടയിലെ കണക്കെടുത്താൽ വായ്പ ആവശ്യങ്ങൾ വിനിയോഗിക്കുന്ന കാര്യത്തിൽ ലിംഗപരമായ അന്തരം പ്രകടമായി കുറയുന്നതായി കാണാം.

ഇന്ത്യയിലെ ഇക്കാര്യത്തിലെ നയപരമായ ഇടപെടലുകൾ ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ കാര്യത്തിൽ കാര്യമായ തോതിലുള്ള വർധന നമുക്ക് കാണാൻ കഴിയും. എന്നാൽ ഈ അക്കൗണ്ടുകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ പിന്നാക്കം പോകുന്നതായി കാണാം. ഇത്തരത്തിൽ ആരംഭിച്ച നിരവധി അക്കൗണ്ടുകൾ ഇപ്പോൾ നിർജ്ജീവമാണ്. ഇക്കാര്യത്തിൽ സ്ത്രീകളുടെ തോത് വളരെ ഉയർന്നതാണ്, മാത്രമല്ല അത് ഉയരുകയുമാണ്. അതുകൊണ്ട് ഇന്ത്യയിൽ ഇത്തരം പ്രവർത്തനങ്ങളുടെ ഫോക്കസിൽ കാര്യമായ മാറ്റം ആവശ്യമായി വരികയാണ്. എന്തുകൊണ്ട് ബാങ്ക് അക്കൗണ്ടുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല എന്നതിന്റെ കാര്യകാരണങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ നാം ഇറങ്ങി ചെല്ലേണ്ടതുണ്ട്. ഇതിനാവശ്യമായ നയപരമായ ഇടപെടലുകൾ അനിവാര്യമാണ്.

■

(ഗിഫ്റ്റിൽ ഗവേഷക വിദ്യാർത്ഥിയാണ് ലക്ഷ്മി പ്രസാദ് അസിസ്റ്റന്റ് പ്രഫസറാണ് ഡോ കിരൺകുമാർ കക്കർലാപുടി )

## References

1 Allen, F., Demirguc-Kunt, A., Klapper, L., & Peria, M. S. M. (2016). The foundations of financial inclusion: Understanding ownership and use of formal accounts. *Journal of financial Intermediation,* 27, 1-30.

2 Antonijevi?, M., Ljumovi?, I., & Ivanovi?, ?. (2022). Is there a Gender Gap in Financial Inclusion Worldwide?. *Journal of Women's Entrepreneurship and Education,* (1-2), 79-96.

3 Aterido, R., Beck, T., & Iacovone, L. (2013). Access to finance in Sub-Saharan Africa: is there a gender gap?. *World development,* 47, 102-120.

4 Demirguc-Kunt, A., Klapper, L., Singer, D., & Ansar, S. (2018). The Global Findex Database 2017: *Measuring financial inclusion and the fintech revolution.* World Bank Publications.

5 Demirguc-Kunt, A., Klapper, L., Singer, D., & Ansar, S. (2022). The Global Findex Database 2021: *Financial Inclusion, Digital Payments, and Resilience in the Age of COVID-19.* World Bank Publication.

6 Dipa, S., & Rohit, A. (2018). Can Jan Dhan Yojana Achieve Financial Inclusion?. *Economic and Political Weekly,* 53(13).

7 Ghosh, S., & Vinod, D. (2017). What constrains financial inclusion for women? Evidence from Indian micro data. *World development,* 92, 60-81.

8 Kaur, S., & Kapuria, C. (2020). Determinants of financial inclusion in rural India: does gender matter?. *International Journal of Social Economics,* 47(6), 747-767.

9 King, E., & Mason, A. (2001). *Engendering development: Through gender equality in rights, resources, and voice.* The World Bank.

10 Moore, D., Niazi, Z., Rouse, R., & Kramer, B. (2019). Building resilience through financial inclusion: A review of existing evidence and knowledge gaps. *Innovations for Poverty Action.*

11 Morrison, A., Raju, D., & Sinha, N. (2007). Gender equality, poverty and economic growth. *World Bank Policy Research Working Paper,* (4349).

12 Lekshmi.P., Kakarlapudi, K. K. (2023). Global agenda of financial inclusion: Where does India stand? *Kerala Economy,* 3(04).

13 Schultz, T. P. (2001). Women's roles in the agricultural household: bargaining and human capital investments. *Handbook of agricultural economics*, 1, 383-456.

14 Seguino, S., & Floro, M. S. (2003). Does gender have any effect on aggregate saving? An empirical analysis. *International Review of Applied Economics,* 17(2), 147-166.

15 Stosky, Janet G. (2006). *Gender and its relevance to macroeconomic policy: A Survey.* IMF Working Paper No. 06/233. IMF.

16 Strauss, J., Barbosa, M., Teixeira, S., Thomas, D., & Junior, R. G. (1991). Role of education and extension in the adoption of technology: a study of upland rice and soybean farmers in Central?West Brazil. *Agricultural Economics,* 5(4), 341-359.

17 Trivelli, C., Marincioni, M., Pels, F. J., & Di Tella, E. N. I. (2018). Financial inclusión for women: a way forward. *Gender economic equity: An imperative for the G20, 88.*

# കേരളത്തിന്റെ കടബാധ്യതയും ഉയരുന്ന ചർച്ചകളും

പി എസ് രഞ്ജിത്ത്, അബിൻ ജോസഫ്

കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ നടക്കുന്ന ചർച്ചകൾ പ്രധാനമായും ധനകമ്മി, പെരുകുന്ന കടബാധ്യത എന്നിവയെ കേന്ദ്രീകരിച്ചാണെന്ന് കാണാം. 2000 മുതൽക്ക് തന്നെ ഈ വിഷയങ്ങൾ സൂക്ഷ്മവിശകലനത്തിന് വിധേയമാകുന്നുണ്ട്. സംസ്ഥാനത്തിന്റെ പൊതുകടം സംസ്ഥാന ജി ഡി പിയുടെ (ജി എസ് ഡി പി ) 30 ശതമാനമെന്ന സമ്മർദ്ദ പരിധി ഭേദിച്ച ഘട്ടത്തിലായിരുന്നു ഇത്. ധന ഉത്തരവാദിത്വ, ബജറ്റ് മാനേജ്മെന്റ് നിയമം (എഫ് ആർ ബി എം) നടപ്പാക്കിയതിലൂടെയും ധനപരമായ അച്ചടക്കം പാലിക്കുന്നതിനുള്ള മറ്റ് നടപടികൾ വഴിയായും കടത്തിന്റെ കാര്യത്തിൽ കാര്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2012ൽ കേന്ദ്ര സർക്കാർ പഞ്ചാബ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തെയും ധന പരമായി സ്ഥിരതയാർജിക്കാത്ത സംസ്ഥാന ങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയപ്പോൾ ഇത് സംബന്ധിച്ച ചർച്ച വീണ്ടും സജീവമാവു കയുണ്ടായി (ദാസ്-2015).

പൊതുകടം–ജി എസ് ഡി പി അനുപാതത്തെ അടിസ്ഥാന മാക്കിയായിരുന്നു സംസ്ഥാന ങ്ങളുടെ ഈ തരംതിരിക്കൽ. ഇക്കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി താരതമ്യേന ഉയർന്ന തോതിലായിരുന്നു. എന്നാൽ കോവിഡ് ഘട്ടം ഒഴിച്ച് നിർത്തിയാൽ കഴിഞ്ഞ കാൽ നൂറ്റാണ്ടി നിടയിൽ സംസ്ഥാനത്തിന്റെ കടം –ജി എസ് ഡി പി അനുപാതം അസാധാരണ മായ രീതിയിയിലുള്ള മാറ്റങ്ങൾ പ്രകടമാക്കി യിരുന്നില്ല. 2023ലെ റിസർവ് ബാങ്കിന്റെ വില യിരുത്തൽ റിപ്പോർട്ട് പുറത്ത് വന്നപ്പോൾ കേരളം വീണ്ടും ശ്രദ്ധാകേന്ദ്രമായി. കാരണം, സാമ്പത്തികമായി സുസ്ഥിരമല്ലാത്ത ഒരു സംസ്ഥാനം എന്ന നിലയിലാണ് കേരളത്തെ ആ റിപ്പോർട്ട് കണ്ടത്. കോവിഡ് മഹാ മാരിയുടെ ഘട്ടത്തിലെ പ്രകടനത്തെ കൂടി ആധാരമാക്കിയാണ് റിസർവ് ബാങ്ക് ഈ വിശകലനം നടത്തിയിരിക്കുന്നത്.

ഒരു വസ്തുത ഇവിടെ പ്രത്യേകം ശ്രദ്ധി ക്കേണ്ടതുണ്ട്, കേരളത്തിന്റെ കടം സംബന്ധിച്ച കാര്യങ്ങളിൽ യാഥാർഥ്യ ബോധത്തിൽ ഊന്നിയുള്ള ചർച്ച കളായിരു ന്നില്ല അക്കാദമിക്, റിസർച്ച് മേഖല യിൽ നടന്നത്. ഇപ്പോൾ നടക്കുന്ന സംവാദവും രാഷ്ട്രീയമായ മാനങ്ങളി ലൂടെയാണ്

***മഹാമാരിയുടെ ഘട്ടത്തിൽ പൊതുകട – ജി എസ് ഡി പി അനുപാതത്തിലെ വർധനക്ക് പ്രധാന കാരണം ജി എസ് ഡി പിയിൽ സംഭവിച്ച ഇടിവാണ്. അത് ധനപരമായ കെടുകാര്യസ്ഥത കൊണ്ട് സംഭവിച്ചതാണ് എന്ന് വിലയിരു ത്തുന്നത് അപകടമാണ്.***

***കേരളത്തിന്റെ പൊതുകടത്തിന്റെ ഇന്നത്തെ തോതിനെ സ്വാധീനിച്ചിരിക്കുന്ന പ്രധാന ഘടകം ചരിത്രപരമായി കേരളം തുടരുന്ന ഉയർന്ന പൊതുചെലവുകൾ മൂലമുണ്ടായ ബാധ്യതകളാണ്.***

രൂപപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത മായ രാഷ്ട്രീയമായ നില പാടുകൾക്ക് പിന്തുണ നൽകുന്ന രീതിയിലുള്ളതാണ് പല വിദഗ്ദ്ധ പഠനങ്ങളുമെന്ന കാണാൻ കഴിയും. അതുകൊണ്ട് ഇത് സംബന്ധമായ കണക്കുകൾ പലപ്പോഴും യാഥാർഥ്യവുമായി പൊരുത്തപ്പെടാത്തവയാണെന്ന് പറയേണ്ടി വരും . ഇപ്പോൾ ഇത്തരം ചർച്ചകൾ പരമ്പ രാഗതമായ കടം സംബന്ധിച്ച കണക്ക് രീതികളിൽ നിന്നും ഏറെ വഴി മാറിയാണ് സഞ്ചരിക്കുന്നത്. ബജറ്റിന് പുറത്ത് വരുന്ന വായ്പാ ബാധ്യതകളും അതിന് അനുസൃത മായ അക്കൗണ്ടിംഗ് രീതികളുമെല്ലാം ഈ മാറ്റങ്ങളിൽ ഉൾപ്പെടുന്നു.

ഇത്തരമൊരു പശ്ചാത്തലത്തിൽ കേരള ത്തിന്റെ പൊതുകടം സംബന്ധിച്ച് വിദഗ്ദർ മുന്നോട്ട് വച്ച വാദമുഖങ്ങളുടെ വിലയിരു ത്തലാണ് ഈ ലേഖനം ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് താഴെ കാണുന്ന വിധത്തിൽ ഈ പഠനത്തെ ക്രമീ കരിച്ചിരിക്കുന്നു : കഴിഞ്ഞ കാൽനൂറ്റാണ്ട് കാലത്തെ സംസ്ഥാനത്തിന്റെ വായ്പ രീതികളുടെ വിശകലനമാണ് രണ്ടാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. വിദഗ്ദർ ഉന്നയിക്കുന്ന ആശങ്കകളെ വിമർശനാത്മകമായി പരിശോധിക്കു കയാണ് മൂന്നാം ഭാഗത്ത്. നാലാം ഭാഗത്ത്, റിസർവ് ബാങ്ക് പുറത്തുവിട്ട റിപ്പോർട്ടിലെ കാര്യങ്ങൾക്കാണ് ഊന്നൽ കൊടുത്തിരി ക്കുന്നത്. ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ ഉണ്ടാകേണ്ട മാറ്റങ്ങളിലേക്ക് അഞ്ചാം ഭാഗത്ത് വെളിച്ചം വീശുന്നു. നിഗമനങ്ങളും നിരീക്ഷണങ്ങളുമാണ് ആറാം ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുള്ളത്.

**കേരളത്തിന്റെ പൊതുകടത്തിന്റെ സ്ഥിതി**

2000–01 മുതൽ 2021–22 വരെയുള്ള ഘട്ടത്തിലെ കേരളത്തിന്റെ പൊതു കടത്തിന്റെ സ്ഥിതിയാണ് പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നത്. പൊതുകടത്തിൽ തുടർച്ചയായ വർധന പ്രകടമായതായി പട്ടിക വ്യക്തമാക്കുന്നു. 25,721 കോടി രൂപയിൽ നിന്നും അത് 357,391 കോടി രൂപയായി ഉയർന്നിരിക്കുന്നു. ഈ ഘട്ടത്തിൽ പൊതുകടം – ജി എസ് ഡി പി അനുപാതം 28.11 ശതമാനത്തിനും 38.33 ശതമാനത്തിനും ഇടയിലായാണ് നീങ്ങിയത്. ഇത് 2002ലെ കെ എഫ് ആർ നിയമത്തിൽ നിശ്ചയിച്ചിരിക്കുന്നതും ധനകാര്യ കമ്മീഷനുകൾ നിഷ്കർഷിക്കുന്നതുമായ അടിസ്ഥാന പരിധി മറി കടന്നതായി വ്യക്തമാക്കുന്നു. എടുത്തുപറയേണ്ട ഒരു കാര്യം, 2021–22ലെ കോവിഡ് ഘട്ടം ഒഴിവാക്കി നിർത്തിയാൽ കേരളത്തിന്റെ പൊതുകടം – ജി എസ് ഡി പി അനുപാതം മിക്കവാറും 25 ശതമാനമെന്ന സമ്മർദ പരിധിക്ക് മുകളിലാണെന്ന് കാണാം. സാമൂഹ്യമായ അടിസ്ഥാന സൗകര്യ ങ്ങൾക്ക് വേണ്ടി കൂടുതൽ മുതൽ മുടക്കുന്ന താണ് ഇതിന് കാരണം. ഇവിടെ കാണേണ്ട ഒരു പ്രധാനകാര്യം, മഹാമാരിയുടെ ഘട്ടത്തിൽ ഈ അനുപാതം കൂടാനുണ്ടായ പ്രത്യേക സാഹചര്യം ജി എസ് ഡി പിയിൽ ഉണ്ടായ ഇടിവാണ്. അതായത് ധനപരമായ കെടുകാര്യസ്ഥത കൊണ്ട് സംഭവിച്ച ഒന്നല്ല അത് എന്ന് സാരം.

കടത്തിന്റെ തോത് സുസ്ഥിരമായി നിർത്തുന്നതിനും ബജറ്റിന്റെ സംതുലനാ

**Table 1:** Debt Profile of Kerala from 2000-01 to 2021-22

| Year | Total Outstanding Debt (in Crores) | GSDP (Current) (in Crores) | Rate of Growth of Public Debt (%) | Rate of Growth of GSDP (%) | Total Debt as % of GSDP |
|---|---|---|---|---|---|
| 2000-01 | 25721 | 91505 | 18.66 | 5.05 | 28.11 |
| 2001-02 | 29025 | 98135 | 12.85 | 7.25 | 29.58 |
| 2002-03 | 33782 | 109433 | 16.39 | 11.51 | 30.87 |
| 2003-04 | 39231 | 121779 | 16.13 | 11.28 | 32.21 |
| 2004-05 | 43,697 | 138858 | 11.38 | 14.02 | 31.47 |
| 2005-06 | 47832 | 159324 | 9.46 | 14.74 | 30.02 |
| 2006-07 | 52,161 | 179051 | 9.05 | 12.38 | 29.13 |
| 2007-08 | 58,108 | 203916 | 11.40 | 13.89 | 28.50 |
| 2008-09 | 66,097 | 236099 | 13.75 | 15.78 | 28.00 |
| 2009-10 | 74,223 | 270114 | 12.29 | 14.41 | 27.48 |
| 2010-11 | 82420 | 307109 | 11.04 | 13.70 | 26.84 |
| 2011-12 | 93,132 | 364048 | 13.00 | 18.54 | 25.58 |
| 2012-13 | 108477 | 412313 | 16.48 | 13.26 | 26.31 |
| 2013-14 | 124081 | 465041 | 14.38 | 12.79 | 26.68 |
| 2014-15 | 141947 | 512564 | 14.40 | 10.22 | 27.69 |
| 2015-16 | 160539 | 561994 | 13.10 | 9.64 | 28.57 |
| 2016-17 | 189769 | 634886 | 18.21 | 12.97 | 29.89 |
| 2017-18 | 214518 | 701588 | 13.04 | 10.51 | 30.58 |
| 2018-19 | 241615 | 788286 | 12.63 | 12.36 | 30.65 |
| 2019-20 | 265327 | 812935 | 9.81 | 3.13 | 32.64 |
| 2020-21 | 308386 | 771724 | 16.23 | -5.07 | 39.96 |
| 2021-22 | 357393 | 932470 | 15.89 | 20.83 | 38.33 |

*Source:https://cag.gov.in/en/state-accounts-report?defuat_state_id=77 (Debt) & https://mospi.gov.in/data (GSDP)*

വസ്ഥ തുടരുന്നതിനും പ്രധാനമായും വേണ്ടത് കടത്തിന്റെ കാര്യത്തിലെ വളർച്ച സംസ്ഥാന ജി ഡി പി വളർച്ചയേക്കാൾ താഴെയാക്കി നിർത്തുക എന്നതാണ് (ആർ ബി ഐ – 2014).[1] എന്നാൽ 2004–05 മുതൽ 2012 വരെയുള്ള ഘട്ടം ഒഴിവാക്കി നിർത്തിയാൽ ഇത് പാലിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതായി കാണാം. ഇത് തീർച്ചയായും ആശങ്കാജനകമായ കാര്യമാണ്. കാരണം, കടത്തിന്റെ തോത് ഉയരുന്നത് കടംകുമിഞ്ഞു കൂടുന്നതിന്റെ ഗതിവേഗം വർധിപ്പിക്കുന്നു എന്നതാണ്. അതുകൊണ്ട് നിലവിലെ ബാധ്യതകൾ പരിഹരിക്കുന്നതിന് വീണ്ടും വീണ്ടും കടമെടുക്കേണ്ട അവസ്ഥയിലേക്ക് പോകേണ്ടി വരുന്നു. എന്നാൽ 2021–22 വർഷത്തെ സ്ഥിതി പരിഗണിക്കുമ്പോൾ ഇക്കാര്യത്തിൽ പോസിറ്റീ

***സംസ്ഥാനങ്ങൾ ചെലവ് ചുരുക്കി കാര്യങ്ങൾ നേരെയാക്കുക എന്ന റിസർവ് ബാങ്കിന്റെ ആഹ്വാനം ശരിയായ ദിശയിലുള്ളതല്ല. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ സർക്കാർ ഇടപെടൽ അനിവാര്യമാണ്. ഇത് പൊതുചെലവുകളും കടത്തിന്റെ തോതും സ്വാഭാവികമായി ഉയർത്തും. എന്നാൽ ഡിമാൻഡ്, സാമ്പത്തിക സ്ഥിതി എന്നിവയുടെ ഉണർവിന് ഇത് ആവശ്യമാണ്.***

വായ ചില മാറ്റങ്ങൾ കാണാൻ കഴിയും.

ഈ വർഷങ്ങളിലെല്ലാം തന്നെ സംസ്ഥാനത്തിന്റെ കടബാധ്യതയെ നിർണ്ണായകമായി നിയന്ത്രിച്ച പ്രധാന ഘടകം പൊതുവിപണിയിൽ നിന്നെടുക്കുന്ന വായ്പകളാണ്. ഇത് പലിശഭാരം വർധിപ്പിക്കുന്നതാണ്. സംസ്ഥാന റവന്യു വരുമാനം, റവന്യു ചെലവ് എന്നിവയുടെ 15 ശതമാനത്തിലധികമാണ് പലിശഭാരം. ഈ പ്രതിസന്ധി മറി കടക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം തേടുക തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കുകയാണ് വേണ്ടത് (പട്ടിക –1)

**കേരളത്തിന്റെ പൊതുകടത്തിന്റെ വിശകലനം**

ഒരു സംസ്ഥാനം എന്ന നിലയിൽ കേരളം വിദ്യാഭ്യാസ വിദഗ്ദർ, രാഷ്ട്രീയ പ്രവർത്തകർ, മാധ്യമ രംഗത്തുള്ളവർ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരുടെ പ്രത്യേക താല്പര്യം പതിഞ്ഞിട്ടുള്ള ഒരു വിഷയമാണ്. ഇത്തരത്തിൽ നടന്ന പഠനങ്ങൾ വൈവിധ്യമാർന്ന അനവധി നിഗമനങ്ങളിലേക്ക് നയിച്ചിട്ടുള്ളതായി കാണാം. ധനപരമായ അന്തരത്തിന്റെ ഒരു നല്ല ഉദാഹരണമായി പല പഠനങ്ങളും കേരളത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (ആർ ബി ഐ, 2013, ദാസ് –2015). റവന്യു കമ്മി, ധനകമ്മി, പൊതുകട – ജി എസ് ഡി പി അനുപാതം എന്നീ കാര്യങ്ങളിൽ കേരളം ദേശീയ ശരാശരിയേക്കാൾ ഉയർന്ന തോത് പ്രകടമാക്കുന്ന പ്രവണത കാണിക്കാറുണ്ട്. ഇത് സംസ്ഥാനത്തിന്റെ സാമൂഹ്യ സേവന ചെലവുകളിന്മേലുള്ള വർധിച്ച തോതിലുള്ള ഊന്നൽ എടുത്തു കാണിക്കുന്ന ഒന്നാണ്. ചരിത്രപരമായി തന്നെ കേരളം സാമൂഹ്യമായ അടിസ്ഥാന സൗകര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. അത്തരം കാര്യങ്ങൾക്കായുള്ള കാര്യമായ ചെലവഴിക്കലിലേക്ക് ഇത് വഴി തുറന്നിട്ടുണ്ട് (ഐസക്, രാംകുമാർ–2006).

കേരളത്തിന്റെ ഇന്നത്തെ ധനപരമായ അവസ്ഥയെ പ്രധാനമായും സ്വാധീനിച്ചിട്ടുള്ള ഒരു ഘടകം കഴിഞ്ഞ കാലത്തെ സാമൂഹ്യ മേഖലകളിലെ സജീവമായ ഇടപെടലുകളാണ്. എന്നാൽ കമ്മി ധകാര്യത്തിന്റെ (Deficit Financing) കാര്യത്തിൽ കേരളം എടുക്കേണ്ട നിലപാടുകളുടെ കാര്യത്തിൽ വിദഗ്ധർക്കിടയിൽ ഏകാഭിപ്രായമില്ല. ചരിത്രപരമായ വീക്ഷണകോണിലൂടെ പരിശോധിക്കുമ്പോൾ, ശുഭാപ്തി വിശ്വാസം പ്രകടമാക്കുന്ന വിഭാഗം പൊതുവെ അനുകൂലിക്കുന്നത് കേരളം കമ്മി ധനകാര്യ പ്രവർത്തനങ്ങൾ തുടരണം എന്നാണ് (ജോസഫ്, കുമാർ–2022). എന്നാൽ അത്രമേൽ ശുഭാപ്തി വിശ്വാസക്കാരല്ലാത്ത വിദഗ്ദർ വാദിക്കുന്നത് കേരളം സാമൂഹ്യമായതും നിർബന്ധിതവുമായ ചെലവുകൾ വെട്ടിക്കുറയ്ക്കണമെന്നാണ്. ഭാവി തലമുറയ്ക്ക് മേൽ കടത്തിന്റെ അമിതഭാരം വരുത്തി

വയ്ക്കരുതെന്നതാണ് ഇവരുടെ വാദത്തിന്റെ അടിസ്ഥാനം (ആർ ബി ഐ – 2022). എന്നാൽ ഇതിനിടയിൽ കൂടുതൽ യാഥാർഥ്യ ബോധത്തോടെയുള്ള നിലപാടുകൾ കൈക്കൊള്ളുന്നവരുമുണ്ട്. ഇവർ പറയുന്നത് ധനപരമായ സമ്മർദങ്ങൾ നേരിടുന്നുണ്ടെങ്കിലും ഭാവിയിൽ സംതുലനാവസ്ഥ കൈവരിക്കുന്നതിനുള്ള സാധ്യത കേരളത്തിനുണ്ട് എന്നാണ് (ദാസ്–2013). പല പഠനങ്ങളും ഇതിന്റെ സങ്കീർണത വർധിപ്പിക്കുകയും പല രീതിയിലുള്ള നിഗമനങ്ങൾക്ക് വഴി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ചില പഠനങ്ങൾ കാണിക്കുന്നത് കേരളത്തിന്റെ ധനകാര്യ സ്ഥിതി നിലനിൽപ്പ് പോലും അസാധ്യമാക്കുന്ന നിലയിലാണ് എന്നാണ് (ആർ ബി ഐ –2022, ഷൺമുഖം, രഞ്ജിത്ത് –2021). എന്നാൽ വേറെ ചിലർ വാദിക്കുന്നത് ഇന്നത്തെ നിലയിലുള്ള നിലനിൽപ് കേരളത്തിന് സാധ്യമാകുമെന്നാണ് (രഞ്ജിത്ത്–2022). ഇത്തരത്തിലുള്ള വൈവിധ്യമാർന്ന അഭിപ്രായപ്രകടനങ്ങൾ കേരളത്തിന്റെ ധനസ്ഥിതിയുടെ സങ്കീർണ്ണ വശങ്ങൾ വെളിവാക്കുന്നതാണ്. വിദഗ്ധർക്കിടയിൽ നടക്കുന്ന ഇത്തരം ആശയ വിനിമയം ഈ വെല്ലുവിളി നേരിടുന്നതിനുള്ള അനുയോജ്യമായ തന്ത്രങ്ങൾ കരുപിടിപ്പിക്കുന്നതിന് സഹായകമാവുകയും ചെയ്യും.

ഈ പഠനം ഇക്കാര്യത്തിൽ യാഥാർഥ്യ ബോധത്തോടെയുള്ള ഒരു സമീപനമാണ് കൈക്കൊള്ളുന്നത്. അതുകൊണ്ട് കേരളം ഇന്ത്യയിലെ ഏറ്റവും ഗുരുതരമായ ധനകാര്യ സ്ഥിതിയുള്ള സംസ്ഥാനമാണെന്ന റിസർവ് ബാങ്കിന്റെ നിഗമനങ്ങളെ (2022) ശക്തമായി വിമർശിക്കുകയാണ്. ഒന്നാമതായി, സംസ്ഥാനങ്ങൾ

**Appendix Figure 1:** Simulation results




*Source: Authors' estimation*

***കേരളത്തെ സംബന്ധിച്ചിടത്തോളം അഭികാമ്യമായ പൊതുകട – ജി എസ് ഡി പി അനുപാതം 27.8 ശതമാനമാണ്. അടുത്ത വർഷങ്ങളിൽ 10 പേഴ്സന്റെജ് പോയിന്റിന്റെ കുറവ് വരുത്തിയാലാണ് ഇത് സാധ്യമാവുക.***

ധനപരമായ ചുരുക്കത്തിന് സഹായകമായ നയസമീപനങ്ങൾ സ്വീകരിക്കണമെന്ന റിസർവ് ബാങ്കിന്റെ ആഹ്വനം സ്വീകാര്യ മായ ഒന്നല്ല. സാമ്പത്തികമായ പ്രതിസന്ധി ഉടലെടുക്കുമ്പോൾ സർക്കാർ ഇടപെടൽ അനിവാര്യമായ ഒന്നാണ്. അപ്പോൾ പൊതു ചെലവുകൾ വർധിക്കുകയും തദനു സൃദമായി കടമെടുപ്പ് ഉയരുകയും ചെയ്യുന്നതാണ്. ഇത് ഡിമാൻഡ് ഉയർത്തു ന്നതിനും സമ്പദ്ഘടനയുടെ പ്രവർത്തന ക്ഷമത ഉയർത്തുന്നതിനും ആവശ്യമാണ്. കേരളത്തെ ശ്രീലങ്കയുമായി താരതമ്യം ചെയ്യുന്നത് ഉചിതമല്ല. കാരണം, ഭരണ ഘടനയുടെ 293 വകുപ്പ് പ്രകാരമാണ് സംസ്ഥാനങ്ങൾ ഭരിക്കപ്പെടുന്നത്. കേരള ത്തിന്റെ ധനപരമായ ആശങ്കകൾ ഒരു പരിധി വരെ കോവിഡ് മഹാമാരിയുടെ ഫലമായുണ്ടായതാണ്. പക്ഷെ ഇക്കാലയള വിലെ പൊതുകട – ജി എസ് ഡി പി അനുപാതത്തിന്റെ അടിസ്ഥാന ത്തിൽ കാര്യങ്ങൾ കാണുന്നത് കേരളത്തിന്റെ പ്രവർത്തനങ്ങളെ ഇകഴ്ത്തി കാണിക്കു ന്നതിന് തുല്യമാണ്. കേരളത്തിന്റെ ജി എസ് ഡി പിയിൽ 9 ശതമാനത്തിന്റെ ഇടിവ് ഉണ്ടായി. മഹാരാഷ്ട്ര, ഹരിയാന, ഒഡിഷ സംസ്ഥാനങ്ങളും ഒപ്പമുണ്ട്. പല കാര്യങ്ങളും ഇത്തരമൊരു ഇടിവിനെ സ്വാധീനിച്ചതായി കാണാം. മറ്റൊരു പ്രധാനകാര്യം പഠനത്തിന്റെ കാലഘട്ടവും, പ്രാഥമിക കടം, പൊതുകട – ജി എസ് ഡി പി അനുപാതം, യഥാർത്ഥ പലിശ നിരക്ക്, യഥാർത്ഥ ജി ഡി പി വളർച്ച തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച വ്യക്തത യില്ലായ്മയും ഇത്തരം വിശകലനങ്ങളെ സ്വാധീനിച്ചതായി വിലയിരുത്താം.

പല പഠനങ്ങളുടെയും നിഗമനങ്ങളോട് ഈ പഠനം യോജിക്കുന്നില്ലെങ്കിലും കേരള ത്തിന്റെ നിലവിലെ പൊതുകട – ജി എസ് ഡി പി അനുപാതം ആശങ്കാജന കമാണെന്ന് തന്നെയാണ് വിലയിരു ത്തുന്നത്. കേരളത്തിന്റെ കടത്തിന്റെ സ്ഥിതി പരിശോധിക്കുമ്പോൾ അത് നിലനിൽക്കാവുന്ന ഒരു സ്ഥിതിയിൽ നിന്ന് അകലെയാണോ എന്നാണ് വിലയിരു ത്തുന്നത്. അതുപോലെ സാമൂഹ്യ, പൊതു ഇടപെടലുകളിൽ വെള്ളം ചേർക്കാതെ സംസ്ഥാനത്തിന്റെ ബാധ്യതകൾ നിയന്ത്രി ക്കുന്നതിനുള്ള വഴികൾ ഈ പഠനം തേടുകയാണ്. അടുത്ത ഭാഗങ്ങളിലാണ് ഇത് വ്യക്തമാക്കുന്നത്.

**കേരളത്തിന്റെ ബാധ്യതകളിൽ ഇടപെടൽ സാധ്യമാണോ**

മൂന്ന് രീതികളിലാണ് ഈ ചോദ്യത്തെ ഇവിടെ നിർധാരണം ചെയ്യുന്നത്, 1) സംസ്ഥാനത്തിന്റെ സുസ്ഥിരപാതയുടെ വിലയിരുത്തലും അതിൽ നിന്നും എത്ര മാത്രം മാറിയാണ് കടത്തിന്റെ സ്ഥിതി എന്നത്, 2) സാമ്പത്തിക വളർച്ചയെ ഇത് ബാധിക്കുന്ന തലങ്ങൾ ഏതെന്ന് നിർണ്ണ യിക്കൽ, 3) സുസ്ഥിരമായ ഒരു ബാധ്യ തയിലേക്ക് മാറുന്നതിനുള്ള തന്ത്രങ്ങൾ. ത്രെഷോൾഡ് റിഗ്രെഷൻ മോഡൽ, ബോണിന്റെ സുസ്ഥിര വളർച്ച ഫ്രെയിം വർക്ക്[2] എന്നിവ ഉപയോഗപ്പെടുത്തി പൊതുകട – ജി എസ് ഡി പി അനുപാത

ത്തിന്റെ സുസ്ഥിരമായ ഒരു പരിധി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അനുയോജ്യമായ ഒരു നില എന്നത് 27.8 ശതമാനം പൊതുകട – ജി എസ് ഡി പി അനുപാതമാണ്. അതായത് നിലവിലെ സ്ഥിതിയിൽ നിന്നും അടുത്ത വർഷങ്ങളിൽ 10 പേഴ്സന്റെജ് പോയിന്റ് കുറവ് വരുത്തേണ്ടതുണ്ട് എന്നർത്ഥം (പട്ടിക ഒന്നിന്റെ അനുബന്ധം കാണുക). എ ആർ ഡി എൽ മോഡൽ ഉപയോഗിക്കുമ്പോൾ ഞങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞത് പൊതുകടവും സാമ്പത്തിക വളർച്ചയും തമ്മിൽ നോൺ ലീനിയർ ആയ ഒരു ബന്ധം നിലനിൽക്കുന്നുണ്ട് എന്നാണ്.

ഞങ്ങളുടെ ഈ പഠനം വ്യക്തമാക്കുന്ന ഒരു കാര്യം, 27.8 ശതമാനമെന്ന കടത്തിന്റെ ലെവൽ പൊതുവിൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ നന്നായി സ്വാധീനിക്കും എന്നാണ്. അതിനുമപ്പുറം പോകുന്നത് സാമ്പത്തിക വളർച്ചക്ക് തടസ്സമാവുകയും ചെയ്യും. 27.8 ശതമാനമെന്ന ഒരു നില കൈവരിക്കുന്നതിന് രംഗരാജൻ, ശ്രീവാസ്തവ എന്നിവർ 2005ൽ മുന്നോട്ട് വച്ച ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ ചില തന്ത്രങ്ങൾക്ക് ഞങ്ങൾ രൂപം നൽകുകയുണ്ടായി. പ്രാഥമികതലത്തിൽ മൂന്ന് കാര്യങ്ങളാണ് ഇതിനായി പരിഗണിച്ചത്.

1) 2022–23ലെ പൊതുകട – ജി എസ് ഡി പി അനുപാതം 38.33 ശതമാനം.

2) ധനകമ്മി 2022–23ൽ 3.6 ശതമാനവും 2023–24ൽ 3. 5 ശതമാനവും,

3) 2021–22 സാമ്പത്തിക വർഷത്തിലെ 12 ശതമാനം വളർച്ച. 14 ശതമാനം വളർച്ചയും 3 ശതമാനം ധനക്കമ്മിയും, അല്ലെങ്കിൽ 12 ശതമാനം വളർച്ചയും 2.5 ശതമാനം ധനകമ്മിയും എന്ന നില കൈവരിക്കാൻ കഴിഞ്ഞാൽ 2032ൽ നമുക്ക് 27.8 ശതമാനം പൊതുകട – ജി എസ് ഡി പി അനുപാതം കൈവരിക്കാൻ കഴിയും (പട്ടിക ഒന്നിന്റെ അനുബന്ധം കാണുക).

സംസ്ഥാനത്തിന്റെ നിലവിലെ കടബാധ്യതയുടെ സ്ഥിതി നിലനിൽക്കാവുന്ന പരിധിക്കുമപ്പുറമാണ്. എന്നാൽ 27.8 ശതമാനം എന്ന അനുയോജ്യമായ ഒരു നിലയിലേക്ക് എത്തിക്കാൻ കഴിയുന്നതിനുള്ള എല്ലാ സാദ്ധ്യതകളും കേരളത്തിനുണ്ട്. കടബാധ്യത കുറയ്ക്കുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തി സാമൂഹികമായ ഇടപെടലുകൾ ഒഴിവാക്കാൻ സംസ്ഥാനത്തിന് കഴിയുകയില്ല. അതുകൊണ്ട് ബാധ്യതകളെ മികവുറ്റ രീതിയിൽ നിയന്ത്രിക്കുക എന്നതിനാണ് ഊന്നൽ വേണ്ടത്. അതായത് കടം കൊണ്ട തുക ഉപയോഗിക്കുന്നതിലെ സൂക്ഷ്മത അതിപ്രധാനമാണ്. ഇത്തരത്തിൽ സമഗ്രമായ ഒരു സമീപനം വഴിയായി കേരളത്തിന് അതിന്റെ കടബാധ്യതകളെ സമർത്ഥമായി നിയന്ത്രിക്കുന്നതിനും സാമൂഹ്യമായ ഇടപെടലുകൾ തുടരുന്നതിനുമുള്ള സാഹചര്യം ഒരുക്കാനും കഴിയും.

**രത്നച്ചുരുക്കവും നയപരമായ സമീപനവും**

കേരളത്തിന്റെ കടബാധ്യതയെ കുറിച്ച് നടക്കുന്ന സംവാദങ്ങളെ പുഷ്ടിപ്പെടുത്തുക എന്നതാണ് ഈ പഠനം ലക്ഷ്യമാക്കുന്നത്. മറ്റു പല പഠനങ്ങളിലേതു പോലെ ഞങ്ങളും വിലയിരുത്തുന്നത്, കേരളത്തിന്റെ പൊതുകടത്തിന്റെ സ്ഥിതി നിലനില്പിന്റെ പരിധികൾ മറി കടക്കുന്ന നിലയിലാണ് എന്നാണ്. എന്നാൽ ഇതിന്റെ പേരിൽ പൊതുസമൂഹത്തിലുള്ള ഇടപെടലുകൾ കുറയ്ക്കണമെന്ന ചില നിരീക്ഷണങ്ങളോട് ഞങ്ങൾ വിയോജിക്കുകയാണ്. അതിന് ബദലായി ഞങ്ങൾ കാണുന്നത് 27.8 ശതമാനം എന്ന അഭികാമ്യമായ പൊതുകട – ജി എസ് ഡി പി അനുപാതം കൈവരിക്കുക എന്നതാണ് . 14 ശതമാനം വാർഷിക വളർച്ചയും 3 ശതമാനം ധനക്കമ്മിയും അഥവാ 12 ശതമാനം വാർഷിക വളർച്ചയും 2.5 ശതമാനം ധനക്കമ്മിയും എന്ന നില കൈവരിക്കാൻ കഴിഞ്ഞാൽ 2032 വർഷത്തോടെ 27.8 ശതമാനമെന്ന പൊതുകട – ജി എസ് ഡി പി അനുപാതം കൈവരിക്കാൻ

നമുക്ക് കഴിയുന്നതാണ്. പൊതു സാമ്പത്തിക ഇടപെടൽ അനുസ്യൂതം തുടരുക എന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മർമ്മ പ്രധാനമായ ഒരു കാര്യമാണ്. അതുകൊണ്ട് ഞങ്ങൾ നിർദേശിക്കുന്നത് ഇതാണ് – ഉത്തരവാദിത്വ പൂർണ്ണമായ വിധത്തിലുള്ള കടമെടുപ്പും ഒപ്പം ആവശ്യമായ സാമൂഹ്യ ഇടപെടലും തമ്മിലുള്ള കൃത്യമായ സമതുലനമാണ് നാം ലക്ഷ്യം വയ്ക്കേണ്ടത്.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ പി എസ് രഞ്ജിത്ത്, ഗിഫ്റ്റിലെ ഗവേഷക വിദ്യാർത്ഥിയാണ് അബിൻ ജോസഫ് )

## End Note

1 In order to meet the IBC, the outstanding debt at present must align with the present value of future primary surpluses, as emphasized by Greiner and Fincke (2015).

2 See Shanmugam and Renjith (2022) for the details

## References

1 Das, N. (2015). Subnational level fiscal health in India: Stability and sustainability implications. Economic Change and Restructuring, 48, 71-91.

2 Greiner, A., and Fincke, B. (2015). Public debt, sustainability and economic growth. Springer International Publishers.

3 Kaur, B., Mukherjee, A., & Ekka, A. P. (2018). Debt sustainability of states in India: An assessment. Indian Economic Review, 53, 93-129.

4 RBI (2022) State Finances: A Risk Analysis, RBI Bulletin June 2022

5 Shanmugam, K. R., & Renjith, P.S. (2023). Sustainability and Threshold Value of Public Debt of Centre and All State Governments in India. Indian Public Policy Review, 4(3), 43-66.

6 Times of India (2012). Government mulls cash bailout for West Bengal, Punjab and Kerala. In: Times of India, Jun 9, 2012. http://articles.timesofindia.indiatimes.com/2012-06-09/india/32139909_1_debtrelief-moratorium-revenue-deficit

## Appendix

**Appendix Table1.**Threshold regression results

| Variable | Coefficient | Std. Error | t-Statistic | Prob. |
|---|---|---|---|---|
| **$D_{t-1}$ < 27.9 (region 1)** | | | | |
| lagged debt- GSDP | 0.67 | 0.006 | 11.35 | 0.000 |
| **27.9 < $D_{t-1}$ (region 2)** | | | | |
| Lagged debt- GSDP | 0.4 | 0.005 | 8.543 | 0.000 |
| **Non threshold variables** | | | | |
| Output Gap | 0.0001 | | 0.0003 | 3.33 |
| 0.001 | | | | |
| Expenditure Gap | -0.00001 | 0.00008 | -1.73 | 0.082 |
| R-squared | 0.39 | Mean dependent var | 1.31 | |
| Adjusted R-squared | 0.33 | S.D. dependent var | 0.72 | |
| S.E. of regression | 0.59 | Akaike info criterion | 1.89 | |
| Sum squared resid | 13.18 | Schwarz criterion | 2.06 | |
| Log likelihood | -34.92 | Hannan-Quinn criterion | 1.95 | |
| F-statistic | 12.5 | Durbin-Watson stat | 0.99 | |
| Prob(F-statistic) | 0.00 | | | |

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 2*
*ഏപ്രിൽ – ജൂൺ 2023*

# ഇന്ത്യയുടെ മൂലധനശാക്തീകരണത്തിൽ സർക്കാർ മൂലധനചെലവുകളുടെ പ്രാധാന്യം

അഷ്കർ കെ, ദിവ്യ കണ്ണൻ കെ. ആർ

**ആമുഖം**

ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര രാജ്യങ്ങൾ കഴിഞ്ഞ മൂന്ന് ദശകങ്ങളായി വികസന വഴികളിൽ നിർണ്ണായകമായ ചില വെല്ലുവിളികൾ നേരിടുന്നതായി കാണാം. ഇതിൽ ഏറ്റവും ആശങ്കയുണർത്തുന്ന കാര്യം, റവന്യൂ, മൂലധന ചെലവുകൾ തമ്മിലുള്ള അന്തരം കൂടി വരുന്നതാണ്. റവന്യൂ ചെലവുകൾ അസാധാരണമാം വിധം ഉയരുന്നതും അതേസമയം മൂലധന ചെലവുകൾ താരതമ്യേന മന്ദഗതിയിൽ നീങ്ങുന്നതുമാണ് ഇതിന് കാരണമാകുന്നത്. മൂലധനച്ചെലവുകൾ സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമേറിയ കാര്യമാണ്. കാരണം, സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിലും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിലും ഇത് നിർണ്ണായകമായ പങ്ക് വഹിക്കുന്നു (ബോസ്, ഭാനുമൂർത്തി–2013). സമ്പദ്ഘടനയുടെ ഉൽപ്പാദനശേഷി ഉയർത്തുകയും അതുവഴി തൊഴിൽശേഷി, പ്രകൃതി വിഭവങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയുമാണ് ഇതിൽ പ്രാധാന്യമർഹിക്കുന്ന കാര്യം (ആർ ബി ഐ –2023).

ഇത്തരം തന്ത്രപ്രധാനമായ നിക്ഷേപങ്ങൾ സമ്പദ്വ്യവസ്ഥയുടെ കാര്യശേഷി ഉയർത്തുന്നതിലും ഒപ്പം വിവിധ മേഖലകളിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിലും ഏറെ നിർണ്ണായകമായ ഘടകമാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതികളിലേക്ക് വിഭവശേഷി സമർത്ഥമായി വിന്യസിക്കുന്നതിലൂടെയും നിർണ്ണായക മേഖലകളെ വികസിപ്പിക്കുന്നത് വഴിയുമാണ് സർക്കാരുകൾക്ക് സുസ്ഥിര സാമ്പത്തിക വികസനവും സമഗ്രമായ പുരോഗതിയും ഉറപ്പ് വരുത്താൻ കഴിയുക. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിലെ മൂലധന രൂപീകരണത്തിലെ പുതിയ പ്രവണതകളെയും രീതികളെയും അവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. ഇക്കാര്യത്തിൽ സർക്കാരിന് നിർവഹിക്കാനുള്ള പങ്കിന്റെ കാര്യത്തിൽ പ്രത്യേകമായ ഊന്നലും ഈ പഠനം നൽകുന്നു.

ആറ് ഭാഗങ്ങളായി ഈ ലേഖനത്തെ തിരിച്ചിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യയിലെ മൂലധന ചെലവുകളുടെ രീതിയും അതിന്റെ ട്രെൻഡുമാണ് രണ്ടാം ഭാഗത്ത് പരിശോധിക്കുന്നത്. 2023–24ലെ യൂണിയൻ ബജറ്റിന്റെ നിർദേശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് മൂലധന രൂപീകരണത്തിൽ സർക്കാർ മൂലധനച്ചെലവുകൾ നിർവഹിക്കുന്ന പങ്കാണ് മൂന്ന്, നാല് ഭാഗങ്ങളിൽ വിശകലനം ചെയ്യുന്നത്. ഈ വിശകലനത്തിലെ കണ്ടെത്തലുകളാണ് അന്തിമ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഇന്ത്യയിലെ മൂലധനച്ചെലവുകളുടെ രീതി, പ്രവണതകൾ**

വിവിധ ബജറ്റുകളിലെ മൂലധന ചെലവുകൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്ന

***സാമ്പത്തിക വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങളിൽ ഗുണിത ഫലങ്ങൾ (Multiplier effect ) ഉളവാക്കാൻ കഴിയുന്ന മൂലധന ചെലവുകൾ സമ്പദ്ഘടനയുടെ പുരോഗതിയിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസിന്റെ കണക്കുകൾ പ്രകാരം പൊതുവിൽ മൂലധനം സ്വരൂപിക്കുന്ന കാര്യത്തിൽ സർക്കാരുകളുടെ പങ്കാളിത്തം വർധിച്ചു വരികയാണ്. മൂലധന ചെലവുകൾ സാമ്പത്തിക മേഖലക്ക് ഉത്തേജനമാകും എന്നത് വസ്തുതയാണെങ്കിലും മാനവശേഷി മൂലധനത്തിന്റെ കാര്യത്തിലുള്ള വളർച്ചയും തത്തുല്യമായ പ്രാധാന്യ മർഹിക്കുന്നു. അതുകൊണ്ട് ഇവ രണ്ടിനെയും പരിഗണിക്കുന്ന സമഗ്രമായ സമീപനമാണ് സുസ്ഥിര വികസനത്തിനും ഒപ്പം രാജ്യത്തിന്റെ മികച്ച ഭാവിക്കും അനിവാര്യമായ ഘടകങ്ങൾ.***

കാര്യം, കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഇന്ത്യയുടെ മൂലധനച്ചെലവുകളിൽ കാര്യമായ മുന്നേറ്റമുണ്ടായിട്ടുണ്ട് എന്നാണ് (രേഖാചിത്രം–1). 2021–22 ലെ ബജറ്റ് മുതൽ മൂലധന ചെലവുകളിലും അതിനായുള്ള ധനസഹായത്തിലും പ്രകടമായ വർധന കാണാൻ കഴിയും. 2018–19ൽ 5 ലക്ഷം കോടി രൂപയായിരുന്ന മൂലധനച്ചെലവുകൾ 2023–24 ആകുമ്പോൾ 174 ശതമാനം വർധിച്ച് 13.7 ലക്ഷം കോടിയായി ഉയർന്നതായി കാണാം.

**മൂലധനച്ചെലവുകൾ മൂലധന രൂപീകരണത്തിലെ നിയാമക ശക്തി**

ഒരു വികസ്വര രാഷ്ട്രം എന്ന നിലയിൽ സാമ്പത്തിക വളർച്ചയും വികസനവും ത്വരിതപ്പെടുത്തുന്നതിന് ഇന്ത്യ മൂലധന രൂപീകരണത്തിന് പ്രത്യേക ഊന്നൽ നൽകുന്നു. ഏതാനും വർഷങ്ങൾക്കിടയിൽ ഇക്കാര്യത്തിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചിരിക്കുന്നതായി രേഖാചിത്രം–2 വ്യക്തമാ

**Figure 1:** Trends in effective capital expenditure




Source: - Various Union Budget documents

ക്കുന്നുണ്ട്. ഇത് രാജ്യത്തിൻറെ സാമ്പത്തിക ചലനങ്ങളെയും ഒപ്പം നയപരമായ ഇടപെടലുകളുടെയുംളെയും പ്രതിഫലിപ്പി ക്കുന്നതാണ്. ആഗോള വികസന സൂചികകൾ പരിശോധിക്കുമ്പോൾ ഇന്ത്യയുടെ മൂലധന നിക്ഷേപം – ജി ഡി പി അനുപാതം 2022ൽ 31.2 ശതമാനമാണെന്ന് കാണാം. ബ്രിക്സ് രാജ്യങ്ങളെടുക്കുമ്പോൾ ഇത് താരതമ്യേന ഉയർന്ന ഒരു തോതാണ്.

ഇത് വിരൽ ചൂണ്ടുന്നത് ഉയർന്ന ഉത്പാദന ക്ഷമത കൈവരിക്കുന്നതിനുള്ള സാധ്യതകളിലേക്കും തൊഴിൽ അവസരങ്ങൾ വർധിപ്പിക്കൽ, സാമ്പത്തികമായ വൈവിധ്യവത്കരണം തുടങ്ങിയ കാര്യങ്ങളിലേക്കുമാണ്. ആവശ്യമായ നിക്ഷേപം വ്യത്യസ്ത മേഖലകളിലേക്ക് വിന്യസിപ്പിക്കുക വഴിയായി സുസ്ഥിര സാമ്പത്തിക വികസനത്തിനും ഒപ്പം അന്താരാഷ്ട്ര തലത്തിൽ മത്സരക്ഷമത ഉയർത്തുന്നതിനുമുള്ള അടിത്തറ പാകുകയാണ് രാജ്യം ചെയ്യുന്നത്. നിക്ഷേപ സൗഹൃദമായ അന്തരീക്ഷമൊരുക്കുന്നതിലും ഇത് നിർണ്ണായക പങ്ക് വഹിക്കുന്നു. മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ട് അപ്പ് ഇന്ത്യ, ആത്മ നിർഭർ ഭാരത് തുടങ്ങിയ നടപടികളാകട്ടെ ഇന്ത്യയുടെ വികസന വീഥിയിൽ വിദേശ, ആഭ്യന്തര നിക്ഷേപകർക്ക് പ്രോത്സാഹനം നൽകുന്നതുമായി. ഡിജിറ്റൽവത്കരണം, ഗവേഷണം, വികസനം തുടങ്ങിയ മേഖലകൾക്ക് നൽകിയ മുൻതൂക്കം സാങ്കേതിക മേഖലയിലും വിജ്ഞാനാധിഷ്ഠിതമായ മേഖലകളിലും നിക്ഷേപം ഉയർത്തിയതായി കാണാം.

ഇന്ത്യയുടെ മൂലധന രൂപീകരണ പ്രക്രിയയിലെ ശ്രദ്ധേയമായ ഒരു കാര്യം സ്വകാര്യ

**Fiqure-2:** India, Gross capital formation (% of GDP)




*Source: WDI, World Bank*

മേഖല, കുടുംബങ്ങൾ, സർക്കാരുകൾ തുടങ്ങിയ വിവിധ ഏജൻസികൾ നൽകിയ സംഭാവനകളാണ്. ഈ മൂന്ന് മേഖലകളും ഇക്കാര്യത്തിൽ അതിപ്രധാനമായ പങ്ക് വഹിച്ചിരിക്കുന്നതായി ഔദ്യോഗിക രേഖകളിൽ നിന്നും വ്യക്തമാണ്. മൂന്നാം രേഖാചിത്രത്തിൽ നൽകിയിരിക്കുന്നത് പോലെ 2021–22ലെ മൂലധന രൂപീകരണ ത്തിന്റെ ഏതാണ്ട് 40 ശതമാനവും വഹിച്ചി രിക്കുന്നത് കുടുംബങ്ങളാണ്. സ്വകാര്യ മേഖലയുടെ സംഭാവന 36.5 ശതമാനവും സർക്കാരിന്റേത് 14.2 ശതമാനവുമാണ്.

കുടുംബങ്ങളുടെ നല്ല തോതിലുള്ള നിക്ഷേപം സൂചിപ്പിക്കുന്നത് വ്യക്തികളും കുടുംബങ്ങളും സമ്പാദ്യത്തിലും നിക്ഷേപത്തിലും പ്രകടമാക്കുന്ന ഔൽസുക്യത്തെയാണ്. അത് സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതാണ്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഇക്കാര്യത്തിലുള്ള കുടുംബങ്ങളുടെ പങ്കാളിത്തം കുറഞ്ഞു വരുന്നതായി കാണാം.

ഇതിൽ നിന്ന് വ്യത്യസ്തമായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം നല്ല തോതിൽ തന്നെ തുടരുന്നതായാണ് കാണുന്നത്. ഗവൺമെന്റിന്റെ പങ്കിലും മുന്നേറ്റം കാണാം. അടിസ്ഥാന സൗകര്യ വികസന മേഖലയിലും സാമൂഹ്യ നിക്ഷേപത്തിലും പൊതു ചെലവുകളിലും ഉണ്ടായ വർധനയാണ് ഇതിനാസ്പദം. ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ രംഗങ്ങളിൽ സർക്കാർ നടത്തുന്ന നിക്ഷേപങ്ങൾ രാജ്യത്തിൻറെ മൊത്തത്തിലുള്ള വികസനത്തിനും വളർച്ചക്കും സഹായകമാണ്.

**2023–24ലെ ബജറ്റ് മൂലധന രൂപീകരണത്തിന് സഹായകമാണോ?**

2023–24 ലെ ബജറ്റിൽ മൂലധനച്ചെലവുകൾ 37.4 ശതമാനം കണ്ട് ഉയർത്തി 10 ലക്ഷം കോടി രൂപയാക്കിയിട്ടുണ്ട്. തൊട്ടു തലേവർഷത്തെ ബജറ്റിൽ ഇത് 7.28 ലക്ഷം കോടി രൂപയായിരുന്നു. നിക്ഷേപത്തിന്റെ ചാക്രമണം ഉയർത്തുക, കൂടുതൽ തൊഴിലവസരങ്ങൾ

**Figure-3:** Gross Capital Formation in India -Sector wise




*Source: National Statistics Office (NSO)*

സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ യായിരുന്നു മൂലധന ചെലവുകൾ ഉയർത്തുന്നതിനുള്ള ബജറ്റ് നിർദേശം. അടിസ്ഥാന സൗകര്യം, നിക്ഷേപം, ഇന്നൊവേഷൻ, ഇൻക്ലൂഷൻ എന്നീ നാല് 'ഐ' ആണ് സർക്കാർ ഇവിടെ പ്രധാനമായും ലക്ഷ്യം വച്ചിരിക്കുന്നത്. എല്ലാറ്റിനും പുറമെ പുതിയ ബജറ്റ് നിക്ഷേപ രംഗത്ത് സമത്വവും പങ്കാളിത്തവും ഉറപ്പ് നൽകുന്ന ഒന്നാണ്.

ഗതാഗതം, ഗ്രാമീണ വികസനം, റെയിൽവേ, പ്രതിരോധം തുടങ്ങിയ വിവിധ മേഖല കളിലായാണ് മൂലധന ചെലവുകൾ പ്രധാനമായും നിശ്ചയിച്ചിരിക്കുന്നത്. റോഡുകൾ, തുറമുഖങ്ങൾ, റെയിൽവേ തുടങ്ങിയവ ഉൾപ്പെടുന്ന ഗതാഗത മേഖല ക്കായി ബജറ്റ് നീക്കിവച്ചിരിക്കുന്നത് 5 ലക്ഷം കോടി രൂപയാണ്. രാജ്യമെമ്പാടും കണക്ടിവിറ്റി ഉറപ്പാക്കുകയും അതുവഴി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുക എന്ന സർക്കാരിന്റെ ലക്ഷ്യത്തിന് അനുഗുണ മായാണ് ഈ വകയിരുത്തൽ.

പ്രതിരോധ മേഖലയാണ് മറ്റൊരു സുപ്രധാന രംഗം. ഇതിനുള്ള മൂലധനചെലവിനത്തിൽ വകയിരുത്തിയിരിക്കുന്നത് 1.72 ലക്ഷം കോടി രൂപയാണ്. വിവിധ മന്ത്രാലയങ്ങൾ മുഖേന യാണ് ഇത് നടപ്പാക്കുക. വാർത്താവിനിമയ മന്ത്രാലയത്തിന് 63,000 കോടി രൂപയും നഗര വികസന മന്ത്രാലയത്തിന് 25,000 കോടി രൂപയും മൂലധന ചെലവിനായി വക കൊള്ളിച്ചിരിക്കുന്നു.

ഇത്തരത്തിലുള്ള മൂലധനച്ചെലവുകൾക്ക് ഗുണിത ഫലങ്ങൾ ഉളവാകുമെന്നാണ് റിസർവ് ബാങ്കിന്റെ റിപ്പോർട്ട്. ആദ്യവർഷത്തെ ഒന്നിൽ നിന്നും രണ്ടാം വർഷത്തിൽ 2.45 ആയും മൂന്നാം വർഷം 3.14 ആയും 2025–26 ആകുമ്പോൾ 3.25 എന്ന പരമാവധി തോതിലേക്ക് ഇത് ഉയരുമെന്നും കണക്കാക്ക പ്പെട്ടിരിക്കുന്നു. റെയിൽവേക്കുള്ള വിഹിതവും സംസ്ഥാനങ്ങളുടെ മൂലധന ചെലവു കൾക്കുള്ള വായ്പ സഹായവും ഇത്തര ത്തിലുള്ള വർധനവിന്റെ 43 ശതമാനം സംഭാവനായർപ്പിക്കുമെന്നാണ് കണക്കാക്കി യിരിക്കുന്നത്. ലോജിസ്റ്റിക്സ് മേഖലയിലെ നിക്ഷേപം 19 ശതമാനം സംഭാവനയും 2023–27 കാലയളവിൽ നൽകുമെന്നുമാണ് കണക്ക്.

## സാമ്പത്തിക വളർച്ചക്ക് നിയാമകം മൂലധചെലവ് മാത്രമോ?

സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ മൂലധന ചെലവുകൾ ക്രിയാത്മകമായ പങ്ക് വഹിക്കുന്നു എന്ന കാര്യത്തിൽ തർക്കമേതു മില്ല. അതേസമയം മാനവശേഷിയുടെ കാര്യത്തിലുള്ള വളർച്ചയും ആവശ്യവും ബജറ്റിനെ സംബന്ധിച്ചിടത്തോളം നിർണ്ണായ കമാണ്. സാമൂഹ്യ മേഖലയിലെയും മൂലധന രംഗത്തെയും ചെലവുകൾ തമ്മിലുള്ള മികച്ച ബാലൻസിംഗ് വഴിയാണ് ഇത് സാധ്യമാവുക. എം എൻ ആർ ഇ ജി പി പോലുള്ള ചില സുപ്രധാന പദ്ധതികൾ പരിശോധിക്കുമ്പോൾ ഇത്തരത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്ന പദ്ധതികൾക്കുള്ള വിഹിതം കുറച്ച തായി കാണാം. 60,000 കോടി രൂപ മാത്രമാണ് എം എൻ ആർ ഇ ജി എസ് പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 2022–23 ലെ ചെലവായ 73,000 കോടി രൂപയെക്കാൾ 18 ശതമാനം കുറവാണ് ഇത്. 2022–23 ലെ പുതുക്കിയ കണക്കുകളേക്കാൾ 33 ശത മാനവും കുറവാണ്. 2021–22ലെ ബജറ്റ് പരിഗണിച്ചാലും ഈ പദ്ധതിക്കായുള്ള വകയിരുത്തൽ കുറയുന്നതായി കാണാൻ കഴിയും. 2021–22ൽ ഇതിനുള്ള വിഹിതം 25 ശതമാനം താഴ്ന്ന് 73,000 കോടി രൂപയായിരുന്നു.

ഇതുമാത്രമല്ല, ഗ്രാമീണ വികസനം അടക്കമുള്ള ചില സുപ്രധാന മേഖല കൾക്കായുള്ള വിഹിതവും വെട്ടി കുറച്ചി രിക്കുന്നു. ഈ മേഖലക്കുള്ള വിഹിതം 238,204 കോടി രൂപയായാണ് കുറവ് വരുത്തി യിരിക്കുന്നത്. 2022–23 ലെ പുതുക്കിയ

കണക്കുകളേക്കാൾ താഴെയാണ് ഇത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ (എം എസ് എം ഇ) മേഖല സാമ്പത്തിക വളർച്ചയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ജി ഡി പിയിൽ നൽകുന്ന സംഭാവനയുടെ കാര്യത്തിലും കാര്യമായ പങ്ക് വഹിക്കുന്നു . പക്ഷെ ബജറ്റ് ഇതിന് മതിയായ പരിഗണന നൽകിയിട്ടില്ല. എം എസ് എം ഇ മേഖലക്കുള്ള വിഹിതം വളരെ പരിമിതമാണ്. തൊഴിലവസരങ്ങൾ ഉയർത്തുന്ന പദ്ധതികൾക്ക് മതിയായ പ്രാധാന്യം ഉറപ്പാക്കാതെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഊന്നൽ നൽകിയിരിക്കുന്നതും അതോടൊപ്പം സാമൂഹ്യ മേഖലകളിലെ ചെലവുകൾ വെട്ടികുറച്ചരിക്കുന്നതും സാമൂഹ്യ സൂചകങ്ങളുടെ കാര്യത്തിൽ വലിയ തിരിച്ചടി വരുത്തുന്നതാണ്. ഒപ്പം അസമത്വം സൃഷ്ടിക്കുകയും ചെയ്യും. അതായത് മൂലധന ചെലവുകൾ ഉയർത്തുന്ന കാര്യത്തിൽ പ്രത്യേക ഊന്നൽ നൽകുന്ന ബജറ്റ് ഒപ്പംതന്നെ മാനവ മൂലധനത്തിന്റെ വളർച്ചയിലും ആവശ്യകതക്കും കാര്യമായ ഊന്നൽ നൽകേണ്ടതായിരുന്നു. വിദ്യാഭ്യാസം, നൈപുണ്യ വികസനം തുടങ്ങിയ മേഖലകൾക്ക് ആവശ്യമായ പരിഗണന ഉറപ്പ് വരുത്തേണ്ടതായിരുന്നു. ചുരുക്കത്തിൽ മൂലധന, റവന്യൂ ചെലവുകളുടെ കാര്യത്തിൽ സമതുലിതമായ ഒരു സമീപനമായിരുന്നു ബജറ്റിൽ വേണ്ടിയിരുന്നത്. അതുപോലെ സുസ്ഥിര വികസനം ഉറപ്പ് വരുത്തുന്നതിനും അസമത്വം കുറയ്ക്കുന്നതിനും മാനവ മൂലധന വികസനത്തിന്റെ സാദ്ധ്യതകൾ തേടേണ്ടത് അനിവാര്യമായ കാര്യമാണ്.

**ഉപസംഹാരം**

മൂലധനച്ചെലവുകൾ ഉയർത്തുന്നതിന്റെ മൗലികമായ ലക്ഷ്യം സമ്പദ്‌വ്യവസ്ഥയുടെ ഉൽപ്പാദനശേഷി ഉയർത്തുക, ഇനിയും ഉപയോഗിച്ചട്ടില്ലാത്ത തൊഴിൽ ശക്തി, പ്രകൃതി വിഭവങ്ങൾ എന്നിവയുടെ പരമാവധി വിനിയോഗം ഉറപ്പാക്കുക എന്നിവയാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ മൂലധനച്ചെലവുകൾക്കായുള്ള വകയിരുത്തലിൽ കാര്യമായ വർദ്ധനവ് പ്രകടമാണ്. ഉദാഹരണത്തിന് 2018–19 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം കോടി രൂപയായിരുന്ന മൂലധന ചെലവുകൾ 2023–24ലേക്കെത്തുമ്പോൾ 174 ശതമാനം ഉയർന്ന് 13.7 ലക്ഷം കോടി രൂപയായി. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസിന്റെ കണക്കുകളും ഈ വളർച്ചയെ സ്ഥിരീകരിക്കുന്നതാണ്. 2011–12ലെ 9.6 ശതമാനം വളർച്ചയിൽ നിന്ന് 2021–22 ൽ 14.2 ശതമാനത്തിലേക്ക് ഉയർന്നു. മൂലധന ചെലവുകൾ ഉയർത്തുന്നതിനുള്ള സർക്കാർ ശ്രമങ്ങൾക്ക് ഈ കണക്കുകൾ അടിവരയിടുന്നു. മൂലധന ചെലവുകൾ ഉയർത്തുക എന്നത് നിർണ്ണായകമായ ഒന്നാണ്. എന്നാൽ മൂലധന, റവന്യൂ ചെലവുകളുടെ സംതുലിതമായ വളർച്ച ഉറപ്പിക്കുകയെന്നതും തുല്യ പ്രാധാന്യമുള്ള കാര്യമാണ്. സുസ്ഥിര വികസനത്തിനും അസമത്വം കുറയ്ക്കുന്നതിലും ഇതിന് നിർണ്ണായകമായ പ്രാധാന്യമാണുള്ളത്. ഈ രണ്ടു വശങ്ങളെയും സർക്കാർ ബുദ്ധിപൂർവം പരിഗണിക്കുന്നതിലൂടെ ദീർഘകാലാടി സ്ഥാനത്തിലുള്ള സാമ്പത്തിക വികസനത്തിനും സമത്വത്തിൽ അധിഷ്ഠിതമായ പുരോഗതിയിലേക്കും അത് വഴി തുറക്കുന്നു.

■

(അഷ്കർ കെ, ദിവ്യ കണ്ണൻ കെ. ആർ, ഗിഫ്റ്റിലെ ഗവേഷക വിദ്യാർത്ഥികളാണ്)

## References

1 Department of Economic Affairs, (2023). *Economic Survey* 2022-23. Ministry of Finance, Government of India, New Delhi

2 Ministry of Finance, (2023). *Budget* 2023-24. Government of India.

3 Reserve Bank of India. (2023). State Finances, A Study Of Budgets Of 2022-23. Mumbai

4 Devarajan, S., Swaroop, V., & Zou, H.-f. (1996). The composition of public expenditure and economic growth. Policy Research Department. The World Bank. Washington, DC 20433, USA

5 Siddiqui, M. Z., Ashkar, K., & Kannan, K. R. D. (2022). Avatars of capital expenditure in the budget. Kerala Economy, 61-65

6 Bose, S., & Bhanumurthy, N. R. (2013). Fiscal Multipliers for India. New Delhi: National Institute of Public Finance and Policy.

GST updates

Relfi Paul

# Six years of GST: Fiscal story so far

The GST regime continues to make significant impact on India's fiscal federalism since its inception. The journey has completed six years and when we look at the fiscal story so far, it is understood that the Union government has gained a lot from GST but most of the States have not been able to achieve the desired annual growth of 14% from the base year even after six years. The RBI report, which analyses the State's budgets, shows that the latter's revenues from GST (both SGST and share of IGST) has grown at a compounded annual rate of just 7.8 %. This is mainly because of the rate reduction without considering RNR, structural issues on revenue sharing formula and IGST settlement.

On the other side, the revenue performance of Union government under GST regime is remarkable especially since 2021-22. The first full financial year 2018-19 witnessed healthy growth with Rs 11.7 lakh crore even among the series of initial technical glitches and other confusions. In the backdrop of rate reduction without considering the 'Revenue Neutral Rate', the collection during financial year 2019-20 was below estimates and marginally grew at 4% over previous financial year to reach Rs 12.2 lakh crore. While the early months of 2020-21 were heavily impacted by the Covid-19 pandemic, there was an improvement in the later months of the year and managed to reach Rs 11.32 crore, even though it was lower than the previous year. There was a strong recovery in 2021-22, with total collections reached Rs 14.76 lakh crore, which is 28% higher than the previous year. This trend has continued in 2022-23 also, the collection raised to Rs 18.10 lakh crore, stood annual growth at 22%.

The average monthly gross revenue collection has risen from Rs 89,000 crore in 2017-18 to Rs 1,58,000 crore in the financial year 2022-23. This year so far the average monthly collection again gone up to 1.72 lakh crore. The monthly Average Gross GST Revenue from the year of inception are given below:

When we look at the GST monthly collection of the first quarter of FY 2023-24, the Gross GST collection in April 2023 is all time high, Rs 19,495 crore more than the next highest collection of Rs. 1,67,540 crore. For the first time gross GST

| Year | GST Revenue (in lakh Cr.) |
|---|---|
| 2017-18 | 0.89 |
| 2018-19 | 0.98 |
| 2019-20 | 1.00 |
| 2020-21 | 1.08 |
| 2021-22 | 1.23 |
| 2022-23 | 1.5 |
| 2023-24* | 1.72 |

Source: Compiled from PIB press releases

GST shows impressive growth in first quarter FY 2023-24

| | April | May | June |
|---|---|---|---|
| CGST | 38,440 | 28,411 | 31,013 |
| SGST | 47,412 | 35,828 | 38,292 |
| IGST | 89,158 | 81,363 | 80,292 |
| Cess | 12,025 | 11,489 | 11,900 |
| Total | 1,87,035 | 1,57,090 | 1,61,497 |

Source: Compiled from PIB press releases

collection has crossed Rs.1.75 lakh crore mark. It also records the highest ever tax collection on a single day, on 20th April 2023, Rs. 68,228 crore was collected through 9.8 lakh transactions. The gross Good & Services Tax (GST) revenue collected in the month of May, 2023 is Rs.1,57,090 crore which is 12% higher than the same month last year. In June 2023, the gross GST revenue collected amounted to Rs.1,61,497 crore which is 12% higher than the same month last year. It is for the fourth time, the gross GST collection has crossed Rs. 1.60 lakh crore mark. The average monthly gross GST collection for the first quarter of the FY 22-23 & FY 23-24 are Rs.1.51 lakh crore and Rs.1.69 lakh crore respectively.

This growth indicates hat the economy has fully recovered from the impact of the pandemic. It also shows the favorable impact of various policy and administrative measures that have been taken by the GST Council for the last few years. The initiatives like enhancement of system capacity, nudging non-filers after last date of filing of returns, auto-population of returns, blocking of e-way bills and passing of input tax credit for non-filers, e-invoicing, data analytics, use of artificial intelligence etc. have led to

consistent improvement in the filing of returns and thereby revenue especially for the last two years. Various rate rationalisation decisions to correct the inverted duty structure have also contributed largely to this account.

Moreover, the Central enforcement agencies have conducted nationwide searches and raids places of business for suspected tax evaders. The Director General GST Intelligence (DGGI) have detected evasion to the tune of Rs 1,01,300 crore in 2022-23. Of this, recovery of Rs 21,000 crore have been made. In 2021-22, they detected evasion of over Rs 54,000 crore and made a tax recovery of over Rs 21,000 crore. In 2022-23, the total number of evasion cases has gone up from 12,574 to 14,000. In a reply to the Lok Sabha in March, 2023, the Finance Minister said that total GST evasion detected between July 2017 to February 2023 was close to Rs 3.08 lakh crore, of which over Rs 1.03 lakh crore was recovered. GST authorities had arrested 1,402 persons for evading taxes in the last five-and-a-half years till February 2023.

**Kerala's GST revenues up in first quarter FY 2023-24**

As per the state-wise data on national-level GST revenues performance for June 2023 published by PIB, the State has been able to collect Rs. 2725 core in June 2023 which recorded 26% growth over same month of previous year. The State had reported an 11% increase in May 2023 over May 2022 and 12% increase in April. Collection in April 2023 had stood at Rs.3,010 crore, going up from Rs.2,689 crore in the same month in 2022. State-level GST figures for May 2022 and 2023 put Kerala's collection at respectively Rs.2,064 crore and Rs.2,297 crore. It is clear from the above statistics that the State's fiscal performance under GST regime has shows steady increase in the first quarter of 2023-24 compared to the corresponding period in 2022-23.

When we look at the Kerala's GST performance during the last few years, in 2018-19 it has been able to collect Rs. 24650 crore from SGST, share of IGST and compensation. Then the next year this has increased to Rs. 27,474 crore. In 2020-21, the collection got decreased to Rs 18,595 crore because of the COVID-19 pandemic and flood. In 2021-22, it picked up to Rs. 31,486 crore, but there is nothing to be proud of because out of this Rs 8739 crore were received from compensation account. However, the situation has gradually improved, the SGST revenue and share of IGST has shown positive growth in the 2022-23, the State has been able to collect Rs. 32329 crore, even though the compensation has ended in June 2022. It's true that there is a YoY increase. But the actual growth rate is remained below 10% even after six years of implementation.

State-wise GST Revenue and its growth

| State | June 2022 | June 2023 | Growth (%) |
|---|---|---|---|
| J&K | 370.83 | 588.68 | 58% |
| Himachal Pradesh | 693.14 | 840.61 | 21% |
| Punjab | 1682.50 | 1965.93 | 17% |
| Chandigarh | 169.7 | 227.06 | 34% |
| Uttarakhand | 1280.92 | 1522.55 | 19% |
| Haryana | 6713.89 | 7988.18 | 19% |
| Delhi | 4313.36 | 4744.11 | 10% |
| Rajasthan | 3385.95 | 3892.01 | 15% |
| Uttar Pradesh | 6834.51 | 8104.15 | 19% |
| Bihar | 1232.06 | 1437.06 | 17% |
| Sikkim | 256.37 | 287.51 | 12% |
| Arunachal Pradesh | 58.53 | 90.62 | 55% |
| Nagaland | 33.58 | 79.2 | 136% |
| Manipur | 38.79 | 60.37 | 56% |
| Mizoram | 25.85 | 55.38 | 114% |
| Tripura | 62.99 | 75.15 | 19% |
| Meghalaya | 152.59 | 194.14 | 27% |
| Assam | 972.07 | 1213.05 | 25% |
| West Bengal | 4331.41 | 5053.87 | 17% |
| Jharkhand | 2315.14 | 2830.21 | 22% |
| Odisha | 3965.28 | 4379.98 | 10% |
| Chhattisgarh | 2774.42 | 3385.21 | 9% |
| Madhya Pradesh | 2837.35 | 3385.21 | 19% |
| Gujarat | 9206.57 | 10119.71 | 10% |
| Dadra &Nagar, Daman | 349.70 | 339.31 | -3% |
| Maharashtra | 22341.40 | 26098.78 | 17% |
| Karnataka | 8844.88 | 11193.20 | 27% |
| Goa | 428.63 | 480.43 | 12% |
| Lakshadweep | 0.64 | 21.86 | 3316% |
| Kerala | 2160.89 | 2725.08 | 26% |
| Tamil Nadu | 8027.25 | 9600.63 | 20% |
| Puducherry | 182.46 | 210.38 | 15% |
| Andaman & Nicobar | 22.36 | 35.98 | 61% |
| Telangana | 3901.45 | 4681.39 | 20% |
| Andhra Pradesh | 2986.52 | 3477.42 | 16% |
| Ladakh | 13.22 | 14.57 | 10% |
| Other Territory | 205.3 | 227.42 | 11% |
| Central Jurisdiction | 143.42 | 179.62 | 25% |
| Grand Total | 103317.18 | 121433.52 | 18% |

Source: PIB Press Release dated 1 July 2023

| Year | SGST | Share of IGST | Adhoc-Settlement | Compensation Received | Total |
|---|---|---|---|---|---|
| 2018-19 | 8269.59 | 10114.95 | 2734.37 | 3532.00 | 24650.91 |
| 2019-20 | 9453.21 | 9926.19 | -15.83 | 8111.00 | 27474.57 |
| 2020-21 | 8337.35 | 9343.07 | - | 914.63 | 18595.05 |
| 2021-22 | 9887.02 | 12440.48 | 419.70 | 8739.31 | 31486.51 |
| 2022-23 | 12311.49 | 15855.33 | 1028.23 | 3134.47 | 32329.52 |

Source: https://keralataxes.gov.in/tax-collection-2019-20/

# Notifications

**Last date for exercise of option by GTA to pay GST under forward charge - extended**

The Government vide the said Notification No. 05/2023 - Central Tax (Rate) has made necessary amendments in Notification No. 11/2017-CT (Rate) dated 28.06.2017 to extend the time for exercising option to opt for forward charge tax liability by Goods Transport Agencies (GTAs) for 2023-24. The new time line shall be on or before 31.05.2023, instead of 15.03.2023. The required declaration can now be filed up to 31.05.2023 before jurisdictional authorities. Further, GTA who commences new business or crosses threshold for registration during any financial year, may exercise the option to itself pay GST on the services supplied by it during that financial year by making a declaration in Annexure V before the expiry of forty-five days from the date of applying for GST registration or one month from the date of obtaining registration, whichever is later. Similar Notification has been issued under IGST / UTGST Acts.

*Source: Notification No. 05/2023 - CT (Rate), Notification No. 05/2023-UTGST (Rate) and Notification No. 05/2023- IGST (Rate) dated 09.05.2023*

**E-invoicing for the taxpayers having aggregate turnover exceeding Rs. 5 Crores**

The Government vide notification No. 10/2023 has notified that the threshold limit for issuance of e-invoices shall stand reduced to Rs. 5 crore from existing Rs. 10 crore w.e.f. 01.08.2023. Notification No. 13/2020-CT dated 21.03.2020 has been amended to this effect.

*Source: Notification No. 10/2023 -Central Tax dated 10.05.2023*

**Due date for furnishing returns for April, 2023 in the State of Manipur - extended**

The Government vide Notifications No. 11/2023 - CT, No. 12/2023 - CT, No. 13/2023 - CT has extended the due date of filing GSTR-1, GSTR-3B & GSTR-7 of April-2023 tax period till 31.05.2023 for all the taxpayers having principal place of business in the state of Manipur. These shall be deemed to have come in force 11.05.2023, 20.05.2023 and 10.05.2023 respectively.

*Source: Notification No. 11/2023 - Central Tax, Notification No. 12/2023- Central Tax and Notification No. 13/2023-Central Tax, all dated 24.05.2023*

**Guidelines for all India drive against fake GST registrations**

The Government has decided to carry out a two month special drive to detect fake GST registrations and check fake input tax credit related frauds from 16.05.2023 to 15.07.2023. CBIC has issued guidelines vide the said Instructions for special drive against fake registrations under GST. Following guidelines have been issued for such concerted action on fake dealers/ fake billers:

- Based on data analytics and risk parameters, GSTN will identify fraudulent GSTIN's for Central / State Tax authorities and share the same for initiating verification drive. Various tax authorities would also supplement this list by data analysis at their own end using various available analytical tools like BIFA, ADVAIT, NIC Prime, E-Way analytics, etc, as well as through human intelligence, Aadhar database, other local learnings and the experience gained through the past detections and modus operandi alerts.
- Information sharing mechanism will be through designated nodal officers, appointed immediately by each of the Zonal CGST Zone and State to ensure seamless flow of data and for coordination with GSTN/ DGARM and other Tax administrations.
- Time bound verification shall be conducted by field formations which may even include examining the case for blocking of ITC. Action may also be taken to identify the masterminds/ beneficiaries behind such fake GSTIN's for further action, where ever required, and also for recovery of Government dues and/ or provisional attachment of property/ bank accounts, etc. as per provisions of section 83 of CGST Act.
- An action taken report will be provided by each of the State as well as CGST Zones to GST Council Secretariat on weekly basis on the first working day after completion of the week
- There will be a National Coordination Committee headed by Member (GST), CBIC to monitor the drive. The unique modus operandi found during this special drive will be compiled by GST Council Secretariat and presented before National Coordination Committee, which will be subsequently shared with Central and State Tax administrations across the country.

*Source: Instruction issued by CBIC No. 01/ 2023-GST dated 04.05.2023*

**Review meeting with CBIC chaired by Union Finance Minister**

A review meeting with CBIC has been conducted on 29th April, 2023 at New Delhi under the chairmanship of Minister for Finance & Corporate Affairs. In that meeting the Minister emphasised the need for continuously improving tax payer services. With respect to grievance redressal, the Minister desired that in each Zone interaction should be organised with members of trade and industry who are part of the GST ecosystem to know their issues and suggestions, so as to systematically identify matters for working out a redress for them. She also directed to put in place a system to take feedback on grievances redressed so as to improve quality of grievance redressal.

In the course of review, the Minister has briefed on the final revenue achievement in total indirect tax collections for the year 2022-23. She also directed CBIC to introduce its automated GST return scrutiny by next week and to implement an action plan to increase the taxpayer base through enhanced use of technology. In order to intensify its drive against fake billing/ ITC, Smt. Sitharaman desired that CBIC may undertake a comprehensive root cause analysis by studying the typology of cases already booked and come up with recommendations on technology based solutions to address the menace and prevent its occurrence. The Finance Minister also advised CBIC to take measures for employee welfare. Cadre restructuring, capacity building and training, timely promotions and effective and timely action in disciplinary matters were also discussed during the meeting.

*Source: GST Council Newsletter, April 2023*

**Best Practices by State:**

As part of the special drive to detect fake GST registrations and fake input tax credit availment, the GST intelligence units of Kerala and Karnataka have conducted a coordinated search in June 2023. This has uncovered the existence of 30 fake registrants spread across the country, operating under benami firms. The illicit operation had an estimated total business turnover of Rs. 850 crore recorded between October 2022 and June 2023 across India. Falsified invoices for arecanut and fabricated e-way bills were systematically generated to conceal the illicit transportation of goods from Kerala and Karnataka to North India. The cartel capitalised on benami registrations, manipulating personal credentials such as Aadhaar and PAN numbers to acquire mobile connections, Aadhaar updates, establish bank accounts, and secure GST registrations. The seamless collaboration between the intelligence formations of Kerala and Karnataka was instrumental in the success of this operation.

*Source: Press Reports, June 2023*

**Best Practices by Centre:**

The GST National Co-ordination meeting for Central and State Tax officers

organised by GST Council Secretariat was held under the aegis of Revenue Secretary Sh. Sanjay Malhotra on 24th April, 2023 at New Delhi. The Meeting was attended by Central and State GST officials. The aim of the meeting was to provide a common platform for knowledge sharing between Centre and State GST officers and also to encourage coordination between them. During the course of meeting presentations were made by States and Central tax zones, CBIC on the best practices developed by them. Further, discussions and deliberations were held on the various issues faced by the tax officials on enforcement front and measures were suggested to tackle the same. Further, it proved to be an ideal platform to come up with measures for better coordination between the authorities for ensuring a robust and resilient GST regime.

*Source: GST Council Newsletter, April 2023*

# New studies on Kerala

Young Scholars' Forum, GIFT
Led by Arun Paul

## Economics

### Scopus indexed

1. Vivek, M. V., Murugesan, P., & Lavanya, V. (2023). Tax capacity assessment for COVID-19 resource mobilisation: evidence from an Indian state. International Journal of Economic Policy in Emerging Economies, 17(2), 220-238.

The COVID-19 pandemic has disrupted global trade and commerce, posing challenges for emerging economies to mobilize resources for pandemic response. India, ranking second in COVID-19 cases, faces the immense task of safeguarding its population. This paper examines the tax capacity of Kerala, a state with the highest case count in India as of January 2021. Using stochastic frontier analysis, the study assesses the variables influencing tax capacity and technical inefficiency. Two models are constructed to analyse the impact of these variables. Findings indicate limited potential for additional resource mobilization through taxation, given significant challenges in tax capacity variables and the presence of technical inefficiency.

2. Paul, M., & Mandal, S. (2023). Debt-financed emigration, migration experience, and household economy: insight from Kerala, India. South Asian Diaspora, 1-19.

This present study intends to investigate the pattern and predictor of debt-financed emigration and its impact on migration experience and the household economy in Kerala using the Kerala Migration Survey (KMS), 2018 data. Bivariate and multivariate analyses (binary logistic regression) were performed, and the debt-to-income ratio (DTI) was computed to fulfil the study's objective. The result shows that 45.52% of Keralite emigrants borrow debt regarding their socio-economic status to finance their emigration process. Debt-financed emigrants spend high costs on visas, air tickets, and passports as a majority of them are recruited through agents than non-debt-financed emigrants.

3. Thamizhvel, D., & Shambu, K. K. (2023) DIMENSIONAL ANALYSIS OF FACTORS AFFECTING SUCCESS OF WOMEN ENTREPRENEURSHIP IN KERALA. Business, Management, and Economics Engineering. Vol. 21,1232-1244

The study aimed at identifying various dominant factors that affect the success of women entrepreneurship in Kerala. The study is empirical research done with a descriptive approach in order to understand the predominant elements that are impacting the success rates of female company owners while they are operating their companies. Path analysis was used in this research project in order to investigate the nature of the cause-and-effect connection between the many elements that have a role in determining the level of success

rates by women business owners. The women are requiring focus and training in the areas of Lacking Knowledge of Digital Marketing Skill and Factors of Production - LKDFP, Dominant Financial Cost and Changes in Regulations - FCCR and Labor Problems and Structural Development - LPSD for women in the less privileged region would boost their chances of success.

4. Shabna, P. (2023). Muslim Women's Rights Discourses in Kerala: Case Study of a Marginalized Group. Journal of International Women's Studies, Vol.25(4), 10.

This paper is a case study of NISA, an autonomous Muslim women's organization in the South Indian state of Kerala. This paper elaborates on the limitations of the Islamic framework embraced by women's associations affiliated with sectarian Muslim groups in Kerala by comparing NISA's works and strategies and explaining their unwelcome position within the community. The paper also considers Muslim women's organizations in Kerala from a global perspective compared to international platforms like Musawah while exploring their limitations in forming a transnational alliance with such organizations.

5. Chacko, A. M., & Scaria, S. (2023). Land Ownership and Well-Being of Women in a Village in Kerala. South Asia Research, Vol.43

This article scrutinizes to what extent land ownership improves the well-being of women, focusing on a village in Kerala, a South Indian state known for its land reforms 'model' that provided land to the tiller and ownership rights to tenants. However, have these radical land reforms actually succeeded in providing ownership rights to women, thereby contributing to their well-being? We ask in this intensive village study to what extent these admittedly radical land reforms provide adequate land rights to women in Kerala in terms of such ownership translating into absolute and effective rights.

6. Natarajan, A., Najmudeen, T. M., Gopalan, M. K., Kuriakose, S., Ratheesan, A. N., Salim, S. S., ... & Achamveetil, G. (2023). Economic and livelihood impacts of the decline in Indian oil sardine landings in Kerala state, India. Regional Studies in Marine Science, Vol. 62, 102963.

This study analyses the economic impact of oil sardine decline on the marine fisheries sector and its impacts on the livelihood of small-scale fishers. The economic impacts were assessed in terms of changes in gross value and inflation at landing centre and retail levels during 2011-2020. A survey was conducted at 500 fisher households to assess the livelihood impacts based on loss of employment, income, and alternate livelihood options. The gross value of oil sardine declined from ?12,562 million to ?1,710 million at the landing centre level and from ?22,869 million to ?2,687 million at the retail level during 2011-2020. The annual income earned by the fish workers declined from ?335,593 to ?90,260 due to the decline in oil sardine landings. Likert scale analysis of the fisher's perceptions indicated climate change, over-exploitation, and marine pollution as the major causes of catch decline.

**Other Journals**

1. Sheeja, J. (2022) Socio-Economic Background of Long-Distance Inter-State Migrants in Kerala.Journal of Research in Humanities and Social Science. Vol. 10,22-30

